ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഏപ്രിൽ–മെയ്–ജൂൺ 2022

പുസ്തകം 3 ലക്കം 2

പ്രത്യേക പതിപ്പ്

## സാമ്പത്തിക റിവ്യൂ 2021 & കേരളബജറ്റ് 2022–23: ഒരവലോകനം

എഡിറ്റേഴ്സ്

അനിത കുമാരി എൽ

എം കെ സുകുമാരൻ നായർ

അനിത വി

ജോൺ കുരുവിള

കെ ജെ ജോസഫ്

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ജനുവരി-ഫെബ്രുവരി-മാർച്ച് 2022 പുസ്തകം 3 ലക്കം 2

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

എഡിറ്റിംഗ് അസിസ്റ്റന്റ്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

കേരള ഇക്കോണമി

പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

# ഉള്ളടക്കം

പേജ് നമ്പർ

*എഡിറ്റോറിയൽ* 3

1. **ഭാവിയിലേക്ക് ഒരു അജണ്ട** 11
കെ. എൻ ബാലഗോപാൽ

2. **ബജറ്റും പതിനാലാം പഞ്ചവത്സര പദ്ധതിയും** 20
വി. കെ രാമചന്ദ്രൻ

3. **വികേന്ദ്രീകരണത്തിന്റെ കാൽനൂറ്റാണ്ട് കേരളത്തിൽ** 26
എം. എ ഉമ്മൻ

4. **പ്രാദേശിക സർക്കാരുകൾ വികസനത്തിന്റെ പ്രഭവകേന്ദ്രം വികേന്ദ്രീകൃത ആസൂത്രണം പതിന്നാലാം പദ്ധതിയുടെ വീക്ഷണത്തിൽ** 32
ജിജു പി അലക്സ്

5. **ലിംഗസമത്വം വികസനത്തിന്റെ കാഴ്ചപ്പാടിൽ** 43
മൃദുൽ ഈപ്പൻ

6. **ജെൻഡർ ബജറ്റ് 2022-23 ഉയർത്തുന്ന ചില ആശങ്കകൾ** 51
സോണിയ ജോർജ്

7. **കാർഷിക മേഖലയെ ചേർത്തുപിടിക്കുന്ന സംസ്ഥാന ബജറ്റ്** 63
ആർ. രാമകുമാർ

8. **കാർഷിക ആസൂത്രണപ്രക്രിയയുടെ പ്രാധാന്യം കേരളത്തിൽ** 69
എസ്. എസ് നാഗേഷ്

9. **കേരളത്തിലെ കാർഷിക മേഖല ബജറ്റിന്റെയും സാമ്പത്തിക റിവ്യൂവിന്റെയും പശ്ചാത്തലത്തിൽ** 78
ഗായത്രി പ്രേം വി, ജെറ്റിൻ സൂസൻ തോമസ്

10. **കേരളത്തിന് അനന്തസാദ്ധ്യതകൾ തുറന്നുനൽകുന്ന മൽസ്യമേഖല** 83
അതുൽ ജോസഫ്

11. **കേരളത്തിലെ ക്ഷീരമേഖല നൽകുന്ന അനന്ത സാദ്ധ്യതകൾ** 100
ദിയ ദീപ് ആനന്ദ്

12. **GST updates**
Highlights of the 47th GST council meeting 110
Relfi Paul

13. **New studies on Kerala** 116
Young scholars' forum, GIFT

14. **What is new(s) from GIFT** 122

# എഡിറ്റോറിയൽ
# 2021 ലെ സാമ്പത്തിക റിവ്യൂ, 2022–23ലെ ബജറ്റ് എന്നിവയുടെ വിശകലനം

ബജറ്റ് പലപ്പോഴും സാഹചര്യങ്ങളുടെ സൃഷ്ടിയാകുന്ന പതിവുണ്ട്. പെട്ടെന്ന് ഉളവാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ബജറ്റ് നിർബന്ധിതമാകുന്നതാണ് ഇതിന് കാരണം. എന്നിരുന്നാലും, ബജറ്റിലെ ഓരോ കല്ലുകൾ അടുക്കി വയ്ക്കുമ്പോഴും ഒരു ധനകാര്യമന്ത്രി സമ്പദ്ഘടന എന്ന കെട്ടിടത്തെ കുറിച്ച് ബോധവാനായിരിക്കേണ്ടതുണ്ട്. ബജറ്റ് തയാറാക്കുമ്പോൾ ഏതൊരു ധനമന്ത്രിയും നേരിടുന്ന പ്രധാന വെല്ലുവിളി ഹ്യസ്വകാലത്തിലും ദീർഘകാലത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിൽ സംതുലിതാവസ്ഥ കണ്ടെത്തുക എന്നതാണ്.

2022–23 സാമ്പത്തിക വർഷത്തെ കേരള ബജറ്റ്, 2021 ലെ സാമ്പത്തിക റിവ്യൂവിൽ പറയുന്നത് പോലെ, പലകാര്യങ്ങൾ കൊണ്ടും പ്രത്യേകത നിറഞ്ഞതാണ്. പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ തുടക്ക ബജറ്റാണ് ഇത്. പഞ്ചവത്സര പദ്ധതി എന്ന സംവിധാനം ഒട്ടുമിക്ക സംസ്ഥാനങ്ങളും ഉപേക്ഷിച്ച സാഹചര്യത്തിലാണ് ഇതെന്ന് ഓർക്കണം. റഷ്യ – യുക്രൈൻ യുദ്ധത്തിന്റെ സാഹചര്യവും ലോകസാമ്പത്തിക രംഗത്ത് അതുളവാക്കുന്ന പ്രത്യാഘാതങ്ങളും തൊട്ടടുത്ത അയൽരാജ്യമായ ശ്രീലങ്കയിലെ സാമ്പത്തിക പ്രതിസന്ധിയും നമുക്ക് അവഗണിക്കാൻ കഴിയുന്നവയല്ല. ഇതോടൊപ്പം തന്നെ തുടർച്ചയായ പ്രളയങ്ങളും ഒരു നൂറ്റാണ്ടിൽ ഒരിക്കൽ മാത്രം കണ്ടു വരുന്ന മഹാമാരിയും അനുബന്ധമായ പ്രശ്നങ്ങളും ഉളവാക്കിയ സാമ്പത്തിക തിരിച്ചടിയും കണക്കിലെടുക്കേണ്ടതുണ്ട്. ജി എസ് ടി സമ്പ്രദായം അഞ്ചു വർഷം പൂർത്തിയാക്കിയ ഘട്ടത്തിലാണ് ഈ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനം ഒരു വൈജ്ഞാനിക സമ്പദ്വ്യവസ്ഥയായി പരിവർത്തനം ചെയ്യപ്പെടുന്നതിനായുള്ള വമ്പൻ മുന്നേറ്റത്തിന്റെ പടിവാതിൽക്കലുമാണ്.

അതുകൊണ്ട് ഹ്യസ്വകാല പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ദീർഘകാല വെല്ലുവിളികൾ നേരിടുന്നതിലും ബജറ്റ് എത്രമാത്രം വിജയം കൈവരിച്ചിട്ടുണ്ട് എന്നിടത്താണ് അതിന്റെ പ്രസക്തി. ഈ പശ്ചാത്തലത്തിൽ മുൻകാലങ്ങളിലെന്ന പോലെ ഈ വർഷവും കേരള സർവകലാശാലയിലെ സാമ്പത്തികശാസ്ത്ര വിഭാഗം, കൊച്ചി ശാസ്ത്ര, സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ്, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സി ഐ ഐ) കേരള ചാപ്റ്റർ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ് ) 2021 ലെ സാമ്പത്തിക റിവ്യൂ, 2022–23 ലെ കേരള ബജറ്റ് എന്നിവയെ അധികരിച്ച് ഒരു വർക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാന ധനകാര്യ മന്ത്രിയും ഗിഫ്റ്റിന്റെ ചെയർമാനുമായ ശ്രീ കെ. എൻ ബാലഗോപാൽ ശില്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. സാമ്പത്തിക റിവ്യൂവിനെ ആസ്പദമാക്കിയുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചത് സംസ്ഥാന ആസൂത്രണ

ബോർഡ് വൈസ് ചെയർമാനും ഗിഫ്റ്റിന്റെ വൈസ് ചെയർമാനുമായ പ്രൊഫസർ വി. കെ രാമചന്ദ്രനാണ്. എം. ജി സർവകലാശാല വൈസ് ചാൻസലർ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ, വ്യവസായ മേഖലയിലെ പ്രമുഖർ അടക്കമുള്ള നിരവധി പ്രഗത്ഭ വ്യക്തികൾ തങ്ങളുടെ ആശയങ്ങൾ ഈ ശില്പശാലയിൽ പങ്ക് വയ്ക്കുകയുണ്ടായി. കേരള സർവകലാശാലയുടെ സാമ്പത്തികശാസ്ത്ര വിഭാഗം, മഹാത്മാഗാന്ധി സർവകലാശാല, കൊച്ചി ശാസ്ത്ര, സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് എന്നിവയിലെ യുവവിദഗ്ദർ നൽകിയ സംഭാവനകളാണ് ഈ ശില്പശാലയുടെ പ്രധാന സവിശേഷത.

ശിൽപ്പശാലയിൽ അവതരിപ്പിക്കപ്പെട്ട ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് '*കേരള ഇക്കോണമി*യുടെ' തുടർച്ചയായ രണ്ടു ലക്കങ്ങൾ (വാല്യം–3; 2,3 ലക്കങ്ങൾ) പുറത്തിറക്കുന്നത്. ഇതിന്റെ ഉള്ളടക്കത്തിലെ കാതലായ ചില കാര്യങ്ങളാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്. ആദ്യം രണ്ടാം ലക്കത്തെ കുറിച്ചും തുടർന്ന് മൂന്നാം ലക്കത്തെ കുറിച്ചുമാണ് പറയുന്നത്.

ശില്പശാല ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ കെ. എൻ ബാലഗോപാൽ ഹ്യസ്വകാല പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വീഴ്ച്ച വരുത്താതെ എങ്ങനെയാണ് ബജറ്റ്, ദീർഘകാല വികസന സാദ്ധ്യതകൾ ആരായുന്നതെന്ന് വിശദമായി തന്നെ പ്രതിപാദിക്കുകയുണ്ടായി. ദീർഘകാല വികസന തന്ത്രങ്ങൾ കരുപ്പിടിപ്പിക്കുമ്പോൾ ശ്രീലങ്കയുടെ പ്രതിസന്ധി നമുക്ക് ഒരു പാഠമാണെന്ന് അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്ത് പ്രായമായ ആളുകളുടെ എണ്ണം വർധിക്കുന്നത് ഒരു വെല്ലുവിളിയും അതേസമയം സാധ്യതയുമാണെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രായമായവർക്ക് ആവശ്യമായ കരുതൽ നാം ഒരുക്കേണ്ടതുണ്ട്. 'കെയർ ഇക്കോണമി' എന്ന രീതിയിൽ ഇത് തൊഴിൽ, വരുമാന സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനുള്ള അവസരവും ഒരുക്കുന്നുണ്ട്. വിദേശത്ത് നിന്നുമയക്കുന്ന പണത്തെ ആശ്രയിച്ച് മുന്നോട്ട് പോകുന്നത് ശരിയയായ സമീപനമല്ല. വിദേശത്തേക്കുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കേണ്ട സാഹചര്യവുമുണ്ട്. പണം വിദേശത്ത് നിന്ന് വരുന്നതും കാത്തിരിക്കാതെ നമ്മുടെ മാനവശേഷി ഇവിടെത്തന്നെ വിനിയോഗിക്കാൻ കഴിയുന്ന വിധത്തിലേക്ക് കാര്യങ്ങൾ പരിണമിക്കണം.

കേരളത്തിലെ കാർഷിക മേഖലയുടെ ഇന്നത്തെ സ്ഥിതി കണക്കിലെടുത്ത് ത്രിതല തന്ത്രത്തിനാണ് ബജറ്റ് രൂപം നൽകിയിരിക്കുന്നത്. ഉത്പാദനക്ഷമത ഉയർത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. മൂല്യവർദ്ധനവിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കുക, കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക എന്നിവയും ഇതിന്റെ ഭാഗമായി വരുന്നു. വൈജ്ഞാനിക സമ്പദ്വ്യവസ്ഥയായി കേരളത്തെ പരുവപ്പെടുത്തുന്നതിന്റെ പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലക്കായുള്ള വകയിരുത്തൽ മുൻപെങ്ങുമില്ലാത്ത വിധത്തിൽ ഉയർത്തിയിട്ടുണ്ട്. വിജ്ഞാനത്തിൽ അധിഷ്ഠിതമായതും ഒപ്പം ഉയർന്ന മൂല്യവർദ്ധന സാധ്യമാകുന്നതുമായ മേഖലകളുടെ വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സമീപനമാണ് ബജറ്റ് സ്വീകരിച്ചിരിക്കുന്നത്. ചുരുക്കത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യബജറ്റ് ഭാവി കേരളത്തിന് ഒരു അടിത്തറയാവുന്നത് എങ്ങനെയാണ് എന്നത് ധനകാര്യ മന്ത്രി സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. എന്നാൽ ഇതിന്റെ ഫലമായി ആരെയും അവഗണിക്കുന്നതിനുള്ള ചെറുനീക്കം പോലും ബജറ്റിലില്ല.

സാമ്പത്തിക റിവ്യൂവിനെ കുറിച്ചുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചുകൊണ്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാനായ പ്രഫസർ വി. കെ രാമചന്ദ്രൻ സംസ്ഥാനങ്ങൾക്ക് നികുതി വരുമാനം ഉയർത്തുന്നതിനുള്ള പരിമിതികൾ , സെസ്സ്, സർചാർജ് മുതലായവ വർധിപ്പിക്കുന്നതുവഴി സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തിൽ കുറവ് വരുന്നത് തുടങ്ങിയ പ്രതികൂല സാമ്പത്തിക സാഹചര്യങ്ങളിലും സംസ്ഥാന സർക്കാർ കോവിഡ് പ്രതിരോധ കാര്യത്തിൽ മികച്ച നിലയിൽ പ്രവർത്തിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുകയുണ്ടായി. ആവശ്യക്കാരിലേക്കും ആവശ്യമായ മേഖലകളിലേക്കും വിഭവങ്ങൾ കൃത്യതയോടെ വഴിതിരിച്ചു വിടുകവഴി പ്രതിസന്ധിയുടെ ആഘാതം കുറയ്ക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ഇതോടൊപ്പം ഏറ്റവും കുറഞ്ഞ മൾട്ടി ഡൈമെൻഷണൽ പോവെർട്ടി ഇൻഡക്സ് (0.71)നേടുക, മൂന്ന് വർഷം തുടർച്ചയായി നിരന്തര വികസന ലക്ഷ്യം കൈവരിക്കൽ എന്നിവയടക്കമുള്ള കേരളത്തിന്റെ നേട്ടങ്ങൾ അദ്ദേഹം എടുത്തുപറയുക യുണ്ടായി. ആസൂത്രണത്തിലധിഷ്ഠിതമായ സാമ്പത്തിക മാറ്റത്തിലൂടെയാണ് ഇത് സാധിതപ്രായമാക്കിയത്. അതുകൊണ്ട് ഈ ബജറ്റിനെ പതിനാലാം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതിനുള്ള സുചിന്തിതവും ദൃഢവുമായ ഒരു കാൽവയ്പായാണ് അദ്ദേഹം കാണുന്നത്.

ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയയിൽ പല വിധത്തിൽ ഭാഗഭാക്കാകാൻ അവസരം ലഭിച്ചിട്ടുള്ള ഗിഫ്റ്റിലെ ഡിസ്റ്റിംഗ്യൂഷ്ഡ് ഫെല്ലാ ആയ പ്രഫസർ എം. എ ഉമ്മൻ കഴിഞ്ഞ കാല അനുഭവങ്ങളെ കുറിച്ച് ഗൗരവമാർന്ന വിചിന്തനം നടത്തിയതിന് പുറമെ, നിലവിലെ സാഹചര്യം വിലയിരുത്തുകയും ഭാവിയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പദ്ധതികളുടെ നടത്തിപ്പ്, സാമ്പത്തികം, അധികാര കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിൽ കാതലായ മാറ്റങ്ങൾ വരുത്തുന്ന കാര്യത്തിലും സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനത്തിലും ഇന്ത്യയിൽ എവിടെയും ഇത്തരത്തിൽ ചൂണ്ടികാണിക്കാവുന്ന ഉദാഹരണങ്ങളില്ല. എന്നാൽ ആശങ്ക ഉളവാക്കുന്ന കാര്യം ലിംഗസമത്വം ഉറപ്പാക്കുന്ന കാര്യത്തിൽ നമുക്ക് കാര്യമായ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്.

സാമൂഹ്യമായ മാറ്റങ്ങൾ പരിഗണിക്കുമ്പോൾ പട്ടിക ജാതി, പട്ടിക വിഭാഗങ്ങൾക്കിടയിൽ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞപ്പോഴും, ആദിവാസികൾക്കിടയിലെ പട്ടിണിയും ശിശുമരണങ്ങളും നിരാശാജനകമായ സാഹചര്യമാണ്. പരിസ്ഥിതി സംരക്ഷണ മേഖലയിൽ പ്രത്യേകിച്ച്, ഖരമാലിന്യ നിർമാർജനം, മെഡിക്കൽ മാലിന്യങ്ങൾ ഒഴിവാക്കൽ, ക്വാറികളുടെ നിയന്ത്രണം തുടങ്ങിയ കാര്യങ്ങളിൽ ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ സിൽവർ ജൂബിലിയെ ആധാരമാക്കി സംസാരിച്ച പ്രഫസർ ഉമ്മന്റെ വാക്കുകളെ പിന്തുടർന്ന്, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രഫസർ ജിജു പി അലക്സ്, ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയയുടെ വളർച്ച, ഇന്നത്തെ സ്ഥിതി തുടങ്ങിയ കാര്യങ്ങളെ അധികരിച്ച് സംസാരിച്ചു. ഈ പ്രക്രിയ എങ്ങനെയാണ് കേരളത്തെ പരിവർത്തനം ചെയ്തത് എന്നതും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ സാമ്പത്തികമായ തിരിച്ചുവരവിന്റെ കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള പങ്കിനെ കുറിച്ച് ചില ചിന്തകൾ പങ്ക് വയ്ക്കുകയുണ്ടായി. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്.

ലിംഗനീതിയുടെ കണ്ണിലൂടെ ബജറ്റിനെയും സാമ്പത്തിക റിവ്യൂവിനെയും നോക്കി

കാണുന്നതിനാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ( സി ഡി എസ് ) ഓണററി ഫെല്ലോ മൃദുൽ ഈപ്പനും സേവ ജനറൽ സെക്രട്ടറി ഡോ. സോണിയ ജോർജും ശ്രമിച്ചത്. സാമൂഹ്യമായി ഇക്കാര്യത്തിൽ ശക്തമായ അടിത്തറ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ഇനിയും ഏറെ അകലെയാണ്. പദ്ധതി രേഖകളിലും ബജറ്റിലും പ്രതിഫലിക്കുന്നതുപോലെ ആസൂത്രണ മേഖലയിൽ ലിംഗസമത്വം എന്ന ആശയത്തെ സമന്വയിപ്പിക്കുന്നതിനുള്ള ശ്രമമാണ് പ്രഫസർ ഈപ്പൻ നിർവഹിച്ചത്. സ്ത്രീകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കൂടുതൽ പണം വകയിരുത്തിയതിനെ പ്രകീർത്തിക്കുമ്പോഴും ചില ആശങ്കകളും അവർ പങ്ക് വയ്ക്കുകയുണ്ടായി. ലിംഗസമത്വവുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ കൃത്യമായ വിവരങ്ങളുടെ അഭാവം അടക്കമുള്ള കാര്യങ്ങളാണ് പ്രധാനമായും അവർ ഉന്നയിച്ചത്. ഈ വാദങ്ങളെ പിന്തുണച്ചുകൊണ്ട് ഇക്കാര്യത്തിൽ കേരളം മുന്നോട്ട് പോയ പാതകളെ കുറിച്ചും ഇനിയും താണ്ടേണ്ട ദൂരത്തെ കുറിച്ചും ഡോ. സോണിയ ജോർജ് വ്യക്തമായ രീതിയിൽ അവതരിപ്പിച്ചു. 2021–22ലെ പൊതു ബജറ്റ് രേഖകളും ജെൻഡർ ബജറ്റ് നിർദേശങ്ങളും ശ്രദ്ധാപൂർവം വിലയിരുത്തിയാണ് ഡോ. സോണിയ തന്റെ വാദമുഖങ്ങൾ അവതരിപ്പിച്ചത്. ബജറ്റിലെ ഇതുസംബന്ധിച്ച നിർദേശങ്ങളെ പ്രകീർത്തിക്കുമ്പോഴും വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ, നൈപുണ്യ വികസനം, കെയർ ഇക്കോണമി, വീട്ടമ്മമാരും വീട്ടുജോലിക്കാരും അടക്കമുള്ള സ്ത്രീകളുടെ വിഷയങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ സമഗ്രവും ആഴമേറിയതുമായ ചർച്ചകൾ തുടരേണ്ടതിന്റെ ആവശ്യകതയും അവർ എടുത്തുപറയുകയുണ്ടായി.

കാർഷിക മേഖലയിലെയും അനുബന്ധ മേഖലകളിലെയും നെഗറ്റീവ് വളർച്ച കർഷകരെ കൂടുതൽ പാപ്പരാക്കുന്ന സ്ഥിതിവിശേഷമുണ്ട്. 8000 മുതൽ 10, 000 കോടി രൂപയുടെ വരെ നഷ്ടം കർഷകർക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. കാർഷിക രംഗത്ത് ഘടനാപരവും സാങ്കേതികവും സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങളെ അധികരിച്ചാണ് സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രഫസർ രാമകുമാർ ശില്പശാലയിൽ സംസാരിച്ചത്. ഇത്തരം അടിസ്ഥാനപരമായ പ്രശ്നങ്ങൾ കേരളത്തിൽ ഏറ്റവും കുറഞ്ഞ ഉല്പാദനക്ഷമതക്കും വിപണന രംഗത്തെ വൻ പരാജയത്തിനും മൂല്യവർദ്ധനവിലെ ഇടിവിനും കാരണമായി മാറുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ തുടക്ക ബജറ്റ് ഈ പ്രശ്നങ്ങളെ എങ്ങനെ നേരിടുന്നു എന്നതും അദ്ദേഹം പരിശോധനവിധേയമാക്കി. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ചീഫ് ശ്രീ എസ്. എസ് നാഗേഷ് ആഗോള സാമ്പത്തിക രംഗത്തെ മാറിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രവർത്തനങ്ങളെ കുറിച്ചും നേട്ടങ്ങളെ കുറിച്ചും പ്രതിപാദിക്കുകയുണ്ടായി.

ഉല്പാദനക്ഷത ഉയർത്തിയും ആധുനിക സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി വളർച്ച കൈവരിക്കുന്നതിനും തീവ്രകാർഷിക പ്രവർത്തനങ്ങളിൽ ഏർപെടുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി സ്വീകരിക്കുന്ന സമീപനങ്ങളെ കുറിച്ചും അദ്ദേഹം പ്രതിപാദിക്കുകയുണ്ടായി.

കേരള സർവകലാശാല സാമ്പത്തികശാസ്ത്ര വിഭാഗത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായ ഗായത്രി പ്രേം വി, ജെറ്റിൻ സൂസൻ തോമസ് എന്നിവർ വിവിധ വിളകളെ അടിസ്ഥാനമാക്കി കേരളത്തിന്റെ കാർഷിക രംഗത്തെ കുറിച്ചുള്ള വിവരങ്ങൾ അവതരിപ്പിക്കുകയുണ്ടായി. മൽസ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളെ ആധാരമാക്കിയാണ് കേരള യൂണിവേഴ്സിറ്റിയിലെ സാമ്പത്തികശാസ്ത്ര വിഭാഗം

ബിരുദാനന്തര ബിരുദ വിദ്യാർത്ഥി അതുൽ ജോസഫ് സംസാരിച്ചത്. കേരളത്തിലെ ഇതര വിഭാഗങ്ങൾക്കൊപ്പം നേട്ടം കൈവരിക്കാൻ മൽസ്യബന്ധന മേഖലക്ക് ആകുന്നില്ലെങ്കിൽ നമ്മുടെ നിരന്തര വികസന ലക്ഷ്യങ്ങൾ ജലരേഖയായി മാറുമെന്ന വാദമാണ് അതുൽ മുന്നോട്ട് വയ്ക്കുന്നത്. കേരള സർവകലാശാലയിലെ സാമ്പത്തികശാസ്ത്ര വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥി ദിയ ദീപ് ആനന്ദ് ക്ഷീരോത്പാദന മേഖലയിലെ പ്രവർത്തനവും സാധ്യതകളും വിലയിരുത്തിയാണ് സംസാരിച്ചത്. പ്രാഥമിക മേഖലയെ കുറിച്ചുള്ള ചർച്ചയും '*കേരള ഇക്കോണമി*യുടെ' രണ്ടാം ലക്കവും ഇതോടെ പൂർണ്ണമാവുകയാണ്.

മൂന്നാം വാല്യത്തിന്റെ മൂന്നാം ലക്കത്തിലെ തുടക്ക ലേഖനം കേരളത്തിലെ തൊഴിൽ മേഖലയെ കുറിച്ച് ഗിഫ്റ്റിന്റെ മുൻ ഡയറക്ടർ ഡോ എ. വി ജോസ് തയ്യാറാക്കിയതാണ്. കേരളത്തിലെ കുറഞ്ഞ തോതിലുള്ള തൊഴിൽ പങ്കാളിത്തത്തിന്റെ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിലുള്ള, സാഹചര്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തേണ്ടതിന്റെ ആവശ്യകതയിലൂന്നിയാണ് ഡോ. ജോസ് തന്റെ ആശയങ്ങൾ പങ്ക് വച്ചത്. വൈജ്ഞാനിക അധിഷ്ഠിതമായ തൊഴിൽ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തുന്നതിന് സംസ്ഥാനം കൂടുതൽ ഊന്നൽ നൽകുന്നുണ്ടെങ്കിലും നൈപുണ്യം കുറഞ്ഞ സാധാരണ തൊഴിൽ മേഖലകളിലും വനിതകളുടെ പങ്കാളിത്തം ഉയർത്തുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. തൊഴിൽ വിപണിയുടെ ആദാനപ്രദാനങ്ങളിൽ ആവശ്യമായ ഇടപെടലുകൾ അനിവാര്യമാണ്. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകൾ മുതൽ വിദേശത്തേക്കുള്ള കുടിയേറ്റവും അവിടെ നിന്നുള്ള വരുമാനവും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങി നിർത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധി കുടിയേറ്റ തൊഴിലാളികളുടെ കാര്യത്തിൽ വരുത്തിയ വിവിധങ്ങളായ പ്രശ്നങ്ങളാണ് ഗിഫ്റ്റിന്റെ ഓണററി ഫെല്ലോ ആയ ഇരുദയരാജൻ അവതരിപ്പിച്ചത്. ഇക്കാര്യത്തിൽ വിശ്വസനീയമായ വിവരങ്ങളുടെ അഭാവം നിലനിൽക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഈ സാഹചര്യത്തിൽ അഞ്ചു വർഷത്തിലൊരിക്കലെങ്കിലും വിദേശത്തുള്ള മലയാളികളുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കേണ്ടതുണ്ട്.

ബജറ്റിൽ ധനമന്ത്രി പുലർത്തുന്ന ശരിയായ സമീപനങ്ങളെ പ്രകീർത്തിക്കുമ്പോഴും ഗിഫ്റ്റിന്റെ ഓണററി ഫെല്ലോ കൂടിയായ ശ്രീ ജി. വിജയരാഘവൻ ചില ആശങ്കകൾ പങ്ക് വയ്ക്കുകകൂടി ചെയ്യുന്നു. ദീർഘകാലത്തെ തന്റെ അനുഭവസമ്പത്തിന്റെ പശ്ചാത്തലത്തിൽ ബജറ്റിൽ പ്രഖ്യാപനങ്ങൾ നടത്തുകയും പണം അനുവദിക്കുകയും ചെയ്യുന്നതിനേക്കാൾ ഉപരി നടപ്പാക്കുക എന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കുറഞ്ഞ തോതിലുള്ള നികുതി വരുമാനത്തിന്റെ അപര്യാപ്തതയിലേക്കാണ് ചരിത്രപരമായ ചില പ്രത്യേകതകൾ നിരത്തി പ്രഫസർ മേരി ജോർജ് വിരൽ ചൂണ്ടിയത്. ജി എസ് ഡി പിയിൽ ഉണ്ടാകുന്ന വളർച്ചക്ക് ആനുപാതികമായി വർധന നികുതി വരുമാനത്തിൽ ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഫലപ്രദമായി പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് കരണീയമെന്ന് അവർ അഭിപ്രായപ്പെട്ടു.

ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രഫസറായ ജയൻ ജോസ് തോമസ് കേരളത്തിന്റെ പ്രതിശീർഷ വരുമാനത്തിൽ ഉണ്ടായ ചില പ്രത്യേകതകളാണ് എടുത്തു പറഞ്ഞത്. തൊള്ളായിരത്തി എൺപതുകളിൽ ദേശീയ ശരാശരി പ്രതിശീർഷ വരുമാനത്തിന്റെ 80 ശതമാനം മാത്രമായിരുന്നു കേരളത്തിന്റേത്. എന്നാൽ നിലവിൽ അത്

160 ശതമാനമാണ്. കൂലി മുന്നിൽ നിന്ന് നയിക്കുന്ന കെയ്നീഷ്യൻ മാതൃകയിലുള്ള സാമ്പത്തിക വികസനത്തിന്റെ ഉദാഹരണമാണ് കേരളമെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. ദേശീയ തലത്തിലെ അപേക്ഷിച്ച് കേരളത്തിൽ വേതനത്തിന്റെ കാര്യത്തിൽ തുടർച്ചയായ വർധന ഉണ്ടായതാണ് ഇതിന് കാരണം. ഉടൻ പരിഹാരം കാണേണ്ട ചില പ്രധാന പ്രശ്നങ്ങളിലേക്ക് അദ്ദേഹം വിരൽ ചൂണ്ടുകയുണ്ടായി. സാമ്പത്തികമായ മെച്ചപ്പെട്ട അവസ്ഥ കൈവരിക്കുന്നതിന് മുൻപ് പ്രായമേറുക, തൊഴിൽ മാർക്കറ്റിലെയും സമ്പദ്ഘടനയിലെയും പൊരുത്തക്കേടുകൾ തുടങ്ങിയവയാണ് ഇതിൽ എടുത്തുപറയത്തക്കത്. കുസാറ്റിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിന്റെ ഓണററി ഡയറക്ടർ പ്രഫസർ എം. കെ സുകുമാരൻ നായർ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലേക്കുള്ള പരിണാമത്തിലും വികസനത്തിന്റെ ബദൽ സാധ്യതകളിലൂന്നിയും ബജറ്റിന്റെ വികസന പരിപ്രേക്ഷ്യത്തിലേക്ക് വെളിച്ചം പകരുക യുണ്ടായി. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ കഴിഞ്ഞ രണ്ടു ബജറ്റുകൾ, പ്രത്യേകിച്ച് ഇത്തവണത്തേത് ദീർഘകാല വികസനത്തിനുള്ള വ്യക്തമായ വഴിതുറക്കലാണ്.

കേരളത്തിലെ നിർമ്മാണ മേഖലയുടെ പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് ഗിഫ്റ്റ് ഡയറക്ടർ പ്രഫസർ കെ. ജെ ജോസഫ്, അസിസ്റ്റന്റ് പ്രഫസർ ഡോ. കിരൺകുമാർ കക്കർലപുടി എന്നിവർ സംസാരിച്ചത്. 1980–2010 കാലയളവിലെ മാനുഫാക്ചറിങ് മേഖലയുടെ പങ്കാളിത്തം, വളർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിൽ സംഭവിച്ച വ്യവസായ നിരാകരണ പ്രവണത അഖിലേന്ത്യ തലത്തിലുള്ളതിനേക്കാൾ വേഗതയിലായിരുന്നു എന്നുകാണാം. മാനുഫാക്റ്ററിങ് രംഗത്ത് ഹൈടെക് വ്യസായങ്ങളുടെ പങ്കാളിത്തത്തിലും ദേശീയ ശരാശരിയേക്കാൾ ഏറെ കുറവായിരുന്നുവെന്നതും വ്യക്തമാണ്. എന്നാൽ 2011 നു ശേഷം ഇക്കാര്യത്തിൽ മാറ്റം പ്രകടമായി കാണാൻ കഴിയും. നിർമാണ മേഖലയിലെ അഖിലേന്ത്യ തലത്തിലുള്ള വളർച്ചയിൽ ഈ ഘട്ടത്തിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് ഹൈടെക് വ്യസായങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന സമീപകാലത്തെ സംസ്ഥാന സർക്കാർ സമീപനം ശരിയായ ദിശയിലുള്ളതാണ് എന്ന് വിലയിരുത്താം. സ്റ്റാർട്ട് അപ്പുകൾക്ക് നല്ല പിന്തുണ നൽകുന്ന മുഖ്യമന്ത്രിയുടെ ഒരു ലക്ഷം വ്യവസായങ്ങൾ എന്ന പദ്ധതി കൂട്ടത്തിൽ എടുത്തുപറയത്തക്കതാണ്.

യുവവിദഗ്ദരുടെ പങ്കാളിത്തമാണ് ഈ ശില്പശാലയുടെ എടുത്തുപറയത്തക്ക പ്രത്യേകത. എം. ജി സർവകലാശാല വൈസ് ചാൻസലർ പ്രഫസർ സാബു തോമസിന്റെ കീഴിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുന്ന ഡോ ബ്ലെസി ജോസഫ്, ഗവേഷണ വിദ്യാർത്ഥിയായ സില്ല ജോർജ് രാജു എന്നിവർ ഉന്നത വിദ്യാഭ്യാസ മേഖലക്ക് ബജറ്റ് നൽകിയിരിക്കുന്ന പ്രത്യേക പ്രാധാന്യത്തെയാണ് എടുത്തു പറയുന്നത്. വൈജ്ഞാനിക സമ്പദ് വ്യവസ്ഥ യിലേക്കുള്ള ഒരു പരിവർത്തനം എന്ന പശ്ചാത്തലത്തിൽ അപ്പ്ളൈഡ് റിസർച്ച്, സർവ കലാശാലകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള ആശയവിനിമയം, നൈപുണ്യ വികസനം, സ്റ്റാർട്ട് അപ്പുകളുടെ പ്രോത്സാഹനം, എന്നിവയ്ക്കൊപ്പം മുഖ്യമന്ത്രിയുടെ നവകേരളം പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ്പ് തുടങ്ങിയ നിർദേശങ്ങൾ മികച്ച നേട്ടങ്ങൾക്ക് വഴി തുറക്കുമെന്ന് അവർ പ്രത്യാശിക്കുന്നു. സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിലെ എം. എസ്സി ഇക്കണോമെട്രിക് ആൻഡ് ഫിനാൻഷ്യൽ ടെക്നോളജി വിദ്യാർത്ഥികളായ അർഷദ് മസൂർ വി. എസ്, മനു ഡി എന്നിവർ ടൂറിസം, പൊതുസേവന മേഖകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് ശോഭനമാണെന്ന് ചൂണ്ടി കാണിക്കുന്നു. സർക്കാർ ഏജൻസികൾ നിരവധിയായ സേവനങ്ങൾ നൽകുന്നുണ്ടെങ്കിലും ഇതിന്റെ ഫലപ്രാപ്തി അളക്കുന്നതിനുള്ള

പ്രത്യേക സൂചികകളുടെ അഭാവം പൊതുസേവനങ്ങളുടെയും ചെലവഴിക്കലിന്റെയും ഫലം കണക്കാക്കുന്നതിന് ചില പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്നതാണ് ഇവരുടെ പ്രധാന നിരീക്ഷണം.

പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വീക്ഷണത്തിൽ നിന്ന് ബജറ്റിനെ വിശകലനം ചെയ്തുകൊണ്ട് ഗിഫ്റ്റിലെ റിസേർച്ച് അസോസിയേറ്റ് ഡോ. യു. പി അനിൽകുമാർ ചൂണ്ടിക്കാണിക്കുന്നത്, ഇവരുടെ ഉന്നമനത്തിനായി നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും വിദ്യാഭ്യാസപരമായ നേട്ടം, നൈപുണ്യ വികസനം, തൊഴിൽ തുടങ്ങിയ മേഖലകളിൽ പൊതുസമൂഹത്തിനൊപ്പം എത്തിപ്പിടിക്കുന്നതിന് ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട് എന്നാണ്. മുൻലക്കങ്ങളിലെ പോലെ ഈ ലക്കത്തിലും ഡോ. റെൽഫി പോൾ തയാറാക്കിയ 'ജി എസ് ടി അപ്ഡേറ്റ്' പോലുള്ള പതിവ് കോളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗിഫ്റ്റിലെ 'യങ് സ്കോളേഴ്സ് ഫോറം' തയാറാക്കുന്ന പുതിയ പഠനങ്ങളെക്കുറിച്ചുള്ള കുറിപ്പും ചേർത്തിട്ടുണ്ട്. ഈ കോളത്തിന് ഇത്തവണ മുൻകയ്യെടുത്തിരിക്കുന്നത് റിജു മോഹനാണ്. ഗിഫ്റ്റിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കം എന്ന നിലയിൽ വരുന്ന 'വാട്ട് ഈസ് ന്യൂ ഫ്രം ഗിഫ്റ്റ്' എന്ന കോളവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ദയവായി ഈ ലക്കങ്ങൾ സൂക്ഷ്മമായി വായിക്കുക, അവ പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒപ്പം താങ്കളുടെ വിലയേറിയ പ്രതികരണവും പ്രതീക്ഷിക്കുകയാണ്. '*കേരള ഇക്കോണമി*' കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഞങ്ങളുടെ പ്രധാന ഊർജം അതാണ്.

**കെ ജെ ജോസഫ്**

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഭാവിയിലേക്ക് ഒരു അജണ്ട

കെ. എൻ ബാലഗോപാൽ

സംസ്ഥാന ആസൂത്രണ ബോർഡിന്റെ വാർഷിക പ്രസിദ്ധീകരണമായ സാമ്പത്തിക റിവ്യൂവിന്റെ തുടർച്ചയെന്ന രീതിയിൽ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചത് കേവലം യാദൃശ്ചികമായി സംഭവിച്ച ഒന്നല്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ആധികാരികമായ വിവരങ്ങൾ നൽകുന്ന ഒരു രേഖയാണ് സാമ്പത്തിക റിവ്യൂ. ബജറ്റ് അവതരിപ്പിക്കുന്നതിന് അടിസ്ഥാനമാകുന്ന ഒട്ടേറെ വിവരങ്ങൾ ഇത് നൽകുന്നുണ്ട്. ദേശീയതലത്തിലും ആഗോള തലത്തിലുമുള്ള സാമ്പത്തിക ചലനങ്ങളെ സംബന്ധിച്ച വിവരങ്ങൾ നമ്മുടെ അച്ചടി, ദൃശ്യ മാധ്യമങ്ങൾ കൃത്യമായി നൽകുന്നുണ്ട്. വളരെ പ്രയാസമേറിയ ഒരു സാഹചര്യത്തിലൂടെയാണ് ലോകം ഇന്ന് കടന്നു പോകുന്നത്. അതുകൊണ്ടുതന്നെ കരുതലോടെ വേണം നമുക്ക് മുന്നോട്ട് നീങ്ങാൻ. സുതാര്യമായ സാമ്പത്തിക പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിന് വിവരങ്ങളുടെ തമസ്കരണം ഒട്ടും യോജിച്ച ഒരു കാര്യമല്ല. കൃത്യമായ വിവരങ്ങൾ ജനങ്ങൾക്ക് മുന്നിൽ വയ്ക്കുന്നതിന് വൈമുഖ്യമുള്ള ഒരു വ്യക്തിയല്ല ഞാൻ. അതുകൊണ്ട് കേരളം മുന്നോട്ട് കുതിക്കുകയാണെന്ന് ശക്തമായ ആത്മവിശ്വാസത്തോടെ പറയുവാൻ കഴിയും.

ലോകത്തെമ്പാടുമുള്ള വികസനത്തെ കുറിച്ച് നമുക്ക് മികച്ച ധാരണയുണ്ടെങ്കിലും ശ്രീലങ്കയിൽ ഉണ്ടായ പ്രതിസന്ധിയെ കുറിച്ച് മതിയായ രീതിയിൽ നാം ചർച്ച ചെയ്തിട്ടുണ്ടോ എന്ന കാര്യത്തിൽ സന്ദേഹമുണ്ട്. റഷ്യ-യുക്രൈൻ സംഘർഷത്തെ കുറിച്ച് നടന്ന ചർച്ചയുടെ പത്തിലൊന്നു പോലും ശ്രീലങ്കൻ വിഷയത്തിൽ ഉണ്ടായിട്ടില്ല. റഷ്യ-യുക്രൈൻ സംഘർഷം നമ്മെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന പ്രശ്നം തന്നെയാണ് എന്ന കാര്യം വിസ്മരിച്ചുകൊണ്ടല്ല ഇത് പറയുന്നത്.

രാഷ്ടീയമായ പ്രതിസന്ധി പലപ്പോഴും യുദ്ധങ്ങൾക്ക് കാരണമാകാറുണ്ട്. ആഴമേറിയ സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം നമുക്ക് ഇന്ന് അനുഭവവേദ്യ

***സാമ്പത്തിക സർവെ പുറത്തു വന്നതോടെ കേരളത്തിന്റെ സാമ്പത്തിക നിലയെ കുറിച്ച് വ്യക്തമായ ധാരണ നമുക്ക് ലഭ്യമായിട്ടുണ്ട്. റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ പത്തിലൊന്ന് പ്രധാന്യം പോലും ശ്രീലങ്കയിലെ സാമ്പത്തിക തകർച്ചയെ കുറിച്ച് നമ്മുടെ ചർച്ചകളിൽ ഇടം പിടിക്കുന്നില്ല എന്നത് അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമാണ്. റഷ്യ-യുക്രൈൻ സംഘർഷം വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്.***

***ദീർഘകാലാടിസ്ഥാനത്തിലുള്ള നമ്മുടെ വികസനതന്ത്രത്തെ കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ ശ്രീലങ്കയിലെ പ്രതിസന്ധി വിലപ്പെട്ട ഒരു പാഠമാണ്.***

മാവുകയാണ്. നമ്മുടെ അയൽരാജ്യമായ ശ്രീലങ്കയുടെ സ്ഥിതി പരിശോധിക്കുക. വിനോദസഞ്ചാരമാണ് അവിടത്തെ ഒരു പ്രധാനപ്പെട്ട മേഖല. കോവിഡ് മഹാമാരി മൂലമുണ്ടായ സമ്പൂർണ്ണ അടച്ചിടൽ ലോകത്തെമ്പാടും ടൂറിസം വ്യവസായത്തെ പാടെ ഉലച്ചിരിക്കുകയാണ്. ടൂറിസത്തെ കാര്യമായി ആശ്രയിച്ചിരുന്ന ശ്രീലങ്കക്ക് ഇത് കനത്ത ആഘാതമായി മാറി. ശ്രീലങ്കയുമായി അടുത്ത് ബന്ധമുള്ളവർക്ക് അറിയാം കേരളവും ആ രാജ്യവും തമ്മിൽ പല കാര്യങ്ങളിലും സമാനതകളുണ്ടെന്ന്. ശ്രീലങ്കയിലെ മുഖ്യ ഭക്ഷ്യവിഭവങ്ങളിലൊന്ന് ഇടിയപ്പവും തേങ്ങാച്ചമ്മന്തിയുമാണ്. ഉണക്കമത്സ്യവും റ്റ്യൂണയുമാണ് അവിടെ കറികൾക്ക് ഉപയോഗിക്കുന്ന പ്രധാന ചേരുവകൾ. അവിടെ ഓരോ വീടുകൾക്കും പടിപ്പുര കാണാം. അതു പോലെ വീടുകളുടെ പരിസരങ്ങളിൽ കുളങ്ങളും സാധാരണമാണ്. ഇതെല്ലം നമ്മുടെ പാരമ്പര്യവുമായി ചേർന്ന് പോകുന്ന കാര്യങ്ങളാണ്. കൃഷിക്കനു യോജ്യമായ ഫലഭൂയിഷ്ഠമായ ഭൂമി അവിടത്തെ മറ്റൊരു സവിശേഷതയാണ്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ കേരളത്തേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ് ഭൂമിയുടെ കാര്യത്തിൽ ശ്രീലങ്ക. മാനവശേഷി വികസന സൂചികകളുടെ കാര്യത്തിലും കേരളവും ശ്രീലങ്കയും തമ്മിൽ നിരവധി സമാനതകളുണ്ട്.

മാനവശേഷി വികസന സൂചികകളുടെ കാര്യത്തിലും മികച്ച ഉല്പാദന സ്രോതസുകളുമുള്ള ഒരു രാജ്യം ഇത്തരമൊരു പ്രതിസന്ധിയിലേക്ക് എങ്ങനെ വീണു എന്നത് ചിന്തനീയമായ കാര്യമാണ്. വളരെ പ്രധാനപ്പെട്ട ഒരു കാരണം, അവിടത്തെ സർക്കാർ കാർഷിക മേഖലക്ക് മതിയായ പ്രാധാന്യം നൽകിയില്ല എന്നതാണ്. ഓർഗാനിക് കൃഷി രീതികൾക്കാണ് അവർ കൂടുതൽ പ്രാമുഖ്യം നൽകിയത്. മറ്റിടങ്ങളിൽ കുറഞ്ഞ വിലക്ക് അരിയും മറ്റു ഭക്ഷ്യവിഭവങ്ങളും ലഭ്യമാണെന്നിരിക്കെ എന്തിനാണ് കാർഷിക രംഗത്ത് കൂടുതൽ ശ്രദ്ധനൽകേണ്ടത് എന്ന തെറ്റായ കാഴ്ചപ്പാടാണ് ഇതിന് ഹേതുവായത്. പെട്രോളിയം ഉത്പന്നങ്ങൾ, ഭക്ഷ്യ വിഭവങ്ങൾ, വ്യവസായിക ഉത്പന്നങ്ങൾ തുടങ്ങിയവയാണ് ശ്രീലങ്കയുടെ പ്രധാന ഇറക്കുമതി ഇനങ്ങൾ. ശ്രീലങ്കയിലെ പ്രതിസന്ധി ഒരു കാര്യം നമ്മെ ബോധ്യപെടുത്തുന്നുണ്ട്. വിദേശപ്പണം രാജ്യത്തേക്ക് കാര്യമായി എത്തുമ്പോഴും അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള ഉത്പാദനം ഉറപ്പ് വരുത്തേണ്ടതുണ്ട് എന്നതാണ് അത്. ഇതിനായി കാർഷിക, വ്യാവസായിക രംഗങ്ങളെ ഉത്തേജിതമാക്കേണ്ടതുണ്ട്.

ഭാവി വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യ മേഖലകളായ ആരോഗ്യം,

***വികസനത്തിന്റെ കാര്യത്തിൽ കേരളം ഇപ്പോൾ ഒരു പ്രത്യേക ഘട്ടത്തിലാണ് എന്ന് പറയാം. വികസന വിഷയത്തിൽ ദീർഘകാല വീക്ഷണം ഏറെ പ്രാധാന്യമുള്ളതാണ്. ഇതിനൊപ്പം തന്നെ ഹ്രസ്വകാല പ്രശ്നങ്ങളും വളരെ നിർണ്ണായകമാണ് എന്ന് കാണാം.***

***പ്രായമേറുക എന്നത് ഒരു വെല്ലുവിളി എന്നതിനൊപ്പം തന്നെ ഒരു അവസരം കൂടിയാണ്. പ്രായമേറിയവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കേണ്ട തുണ്ട്. ഇക്കാര്യത്തിൽ ഒരു വീഴ്ച സംഭവിക്കാൻ പാടില്ല. അതേസമയം തന്നെ, പുതിയ തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കാൻ കഴിയുന്ന ഒരവസരം കൂടിയാണ് അത്. 'കെയർ ഇക്കോണമി' എന്ന ആശയത്തിന്റെ ക്രിയാത്മകമായ വികസനത്തിലൂടെയാണ് അത് സാധ്യമാവുക.***

വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ മുതൽമുടക്ക് ഉറപ്പാകേണ്ടതുണ്ട്. ഇത് അത്ര സുഖകരമായ ഒരു കാര്യമല്ല. പക്ഷെ മാറിയ ലോക സാഹചര്യത്തിൽ ഇതിനെ കുറിച്ച് നാം കാര്യമായി തന്നെ ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ മുന്നോട്ടുള്ള വികസന പാതയെ കുറിച്ച് ചിന്തിക്കുമ്പോൾ ശ്രീലങ്ക ഒരു പാഠ മായി നമുക്ക് മുന്നിൽ ഉണ്ടാകേണ്ടതുണ്ട്. കാരണം, ഭൂപ്രകൃതി, ജനസംഖ്യ, സംസ് കാരം തുടങ്ങി വിവിധ രംഗങ്ങളിൽ കേരളവും ശ്രീലങ്കയും തമ്മിൽ സമാനത കൾ പ്രകടമാണ് എന്നതാണ്.

**ദീർഘകാല കാഴ്ചപ്പാടിന്റെ ആവശ്യകത**

കേരളം ഇന്ന് വികസനത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിലാണ്. ദീർഘകാലാടി സ്ഥാനത്തിലുള്ള വീക്ഷണത്തിനൊപ്പം ഹ്യസ്വകാല പ്രശ്നങ്ങൾ തരണം ചെയ്യേണ്ട സ്ഥിതിയുമുണ്ട്. സംസ്ഥാനത്ത് പ്രായ മേറിയവരുടെ എണ്ണം കൂടി വരുന്ന സ്ഥിതി യുണ്ട്. വയോജനങ്ങളുടെ സംഖ്യ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 17 ശതമാനമാണ്. ചില വികസിത യൂറോപ്യൻ രാജ്യങ്ങളു ടേതിന് തുല്യമാണ് ഇത്. അടുത്ത 10 അല്ലെങ്കിൽ 15 വർഷത്തിനുള്ളിൽ ഇത് 25 ശതമാനം എന്ന തോതിലേക്ക് ഉയരും. മധ്യതിരുവിതാംകൂർ മേഖലയിൽ മിക്ക വീടുകളിലും പ്രായമായവർ മാത്രമാണുള്ളത്. ഇത് ഒരു കടുത്ത വെല്ലുവിളിയാണ്. ഒപ്പം അവസരവും. പ്രായമായവർക്ക് ആവശ്യ മായ കൈത്താങ്ങ് നൽകുന്ന കാര്യത്തിൽ പിന്നോക്കം പോകാൻ നമുക്ക് കഴിയില്ല. അതുകൊണ്ട് തന്നെ പുതിയ തൊഴിലവസ രവും വരുമാനവും ലഭ്യമാക്കുന്നതിനുള്ള അവസരവും ഇത് പ്രദാനം ചെയ്യുന്നുണ്ട്. 'കെയർ ഇക്കോണമി'യുടെ സാധ്യതകളിലേ ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

വികസിത രാജ്യങ്ങളിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാണ്. പല രാജ്യങ്ങളിലും യുവാക്കളുടെ എണ്ണം പ്രകടമായി കുറയു ന്നുണ്ട്. അതുകൊണ്ട് അവർക്ക് മതിയായ മാനവവിഭവശേഷി ആവശ്യമായി വരിക യാണ്. നല്ല നൈപുണ്യം ആവശ്യ മുള്ള ആളുകൾക്ക് പുറമെ ഹോം നഴ്സ് പോലുള്ള സേവനങ്ങൾക്കും അവർക്ക് കൂടുതൽ പേരെ ആവശ്യമായി വരുന്നു. കാനഡ, ആസ് ട്രേലിയ പോലുള്ള വിദേശ രാജ്യങ്ങളിലേക്ക്

***വിദേശത്ത് നിന്നും അയക്കുന്ന വരുമാനത്തെ കൂടുതലായി ആശ്രയിക്കുന്ന പ്രവണത നാം പരിമിതപ്പെടുത്തേണ്ടതുണ്ട്. വിദേശ മലയാളികൾ ഉല്പാദിപ്പി ക്കുന്ന സമ്പത്തിന്റെ ചെറിയ ഒരംശം മാത്രമാണ് ഇങ്ങോട്ട് വരുന്നത്. പകരം ലഭ്യമായ മാനവശേഷി ഇവിടെ തന്നെ ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് കഴിയണം.***

***കേരളത്തിന്റെ കാർഷിക മേഖലയുടെ ഇന്നത്തെ സ്ഥിതിയെ കുറിച്ച് എനിക്ക് ആശങ്കയുണ്ട്. കാർഷിക മേഖലയെ പരിവർത്തനം ചെയ്യുക എന്ന കാര്യത്തിൽ നാം പ്രതിജ്ഞാബദ്ധരാണ്.***

വിദ്യാഭ്യാസത്തിനായി പോകുന്ന മലയാളി വിദ്യാർത്ഥികൾ മടങ്ങി പോരുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. കുടിയേറ്റത്തിന്റെ കാര്യത്തിൽ കേരളം പുരോഗമികളാണ്. ഏതാണ്ട് 100 വർഷത്തിന് മുൻപ് തന്നെ മലയാളികൾ വിദേശ രാജ്യങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. നാം നമ്മുടെ യുവാക്കളെ നൈപുണ്യമുള്ളവരാക്കി വിദേശത്തേക്ക യച്ചാൽ അവർ വിദേശനാണ്യം നേടി തരുമെന്ന വാദമുഖമുണ്ട്. ഇതിനെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ഇത് അത്ര ഉചിതമായ ഒരു രീതിയായി ഞാൻ കരുതുന്നില്ല. വിദേശത്ത് അവർ ഉല്പാദിപ്പിക്കുന്ന സമ്പത്തിന്റെ നിസാരമായ ഒരു ഭാഗമാണ് റെമിറ്റൻസിന്റെ രൂപത്തിൽ അവർ നാട്ടിലേക്ക് അയക്കുന്നത്. ഇത്തരം മാനവശേഷി ഇവിടെ തന്നെ വിനിയോഗിക്കാനും അതുവഴി മൂല്യ വർധനയുണ്ടാക്കാനും നമുക്ക് കഴിയണം. ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്കിന് തുടക്കം കുറിച്ചത് കേരളമാണ്. ദക്ഷിണ കൊറിയയിൽ ടെലിവിഷൻ സർവ്വസാധാര ണമല്ലാതിരുന്ന ഘട്ടത്തിൽ നാം അത് ഇവിടെ ഉത്പാദിപ്പിച്ചു. ആയിരത്തി ത്തൊള്ളാ യിരത്തി എഴുപതുകളിൽ ഇലക്ട്രോണിക് മേഖലയിലെ ഉല്പാദനത്തിന്റെ കാര്യത്തിൽ ഇന്ത്യയും ദക്ഷിണ കൊറിയയും സമാനമായ നിലയിലായിരുന്നു. പക്ഷെ ഇന്ന് ദക്ഷിണ കൊറിയ ലോകത്തെ മുൻനിര ഉല്പാദ കരാണ്. ഇന്ത്യക്ക് എങ്ങുമെത്താൻ കഴിഞ്ഞ തുമില്ല.

**കാർഷിക മേഖലയുടെ പരിവർത്തനം**

കർഷകസംഘവുമായി ബന്ധപ്പെട്ട പ്രവർ ത്തനങ്ങളിൽ നിന്നും കാർഷിക രംഗത്തെ കുറിച്ച് കാര്യമായി മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയുടെ ഇന്നത്തെ സ്ഥിതിയിൽ ഞാൻ ആശങ്കാകുലനാണ്. കാർഷിക മേഖലയിലെ പരിവർത്തനത്തിന് നാം പ്രതിജ്ഞാബദ്ധ രാണ്. മുൻ ധനകാര്യ മന്ത്രി സ്വീകരിച്ച നടപടികളുടെ തുടർച്ചയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നടന്ന ചർച്ചകളു ടെയും ഭാഗമായാണ് ഇത്. ഇതിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയുടെ നവീകരണത്തിന് ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുള്ള ഫണ്ട് നീക്കി വച്ചിട്ടുണ്ട്. പ്രാഥമിക തലത്തിലെ ഉല്പാദക നായ കർഷകന് മൂല്യശ്രിംഖലയിൽ മുന്നോട്ട് വരുന്നതിന് അനുരോധമായ വിധത്തിലാണ് ഇത്. മൂല്യവർധിത ഉത്പന്നങ്ങൾ ഉല്പാദിപ്പി ക്കുന്നതിനൊപ്പം ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പ് വരുത്തുകയും ചെയ്യുന്നത് വഴിയാണ് ഇത് സാധിതമാക്കുക.

***ത്രിതല സ്പർശിയായ ഒരു വികസനതന്ത്രമാണ് നമ്മുടേത്. (1) കാർഷിക രംഗത്തെ ഉത്പാദനക്ഷമത ഉയർത്തുക. (2) ഉപഭോക്താക്കൾ ചെലവഴിക്കുന്ന ഓരോ രൂപയുടെയും അർഹമായ വിഹിതം കർഷകരുടെ കൈകളിലേക്ക് എത്തി ക്കുക എന്നതാണ് രണ്ടാമത്തെ കാര്യം. (3) മൂല്യശൃംഖലയുടെ ഏറ്റവും ഒടുവി ലത്തെ കണ്ണിയായി കർഷകർ മാറരുത്.***

***ഉന്നത വിദ്യാഭ്യാസ മേഖലക്ക് കൂടുതൽ ഊന്നൽ നൽകി വരികയാണ്. വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്.***

ത്രിതല തന്ത്രമാണ് നാം ഇവിടെ സ്വീകരിക്കുന്നത്. ഒന്ന്, കാർഷിക മേഖലയിൽ ഉത്പാദനക്ഷമത ഉയർത്തുക. കുരുമുളക് ഉല്പാദനത്തിന്റെ കാര്യത്തിൽ കേരളത്തിന് ചരിത്രപരമായ പ്രാധാന്യമുണ്ട്. എന്നാൽ നമ്മുടെ പ്രതിഹെക്ടർ ഉത്പാദനം കേവലം 250 കിലോഗ്രാമാണ്. ഇതിന്റെ അഞ്ചോ ആറോ ഇരട്ടിയാണ് വിയറ്റ്നാമിലെ ഉത്പാദനം. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, കേരളത്തെ പിൻതള്ളി കർണാടകമാണ് ഉല്പാദനത്തിൽ ഇപ്പോൾ ഇന്ത്യയിൽ ഒന്നാമത് എന്നതാണ്. നാളികേരം പോലുള്ള പരമ്പരാഗത വിളകളുടെ കാര്യത്തിലും സ്ഥിതി ഭിന്നമല്ല. അതുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട കൃഷിരീതികൾ നമ്മൾ നടപ്പാക്കേണ്ടിയിരിക്കുന്നു. കൃഷി ഒരു മോശം തൊഴിലായി കണക്കാക്കാത്ത ഒരു യുവതലമുറ ഈ രംഗത്തേക്ക് കടന്നു വരണം. ഐ ടി മേഖലയിൽ ജോലി ചെയ്യുന്ന ചില യുവാക്കൾ സർക്കാർ ആവശ്യമായ പിന്തുണ നൽകിയാൽ കാർഷിക മേഖലയിലേക്ക് വരാൻ തയാറാണെന്ന് ഈയിടെ എന്നോട് പറയുകയുണ്ടായി.

ചെറിയ സംഘങ്ങളായി പ്രവർത്തിക്കുന്ന കർഷകർക്ക് 50 ലക്ഷം രൂപ വരെ വായ്പ നൽകും. ഇതിൽ 10 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കും. ഉത്പന്നങ്ങൾ പാഴായി പോകുന്നത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അൾട്രാ ഡെൻസിറ്റി കൃഷി രീതികൾക്കും ശീതീകരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും കൂടുതൽ പ്രാമുഖ്യം നൽകും.

ഉല്പാദന രംഗത്ത് കുടുംബശ്രീയും സഹകരണ സംഘങ്ങളും നല്ല നിലയിൽ ഇടപെടുന്നുണ്ട്. പക്ഷെ വിപണിയുടെ ദയാദാക്ഷിണ്യത്തിന് അനുസരിച്ച് കിട്ടുന്ന വിലയ്ക്ക് സാധനങ്ങൾ വിറ്റൊഴിയേണ്ട സ്ഥിതിക്ക് മാറ്റം വരേണ്ടതുണ്ട്. സ്വാഭാവിക റബറിന്റെ കാര്യത്തിൽ നൂറ്റാണ്ടുകളായി അസംസ്കൃത വസ്തു എന്ന രീതിയിൽ ഉൽപ്പന്നം നൽകുന്ന കർഷകരാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതുകൊണ്ട് മൂല്യ ശൃംഖലയിൽ കർഷകരുടെ സ്ഥാനം ഉയർത്തേണ്ടതുണ്ട്. ഇതാണ് നമ്മുടെ തന്ത്രത്തിന്റെ രണ്ടാം ഘട്ടം. മൂല്യവർധന കൊണ്ട് മാത്രം പ്രശ്നങ്ങൾ പരിഹൃതമാകുന്നില്ല. പല പഠനങ്ങളിലും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത് സംസ്ഥാനത്ത് കാർഷിക ഉത്പന്നങ്ങളുടെ വിപണനം അത്ര

***വൻതോതിൽ വിഭവ വിനിയോഗം ആവശ്യമുള്ളതും പരിസ്ഥിതി മലിനീകരണം ഉളവാക്കുന്നതുമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ സംസ്ഥാനത്ത് പരിമിതമാണ് എന്ന ഒരു നിഗമനം പൊതുവെയുണ്ട്. കേരളം ഉയർന്ന വേതന നിരക്ക് നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ്. അതുകൊണ്ട് തന്നെ കുറഞ്ഞ വേതനത്തിൽ അധിഷ്ഠിതമായ വ്യവസായങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. ഇവിടെ വൈജ്ഞാനിക മേഖലകളിൽ അധിഷ്ഠിതമായ, ഉയർന്ന മൂല്യസൃഷ്ടിക്ക് ഉതകുന്ന വ്യവസായങ്ങളുടെ സാധ്യതയാണ് നാം തേടേണ്ടത്.***

***റോഡ്, റെയിൽവെ, പാലങ്ങൾ എന്നിവ അടക്കമുള്ള നമ്മുടെ അടിസ്ഥാന സൗകര്യ മേഖല കൂടുതൽ വികസിപ്പിക്കേണ്ടതുണ്ട്.***

ഫലപ്രദമാകുന്നില്ല എന്നാണ്. ഇക്കാരണത്താൽ കച്ചവടക്കാർ ഉയർന്ന തോതിൽ ലാഭം കൊയ്യുമ്പോൾ കർഷകരുടെ വിഹിതം കേവലം 20 ശതമാനം മാത്രമാണ്. അതുകൊണ്ട് നമ്മുടെ പാവപെട്ട കർഷകർ മൂല്യവർധന നടത്തുമ്പോൾ വിലയിൽ ഉണ്ടാകുന്ന നേട്ടം അവർക്ക് ലഭിക്കുന്നില്ല. ഇതിന് മാറ്റം വരേണ്ടതുണ്ട്. അതുകൊണ്ട് നമ്മുടെ തന്ത്രത്തിന്റെ മൂന്നാം ഘട്ടം മൂല്യവർധനയുടെ ഓരോ ഘട്ടത്തിലും കർഷകന് അർഹമായ വിഹിതം ഉറപ്പ് വരുത്തുക എന്നതാണ്.

വിപണത്തിനായി സിയാൽ മാതൃകയിൽ കുറഞ്ഞത് 100 കോടി ഡോളറിന്റെ മൂല്യമുള്ള ഒരു കമ്പനി നമുക്ക് ആവശ്യമാണ്. ഇതിനായി 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. രാജ്യാന്തര കമ്പനികളിൽ പ്രവൃത്തി പരിചയമുള്ള വിദഗ്ധരുടെ സേവനം ഇക്കാര്യത്തിൽ നമുക്ക് ആവശ്യമാണ്. അക്കാദമിക് രംഗത്ത് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് വിദേശ രാജ്യങ്ങളുമായി സഹകരണം ഉള്ളതുപോലെ പുതിയ കൃഷി രീതികളിൽ വൈദഗ്ദ്യം നേടുന്നതിന് ഇസ്രായേൽ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളുമായി സഹകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നുണ്ട്. രണ്ടു കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്.

ഗംഗാതട പ്രദേശങ്ങൾ ഒഴിച്ച് നിർത്തിയാൽ നമ്മുടെ സംസ്ഥാനത്ത് ഇന്ത്യയിലെ അപൂർവമായ കാലാവസ്ഥയാണുള്ളതെന്ന് പറയാം. നല്ല മണ്ണ്, സൂര്യപ്രകാശം തുടങ്ങിയ കാര്യങ്ങൾ കൊണ്ട് അനുഗ്രഹീ തരാണ് നാം. അനവധി നൂറ്റാണ്ടുകളായി തോട്ടം മേഖലയിൽ കേരളം സജീവമാണ്. റബർ, തേയില, കാപ്പി, ഏലം, കശുവണ്ടി തുടങ്ങിയ വിളകളാണ് തോട്ടം മേഖലയിൽ കൃഷി ചെയ്യുന്നത്. മുൻകാലങ്ങളിൽ റബർ കൃഷിയിൽ നിന്ന് മെച്ചപ്പെട്ട വരുമാനം കർഷകർക്ക് ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ സ്ഥിതി അതല്ല. അഞ്ചേക്കർ റബർ കൃഷി ഉള്ള ഒരാൾക്ക് ഏറ്റവും താഴെ തട്ടിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരന്റെ പോലും വരുമാനമില്ല. എന്നിരുന്നാലും പുതിയ വിളകൾ കൃഷി ചെയ്യാൻ കർഷകർ ഒരുക്കമല്ല. ഈയിടെ കർഷകരുടെ ഒരു യോഗം ചേർന്നപ്പോൾ അര ഏക്കർ സ്ഥലത്ത് ഡ്രാഗൺ ഫ്രൂട്ട് കൃഷി ചെയ്യുന്നതിലൂടെ തനിക്ക് അഞ്ചു ലക്ഷം രൂപ വരുമാനമുണ്ടെന്ന് ഒരു കർഷകൻ പറയുകയുണ്ടായി. ഇതിൽ നിന്ന് 1.5 ലക്ഷം രൂപ ലാഭമുണ്ടെങ്കിൽ അത് നല്ലൊരു നേട്ടം തന്നെയാണ്. അതുകൊണ്ട് ഉയർന്ന മൂല്യം നേടിത്തരുന്ന പുതിയ വിളകൾ കൃഷി ചെയ്യുന്ന രീതിയെ നമുക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയണം.

### ഉന്നത വിദ്യാഭ്യാസവും വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയും

വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുടെ സൃഷ്ടിക്ക് അടിസ്ഥാനമായ ഉന്നത വിദ്യാഭ്യാസ മേഖലയാണ് മറ്റൊരു പ്രധാന വിഷയം. ഈ രംഗത്ത് കൂടുതൽ ശ്രദ്ധ നൽകി

***സാമൂഹ്യക്ഷേമ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന കാര്യത്തിൽ നാം ഏറെ അറിയപെടുന്നുണ്ടെങ്കിലും ഇനിയും ഏറെ ദൂരം മുന്നോട്ട് പോകാനുണ്ട്.***

***റോഡ്, റെയിൽവേ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ രംഗത്ത് വികസനം അനിവാര്യമാണ്. ഉദാഹരണത്തിന് കോഴിക്കോട് ജോലി ചെയ്യുന്ന ഒരാൾക്ക് രണ്ടോ, മൂന്നോ മണിക്കൂറിനുള്ളിൽ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് എത്താൻ കഴിയണം.***

വരികയാണ്. അതുപോലെ തന്നെ വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി പരിഭാഷ ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 20 കോടി രൂപ വീതം കേരളത്തിലെ 10 സർവകലാശാലകൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതിനോട് അനുബന്ധമായി ഇൻകുബേഷൻ സെന്ററുകളും സ്റ്റാർട്ട് അപ്പുകളും പ്രവർത്തനം തുടങ്ങും. സർവകലാശാലകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഒരു പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൂന്ന് ഹ്രസ്വകാല കോഴ്സുകൾ തുടങ്ങുന്നതാണ്. വിദേശത്ത് നിന്നടക്കമുള്ള വിദഗ്ധരുടെ സേവനം ഇതിനായി ലഭ്യമാക്കും. സർവ്വകലാ ശാലകൾ അടക്കമുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ ഹോസ്റ്റൽ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാമ്പസുകൾ പത്തു മുതൽ അഞ്ചു വരെ പ്രവർത്തിക്കുന്ന രീതിയിൽ മാറ്റം വരുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്നവയാക്കി മാറ്റുന്നതാണ്.

ഒരു സർവകലാശാലയിൽ കുറഞ്ഞത് 5000 ഹോസ്റ്റൽ മുറികൾ ഉണ്ടാകണം. ഇതിൽ 1500 എണ്ണം വിദേശ വിദ്യാർത്ഥികൾക്കായിരിക്കും. 150 പ്രത്യേക സ്കോളർഷിപ്പുകൾ അനുവദിക്കുന്നതാണ്. ലോകത്തെ വിവിധ രാജ്യങ്ങളിലെ വിദഗ്ധരുടെ സഹകരണം നേടുന്നതിന് ഇത് വിദ്യാർത്ഥികൾക്ക് സഹായകരമായിരിക്കും. സർവകലാശാലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികളിൽ ചിലതാണ് ഇവ. ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്ഥാപനം എന്ന നിലയിൽ തിരഞ്ഞെടുത്ത ഉല്പാദനത്തിനുള്ള അടിസ്ഥാന സൗകര്യവുമൊരുക്കും. ഒരു കോടി രൂപ വീതം ഇതിനായി ചെലവഴിക്കും. ചില കേന്ദ്രങ്ങളിൽ ഇത് ഇതിനകം നടപ്പാക്കിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിലുള്ള ഈ പദ്ധതിക്കായി മൊത്തം 150 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

സർക്കാർ ഗ്രാന്റുകൾ പരിമിതമാണെങ്കിലും ഗിഫ്റ്റ് മാതൃകയിൽ ഏതാനും സ്വതന്ത്ര സ്ഥാപനങ്ങൾ കൂടി ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. മികവിന്റെ ചില കേന്ദ്രങ്ങളെ സർവകലാശാലകളിൽ നിന്ന് വേർപെടുത്തി സ്വതന്ത്രമാക്കാൻ ശ്രമം നടത്തും. സി ഡി എസ് പോലുള്ള സ്ഥാപനങ്ങൾ ഇന്ത്യക്ക് തന്നെ ഒരു മാതൃകയാണ്. ഈ മാതൃകയിൽ മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം.

വൻകിട വ്യവസായങ്ങൾക്കും പരിസ്ഥിതി മലിനീകരണം ഉളവാക്കുന്ന പദ്ധതികൾക്കും കേരളത്തിൽ സാധ്യത കുറ

***ധനസ്ഥിതിയുടെ കാര്യത്തിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നികുതി വരുമാനത്തിലെ കുറഞ്ഞ തോതിലുള്ള വളർച്ച, റവന്യൂ കമ്മി ഗ്രാന്റ് ഇല്ലാതായത്, ഡിവിസിബിൾ പൂളിലെ സംസ്ഥാനത്തിന്റെ വിഹിതം കുറയുന്നത് എന്നിവ അടക്കമുള്ള കാര്യങ്ങൾ ഇതിന് പ്രധാന കാരണങ്ങളാണ്.***

***കേരളത്തിലെ ജനങ്ങൾ നൽകുന്ന ശക്തമായ പിന്തുണയിലൂന്നി നമുക്ക് മുന്നേറാൻ കഴിയുമെന്ന ആത്മവിശ്വാസം പ്രകടമാക്കുകയാണ്.***

വാണെന്ന ഒരു അഭിപ്രായഗതിയുണ്ട്. കേരളം ഉയർന്ന വേതന വ്യവസ്ഥയുള്ള ഒരു സംസ്ഥാനമാണ്. അതുകൊണ്ട് കുറഞ്ഞ വേതനം വഴി നേട്ടം കൊയ്യുന്ന വ്യവസായ ങ്ങളിൽ കേന്ദ്രീകരിക്കാൻ നമുക്കാവില്ല. വിജ്ഞാനത്തിൽ അധിഷ്ഠിതമായ, ഉയർന്ന മൂല്യ സൃഷ്ടിക്ക് ഉതകുന്ന വ്യവസായ ങ്ങളുടെ സാധ്യതകളാണ് നാം തേടേണ്ടത്. വിപുലമായ ഉല്പാദന ശൃംഖല വഴിയല്ല മറിച്ച് സവിശേഷമായ പുതിയ ആശയങ്ങൾ വഴിയാണ് ഇലോൺ മസ്ക് ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റുന്നത്. മലയാളി വ്യവസാ യിയുടെ സംരംഭമായ ബൈജൂസ് ആപ്പ് ലോകശ്രദ്ധ നേടിയ സ്ഥാപനമാണ്. കേരളത്തിന് കഴിവ് തെളിയിക്കാൻ കഴിയുന്ന നിരവധി സാദ്ധ്യതകൾ തുറന്നു കിടക്കുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. ബജറ്റിന് മുൻപ് നടന്ന ചർച്ചകളുടെ ഭാഗമായി ലോകത്തെമ്പാടുമുള്ള മലയാളി ഗവേഷക രുമായി ആശയവിനിമയം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ സർവകലാശാലകളിൽ പഠനം നടത്തിയ നിരവധി പേർ ആപ്പിളിന്റെ എം 1 ചിപ്പ് യൂണിറ്റുകളിൽ ജോലി ചെയ്യുന്നുണ്ട്. ഇത്തരത്തിൽ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മികച്ച തൊഴിൽ സാഹചര്യ ങ്ങൾ ഇവിടെ ഒരുക്കാൻ കഴിഞ്ഞാൽ പലരും മടങ്ങി വരുന്നതിന് തയാറായേക്കും. ഇവിടെ മികച്ച അവസരങ്ങൾ ലഭ്യമായാൽ നാട്ടിൽ ജോലി ചെയ്യുന്നതിന് പലരും തയാറാകും.

ടെക്നോപാർക്ക് പോലുള്ള പദ്ധതികളുടെ തുടർച്ചയാണ് സയൻസ് പാർക്കുകൾ. ഇവിടെ ഗവേഷണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാകും. നൂതന ഉത്പന്നങ്ങൾ വികസിപ്പി ച്ചെടുക്കാൻ കഴിയും. അവ വ്യാവസായി കാടിസ്ഥാനത്തിൽ വിപണനം ചെയ്യുന്ന തിനുള്ള അവസരമുണ്ടാകും. തുടക്കത്തിൽ നാല് സയൻസ് പാർക്കുകളാണ് ആലോചന യിലുള്ളത്. സർവകലാ ശാലകളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഇത്.

ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ് കേരളത്തിൽ ആരംഭിക്കുന്നതിനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ പിന്നീട് പല കാരണങ്ങളാൽ ഇത് ബംഗളൂരുവിലേക്ക് മാറി. ഈ സ്ഥാപനത്തിന് ചുറ്റിലുമായാണ് നിരവധി വ്യവസായ സംരംഭങ്ങൾ അവിടെ ഉയർന്നു വന്നത്. പിന്നീട് ഐസർ കേരള ത്തിന് ലഭിച്ചു. ഇക്കാര്യത്തിൽ ഭാഗമാക്കാൻ എനിക്കും കഴിഞ്ഞിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് സയൻസ് പാർക്കുകൾ തുറക്കുന്നത്. ടാറ്റ സ്റ്റീൽ ഇത്തരത്തിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളി ലാണ്. ആരോഗ്യ രംഗത്തും ചില സംരംഭ ങ്ങൾ ഉയർന്നു വരുന്നുണ്ട്. ന്യൂട്രസ്യൂട്ടിക്കൽ മേഖലയിൽ ഒരു കേന്ദ്രം ആരംഭിക്കുന്നതി നുള്ള ശ്രമം തുടരുകയാണ്. കേരളത്തിൽ സുലഭമായി കിട്ടുന്ന ചക്കയുടെ മൂല്യവർധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ഇത് സഹായകമാകും. ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾക്ക് നാം പരമാവധി പ്രോത്സാ ഹനം നൽകേണ്ടതുണ്ട്. കൊല്ലത്തെ മീറ്റർ കമ്പനി പോലുള്ള സ്ഥാപനങ്ങളിൽ ലഭ്യമായ സ്ഥലത്ത് ആവശ്യമായ അടി സ്ഥാന സൗകര്യങ്ങൾ ഒരുക്കി 'പ്ലഗ് ആൻഡ് പ്ളേ' രീതിയിലുള്ള സ്ഥാപനങ്ങൾ തുറക്കാൻ കഴിയുന്നതാണ്.

### അടിസ്ഥാനസൗകര്യങ്ങൾ അതിപ്രധാനം

റോഡുകൾ, റെയിൽവെ, പാലങ്ങൾ തുടങ്ങിയ നമ്മുടെ അടിസ്ഥാന സൗകര്യ രംഗത്ത് മുന്നേറ്റം ഏറെ ആവശ്യമാണ്. ഉദാഹരണത്തിന് കോഴിക്കോട് ജോലി ചെയ്യുന്ന ഒരാൾക്ക് കേരളത്തിലെവിടെയും രണ്ടോ മൂന്നോ മണിക്കൂർ കൊണ്ട് എത്താൻ കഴിയണം. വയനാട് പോലുള്ള മേഖല കളിൽ 2500 കോടി രൂപ മുതൽമുടക്കിൽ ഇരട്ട നഗര പദ്ധതി ആസൂത്രണം ചെയ്യുകയാണ്. കേരളത്തിലെ ടെക്നോപാർക്ക് ഇത്തരത്തി ലുള്ള ഇന്ത്യയിലെ ആദ്യസംരംഭമാണെ ങ്കിലും നമ്മുടെ ഐ ടി കയറ്റുമതി രണ്ടു ശതമാനത്തിൽ താഴെ മാത്രമാണ്. നമ്മുടെ ഭാഗത്ത് നിന്നുള്ള വീഴ്ചകളും ഇതിന് കാരണമാകാം. എന്നാൽ ഇത്തരം വീഴ്ചകൾ ചർച്ചകളിലൂടെയും കൂട്ടായ പ്രവർത്തനങ്ങൾ വഴിയായും പരിഹരിക്കാൻ കഴിയണം. അടിസ്ഥാന സൗകര്യ വികസന രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് കെ–റെയിൽ. ദേശീയപാത 66 വികസനം അടക്കമുള്ള പദ്ധതികൾ അടുത്ത അഞ്ചോ ആറോ വർഷങ്ങൾക്കുള്ളിൽ പൂർത്തിയാകും. ഇതിനുള്ള ഭൂമിയേറ്റെടുക്കലി നുള്ള ചെലവിന്റെ 25 ശതമാനം തുകയായ 3600 കോടി രൂപ ഇതിനകം സംസ്ഥാന സർക്കാർ നൽകിക്കഴിഞ്ഞു. ദേശീയപാത 66 ന്റെ വികസനത്തിന് 60,000 കോടി രൂപയാണ് മൊത്തം ചെലവ് വരിക.

### ആരും പാർശ്വവൽകൃതമാകില്ല

സാമൂഹ്യക്ഷേമ ഉത്തരവാദിത്വത്തിന്റെ കാര്യത്തിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും പലർക്കും ഇത്തരം നേട്ടങ്ങൾ ലഭ്യമാകു ന്നില്ല. അതുകൊണ്ട് സാമൂഹ്യക്ഷേമ പെൻഷൻ വർഷം തോറും 100 രൂപ വീതം ഉയർത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. 100 രൂപയുടെ നേരിയ വർധന വരുത്തു മ്പോഴും വരുന്ന അധിക ചെലവ് 1000 കോടി രൂപയാണ്. 60 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതിയാണ് നമ്മുടേത്. അടുത്ത തലമുറയുടെ കൂടി ക്ഷേമം നമുക്ക് കണക്കിലെടുക്കേണ്ടതുണ്ട്. 1000 രൂപ സൗജന്യമായി കൊടുക്കുക എന്നതിന് പകരം 2000 രൂപ സമ്പാദിക്കാൻ കഴിയുന്ന ഒരു സംവിധാനം ഒരുക്കുക എന്നതാണ് പ്രധാനം. സംസ്ഥാന ആരോഗ്യ അതോറിറ്റിക്കായി 600 കോടി രൂപയാണ് നാം ചെലവഴിക്കുന്നത്. പ്രതിവർഷം 5 ലക്ഷം രൂപ എന്ന കണക്കിൽ 45 ലക്ഷം കുടുംബങ്ങൾ ക്കാണ് ചികിത്സാ സഹായം ലഭ്യമാകുന്നത്.

ദീർഘലാടിസ്ഥാനത്തിലുള്ള വളർച്ച പരിഗണിക്കുമ്പോൾ തന്നെ നമുക്ക് മുന്നിൽ ഇപ്പോഴുള്ള ചില പ്രശ്നങ്ങളെ അവഗണിച്ചു കൊണ്ട് മുന്നോട്ട് പോകാൻ കഴിയില്ല. വികസന രംഗത്തുള്ള പോരായ്മകൾ പരിഹരിക്കാൻ കഴിഞ്ഞാൽ സമ്പദ്വ്യവസ്ഥ വളർച്ചയുടെ പാതയിലാകും. വലിയ ഒരു പ്രതിസന്ധിയുടെ ഘട്ടത്തിലാണ് നാം. ധനപരമായ പ്രതിസന്ധി ശക്തമായുണ്ട്. കോവിഡ് പ്രതിസന്ധി മൂലം കഴിഞ്ഞ വർഷം നികുതി വരുമാനം 47,500 കോടി രൂപ മാത്രമായിരുന്നു. ഈ വർഷം അത് 58,000 കോടിയാക്കി ഉയർത്താൻ കഴിയുമെന്ന് കരുതുന്നു. നികുതി വരുമാനം 20 ശതമാനം കണ്ട്, അതായത് 11,000 കോടി രൂപ ഉയർത്തുക എന്നത് ചെറിയ കാര്യമല്ല. നമ്മുടെ തനത് നികുതി വരുമാനം ഉയർത്തേണ്ടതുണ്ട്. കേന്ദ്രവും സംസ്ഥാ നങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളിൽ സംസ്ഥാനങ്ങൾക്ക് അനു കൂലമാകുന്ന വിധത്തിൽ മാറ്റങ്ങൾ ആവശ്യ മാണ്. നമുക്ക് ലഭിക്കുന്ന റവന്യൂ കമ്മി ഗ്രാന്റ് ഈ വർഷത്തോടെ നിലയ്ക്കും. പതിനാലാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ കേന്ദ്ര ഡിവി സിബിൾ പൂളിൽ നിന്ന് കേരളത്തിന് 2.5 ശതമാനം വിഹിതം ലഭിച്ചപ്പോൾ പതി

നഞ്ചാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ അത് 1.95 ശതമാനത്തിലേക്ക് താഴ്ന്നു. കേന്ദ്ര സർക്കാരിന്റെ വരുമാനത്തിൽ സംസ്ഥാന ങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് തുടങ്ങിയ ഇനങ്ങളിലെ വരുമാനം ഇരട്ടിയിലധികമായി ഉയർന്നു. ജി എസ് ടി നഷ്ടപരിഹാരം തുടരേണ്ടത് ആവശ്യമാണ്. പല സംസ്ഥാനങ്ങളും ഈ ആവശ്യം ശക്തമായി ഉയർത്തുന്നുണ്ടെങ്കിലും ഇക്കാര്യ ത്തിൽ അനിശ്ചിതാവസ്ഥ തുടരുകയാണ്. ഇതെല്ലാം നിലനിൽക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ജനങ്ങളുടെ പിന്തുണ യോടെ നമുക്ക് ശക്തമായി മുന്നോട്ട് പോകാൻ കഴിയുമെന്ന ആത്മവിശ്വാസമാണ് എനിക്കുള്ളത്.

നികുതി, ധനകാര്യ മേഖലകളിൽ നയപര മായ തീരുമാനങ്ങൾക്ക് സഹായകമായ നിരവധി ഗവേഷണങ്ങൾ ഗിഫ്റ്റ് നടത്തു ന്നുണ്ട്. ഇത് നന്നായി പ്രയോജനപ്പെടു ത്താൻ കഴിയുന്നുണ്ട്. എന്നാൽ ധനപരമായ ഞെരുക്കം മറികടക്കുന്ന തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയാണ് ഇന്നത്തെ പ്രധാന ദൗത്യം. അതുവഴി യായി സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ഉയർന്ന തലത്തിലേക്ക് മാറ്റുവാൻ കഴിയേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗിഫ്റ്റ് ഇതരസ്ഥാപനങ്ങളുമായി സഹകരിച്ച് നട ത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഇത്തരം പ്രവർത്തനങ്ങൾ നയപരമായ തീരു മാനങ്ങൾ എടുക്കുന്നതിന് മുതൽക്കൂട്ടാ കുമെന്ന് പ്രതീക്ഷിക്കുന്നു.

■

(ധനകാര്യമന്ത്രിയും ഗിഫ്റ്റിന്റെ ചെയർ മാനുമായ ശ്രീ കെ.എൻ ബാലഗോപാലിന്റെ പ്രസംഗത്തെ അടിസ്ഥാനമാക്കി തയാറാ ക്കിയ ലേഖനം)

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# ബജറ്റും പതിനാലാം പഞ്ചവത്സര പദ്ധതിയും

വി. കെ രാമചന്ദ്രൻ

പഞ്ചവത്സര വാർഷിക പദ്ധതികൾ തയാറാക്കുന്ന സ്ഥാപനം തന്നെ സാമ്പത്തിക റിവ്യൂ തയാറാക്കുന്ന സംവിധാനമാണ് കേരളത്തിലുള്ളത്. ഇത് യാദൃശ്ചികമായി സംഭവിക്കുന്ന ഒന്നല്ല. ബജറ്റ് പ്രവർത്തനങ്ങളുടെ ഒരു നിർണ്ണായക ഭാഗം എന്നതിന് പുറമെ, റിവ്യൂ സാമ്പത്തിക നയങ്ങളെ വ്യക്തമായി പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. പഞ്ചവത്സര പദ്ധതിയ്ക്ക് ആവശ്യമായ വളരെ പ്രധാനപ്പെട്ട വിവരങ്ങളും അത് നൽകുന്നു. 2015 ൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ആസൂത്രണം എന്ന പ്രക്രിയ അവസാനിപ്പിച്ചപ്പോൾ കേരളം മാത്രമാണ് അത് തുടരുന്നത് . നമുക്ക് വാർഷിക പദ്ധതികൾക്ക് പുറമെ പഞ്ചവത്സര പദ്ധതികളുമുണ്ട്.

സാമ്പത്തിക റിവ്യൂവിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം 2021 ൽ നമ്മുടെ സാമ്പത്തിക വളർച്ചയിൽ മുരടിപ്പ് സംഭവിച്ചിട്ടുണ്ട് എന്നതാണ്. മറ്റെവിടെയുമെന്നതുപോലെ കോവിഡ് മഹാമാരിയും തുടർന്നുണ്ടായ സമ്പൂർണ്ണ അടച്ചിടലുമാണ് ഇക്കാര്യത്തിലെ പ്രധാന വില്ലൻ. എന്നാൽ അവശ്യ സാധനങ്ങൾ കൃത്യമായി ആവശ്യക്കാരിലേക്ക് എത്തിക്കുന്നതിലും ലഭ്യമായ വിഭവശേഷി അത്യാവശ്യമുള്ള മേഖലകളിൽ വിനിയോഗിക്കുന്ന കാര്യത്തിലും കേരളം കൈക്കൊണ്ട നടപടികൾ മഹാമാരിയുടെ ആഘാതം കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്. സാമ്പത്തിക മേഖലയിൽ ഉണ്ടായ ആഘാതങ്ങൾ ഉളവായി എന്നത് നേരാണ്. പക്ഷെ പ്രതിസന്ധി നേരിടുന്ന കാര്യത്തിൽ ഈ നടപടികൾ എത്രമാത്രം സഹായകരമായി എന്നതാണ് പ്രധാനം. അവശ്യ സാധനങ്ങൾ അടങ്ങുന്ന കിറ്റ് സൗജന്യമായി നൽകിയതിന് പുറമെ, 'സുഭിക്ഷ കേരളം' പോലുള്ള പദ്ധതികൾ കാർഷിക മേഖല, മൽസ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരോല്പാദനം തുടങ്ങിയ മേഖലകളിൽ തിരിച്ചുവരവിന് നിർണ്ണായക കാരണമായി മാറിയിട്ടുണ്ട്.

കോവിഡ് പോലുള്ള മഹാമാരിയുടെ ആഘാതത്തിൽ നിന്ന് നമുക്ക് മാത്രമായി ഒഴിഞ്ഞു മാറുക അസാധ്യമാണ്. ആഘാതം പരമാവധി കുറയ്ക്കുക എന്നത് മാത്രമാണ് ചെയ്യാൻ കഴിയുക. കോവിഡ് ഘട്ടത്തിലെ സംസ്ഥാനത്തിന്റെ നയങ്ങളിലെ കാതലായ വശം എല്ലാവർക്കും ഭക്ഷണവും മറ്റ് അടിസ്ഥാന കാര്യങ്ങളും ലഭ്യമാക്കുക എന്നതായിരുന്നു. എല്ലാവർക്കും സുരക്ഷിതമായ കിടപ്പാടം ഉറപ്പ് വരുത്തുക, സൗജന്യമായി മെഡിക്കൽ സേവനം ലഭ്യമാക്കുക,

***ലോകത്തെ മറ്റ് പല ഭാഗങ്ങളിലുമെന്ന പോലെ കോവിഡ് മഹാമാരിയും അതിനെ തുടർന്നുള്ള ലോക്ക്ഡൗണും മൂലം 2021 ൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ തിരിച്ചടി നേരിട്ടു.***

***മഹാമാരിയുടെ ആദ്യഘട്ടത്തിൽ, അതായത് 2020 മാർച്ചിൽ 20,000 കോടി രൂപയുടെ ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചില്ലായിരുന്നെങ്കിൽ ജി എസ് ഡി പിയിലെ ഇടിവ് കൂടുതൽ രൂക്ഷമാകുമായിരുന്നു.***

രോഗബാധയുടെ സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക എന്നതും ഇതിന്റെ ഭാഗമായിരുന്നു. ഇത് ചെലവുകൾ കുത്തനെ ഉയർത്തിയെങ്കിലും ജനങ്ങൾക്ക് വലിയൊരളവിൽ ആശ്വാസമെത്തിക്കാൻ ഇതുവഴി കഴിഞ്ഞു. സാമ്പത്തികമായ ഉത്തേജക പദ്ധതികൾ നടപ്പാക്കിയില്ലായിരുന്നെങ്കിൽ ജി എസ് ഡി പിയിലെ ഇടിവ് കൂടുതൽ ഗൗരവതരമാകുമായിരുന്നു. 2020 മാർച്ച് മാസത്തിൽ 20,000 കോടി രൂപയുടെ പാക്കേജ് ആദ്യഘട്ടമായി പ്രഖ്യാപിക്കുകയുണ്ടായി. കോവിഡിന്റെ രണ്ടാം തരംഗം ആഞ്ഞടിച്ചപ്പോൾ 2021 ജൂണിൽ രണ്ടാംഘട്ട പാക്കേജായി 20,000 കോടി രൂപ കൂടി പ്രഖ്യാപിക്കുകയുണ്ടായി. ഇതിനു പുറമെ, ജൂലൈയിൽ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 5650 കോടി രൂപയുടെ അനുബന്ധ പാക്കേജു പ്രഖ്യാപിക്കുകയുണ്ടായി.

2020–21 സാമ്പത്തിക വർഷത്തിൽ പ്രതിശീർഷ ഉപഭോക്തൃ ചെലവിന്റെ അടിസ്ഥാനത്തിൽ ദീർഘകാലാടിസ്ഥാ നത്തിലുള്ള നേട്ടം നിലനിർത്താൻ നമുക്ക് കഴിഞ്ഞു. സ്ഥിരവിലയെ അടിസ്ഥാനമാക്കി യുള്ള പ്രതിശീർഷ ജി എസ് ഡി പി ദേശീയ ശരാശരിയേക്കാൾ ഒന്നര മടങ്ങ് കൂടുതലുമായിരുന്നു. സാമ്പത്തിക അച്ചടക്കം പാലിക്കുക, ഒപ്പം വരുമാനം ഇടിയുകയും ചെയ്യുക എന്ന നിലയിലുള്ള സന്നിഗ്ദ്ധ ഘട്ടത്തിലും ജനങ്ങൾക്ക് സുരക്ഷിതമായ ജീവിതം ഉറപ്പ് വരുത്താൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും പ്രധാന നേട്ടം. ഈ ഘട്ടത്തിൽ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തിന്റെ ചെലവിനത്തിൽ വലിയ തോതിലുള്ള വർധനക്ക് കാരണമായിത്തീർന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക ആരോഗ്യത്തെ ദോഷകരമായി ബാധിച്ച പല സംഭവങ്ങളും നയസമീപനങ്ങളും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. ഇതിൽ മിക്കവയും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല. ജി എസ് ടി നടപ്പാക്കിയതോടെ നികുതി വരുമാനം ഉയർത്തുന്നതിൽ ചില നിയന്ത്രണങ്ങളും പരിമിതികളും സംജാതമായിട്ടുണ്ട്. ജി എസ് ടി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിൽ ഉളവായ കാലവിളംബം സംസ്ഥാനത്തിന്റെ ധനസ്ഥിതി നിയന്ത്രിക്കുക എന്നത് ദുഷ്കരമാക്കി. സെസ്സ്, സർചാർജ് തുടങ്ങിയ ഇനങ്ങളിലായി കേന്ദ്ര സർക്കാർ വലിയ തുക സമാഹരിക്കുന്നുണ്ട്. എന്നാൽ ഇവ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട പട്ടികയിൽ ഉൾപെടാത്തതുമൂലം കാര്യമായ പ്രയോജനം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നില്ല. പതിന്നാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ ഡിവിസിബിൾ പൂളിൽ നിന്ന് 2.5 ശതമാനം തുകയാണ് കേരളത്തിന് ലഭിച്ചത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ ഇത് 1.95 ശതമാനമായി ചുരുങ്ങി. ആശങ്ക ഉളവാ

***സാമ്പത്തികവും നയപരവുമായ മേഖലകളിൽ കേരളം ആഗോള ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ അത് ആരോഗ്യ മേഖലയിലും സ്കൂൾ വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ നീതിയുമായി ബന്ധപ്പെട്ട തലങ്ങളിലും മറ്റും കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ മൂലമാണ്.***

***പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ അടിസ്ഥാന സൗകര്യ വികസന രംഗത്തും ഭവന നിർമ്മാണ മേഖലയിലും മികച്ച പുരോഗതി നേടാൻ കേരളത്തിനായിട്ടുണ്ട്. ഇതോടൊപ്പം ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. രാജ്യത്തിന്റെ മറ്റു മേഖലകളിൽ കൈവരിക്കാൻ കഴിയാത്ത ഒന്നാണ് ഇത്. മാനവശേഷി വികസന സൂചികകളിൽ പിന്നോക്കം പോകാതെയും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്ന കാഴ്ചപ്പാടിൽ വെള്ളം ചേർക്കാതെയുമാണ് ഈ നേട്ടങ്ങൾ സംസ്ഥാനം കൈവരിച്ചിരിക്കുന്നത് എന്നതാണ് എടുത്തുപറയേണ്ട കാര്യം.***

ക്കുന്ന ചില പ്രശ്നങ്ങളാണ് മേൽചൂണ്ടികാണിച്ചത്. സ്വാഭാവികമായും ഇത് സാമ്പത്തിക റിവ്യൂവിൽ പ്രതിഫലിക്കുന്നുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കാര്യത്തിൽ പൊതുജനാഭിപ്രായം കാര്യമായി ഉയർന്നു വരണമെന്ന അഭിപ്രായമാണുള്ളത്. ആഗോള സാമ്പത്തിക ഭൂപടത്തിൽ കേരളത്തിന് സവിശേഷമായ ഒരു സ്ഥാനമുണ്ട്. ആരോഗ്യ മേഖല, സ്കൂൾ വിദ്യാഭ്യാസം, സാമൂഹ്യ നീതി, സാമൂഹ്യമായ ഉൾപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങളാണ് ഇതിന് നിദാനം. ചരിത്രപരമായി നാം നേടിയ ഈ നേട്ടങ്ങൾ ഉത്പാദനം, സേവനം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ ഒരു സ്പ്രിങ് ബോർഡ് എന്ന നിലയിൽ വർത്തിക്കേണ്ടതുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമയത്ത് നിരവധിയായ പ്രതിസന്ധികൾ അതിന്റെ നിർവഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആദ്യം വരൾച്ചയുടെ പിടിയിലമർന്നു, പിന്നീട് ചുഴലിക്കാറ്റ് സംഭവിച്ചു. തൊട്ടടുത്ത വർഷങ്ങളിൽ വലിയ പ്രളയവും ഉരുൾപൊട്ടലും. നിപ്പ വൈറസ് രണ്ടു ജില്ലകളിൽ പടർന്നതും കോവിഡ് മഹാമാരിയും കാര്യങ്ങൾ ദുഷ്കരമാക്കി. നോട്ട് നിരോധനത്തിന്റെ കെടുതിയും കേരളത്തെ അതീവ ഗുരുതരമായി തന്നെ ബാധിക്കുകയുണ്ടായി. ഇതിനു പുറമെയാണ് ജി എസ് ടി സൃഷ്ടിച്ച പ്രതിസന്ധി. ഇതെല്ലം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഈ പദ്ധതിയുടെ ഘട്ടത്തിൽ നിരവധി മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ സേവനം, സ്കൂൾ വിദ്യാഭ്യാസത്തിന്റെ നവീകരണം തുടങ്ങിയ നേട്ടങ്ങൾ കൂട്ടത്തിൽ എടുത്ത് പറയത്തക്കതാണ്. സ്വകാര്യ സ്കൂളുകൾ ഉപേക്ഷിച്ച് സർക്കാർ സ്കൂളുകളിലേക്ക് വിദ്യാർത്ഥികൾ മാറുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. 10 ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഇത്തരത്തിൽ മാറിയിട്ടുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ഭവനനിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിലും നിർണ്ണായകമായ നേട്ടങ്ങൾ

***സ്വകാര്യ സ്കൂളുകളിൽ നിന്ന് സർക്കാർ സ്കൂളുകളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് പ്രകടമാകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഏതാണ്ട് 10 ലക്ഷം കുട്ടികളാണ് ഇത്തരത്തിൽ സർക്കാർ സ്കൂളുകളിലേക്ക് മാറിയത്.***

***അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞ, മാനവ വികസന രംഗത്ത് അതുല്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞ ഒരു സമ്പദ് വ്യവസ്ഥ എന്ന നിലയിൽ നിന്ന് വളർച്ചയിൽ അധിഷ്ഠിതമായ ഒരു വികസിത സമ്പദ്ഘടനയായി കേരളത്തെ പരിവർത്തനപ്പെടുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.***

കൈവരിക്കാൻ കഴിഞ്ഞു. ഇതിനെല്ലാം പുറമെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ജനങ്ങൾക്ക് ആശ്വാസകര മായ നടപടികൾ സ്വീകരിക്കാനും കഴിഞ്ഞി ട്ടുണ്ട്.

എല്ലാവരെയും ചേർത്ത് പിടിച്ചുള്ള പുരോഗതി, മാനവവികസന സൂചികകളിൽ കൈവരിച്ച മികച്ച നേട്ടം തുടങ്ങിയ നിരവധി രംഗങ്ങളിൽ ഈ പ്രതിസന്ധികൾക്കിടയിലും പിന്നോക്കം പോവുകയുണ്ടായില്ല. ശിശു മരണ നിരക്കും (ഐ എം ആർ) അഞ്ചു വയസിന് താഴെയുള്ള കുട്ടികളുടെ മരണ നിരക്കും ഇന്ത്യയിൽ ഏറ്റവും കുറവ് കേരളത്തിലാണ്.ദേശീയതലത്തിൽ ഐ എം ആർ 36 ആയിരിക്കെ കേരളത്തിൽ അത് 6 ആണ്. ഒ ഇ സി ഡി രാജ്യങ്ങളുടേതിന് തുല്യമാണ് ഈ നിരക്ക്. ആയുർദൈർഘ്യം സംസ്ഥാനത്ത് ഇതര സംസ്ഥാനങ്ങളേക്കാൾ ആറ് വർഷം അധികമാണ്. ഗർഭിണികളുടെ മരണ നിരക്ക് (എം എം ആർ) കുറയ്ക്കുന്ന കാര്യത്തിൽ കേരളത്തിന് 2019 ൽ തന്നെ നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു. ലക്ഷ്യമിട്ടിരുന്നതിലും ഒരു വർഷം മുൻപേ യാണിത്. എം എം ആർ നിരക്ക് കേരളത്തിൽ 30 ആയിരിക്കെ അഖിലേന്ത്യ തലത്തിൽ ഇത് 103 ആണ്. ഇക്കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. നമ്മുടെ സർക്കാർ ആശുപത്രി കളുടെ നിലവാരം ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്നതാണ്. നിരന്തരമായ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ മൂന്ന് തവണ തുടർച്ചയായി കേരളം ദേശീയ പുരസ്കാരത്തിന് അർഹമാ യിട്ടുണ്ട്. നീതി ആയോഗിന്റെ ദാരിദ്ര്യ സൂചിക കേരളത്തിന്റെ കാര്യത്തിൽ ഒരു ശതമാനത്തിൽ താഴെ മാത്രമാണ്.

ഗ്രാമീണ മേഖലയിലായാലും നഗര മേഖലയിലായാലും പ്രതിശീർഷ ഉപഭോഗം കേരളത്തിലാണ് ഏറ്റവും ഉയർന്ന തോതിലു ള്ളത്. വ്യക്തിഗത ശരാശരി വരുമാനത്തിന്റെ കാര്യത്തിലും കേരളം തന്നെയാണ് മുന്നിൽ. ദേശീയ ശരാശരിയേക്കാൾ ഒന്നര മടങ്ങ് അധികം. ആസൂത്രണത്തിൽ അധിഷ്ഠിത മായ വികസനത്തിന്റെയും സാമൂഹ്യവും രാഷ്ട്രീയവുമായ അഭിപ്രായ സമന്വയത്തി ന്റെയും നേട്ടം കൂടിയാണ് ഇത്. കേരളത്തിൽ ആസൂത്രണ പ്രക്രിയ ജനങ്ങളുടെ ശക്ത മായ പങ്കാളിത്തത്തോടെയാണ് നടപ്പാക്കി വരുന്നത്. ഏറ്റവും താഴെ തട്ടിൽ നിന്നും വരുന്ന നിർദേശങ്ങൾ പല തട്ടിലുള്ള

***ശാസ്ത്ര, സാങ്കേതിക വിദ്യകൾ, വൈജ്ഞാനിക സമ്പദ്ഘടനയുടെ സവിശേ ഷമായ നൈപുണ്യം തുടങ്ങിയ കാര്യങ്ങൾ കാർഷിക മേഖലയിലും അനുബന്ധ രംഗങ്ങളിലും ആധുനിക വ്യവസായങ്ങളിലും അടിസ്ഥാനസൗകര്യ, സേവന മേഖലകളിലും പ്രയോജനപ്പെടുത്തുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിടുന്നത്.***

***പ്രധാനപ്പെട്ട ഏഴു ആർട്സ്, സയൻസ് സർവകലാശാലകൾക്കും ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള സാങ്കേതിക സർവകലാശാല എന്നിവക്കും ബജറ്റ് വിഹിതത്തിൽ കാര്യമായ വർധന വരുത്തിയിട്ടുണ്ട്.***

രാഷ്ട്രീയ, സാമൂഹ്യ പരിശോധനകൾക്ക് വിധേയമായാണ് ഏറ്റവും ഒടുവിൽ അത് പദ്ധതിയുടെ ഭാഗമായി മാറുന്നത്.

അടിസ്ഥാനതലത്തിൽ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുവാൻ കഴിഞ്ഞ മാനവ സൂചികകളുടെ കാര്യത്തിൽ മുന്നിരയിൽ നിൽക്കുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ നിന്ന് വളർച്ചയിൽ അധിഷ്ഠിതമായ ഒരു പുരോഗമന സമ്പദ്ഘടനയായി കേരളത്തെ മാറ്റുക എന്നതാണ് നമ്മുടെ പ്രധാന ലക്ഷ്യം. സാമൂഹ്യ മുതൽമുടക്കിന്റെ കാര്യത്തിൽ കൈവരിച്ച നേട്ടങ്ങൾ പിന്തുടരുന്നതിനൊപ്പം, പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ നീതി, ലിംഗസമത്വം തുടങ്ങിയ രംഗങ്ങളിലെ, അവ നിലനിർത്തുക കൂടി വേണം. ഈ നേട്ടങ്ങളെ ഒരു ത്വരിതമായ വളർച്ചയ്ക്കുള്ള ഒരു സ്പ്രിങ് ബോർഡ് എന്ന നിലയിൽ ഉപയോഗിക്കുക എന്നതാണ് പ്രധാനം. ശാസ്ത്രം, സാങ്കേതിക വിദ്യ, നൈപുണ്യം തുടങ്ങിയ കാര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അടുത്ത പഞ്ചവത്സര പദ്ധതിയിൽ പരമാവധി ശ്രമങ്ങൾ ഉണ്ടാകും. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണമായ നവീകരണവും ഒപ്പം സംസ്ഥാനത്തെ യുവജനങ്ങൾക്ക് രാജ്യാന്തര നിലവാരത്തിലുള്ള നൈപുണ്യവും തൊഴിൽ സാധ്യതയും ഉറപ്പ് വരുത്തുന്ന തരത്തിലുള്ള ക്രമീകരണമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉണ്ടാവുക.

അടുത്ത 25 വർഷത്തിനിടയിൽ കേരളത്തിലെ ജീവിത നിലവാരം വികസിത രാജ്യങ്ങളുടേതിന് തുല്യമായി ഉയർത്തികൊണ്ട് വരിക എന്നതാണ് മുഖ്യമായ ലക്ഷ്യം. എന്നാൽ ഈ വികസനം എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുമാകും. അതായത് പാർശ്വവത്കരിക്കപ്പെടുന്ന ഒരു വിഭാഗം വികസന പ്രക്രിയയിൽ എവിടെയും ഉണ്ടാകില്ല. പുരോഗതിയുടെ നേട്ടങ്ങൾ എല്ലാവരിലേക്കും എത്തുന്നതും അത് എല്ലാവരെയും ഉൾക്കൊള്ളുന്നതുമായിരിക്കും.

നിലവിൽ കേരളം ഭരിക്കുന്ന സർക്കാർ ചരിത്രപരമായ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ ഒന്നാണ്. രണ്ടാമൂഴവും ഭരണത്തിൽ തിരിച്ചെത്താൻ കഴിഞ്ഞ മറ്റൊരു ഗവണ്മെന്റില്ല. പുരോഗതിയിൽ അധിഷ്ഠിതമായ ഒരു ഭാവി കെട്ടിപ്പടുക്കുന്നതിന് ലഭിച്ച ഒരു സുവർണാവസരമാണ് ഇത്. പതിനാലാം പഞ്ചവത്സര പദ്ധതി വഴിയായി ലക്ഷ്യമിടുന്നത് കേരളത്തിന്റെ സമഗ്രമായ മാറ്റത്തിനാണ്. ഇതോടൊപ്പം ജനാധിപത്യത്തിലും മതനിരപേക്ഷതയിലും അധിഷ്ഠിതമായ, സാമൂഹ്യമായി എല്ലാവരെയും ഉൾക്കൊള്ളുന്ന ബദൽ വികസന സമീപനത്തെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന വിശാലമായ ലക്ഷ്യവും ഇതിനുണ്ട്. നിലവിലെ സാഹചര്യങ്ങളിൽ ഈ ലക്ഷ്യപ്രാപ്തി ദുഷ്കരമാണെന്ന് മനസിലാക്കുന്നു. എന്നിരുന്നാലും ഇത് നേടിയെടുക്കുന്നതിനായി ധീരമായി മുന്നോട്ട് പോവുക തന്നെ ചെയ്യും.

ഇത്തവണത്തെ ബജറ്റിൽ കേരളത്തിലെ പ്രമുഖമായ ഏഴു സർവ്വകലാശാലകൾക്കും സാങ്കേതിക സർവ്വകലാശാലക്കുമുള്ള വകയിരുത്തൽ കാര്യമായി ഉയർത്തിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ഉദ്ദേശത്തെ കൃത്യമായി വ്യക്തമാക്കുന്ന ഒന്നാണ്. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ എന്ന ആശയത്തെ കുറിച്ച്

നാം പറയുമ്പോൾ മികച്ച സർവ്വകലാശാലകൾ എന്നത് മാറ്റി നിർത്താൻ കഴിയുന്നതല്ല. ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി കേരളം മാറേണ്ടതുണ്ട്. പ്രീപ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ബജറ്റ് പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്. അംഗൻവാടികൾക്ക് വേണ്ടിയുള്ള വകയിരുത്തൽ ഉയർത്തിയത് ഇതിന് തെളിവാണ്. ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾക്ക് പാലും മുട്ടയും ഇതുവഴി ഉറപ്പ് വരുത്തുന്നു. ഈ പ്രായപരിധിയിൽ വരുന്ന കുട്ടികളിൽ 50 ശതമാനം പേർ അങ്കണവാടികളിൽ പോകുന്നുണ്ട്. ഭാവിയിൽ ഇവരുടെ എണ്ണം ഉയരുന്നതിനുള്ള സാദ്ധ്യതകൾ വളരെ കൂടുതലാണ്.

മൊത്തത്തിൽ വിശകലനം ചെയ്യുമ്പോൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒരു മുഖവുര എന്ന് ഈ ബജറ്റിനെ വിശേഷിപ്പിക്കാൻ കഴിയുന്നതാണ്.

■

(കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർപേഴ്സണാണ് ലേഖകൻ)

## References

1. Government of Kerala (2021). *Economic Review 2021,* Kerala State Planning Board, Thiruvananthapuram
2. Government of Kerala (2021). *Kerala Development Report,* Kerala State Planning Board, Thiruvanantha puram.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# വികേന്ദ്രീകരണത്തിന്റെ കാൽനൂറ്റാണ്ട് കേരളത്തിൽ[1]

എം. എ ഉമ്മൻ

കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2021–ൽ തുടക്കമിട്ട 'ഇക്കണോമിക് റിവ്യൂ'–വി ൽ വികേന്ദ്രീകരണത്തിന്റെ കാൽനൂറ്റാണ്ട് എന്ന ആശയത്തിന്മേൽ ഒരു അധ്യായം ഉൾപ്പെടുത്തിയിരിക്കുന്നു എന്നത് പ്രശംസ നീയമായ ഒരു കാര്യമാണ്. കാൽനൂറ്റാണ്ട് എന്നത് ഒരു ചെറിയ കാലയളവല്ല. ഈ ഘട്ടത്തിൽ വികേന്ദ്രീകൃത ആസൂത്രണ രംഗത്തെ പ്രവർത്തനങ്ങളിലേക്ക് നമുക്ക് ഒന്ന് പിന്തിരിഞ്ഞു നോക്കാം, വർത്തമാന ഘട്ടത്തെ വിശകലനം ചെയ്യാം, ഒപ്പം ഭാവിയിലെ സാധ്യതകളെ കുറിച്ച് ചില പ്രതികരണങ്ങൾ നൽകുകയും ചെയ്യാം എന്നതാണ് ഇതിന്റെ നേട്ടം. ആസൂത്രണ ബോർഡ് ഈ അധ്യായം ഉൾപ്പെടുത്തിയ തിലൂടെ സാധ്യമാകുന്നത് ഇതാണ്.

കഴിഞ്ഞ 25 വർഷത്തിനിടയിൽ ഇത്തരം പ്രവർത്തനങ്ങളുമായി പല തലത്തിൽ സഹകരിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. 1996–ൽ എൽ ഡി എഫ് സർക്കാർ അധികാര ത്തിൽ വന്ന ഉടൻ തന്നെ രണ്ട് പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ നടത്തി. 1) പ്ലാൻ ഫണ്ടിന്റെ 35 ശതമാനം പ്രാദേശിക സർക്കാരുകൾക്ക് നൽകുക, 2) 1994 ലെ പഞ്ചായത്ത്, മുനിസി പ്പൽ നിയമം അഴിച്ചുപണിയുന്നതിനായി സുബ്രത സെന്നിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുക. ഈ സമിതിയിൽ ഞാനും അംഗമായിരുന്നു. ഈ കമ്മറ്റി മൂന്ന് വാല്യങ്ങളിലായി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടാണ് ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ചട്ടക്കൂ ട്ടിന്റെ നെടുംതൂണായി മാറിയത്. 1997–ൽ അയൽക്കൂട്ടങ്ങൾ സമഗ്രമായി അഴിച്ചുപണി യുന്നതിനായി ഒരു റിവ്യൂ ഞാൻ നടത്തുക യുണ്ടായി. പിന്നീട് 2007–ൽ 1998–ൽ ആരംഭിച്ച കുടുംബശ്രീ പദ്ധതി റിവ്യൂ ചെയ്യുന്നതിനും ഞാൻ നിയുക്തനായി.

വികേന്ദ്രീകൃത ആസൂത്രണത്തെയും വിക സനത്തെയും സമഗ്രമായി വിലയിരുത്തു ന്നതിന് ഒരു കമ്മറ്റിയെ (2007–2009) സർക്കാർ നിയോഗിക്കുകയുണ്ടായി. ഈ സമിതിയുടെ ചെയർമാനായി പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചു. ഈ റിപ്പോർട്ടുകളെല്ലാം വിദഗ്ദ്ധർ മാത്രമല്ല, സംസ്ഥാന സർക്കാരും

***കേരളത്തിന്റെ അധികാര വികേന്ദ്രീകരണവും ആസൂത്രണവും ഏറെ മഹത്തര മായ ഒന്നാണ്. അത് ഉരുത്തിരിയുന്ന ഘട്ടത്തിലും പടുത്തുയർത്തുന്ന വേളയിലും ഞാൻ ബന്ധപ്പെട്ടിരുന്നുവെന്നത് കൊണ്ടല്ല, മറിച്ച് അതിന്റെ ആശയം, നിർ മ്മാണം, നടപ്പാക്കൽ തുടങ്ങിയ വിവിധ ഘട്ടങ്ങൾ വളരെ ശ്രദ്ധേയമാണ് എന്നത് കൊണ്ടാണ്.***

***മൂന്ന് 'എഫ് 'എന്ന ആശയമാണ് സെൻ കമ്മറ്റി മുന്നോട്ട് വച്ച വളരെ പ്രധാനപ്പെട്ട ഒന്ന്. ഫങ്ഷൻ, ഫിനാൻസ് , ഫങ്ഷനറീസ് എന്ന ഈ മൂന്ന് എഫുകൾ പിന്നീട് രാജ്യമാകെ ശ്രദ്ധേയമായി.***

കാര്യമായി തന്നെ പരിഗണിച്ചു. ഇതിൽ സെൻ കമ്മറ്റിയുടെ റിപ്പോർട്ടിനെ കുറിച്ച് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. കാരണം, സർക്കാരും പ്രതിപക്ഷവും ഒരു പോലെ ഈ റിപ്പോർട്ടിനെ സ്വാഗതം ചെയ്യുക യുണ്ടായി. ജനകീയ ആസൂത്രണ പദ്ധതി യുടെ സ്പ്രിങ്ബോർഡ് എന്ന നിലയിലാണ് സെൻ കമ്മിറ്റി വർത്തിച്ചത്.

25 വർഷം പിന്നിടുന്ന വികേന്ദ്രീകൃത ആസൂത്രണം നടപ്പാക്കിയത് ഭരണഘട നയുടെ 73, 74 ഭേദഗതികൾ മുഖേനയാണ്. ഇതിൽ വളരെ പ്രധാനമായ വകുപ്പുകളിൽ ചിലത് ഇവിടെ പരാമർശിക്കുകയാണ്. എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി -യുടെ ഭാഗമായ 243 എ വകുപ്പ് ഇതിൽ പ്രധാനമാണ്. ഇതിൽ പ്രതിപാദിക്കുന്നത് അടിസ്ഥാന തട്ടിലുള്ള ഗ്രാമസഭകളെ കുറിച്ചാണ്. ഒരു പഞ്ചായത്തിലെ എല്ലാ ആളുകളും ഉൾപ്പെടുന്ന സംവിധാനമാണ് ഗ്രാമസഭ. നേരിട്ടുള്ള ജനാധിപത്യത്തിന്റെ ഒരു പാരമ്യമായി ഇതിനെ വിലയിരുത്താം. ആർട്ടിക്കിൾ 243 ജി അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ്. (എഴുപത്തി നാലാം ഭരണ ഘടനാ ഭേദഗതിയിൽ ഇതിന് പകരമായി ആർട്ടിക്കിൾ 243 ഡബ്ള്യു വരുന്നു.) ഭേദഗതികളുടെ രണ്ട് പ്രധാന ലക്ഷ്യങ്ങളെ കുറിച്ചാണ് 243 ജി വ്യക്തമാക്കുന്നത്.

1) സ്വയംഭരണ സർക്കാരിനായുള്ള സ്ഥാപന ങ്ങളുടെ രൂപീകരണം.

2) സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള ആസൂത്രണം.

രാജ്യത്തിന്റെ ധനകാര്യ ഫെഡറലിസ ത്തിന്റെ ചരിത്രത്തിൽ ഇതുവരെ കേൾ ക്കാത്ത സവിശേഷമായ ലക്ഷ്യങ്ങളാണ് ഇവ. 243 എച്ച് നികുതി ഏർപെടുത്തുന്നതി നുള്ള അധികാരങ്ങളെക്കുറിച്ചും ധനസഹായ പദ്ധതികളെക്കുറിച്ചുമാണ് പ്രതിപാദിച്ചിരി ക്കുന്നത്. 243 ഐ എന്നത് താഴെ തട്ടിൽ ധനകാര്യ ബന്ധങ്ങൾ സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കുന്നതിനുള്ള അധികാരം നൽകുന്നതാണ്.

എഴുപത്തിനാലാം ഭരണഘടനാ ഭേദഗതി യിലേക്ക് വരുമ്പോൾ 243 ഇസഡ് ഡി ആണ് പ്രത്യേക പരാമർശം അർഹിക്കുന്നത്. ആസൂത്രണത്തിന്റെ കാര്യത്തിലെ നടപടി ക്രമങ്ങളെ കുറിച്ചാണ് ഇതിൽ പറയുന്നത്. കേരളം ഇത് തനതായരീതിയിൽ പ്രയോഗിക വത്കരിക്കുകയുണ്ടായി. വികേന്ദ്രീകൃത ആസൂത്രണ രംഗത്ത് കേരളം നൽകിയ സംഭാവന നിസ്തുലമാണ്. ഇതിന് ചില കാരണങ്ങളുണ്ട്. കേരളം മുന്നോട്ട് വച്ച ആശയം, നിർമാണം, പ്രയോഗികവത്ക രണം എന്നിവയാണ് അതിൽ പ്രധാനം.

***അധികാര സ്ഥാപനങ്ങളുടെ വികേന്ദ്രീകരണമാണ് കേരളം കൈവരിച്ച ഏറ്റവും ശ്രദ്ധേയമായ നേട്ടം. സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും എന്ന ആശയം പ്രയോഗികവത്കരിക്കാൻ കേരളം ശ്രമകരമായ പ്രവർത്തനമാണ് നടത്തിയത്.***

***പ്രാദേശിക സർക്കാരുകൾക്ക് വിഭവങ്ങൾ പരമാവധി വലിയ തോതിൽ കൈമാറി യാണ് ഇത് സാധ്യമാക്കിയത്. ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ കാലത്ത് ജി എസ് ഡി പിയുടെ 0.8 ശതമാനമാണ് ഇങ്ങനെ കൈമാറിയതെങ്കിൽ 2013-14 ൽ ഇത് 2.4 ശതമാനമായി ഉയർന്നു. എന്നാൽ ഇപ്പോൾ ഇത് കുറഞ്ഞിരി ക്കുകയാണ്.***

സംസ്ഥാന ആസൂത്രണ ബോർഡ് ഇതിനായി എടുത്ത 'ബിഗ് ബാംഗ്' പ്രവർത്തനം ഇതിൽ ഒന്നാമത്തേതാണ്. അടിസ്ഥാനപരമായ പല കാര്യങ്ങളും നിലവിൽ വരുന്നതിന് മുൻപായി ആസൂത്രണ ബോർഡ് രംഗത്തിറങ്ങുകയായിരുന്നു. മൂന്ന് 'എഫ്' അടങ്ങുന്ന ഒരു ആശയം സെൻ കമ്മറ്റി ഇതിനായി മുന്നോട്ട് വച്ചു. പിന്നീട് ഇന്ത്യയിലെമ്പാടും ഈ ആശയം പ്രസിദ്ധമായി. 'ഫങ്ഷൻ, ഫിനാൻസ്, ഫങ്ഷനറീസ്' എന്നിവയാണ് ഈ മൂന്ന് എഫ്. ഈ മൂന്ന് കാര്യങ്ങളും ഒരുപോലെ പ്രവർത്തനക്ഷമമാകുന്നതിന് ബോർഡ് മുൻകൈയെടുത്തു. ഇതിൽ ആദ്യത്തേത് നോക്കാം. ഭരണഘടനയുടെ 11, 12 പട്ടികകൾ വിഷയങ്ങൾ മാത്രമാണ് പ്രതിപാദിക്കുന്നത്. അതിനായുള്ള യഥാർത്ഥ പ്രവർത്തനങ്ങളെകുറിച്ച് പരാമർശിക്കുന്നില്ല. ഇതിനായി ഒരു മാപ്പിംഗ് വേണമെന്ന നിർദേശം ഞങ്ങൾ മുന്നോട്ട് വച്ചു. ഉദാഹരണത്തിന് ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ നിർവഹിക്കേണ്ട ജോലികളുടെ കൃത്യമായ വേർതിരിവ് ആവശ്യമാണ്. 'പ്രിൻസിപ്പൾ ഓഫ് സബ്ഡിസൈഡിയറിട്ടി' എന്നാണ് ഇത് അറിയപ്പെടുന്നത്. ഒരു ലെവലിൽ ഏറ്റവും നന്നായി നിർവഹിക്കപ്പെടേണ്ട കാര്യങ്ങൾ ആ ലെവലിൽ തന്നെ പൂർത്തിയാക്കണം. അത് ഉയർന്ന തലത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടരുത്. ഇതാണ് ഈ തത്വത്തിന്റെ കാതൽ. കോളേജ് വിദ്യാഭ്യാസം ഒരിക്കലും പഞ്ചായത്ത് ഭരണ സമിതിയുടെ കീഴിൽ വരുന്ന ഒന്നല്ല, അതേ സമയം നഴ്സറിസ്കൂൾ, പ്രൈമറി സ്കൂൾ എന്നിവയുടെ കാര്യത്തിൽ അതാകാം. ഇതാണ് അതിന്റെ കൃത്യമായ ഉദാഹരണം. ഈ തത്വമാണ് സെൻ കമ്മറ്റി രൂപകൽപന ചെയ്ത് ഫങ്ഷണൽ മാപ്പിങ്ങിന്റെ അടിസ്ഥാനം. ഇനിയാണ് ധനകാര്യം വരുന്നത്.

1996-ൽ അധികാരത്തിൽ വന്ന സർക്കാർ മൊത്തം പ്ലാൻ ഫണ്ടിന്റെ 35 മുതൽ 40 ശതമാനം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുമെന്ന പ്രഖ്യാപനം നടത്തി. ഇത് ബജറ്റിലെ വിഹിതമല്ല എന്ന കാര്യം പ്രത്യേകം ഓർക്കണം. തീർച്ചയായും വലിയ കുതിപ്പ് നൽകുന്ന ഒരു പ്രഖ്യാപനമായിരുന്നു ഇത്. അതേ വർഷം തന്നെ സംസ്ഥാന ബജറ്റിന് അനുബന്ധം 4 എന്ന ഭാഗം കൂട്ടിച്ചേർക്കുകയുണ്ടായി. ഇതിന്റെ പ്രത്യേകത എന്തെന്നാൽ, ബജറ്റ് പാസായിക്കഴിഞ്ഞാൽ സ്വാഭാവികമായി തന്നെ തുക ചെലവഴിക്കാൻ പ്രാദേശിക സർക്കാരു

***ലിംഗനീതിയുടെ കാര്യത്തിൽ കേരളത്തിന് ഇനിയും ഒട്ടേറെ മുന്നേറാനുണ്ട്. സാമൂഹ്യതുല്യതയുടെ കാര്യത്തിൽ പട്ടിക ജാതി, പട്ടികവർഗ്ഗ മേഖലയിൽ കാര്യമായ നേട്ടം കേരളം കൈവരിച്ചിട്ടുണ്ട്. എന്നാൽ ശിശുമരണം, ആദിവാസികൾക്കിടയിലെ ദാരിദ്ര്യം തുടങ്ങിയ കാര്യങ്ങളിൽ നിരാശാജനകമായ ചിത്രമാണ് കാണുന്നത്.***

***ഖരമാലിന്യം, ദ്രവമാലിന്യങ്ങൾ, ആശുപത്രി മാലിന്യം തുടങ്ങിയവ നിർമാർജ്ജനം ചെയ്ത്, പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിൽ ഒട്ടേറെ മുന്നേറേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ പ്രാദേശിക സർക്കാരുകൾക്ക് വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.***

കൾക്ക് അനുവാദം ലഭിക്കുന്നു എന്നതാണ്. ഐ കെ എം പോലുള്ള ഏതാനും സ്ഥാപനങ്ങൾക്ക് ഞങ്ങൾ രൂപം നൽകി. ഈ സ്ഥാപനം സുലേഖ, സേവന, സംഖ്യാ തുടങ്ങിയ ചില ആപ്ലിക്കേഷനുകൾക്ക് രൂപം നൽകി. പദ്ധതികളുടെ ആസൂത്രണം, അക്കൗണ്ടിംഗ് തുടങ്ങിയ കാര്യങ്ങൾക്കായാണ് ഇത്. മറ്റാരും ചിന്തിക്കുന്നതിന് മുൻപുതന്നെ കേരളം ഏഴ് ഓംബുഡ്സ്മാൻ അടങ്ങുന്ന ഒരു സംവിധാനത്തിനും രൂപം നൽകുകയുണ്ടായി. എന്നാൽ ഇത്തരത്തിലുള്ള പല സംവിധാനങ്ങളും ഇന്ന് പ്രവർത്തനക്ഷമമല്ല. സംസ്ഥാന വികസന കൗൺസിൽ (എസ് ഡി സി) ഇതിന്റെ നല്ല ഉദാഹരണമാണ്. കഴിഞ്ഞ 25 വർഷത്തിനിടയിൽ ഒന്നോ രണ്ടോ വർഷമാണ് ഈയോഗം ചേർന്നിട്ടുള്ളത്. മുഖ്യമന്ത്രി ചെയർമാനായ ഈ സമിതിയിൽ എല്ലാ മന്ത്രിമാരും പ്രാദേശിക സർക്കാരുകളുടെ പ്രതിനിധികളും അംഗങ്ങളാണ്. ഇതുപോലെ തന്നെയാണ് ജില്ലാ ആസൂത്രണ സമിതിയുടെയും സ്ഥിതി. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമാണ് ഇതെന്നോർക്കണം.

സ്ഥാപനങ്ങളുടെ തലത്തിലുള്ള വികേന്ദ്രീകരണമാണ് കേരളം നേരിട്ട വലിയ വെല്ലുവിളി. സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും എന്ന അടിസ്ഥാന ആശയം സംവേദിപ്പിക്കുന്നതിനാണ് കേരളം ശക്തമായി ശ്രമിച്ചത്. തിരശ്ചീനമായ സംതുലനം ആവശ്യപ്പെടുന്ന ഒരു ആശയമാണ് ഇത്. ഇതര സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ എത്ര മാത്രം ശ്രമം നടത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയില്ല. പക്ഷെ, കേരളത്തിന് ഇക്കാര്യത്തിൽ ഒട്ടേറെ സംഭാവനകൾ നല്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി, ജലം എന്ന് തുടങ്ങിയ ഉല്പാദന സ്രോതസുകളുടെ കാര്യത്തിലെ സംതുലനാവസ്ഥയും സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും ചേർന്ന് പോകുന്ന കാര്യങ്ങളാണ്. ഭക്ഷ്യസുരക്ഷ ഉറപ്പാകുന്നതോടെ ഈ ലക്ഷ്യത്തിലേക്ക് നാം അടുക്കുകയാണ്. കർഷക തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ ഇതിനുള്ള നല്ല ഉദാഹരണമാണ്. സാമൂഹ്യ മൂലധനം സ്വരൂപിക്കപ്പെടുന്നത് സമൂഹത്തിന്റെ നേട്ടത്തിന് വേണ്ടിയുള്ളതാകണം. ഇക്കാര്യങ്ങൾ മികച്ച രീതിയിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞ സാഹചര്യങ്ങളാണ് ഓഖി ചുഴലിക്കാറ്റും, നിപ വൈറസ് ബാധയും പിന്നീട് 2018 –ലും 2019–ലും ഉണ്ടായ വെള്ളപ്പൊക്കവും. ഏറ്റവും ഒടുവിൽ കോവിഡ് ദുരന്തത്തെ നേരിട്ടതും ഇത്തരത്തിലുള്ള നേട്ടത്തിന്റെ മികച്ച പ്രതികരണങ്ങളായി കാണാൻ കഴിയുന്നതാണ്. സാമൂഹ്യ മൂലധനം എന്ന നിലയിലുള്ള കാര്യങ്ങൾ ജനനന്മക്കായി എങ്ങനെ വിനിയോഗിക്കണം എന്നത് പ്രാദേശിക സർക്കാരുകളുടെ പ്രധാന ഉത്തരവാദിത്വമാണ്. സാമൂഹ്യ മൂലധനം എങ്ങനെ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കേരളത്തിലെ കുടുംബശ്രീ സംവിധാനം.

വിഭവശേഷി വൻതോതിൽ പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയത് വഴിയാണ് ഇത് സാധ്യമായത്. ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ കാലത്ത് ജി എസ് ഡി പി യുടെ 0.8 ശതമാനമാണ് ഇത്തരത്തിൽ

***പ്രാദേശിക രാഷ്ട്രീയം പ്രാദേശികതലത്തിൽ തന്നെയാകണം. അത് മുകളിൽ നിന്നുള്ള നിർദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതാകരുത് . താഴെ തട്ടിൽ ഒതുങ്ങി നിൽക്കുന്ന ഒരു പ്രക്രിയയാകണം അത്. അതായത് പ്രാദേശിക രാഷ്ട്രീയത്തിന്റെ സ്വഭാവം, ഗുണം എന്നിവയിൽ പ്രകടമായ മാറ്റം വരേണ്ടതുണ്ട് എന്നർത്ഥം.***

കൈമാറിയത്. 2013–14 ൽ ഇത് 2.4 ശതമാനമായി ഉയർന്നു. എന്നാൽ പിന്നീട് ഇത് കുറഞ്ഞു. ആറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ ഇത്തരത്തിൽ കുറയുന്നതിന്റെ ഒരു പട്ടിക നൽകിയിട്ടുണ്ട്. ജി എസ് ഡി പി യിൽ പ്രാദേശിക സർക്കാരുകളുടെ ചെലവിനങ്ങളിൽ വരുന്ന സംഭാവന ഒരു ശതമാനത്തിനും രണ്ടു ശതമാനത്തിനും ഇടയിലാണ്. ഇത് മൂന്നിനും നാലിനുമിടയിലേക്ക് ഉയർത്താൻ തീവ്രശ്രമം ഉണ്ടാകണം. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന് ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ ഇത്തരം താരതമ്യങ്ങൾ പലപ്പോഴും പ്രസക്തമല്ല എന്നതാണ് ശ്രദ്ധേയമായ കാര്യം.

ലിംഗഭേദമില്ലാതെ എല്ലാവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് നമുക്ക് ഏറെ മുന്നോട്ട് പോകാനുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഗ്രാമീണ മേഖലയിൽ കൂടി വരികയാണ്. അതുകൊണ്ട് അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരിക എന്നത് ഒരു പ്രധാന കാര്യമാണ്. ഇതിനെ സാമൂഹ്യരംഗത്ത് നമുക്ക് സംഭവിച്ച ഒരു പരാജയമായി വേണം കാണാൻ. ഇത് പ്രാദേശിക സർക്കാരുകളുടെ പരാജയമായി വിലയിരുത്താൻ കഴിയില്ല. പ്രാദേശിക ഭരണകൂടങ്ങളിൽ തിരഞ്ഞെടുക്കപെടുന്നവരിൽ 54 ശതമാനം സ്ത്രീകളാണ് എന്ന് നമ്മൾ ഊറ്റം കൊള്ളാറുണ്ട്. കുടുംബശ്രീയിൽ 4.5 ദശലക്ഷം സ്ത്രീകളുടെ പങ്കാളിത്തമുണ്ട് എന്നും മേനി നടിക്കാറുണ്ട്. എന്നാൽ ഒരു ചോദ്യം ഇവിടെ പ്രസക്തമാവുകയാണ് യഥാർത്ഥത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ സ്ത്രീകൾ നിർണ്ണായകമായി മാറുന്നുണ്ടോ എന്നതാണ് ആ ചോദ്യം. കേരള നിയമസഭയിൽ വനിതകളുടെ പ്രാധിനിത്യം 8.5 ശതമാനമാണ്. ലോകസഭയിൽ ഇത് 14.2 ശതമാനവും. ഇത് നിരാശാജനകമായ ഒരു നിലയാണ്. കാരണം, ലിംഗസമത്വത്തിന്റെ കാര്യത്തിൽ കേരളം ഏറെ മുന്നിലാണ് എന്നാണ് അറിയപ്പെടുന്നത്. സാമൂഹ്യമായ അടിസ്ഥാനത്തിലും ഇതേ പ്രശ്നം ഉയരുന്നുണ്ട്. പട്ടികജാതി/ പട്ടിക വർഗ്ഗങ്ങളുടെ കാര്യത്തിൽ കാര്യമായ പുരോഗതി നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ആദിവാസികളുടെ ഇടയിലെ പട്ടിണിയും– ശിശുമരണങ്ങളും നിരാശാജനകമായ ചിത്രമാണ് കാഴ്ച വയ്ക്കുന്നത്. പരിസ്ഥിതിയുടെ കാര്യത്തിലും സ്ഥിതി പരുങ്ങലിലാണ്. ഖരമാലിന്യങ്ങളായാലും ദ്രവമാലിന്യങ്ങളായാലും ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങളായാലും ഒട്ടേറെ പരിമിതികൾ നമുക്കുമുന്നിലുണ്ട്. പെരുകുന്ന ക്വാറികളുടെ എണ്ണമാണ് മറ്റൊരു പ്രധാന വെല്ലുവിളി. പതിനായിരത്തിലധികം അനധികൃത ക്വാറികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. തീർച്ചയായും ഇത് പ്രാദേശിക ഭരണകൂടങ്ങൾക്ക് സംഭവിക്കുന്ന വീഴ്ചയാണ്. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെകുറിച്ച് നമുക്ക് അഭിമാനമുണ്ട്. പക്ഷെ, നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും നെല്ലിന്റെ ഉല്പാദനവും കുറഞ്ഞുവരികയാണ്. നെൽപ്പാടങ്ങൾ കരഭൂമിയായിതരം മാറ്റുന്നതാണ് ഇതിന് പ്രധാനകാരണം. ഇതിനു പ്രധാന ഉത്തര

വാദി പ്രാദേശിക ഭരണകൂടങ്ങളാണ്. കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക പരിവർത്തനത്തിന്റെ കാര്യത്തിൽ ജനാധിപത്യത്തിന് വലിയ ഒരു റോൾ നിർവഹിക്കാനുണ്ട്. പ്രാദേശിക ജനാധിപത്യം നിലനിൽക്കുന്നത് ജനങ്ങളുടെ ശക്തിയിലാണ്. തീരുമാനങ്ങൾ എടുക്കുന്നതിന് ജനങ്ങൾക്കുള്ള കഴിവിലാണ്. ഈയടിസ്ഥാനത്തിൽ താഴെ തട്ടിൽ ജനങ്ങൾ യഥാർത്ഥ നിയന്താക്കളായി മാറുന്നില്ലെങ്കിൽ നാം ശരിയായ പുരോഗതി കൈവരിക്കുന്നില്ല എന്നാണ് അതിനർത്ഥം. പ്രാദേശിക രാഷ്ട്രീയം വ്യക്തമായി മാറേണ്ടതുണ്ട്. മുകളിൽ നിന്ന് തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുന്ന ഒരു സംവിധാനമായി അത് മാറരുത്. താഴെ തട്ടിൽ നിന്ന് തുടങ്ങുന്ന ഒരു പ്രക്രിയയായി മാറണം. അതുകൊണ്ട് പ്രാദേശിക രാഷ്ട്രീയത്തിന്റെ സ്വഭാവവും ഗുണവും മാറണം. താഴെ നിന്നുള്ള ആസൂത്രണം ഇന്ന് ഒരു ഉദ്യോഗസ്ഥതല സംവിധാനമായി മാറി എന്നതിൽ ആരും ഒരു പ്രശ്നവും കാണുന്നില്ല. അഴിമതി ഇവിടെ ചൂഴ്ന്നു നിൽക്കുന്നു. ഈ സാഹചര്യത്തിൽ പ്രാദേശിക ജനാധിപത്യ സംവിധാനങ്ങൾ നിലനിൽക്കേണ്ടത് കേരളത്തിന്റെയും ഇന്ത്യയുടെയും മുന്നേറ്റത്തിന് അനിവാര്യമാണ്. കേരളത്തിന് മാത്രമാണ് ഇവിടെ ഒരു പുതിയ വഴി വെട്ടിത്തുറക്കാൻ കഴിയൂ.

■

(ഗിഫ്റ്റിന്റെ ഡിസ്റ്റിംഗ്യൂഷ്ഡ് ഫെല്ലായാണ് ലേഖകൻ)

End Notes

[1] Text of the speech made by Professor M A Oommen at 'Seminar on Economic Review 2021 & Kerala Budget 2022-23 on 25th March, 2022, organized by Gulati Institute of Finance and Taxation, Trivandrum.

## References

1. Government of Kerala (2022-23) *Budget Speech*, Finance Department, Thiruvananthapuram.

2. Government of Kerala (2021) *Economic Review Volume 1*, Kerala State Planning Board, Thiruvananthapuram.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

# പ്രാദേശിക സർക്കാരുകൾ വികസനത്തിന്റെ പ്രഭവകേന്ദ്രം വികേന്ദ്രീകൃത ആസൂത്രണം പതിന്നാലാം പദ്ധതിയുടെ വീക്ഷണത്തിൽ

ജിജു പി അലക്സ്

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ഉണ്ടായ തളർച്ചയിൽ നിന്ന് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കരകയറ്റേണ്ടതിന്റെ ആവശ്യകതയാണ് 2022 ലെ സാമ്പത്തിക റിവ്യൂ മുഖ്യമായും പരിശോധിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിലെ വളർച്ച, വ്യത്യസ്ത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വളരെ താഴെയായിരുന്നുവെന്ന് ഈ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഉദാഹരണത്തിന് സ്ഥിര വിലനിലവാരത്തെ ആധാരമാക്കിയുള്ള ഗ്രോസ് വാലു ആഡഡ് (ജി വി എ) 2019-20 ൽ 2.19 ശതമാനമായിരുന്നത് 2020-21 ൽ -8.16 ശതമാനത്തിലേക്ക് താഴ്ന്നു. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ഒന്നാണ് ഇത്. അതുപോലെ 2011-21ലെ സ്ഥിരവിലനിലവാരത്തെ അടിസ്ഥാനമാക്കിയുള്ള ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട് (ജി എസ് ഡി പി) 2019-20 ൽ 2.22 ശതമാനമായിരുന്നത് 2020-21 ൽ -9.20 ശതമാനത്തിലേക്ക് താഴ്ന്നു. നിലവിലെ വിലയെ അടിസ്ഥാനമാക്കി നോക്കുമ്പോഴും 2020-21 ൽ -3.01 ശതമാനം എന്ന തോതിലേക്ക് താഴ്ന്നതായി കാണാൻ കഴിയും.

പൊതുവിൽ നോക്കുമ്പോൾ കേരളത്തിന്റെ സമ്പദ്ഘടന അത്ര ശുഭകരമായ സൂചനകളല്ല നൽകുന്നത്. ദ്വിതീയ, ത്രിതീയ മേഖലകളിൽ വളർച്ച യഥാക്രമം -3.71 ശതമാനം, -3.64 ശതമാനം എന്ന നിരക്കിലാണ്. എന്നാൽ പ്രാഥമിക മേഖലക്ക് 6.28 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ, നിർമ്മാണ മേഖല, വാണിജ്യം, അറ്റകുറ്റപ്പണികൾ നിർവഹിക്കുന്ന മേഖലകൾ, ഹോട്ടൽ, റെസ്റ്ററന്റുകൾ, ചരക്ക് നീക്കം, കെട്ടിട നിർമ്മാണം, സാമ്പത്തിക സേവനങ്ങൾ, പൊതുഭരണം തുടങ്ങിയ മേഖലകളെ കോവിഡ് മഹാമാരിയും അനുബന്ധ അടച്ചിടലും വളരെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. തൊട്ടുതലേ സാമ്പത്തിക വർഷത്തെ വികസനത്തിന്റെ ഔദ്യോഗികമായ ഒരു രേഖയാണ് സാമ്പത്തിക റിവ്യൂ. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം കൂടിയാണ് അത്. അതുകൊണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ വികസന മേഖലകൾ

***സ്ഥിരവിലയെ അടിസ്ഥാനമാക്കി ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ് (ജി എസ് ഡി പി) പരിശോധിക്കുമ്പോൾ 2019-20 നെ അപേക്ഷിച്ച് 2020-21 ൽ 9.20 ശതമാനം നെഗറ്റീവ് വളർച്ചയാണ് പ്രകടമാക്കിയത്. 2019-20 ൽ ഇത് 2.22 ശതമാനമായിരുന്നു.***

***കേരളത്തിന്റെ സമ്പദ്ഘടനക്ക് ഉത്തേജനം നൽകുന്നതിനുതകുന്ന ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് 2021 ലെ സാമ്പത്തിക റിവ്യൂ ശക്തമായ അടിസ്ഥാനമായി വർത്തിക്കുന്നു.***

നേരിടുന്ന കുറവുകൾ ചൂണ്ടികാണിക്കുന്നതിനൊപ്പം അവയുടെ വളർച്ചയ്ക്കുള്ള ഉപാധികളും മുന്നോട്ട് വയ്ക്കുന്നുണ്ട്. അതുകൊണ്ട് പ്രതിസന്ധിയിൽ നിന്ന് കരകയറാനും മുന്നോട്ട് കുതിക്കുന്നതിനും സഹായകമാകുന്ന വിധത്തിൽ 2021 ലെ സാമ്പത്തിക റിവ്യൂ ദീർഘകാല പദ്ധതികളും കേരളത്തിന്റെ സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമായ അടിസ്ഥാനം ഒരുക്കുന്നതാണെന്ന് ന്യായമായും വിലയിരുത്താം.

2022–23 ലെ സംസ്ഥാന ബജറ്റ്, മുന്നിൽ വരുന്ന വെല്ലുവിളികളെയും സാധ്യതകളെയും കുറിച്ച് വ്യക്തമായ ചിത്രം നൽകുന്നുണ്ട്. അതിനു പുറമെ, അത് വൈവിധ്യവും ഭാവനാപൂർണ്ണവുമായ നിരവധി നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുന്നു. അതുകൊണ്ട് വളർച്ചക്ക് അനുരോധമായ ഒരു ബജറ്റെന്ന് നമുക്ക് വിലയിരുത്താം. പണപ്പെരുപ്പം നേരിടുന്നതിനും എന്നാൽ ജനങ്ങൾക്ക് മേൽ അധിക നികുതിഭാരം ഒഴിവാക്കുകയും ചെയ്യുന്ന വിധത്തിലാണ് ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിന് കാതലായ ഊന്നൽ ബജറ്റ് നൽകിയിരിക്കുന്നു. സംരംഭകത്വ വികസനം, നൈപുണ്യ വികസനം, സ്റ്റാർട്ട് അപ്പുകളുടെ വികസനം തുടങ്ങിയ വ്യത്യസ്ത പദ്ധതികൾക്ക് ബജറ്റ് ഊന്നൽ നൽകിയിരിക്കുന്നത് കാണാം. ഉത്പാദനം, ഉല്പാദന ക്ഷമത എന്നിവയുടെ വർധന, മൂല്യവർധന, ഗുണമേന്മ ഉയർത്തൽ, ചെറുകിട ഉല്പാദകരുടെ വരുമാനം ഉയർത്തൽ തുടങ്ങിയ കാര്യങ്ങളും ബജറ്റ് കാര്യമായി പരിഗണിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികസനം, ശാസ്ത്ര–സാങ്കേതിക സ്ഥാപനങ്ങളുടെ വളർച്ച തുടങ്ങിയ കാര്യങ്ങൾക്കും മുൻതൂക്കം നൽകിയിട്ടുണ്ട്. നിർണ്ണായകമായ മേഖലകളിൽ വലിയ തോതിൽ മുതൽ മുടക്കുക എന്നതിനും ബജറ്റ് ലക്ഷ്യമിട്ടിരിക്കുന്നു.

2021–22 ലെ സാമ്പത്തിക റിവ്യൂവിന്റെ ഒരു പ്രധാന പ്രത്യേകത ജനകീയാസൂത്രണ പരിപാടിയുടെ ഇരുപത്തിയഞ്ചാം വാർഷികം എന്ന പ്രത്യേകത കണക്കിലെടുത്ത് 'വികേന്ദ്രീകൃത ആസൂത്രണം' എന്ന വിഷയത്തിന് മാത്രമായി ഒരു പ്രത്യേക അധ്യായം തന്നെ നീക്കിവച്ചിരിക്കുന്നു എന്നതാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആരംഭം, വികാസം, ഇപ്പോഴത്തെ സ്ഥിതി തുടങ്ങിയ കാര്യങ്ങൾക്ക് പുറമെ, സവിശേഷമായ ഈ പരീക്ഷണം എങ്ങനെയാണ് കേരളത്തിന്റെ സമ്പദ്ഘടനയെ മാറ്റിത്തീർത്തതെന്നുമുള്ള വിശദാംശങ്ങൾ ഈ അധ്യായത്തിൽ സവിസ്തരമായി പ്രതിപാദിച്ചിരിക്കുന്നു. പ്രസ്തുത പ്രസ്ഥാനത്തിന്റെ വിവിധ ഘട്ടങ്ങൾ, തുടർന്നുണ്ടായ സ്ഥാപനവത്കരണ പ്രക്രിയ തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി പരിശോധിക്കുന്നു.

***വെല്ലുവിളികളെ നേരിടുന്നതിന് പര്യാപ്തമായതും മുൻഗണനകൾ നിർണ്ണയിക്കുന്നതിനും പര്യാപ്തമായ ഒന്നാണ് 2022–23 ലെ സംസ്ഥാന ബജറ്റ്. തീർച്ചയായും വളർച്ചക്ക് അനുഗുണമായ ഒന്നാണ് അത്***

***പ്രാദേശിക സർക്കാരുകളുടെ അടിസ്ഥാനപരമായ അഴിച്ചുപണിക്ക് ഉതകുന്ന ഒന്നായി മാറി ജനകീയാസൂത്രണം. ജനങ്ങൾക്കിടയിലും സമൂഹത്തിലും അവയുടെ സ്ഥാനവും പങ്കും അതോടെ മാറുന്ന സ്ഥിതിയുണ്ടായി. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ പദ്ധതികൾ മികച്ച നിലയിൽ ആസൂത്രണം ചെയ്യുന്നതിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന കാര്യത്തിലും അനിതരസാധാരണമായ മാറ്റമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൈവരിച്ചത്.***

പ്രാദേശിക ഭരണസംവിധാനങ്ങളുടെ സഹകരണത്തോടെ എല്ലാ മേഖലയിലും പ്രകടമായ വളർച്ച കേരളത്തെ ഏറെ മുന്നോട്ട് നയിച്ചതായും ഇത് വിലയിരുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത വികസന പ്രവർത്തനങ്ങളെയും കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സംവിധാനങ്ങൾ ആർജിച്ച പരിചയസമ്പത്തും ഇതിൽ വ്യക്തമായി പ്രതിപാദിക്കപ്പെടുന്നു.

ഈ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തികമായ തിരിച്ചുവരവിന്റെ കാര്യത്തിൽ പ്രാദേശിക ഭരണസംവിധാനങ്ങൾ വഹിക്കുന്ന പങ്കിനെ കുറിച്ചാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഇത്തരം പ്രശ്നങ്ങൾ എങ്ങനെ നേരിടും എന്നതും ഈ ലേഖനത്തിന്റെ ഭാഗമായി വരുന്നു.

**പതിന്നാലാം പഞ്ചവത്സര പദ്ധതി**

ജനകീയാസൂത്രണ പദ്ധതിയുടെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ചാണ് പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവന്ന ഒന്നാണ് ജനകീയാസൂത്രണം. ഇത്തരം സ്ഥാപനങ്ങളുടെ പങ്ക്, സ്ഥാനം തുടങ്ങിയ കാര്യങ്ങളിൽ അടിസ്ഥാനപരമായ മാറ്റത്തിന് അത് വഴി തുറന്നു. പ്രാദേശിക തലങ്ങളിൽ അടിസ്ഥാന പ്രശ്നങ്ങൾ തദ്ദേശീയരുടെ സഹകരണത്തോടെ പരിഹാരം കാണുന്നതിന് കഴിഞ്ഞുവെന്ന പ്രത്യേകതയും ഇതിനുണ്ട്. പ്രാദേശിക വികസനത്തിൽ പ്രാദേശിക സ്രോതസ്സുകളെ പ്രയോജനപ്പെടുത്താനും ഇതുവഴി കഴിഞ്ഞു. പ്രാദേശികമായി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമുള്ള കഴിവുകൾ പ്രാദേശിക ഭരണകൂടങ്ങൾക്ക് ഇതുവഴി ആർജിക്കാൻ കഴിഞ്ഞു (ഐസക് –2021, ഉമ്മൻ–2022).

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്തെ രണ്ടു പ്രളയങ്ങൾ, ഓഖി ചുഴലിക്കാറ്റ്, നിപ്പ, കോവിഡ് മഹാമാരി തുടങ്ങിയ ദുരന്തങ്ങളിൽ നിന്ന് അനുഭവ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് പുതിയ പദ്ധതി കരുപിടിപ്പിച്ചിരിക്കുന്നത്. ഇത്തരം പ്രതിസന്ധികൾ കാലാവസ്ഥ വ്യതിയാനം, പ്രതിരോധശേഷി, ജീവനോപാധികളുടെ സംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സമർത്ഥമായ വിനിയോഗം, സമ്പദ്ഘടനയുടെ ദീർഘകാല നിലനിൽപ്പ് തുടങ്ങിയ കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ട

***മികച്ച ദുരന്തനിവാരണ പദ്ധതികൾ നടപ്പാക്കിയും കോവിഡ് അനുബന്ധ തകർച്ചയിൽ നിന്ന് കരകയറുന്നതിന് നടപ്പാക്കിയ സമഗ്ര പാക്കേജുകൾ വഴിയായും ദുരന്തങ്ങളെ അതിജീവിക്കാൻ കേരളത്തിന് കഴിഞ്ഞു.***

***വികസനത്തിന്റെ എല്ലാ മേഖലകളിലും വിവിധ രീതിയിലുള്ള ഇടപെടലുകൾ നടത്തി വെല്ലുവിളികളെ സമഗ്രമായ നിലയിൽ സമീപിക്കുന്നതിനാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.***

തിന്റെ ആവശ്യകത വ്യക്തമാക്കുന്നു. ഈ അനുഭവങ്ങൾ കേരളം വികസന രംഗത്ത് സ്വീകരിക്കേണ്ട പുതിയ വഴിത്താരകളെ കുറിച്ചും നമ്മെ ഓർമ്മപ്പെടുത്തുന്നു. മഹാമാരിയുടെ ഘട്ടത്തിൽ തളർച്ചയിലേക്ക് വഴുതിയ സമ്പദ്ഘടനയെ തിരിച്ചുകൊണ്ടു വരുന്നതിന് നിരവധിയായ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടു. എന്നാൽ പഴയ അവസ്ഥയിലേക്ക് എത്തുന്നതിന് എത്രകാല മെടുക്കും എന്നത് അനിശ്ചിതത്വമുളവാക്കുന്ന ഒരു കാര്യമാണ്. ഇതിന് ഹ്രസ്വകാല, മധ്യകാല, ദീർഘകാലാടിസ്ഥാനത്തിൽ ഡിമാന്റിൽ ഉണർവ് പ്രകടമാകേണ്ടതുണ്ട്.

പ്രകൃതിദുരന്തങ്ങൾ മൂലവും കോവിഡ് മഹാമാരി കൊണ്ടും കേരളത്തിന് ഉണ്ടായിട്ടുള്ള നഷ്ടം വിവരണാതീതമാണ്. കേന്ദ്ര സർക്കാർ സ്വീകരിച്ച പ്രതികൂല നിലപാടുകൾ ഈ പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കി. റവന്യു കമ്മി ഗ്രാന്റ് കുറയ്ക്കുക, ജി എസ് ടി നഷ്ടപരിഹാരം നിർത്തൽ ചെയ്തത്, കടമെടുപ്പിനുള്ള പരിധി കുറയ്ക്കൽ തുടങ്ങിയ നടപടികളാണ് ഇത്തരത്തിൽ പ്രതിലോമപരമായി മാറിയത്. ഈ പ്രശ്നങ്ങൾ നേരിടുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന, നിരന്തരമായ ഒരു വികസന പ്രക്രിയവഴി എല്ലാ മേഖലകളിലും ഇടപെട്ടുകൊണ്ടാണ് ഇത് സാധ്യമാക്കുക. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, ഉയർന്ന സാമ്പത്തിക വളർച്ചയാണ് ഇതിന് അടിസ്ഥാനമാകുക. ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ ഉയർത്തൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ശക്തമായ സാമൂഹ്യ സുരക്ഷാ കവചം സൃഷ്ടിക്കൽ, പ്രകൃതിവിഭവങ്ങളുടെ സമർത്ഥമായ വിനിയോഗം തുടങ്ങിയ കാര്യങ്ങൾ വഴിയാണ് ഉയർന്ന വളർച്ച കൈവരിക്കുക.

സാമൂഹ്യ മേഖലയിലുള്ള സംസ്ഥാനത്തിന്റെ നിക്ഷേപം പുതിയ പദ്ധതിക്കാലത്തും ശക്തമായി തുടരും. വളർച്ചയെ കൂടുതൽ ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു സ്പ്രിങ് ബോർഡ് എന്ന നിലയിൽ ഈ മുതൽമുടക്ക് വർത്തിക്കും. കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്ഘടന എന്ന നിലയിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ശാസ്ത്രം, സാങ്കേതിക വിദ്യ എന്നീ മേഖലകൾക്ക് വ്യക്തമായ മുൻതൂക്കം നൽകുന്നതാണ്. അടിസ്ഥാനതലത്തിലെ സ്ഥാപനങ്ങൾക്കും ഒപ്പം പ്രവർത്തനരീതികളുടെയും മികച്ച നിലയിലേക്കുള്ള പരിവർത്തനം പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തെ മുന്നേറ്റത്തിന് ആവശ്യമാണ്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അനുകൂലമായ ചില വശങ്ങൾ കാണാം. ശക്തമായ ഒരു വികേന്ദ്രീകൃത ഭരണസംവിധാനം ഇവിടെ നിലനിൽക്കുന്നുണ്ട്. അതുവഴി ജനങ്ങളുടെ പങ്കാളിത്തം വികസന പ്രക്രിയയിൽ ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രകൃതിദുരന്ത

***പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന പരിണാമം സാധ്യമാകണമെങ്കിൽ അടിസ്ഥാനതലത്തിൽ കൂടുതൽ സ്ഥാപനങ്ങളും പ്രക്രിയകളും ഉരുത്തിരിയേണ്ടതുണ്ട്.***

***വളർച്ചയെ ത്വരിതപ്പെടുത്തുക എന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം നേടുന്നതിന് വ്യത്യസ്ത വികസന മേഖലകളിൽ പദ്ധതികളുടെയും വിഭവങ്ങളുടെയും മികച്ച രീതിയിലുള്ള മിശ്രണം ആവശ്യമാണ്.***

വേളയിലും കോവിഡ് മഹാമാരിയുടെ ഘട്ടത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിവേഗത്തിലുള്ള പ്രവർത്തനങ്ങൾ ഇതിന് വ്യക്തമായ ഉദാഹരണമാണ്. പ്രതിസന്ധി നേരിടുന്നതിന് വലിയ രീതിയിലുള്ള പദ്ധതികൾ നടപ്പാക്കിയപ്പോൾ ഏറ്റവും താഴെ തട്ടിൽ മികച്ച നിലയിൽ അത് പ്രവർത്തികമായതിനുള്ള കാരണം പ്രാദേശിക ഭരണസംവിധാനങ്ങളാണ്. മികച്ച മാനവ വികസന സൂചികകൾ, നിരന്തര വികസന ലക്ഷ്യങ്ങൾ എന്നിവ പ്രാപ്തമാക്കാൻ വികേന്ദ്രീകൃത ആസൂത്രണവും ഏറെ സഹായകമായി മാറിയിട്ടുണ്ട്.

വികസനത്തിന്റെ എല്ലാ തുറകളിലും പതിന്നാലാം പഞ്ചവത്സര പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മികച്ച പങ്കാളിത്തം മുന്നിൽ കാണുന്നുണ്ട്. പതിനാലാം പദ്ധതിയിൽ ഏതൊക്കെ മേഖലകളിലാണ് ഇങ്ങനെ പ്രാമുഖ്യം ലഭിക്കുന്നത് എന്നത് താഴെ ചേർത്തിരിക്കുന്നു. വാർഷിക പദ്ധതികൾക്കായി ഈയിടെ പ്രസിദ്ധീകരിച്ച മാർഗനിർദ്ദേശങ്ങൾ പ്രാദേശിക ഭരണകൂടങ്ങൾ പ്രധാനപ്പെട്ട മേഖലകളിൽ പിന്തുടരേണ്ട കൃത്യമായ ആക്ഷൻ പോയിന്റുകൾ വ്യക്തമാക്കിയിട്ടുണ്ട്.

**പുതിയ സമീപനങ്ങൾ : പ്രാദേശിക ഭരണകൂടങ്ങളുടെ പങ്ക്**

വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം സമർത്ഥമായി നിർവഹിക്കുന്ന ഏജൻസി എന്ന നിലയിലുള്ള പ്രാദേശിക ഭരണകൂടങ്ങളുടെ പങ്ക് സുപ്രധാനമാണെന്ന് നമുക്കറിയാം. എന്നാൽ ഇക്കാര്യത്തിലെ സമഗ്രതയുടെ അഭാവം പലപ്പോഴും പ്രശ്നമാകാറുണ്ട്. അതേസമയം തന്നെ ഇത്തരത്തിലുള്ള സമഗ്രമായ ഏകോപനത്തിനുള്ള പല മോഡലുകളും വിവിധ ഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞിട്ടുണ്ടെന്ന് കാണാം. യഥാർത്ഥത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ വിവിധ വികസന മേഖലകളിൽ പദ്ധതികളുടെയും വിഭവങ്ങളുടെയും കൂടുതൽ അർത്ഥവത്തായ ഏകോപനം ആവശ്യമാണ്.

പ്രാഥമിക മേഖലയിൽ ചെറുകിട കർഷകരാണ് അധികമുള്ളത്. പ്രതിശീർഷ ഭൂമി ലഭ്യത ഇവരുടെ കാര്യത്തിൽ കുറവാണ്. അതുകൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗവും മികച്ച അടിസ്ഥാന സൗകര്യങ്ങളുടെ പിന്തുണയും ഈ മേഖലക്ക് ആവശ്യമാണ്. കൃഷി, മൃഗസംരക്ഷണം, മൽസ്യബന്ധനം തുടങ്ങിയ രംഗങ്ങളിൽ പതിനാലാം പഞ്ചവത്സരക്കാലത്ത് ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുക എന്നത് അനിവാര്യമാണ്. ഭൂമിയുടെ അനുയോജ്യസ്ഥിതി, മറ്റ് ഘടകങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രാദേശിക തലത്തിലുള്ള വിളകളുടെ ആസൂത്രണം ഇക്കാര്യത്തിൽ ആവശ്യ മാണ്.

ഈ പശ്ചാത്തലത്തിൽ കാർഷിക മേഖല

***കാർഷിക, അനുബന്ധ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വലിയ തോതിലുള്ള പങ്കാളിത്തം പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് വയ്ക്കുന്നു. കാർഷികോൽപ്പാദന രംഗത്ത് ഉയർന്ന പദ്ധതി ചെലവും ഈ പദ്ധതി മുന്നോട്ട് വയ്ക്കുന്നുണ്ട്.***

***കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്പോൺസർ ചെയ്യുന്ന പദ്ധതികളുടെ യോജി പ്പിച്ചുള്ള പ്രവർത്തനത്തിന് ഉതകുന്ന മാതൃക വികസന ഏജൻസികൾ മുന്നോട്ട് വയ്ക്കേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകളുടെ വികസന പദ്ധതികളുമായി ഇത് യോജിപ്പിച്ചുകൊണ്ട് പോകുകയും വേണം.***

യിലും അനുബന്ധ പ്രവർത്തനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉയർന്ന പങ്കാളിത്തം പുതിയ പദ്ധതി മുന്നോട്ട് വയ്ക്കുന്നുണ്ട്. കാർഷിക ഉല്പാദന രംഗത്ത് പദ്ധതി ചെലവുകൾ ഉയർത്തുക എന്നതും ഇതിന്റെ ഭാഗമായി വരുന്നു. കൃഷി, മൃഗസംരക്ഷണം, മൽസ്യബന്ധനം എന്നീ വകുപ്പുകളുടെ മുൻകൈയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അടിസ്ഥാന തലത്തിലെ ഏകോപനത്തിന്റെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക മായ പങ്ക് ഉണ്ടാകും. ദ്വിതീയ മേഖലയിലാ കട്ടെ സഹകരണം, വ്യവസായം എന്നീ മേഖലകളുടെ ഇടപെടൽ ഏറെ പ്രാധാന്യമർ ഹിക്കുന്നതാണ്. വായ്പാസൗകര്യം, സംഭ രണം, മൂല്യവർധന, ബ്രാൻഡിംഗ്, വിപണനം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേകിച്ചും. ഇക്കാര്യത്തിൽ സഹകരണ മേഖലയുടെ പങ്ക് അവഗണിക്കാൻ കഴിയാത്ത ഒന്നാണ്.

ഇത്തരം സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നത് ഏറ്റവും പ്രാധാന്യമേറിയ കാര്യ മാണ്. മാത്രവുമല്ല, ഇത്തരം യത്നങ്ങൾക്ക് മികച്ച സാങ്കേതിക വിദ്യയുടെ പിന്തുണയും ഉപദേശ നിർദേശങ്ങളും ആവശ്യമാണെന്ന് കാണാം. ഇതിനായി ഗവേഷണ, വികസന സ്ഥാപനങ്ങളുടെ നവീകരണമാണ് മറ്റൊരു പ്രധാന കാര്യം. അതുകൊണ്ട് പതിന്നാലാം പഞ്ചവത്സര പദ്ധതി ലോക്കൽ തലങ്ങളിൽ ഇത്തരം സ്ഥാപനങ്ങളുടെ നവീകരണ ത്തിനുള്ള നടപടികൾ കൈക്കൊള്ളു ന്നുണ്ട്.

## പ്രാദേശിക സാമ്പത്തിക വികസനത്തിനാ യുള്ള പുതിയ സരണികൾ

കോവിഡ് മഹാമാരി നമുക്ക് നൽകുന്ന വളരെ പ്രധാനപ്പെട്ട ഒരു പാഠം പ്രാദേശിക സാമ്പത്തിക വികസനത്തിന് തന്ത്രപരമായ ആസൂത്രണം വേണമെന്നതാണ്. ഗ്രാമീണ, നഗര മേഖലകളിലെ പ്രതിസന്ധിയിലായ ജനങ്ങളെ ജീവിതത്തിലേക്ക് തിരിച്ചു നടത്തുക എന്നതാണ് ഇതിലെ മുഖ്യ ഘടകം (ലേ, ബ്ലാക്ക്ലി, 2013). മഹാമാരിക്ക് ശേഷം ഗ്രാമീണ മേഖലയുടെ ജീവസന്ധാ രണ മാർഗ്ഗങ്ങൾക്ക് കാര്യമായ തിരിച്ചടിയേറ്റി രിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനോപാധികളുടെ കാര്യത്തിൽ വലിയ ശ്രദ്ധ ആവശ്യമായി വരികയാണ്. പ്രാദേശിക വിഭവ ലഭ്യത പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നൈപുണ്യ വികസനം വഴിയായി ആളുക ളുടെ കഴിവ് ഉയർത്തുക, പ്രാദേശിക തലത്തിൽ സംരംഭകത്വം വളർത്തുക തുടങ്ങിയ കാര്യങ്ങൾ ഇതിൽ പ്രധാനമാണ്. ഉത്പാദനം, ഉൽപ്പാദനശേഷി തുടങ്ങിയ

***താഴെത്തട്ടിൽ ഇത്തരത്തിലുള്ള ഒരു മുന്നേറ്റം ഉണ്ടാക്കുന്നതിന് വിവിധ തട്ടുക ളിലുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ നിരവധിയായ അഴിച്ചുപണികൾ ആവശ്യമാകുന്നുണ്ട്***

***വികസനത്തിന്റെ വ്യത്യസ്ത മേഖലകളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ സ്ഥാനം പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് വയ്ക്കുന്നു. വിവിധ വികസന ഏജൻസികളുടെ താഴെ തട്ടിലുള്ള ഏകോപനം വഴിയാണ് ഇത് സാധ്യമാവുക.***

കാര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വരുന്ന കാര്യങ്ങളാണ് ഇവ. ഇത് ആത്യന്തികമായി സാമ്പത്തിക വളർച്ചയായി പരിണമിക്കുന്നു എന്നിടത്താണ് അതിന്റെ പ്രാധാന്യം.

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം പ്രാദേശിക സാമ്പത്തിക വികസനമാണ്. ജനകീയാസൂത്രണം തുടങ്ങിയ കാലം മുതൽ ഇന്ന് വരെ അത് നടപ്പാക്കിയിട്ടുള്ളത് പ്രധാനമായും കുടുംബശ്രീ വഴിയാണ് (ഐസക്–2021). കഴിഞ്ഞ കാലഘട്ടങ്ങളിൽ, വ്യത്യസ്ത മേഖലകളിലേക്ക് പടർന്നു പന്തലിച്ച ഒരു സവിശേഷമായ സംവിധാനം എന്ന നിലയിലേക്ക് അതിന് വളരാൻ കഴിഞ്ഞു. സാമൂഹ്യ മൂലധന നിക്ഷേപം വഴിയായി ഭക്ഷ്യ സുരക്ഷ, ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ സാമൂഹ്യ, സാമ്പത്തിക നില ഉയർത്തൽ തുടങ്ങിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും എന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണം കൂടിയാണ് കുടുംബശ്രീ. എന്നാൽ പ്രാദേശിക സാമ്പത്തിക വികസനം എന്ന കാര്യത്തിൽ ഭാഗികമായി മാത്രമേ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. നിലവിലെ സാഹചര്യം ഗ്രാമീണ രംഗത്തെ ഉത്പാദനം, സാമ്പത്തിക വളർച്ച തുടങ്ങിയ കാര്യങ്ങളിൽ വൻകുതിച്ചുചാട്ടം തന്നെ ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ടാണ് പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് പ്രാദേശിക ഭരണകൂടങ്ങളുടെ ശക്തമായ ഇടപെടൽ ആവശ്യമാണെന്ന നിർദേശം ശക്തമാകുന്നത്.

ഈ പുതിയ നീക്കങ്ങളെ അടിസ്ഥാന തലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നിരവധിയായ ഘടനാപരമായ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശിക തലത്തിൽ പുതിയ സ്ഥാപനങ്ങൾ തുറക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തികളെയും കൂട്ടായ്മകളെയും പിന്തുണക്കാൻ കഴിയും. ഊർജ വിതരണം, കണക്ടിവിറ്റി, വെള്ളം തുടങ്ങിയ കാര്യങ്ങളിലാണ് ഇത് സാധ്യമാവുക. ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് നവീന സാങ്കേതിക വിദ്യ സ്വായത്തമാക്കുക, ഇൻകുബേഷൻ സൗകര്യങ്ങൾ നൽകുക, അടഞ്ഞു കിടക്കുന്ന സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുക, സീഡ് ഫണ്ടിങ് സൗകര്യങ്ങൾ നൽകുക തുടങ്ങിയ കാര്യങ്ങളാണ് ഇതിൽ ഏറ്റവും പ്രധാനം. ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ വികസനം നടത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഇതിന് അനുബന്ധമായി നടപ്പാക്കാം. ഗ്രാമ പഞ്ചായത്ത് തലത്തിൽ സംരംഭകത്വ വികസനത്തിനുള്ള ഏകോപന ഏജൻസി എന്ന നിലയിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയും.

## ദാരിദ്ര്യം പൂർണ്ണമായി ഇല്ലാതാക്കൽ, സാമൂഹ്യ സുരക്ഷ വിപുലമാക്കൽ

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ തോതിലുള്ള സംസ്ഥാനമാണ് കേരളം. പക്ഷെ, ദാരിദ്ര്യം കൊടി കുത്തി വാഴുന്ന ചില സ്ഥലങ്ങൾ കേരളത്തിലുണ്ട്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ദാരിദ്ര്യം പൂർണ്ണമായും തുടച്ചു നീക്കുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. ദാരിദ്ര്യത്തിന്റെ പിടിയിൽ ഉൾപ്പെടുന്ന 64,004 കുടുംബങ്ങളെ തദ്ദേശ സ്വയംഭരണ

***എല്ലാവരുടെയും ക്ഷേമവും വികസനത്തിന്റെ നേട്ടങ്ങൾ ആർക്കും അന്യമാകാതിരിക്കുകയും ചെയ്യുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാഥമിക ലക്ഷ്യമാണ്. സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ അരികുവൽക്കരണം പ്രകടമായി കുറയ്ക്കുന്നതിന് സഹായകമായ വിവിധ സാമൂഹ്യ സുരക്ഷാപദ്ധതികളുടെ ശക്തിപ്പെടുത്തലും അത് മുന്നോട്ട് വയ്ക്കുന്നു.***

സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ കുടുംബങ്ങളെ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതികൾക്ക് തദ്ദേശ സ്ഥാപനങ്ങൾ രൂപം നൽകേണ്ടതുണ്ട്. പതിനാലാം പദ്ധതി ഇത് കൃത്യമായി ലക്ഷ്യം വയ്ക്കുകയും ഇത്തരത്തിൽ കുടുംബങ്ങൾ അനാഥമാകുന്ന സ്ഥിതി ഒഴിവാക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിക്കുന്നതാണ്. പ്രകൃതി ദുരന്ത വേളയിലും മഹാമാരിയുടെ ഘട്ടത്തിലും പ്രാദേശിക ഭരണകൂടങ്ങൾ വഴിയാണ് ജനങ്ങൾക്ക് പെട്ടെന്ന് ആശ്വാസമെത്തിക്കാൻ കഴിയുന്നത്. അവർക്ക് ജനങ്ങളുടെ വിശ്വാസം ആർജിക്കാൻ കഴിഞ്ഞുവെന്നതും വ്യക്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷ ആവശ്യമായവരെ കണ്ടെത്തുന്നതിനും അവർക്ക് ജീവിതം നിലനിർത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്താൻ കഴിയും.

എല്ലാവരുടെയും സുരക്ഷ ഉറപ്പ് വരുത്തുക, വികസനത്തിന്റെ നേട്ടങ്ങളിൽ നിന്ന് ആരും പുറന്തള്ളപ്പെടാതെ സംരക്ഷിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാഥമികമായ ലക്ഷ്യം. ഇതിനായി വിവിധങ്ങളായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ കൂടുതൽ ശക്തമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്ത്രീകൾ, കുട്ടികൾ, ശാരീരിക വൈകല്യമുള്ളവർ, ലൈംഗീക ന്യൂനപക്ഷങ്ങൾ, വയോജനങ്ങൾ, പാലിയേറ്റീവ് കെയർ ആവശ്യമുള്ളവർ തുടങ്ങിയവർക്കാവശ്യമായ വിവിധ പദ്ധതികൾ പ്രാദേശിക സർക്കാരുകൾ നടപ്പാക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുകയാണ് അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്നത്. ഈ സേവനങ്ങളുടെ ഗുണമേന്മ ഉയർത്തുക എന്നതും ഇതിന്റെ ഭാഗമായി വരുന്നതാണ്. ഇത്തരത്തിലുള്ള പല സേവനങ്ങളും വീട്ടുപടിക്കൽ എത്തിച്ചു നൽകുക എന്നതും ഇതിൽ ഉൾപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് പദ്ധതി ശക്തമായ പിന്തുണ നൽകും. പിന്നോക്ക ജാതി വിഭാഗങ്ങൾക്കും ആദിവാസി മേഖലക്കുമായുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പ്രത്യേക പദ്ധതികൾക്ക് കൂടുതൽ പിന്തുണ ലഭ്യമാക്കും.

***കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക സമയമെടുക്കുന്ന ഒരു പ്രക്രിയയാണ്. എന്നാൽ ഇക്കാര്യത്തിൽ അടിയന്തിര സാഹചര്യം നേരിടുന്നതിന് പര്യാപ്തമായ സംവിധാനം പ്രാദേശികതലത്തിൽ ഉണ്ടാകേണ്ടതുണ്ട്. പ്രത്യേകിച്ച്, ജീവനോപാധികളുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ.***

***എസ് ഡി ജി സൂചകങ്ങൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ബോധ്യപ്പെടുന്ന ഒരു കാര്യം ചില മേഖലകളിൽ കാര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട് എന്നതാണ്.***

**കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള കർമ്മപദ്ധതി**

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും അതിന്റെ ആഘാതവും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേകമായി ഇടംപിടിച്ചിട്ടുണ്ട്. 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ഇത്തരം വിഷയങ്ങൾ പദ്ധതികളിൽ കാര്യമായ സ്ഥാനം നേടുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുക എന്നത് സമയമെടുക്കുന്ന ഒരു പ്രക്രിയയാണ്. എന്നാൽ പെട്ടെന്നുണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുന്നതിനും ജീവിതോപാധികൾ പഴയ നിലയിലാക്കുന്നതിനും ഉടൻ കർമ്മനിരതമാകുന്ന ഒരു സംവിധാനം പ്രാദേശിക തലങ്ങളിൽ രൂപപ്പെടേണ്ടത് ആവശ്യമാണ്. ഇതിന് പ്രാദേശിക സർക്കാരുകൾ ഏറെ ഫലപ്രദമാണെന്ന് രണ്ടു പ്രളയങ്ങളുടെ ഘട്ടത്തിൽ നമുക്ക് വ്യക്തമായിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും പെട്ടെന്നു ഇടപെടൽ നടത്തുന്നതിനുമുള്ള സംവിധാനങ്ങൾ പ്രാദേശിക തലത്തിൽ രൂപപ്പെടുത്തുന്നതിന് പദ്ധതിയിൽ നിർദ്ദേശം ഉണ്ട്. ഇതിനുള്ള കർമപദ്ധതി തീർച്ചയായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാവനാസമ്പന്നമായ ഇടപെടലിന് വഴിയൊരുക്കുന്നതാണ്.

**സുസ്ഥിര വികസന ലക്ഷ്യങ്ങളും പ്രാദേശിക ആസൂത്രണവും**

2018 മുതൽക്ക് തുടർച്ചയായി കേരളം നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഒന്നാം സ്ഥാനത്താണ്. ഭവന നിർമ്മാണം, പൊതുവിദ്യാഭ്യാസം, ആരോഗ്യം, പ്രകൃതി വിഭവങ്ങളുടെ കൃത്യമായ വിനിയോഗം, സാമൂഹ്യ സുരക്ഷ തുടങ്ങിയ വിവിധ മേഖലകളിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ സുവിദിതമാണ്. ഇതിനു പ്രധാന കാരണം, നയപരമായ ഇടപാടുകളിലെ പ്രായേണയുള്ള സുസ്ഥിരതയാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ സമത്വത്തിലൂന്നിയുള്ള വിഭവങ്ങളുടെ വിതരണം, മാനവ ക്ഷേമം മുതലായ നേട്ടങ്ങൾക്ക് ഇത് വഴിയൊരുക്കിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണവും വികസനവും ഈ നേട്ടങ്ങൾ സുഖകരമാക്കുന്നതിന് സഹായകമായി. എന്നാൽ എസ് ഡി ജി സൂചികകൾ സസൂക്ഷ്മം വിലയിരുത്തുമ്പോൾ പല മേഖലകളിലും ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട് എന്ന് കാണാൻ കഴിയും.

നിലവിലെ നേട്ടങ്ങൾ നിലനിർത്തുക എന്ന വെല്ലുവിളിയും നമുക്ക് മുന്നിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതി എസ് ഡി ജി ലക്ഷ്യങ്ങളെ പ്രാദേശി

***എസ് ഡി ജി സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്ന കാര്യത്തിൽ പ്രാദേശിക പദ്ധതികൾ വഴിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്ല മാറ്റം വരുത്താൻ കഴിയുന്നതാണ്. ഇത് ദേശീയതലത്തിൽ എസ് ഡി ജി സൂചകങ്ങളുടെ കാര്യത്തിലെ സംസ്ഥാനത്തിന്റെ നില മെച്ചപ്പെടുത്തുന്നതിന് ഏറെ സഹായകമായ കാര്യമാണ്.***

***വളർച്ചയുടെ സാധ്യതകളും സാമ്പത്തികമായ തിരിച്ചുവരവിനുള്ള പുതിയ വഴിത്താരകളും പുതിയ തൊഴിലവസരങ്ങളും സൃഷ്ടിയുമാണ് പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് വയ്ക്കുന്നത്.***

കമായി നിർവചിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു. ഇത് തന്ത്രപ്രധാന മേഖലകളിൽ ലക്ഷ്യങ്ങൾ സെറ്റ് ചെയ്യുന്നതിലും നേട്ടങ്ങൾ പരിശോധിക്കുന്നതിനും മുൻതൂക്കം നൽകുന്നു. പ്രാദേശിക സർക്കാരുകൾ രൂപം നൽകുന്ന പദ്ധതികൾ എസ് ഡി ജിയുമായി ബന്ധപ്പെട്ട വിവിധ വികസന പ്രശ്നങ്ങൾ പരിഗണിക്കുന്നു. ഇത്തരത്തിൽ എസ് ഡി ജി ലക്ഷ്യങ്ങളുടെ കാര്യത്തിൽ പ്രാദേശിക സർക്കാരുകൾ മുഖ്യകേന്ദ്രങ്ങളായി മാറുന്നു. ദേശീയതലത്തിൽ എസ് ഡി ജി ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നതിന് സംസ്ഥാനത്തിന് ഇത് നല്ലൊരു അടിത്തറയായി മാറുകയും ചെയ്യും.

### ദ്രുതഗതിയിലുള്ള നഗരവത്കരണവും മാലിന്യ നിയന്ത്രണവും

കേരളത്തിന്റെ പ്രത്യേകതയായ നഗര – ഗ്രാമ ഭേദം കുറവായിരിക്കുന്നതും നഗരവൽകരണം അതിവേഗത്തിലാകുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ശക്തമായ പ്രവർത്തനത്തെ അനിവാര്യമാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനം, പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേകിച്ചും. നഗരവത്കരണ പ്രശ്നങ്ങൾ നേരിടുന്നതിനായി കൃത്യമായ ഒരു സമീ പനം പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമാണ്. ഇക്കാര്യത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതി ആധുനിക സാങ്കേതിക വിദ്യയിലും ആസൂത്രണ രീതികളിലും ഊന്നിയുള്ള പ്രവർത്തനമാണ് ലക്ഷ്യം വയ്ക്കുന്നത്.

### പതാകവാഹിനി മിഷനുകളുടെ ഏകോപനം

പതിനാലാം പദ്ധതിയുടെ എടുത്തുപറയത്തക്ക മറ്റൊരു പ്രത്യേകത, അതിന് ഏകീകൃതമായ ഹരിത കേരളം, ലൈഫ് പദ്ധതി, ആർദ്രം പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) എന്നിവ ഉണ്ടായിരിക്കും എന്നതാണ്. നവകേരള കർമ്മ പദ്ധതി (ന്യൂ കേരള ആക്ഷൻ പ്ലാൻ – എൻ കെ കെ പി) എന്നതായിരിക്കും ഈ ഏകീകൃത മിഷൻ. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഈ നാല് മിഷനുകൾ വഹിച്ചിരിക്കുന്ന പങ്ക് നിസ്തുലമാണ്. ഈ ഏകീകൃത മിഷന്റെ പ്രവർത്തനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ക്രിയാത്മകമായ പങ്കാണ് വഹിക്കാ നുള്ളത്.

### ഉപസംഹാരം

പ്രാദേശിക സർക്കാരുകളെ സംബന്ധിച്ചിടത്തോളം വലിയ ഭാരമാണ് ചുമലിൽ വന്നുചേരുന്നതെന്ന് കാണാം. പ്രാദേശിക വിഷയങ്ങൾ അതിന്റേതായ ഗൗരവത്തിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുലക്ഷ്യങ്ങളുമായി ചേർന്ന് നിന്നുകൊണ്ട് തന്നെ അവരുടെ മുൻഗണനകൾ അവർ തന്നെ നിശ്ചയിക്കേണ്ടതാണ്. എന്നാൽ പ്രാദേശിക ആസൂത്രണം എന്ന ആശയം ശക്തമാകുമ്പോൾ പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ മുൻഗണനകൾ അവഗണിക്കപ്പെടുന്നില്ല. ഭാവിയിൽ ധനപരമായ സമസ്യകൾ കൂടുതൽ സങ്കീർണ്ണമാകുന്ന സാഹചര്യത്തിൽ ഇതിന്

പ്രത്യേക പ്രാധാന്യം കൈവരുന്നുണ്ട്. പദ്ധതിയുടെ ആദ്യവർഷങ്ങളിൽ തന്നെ ജി എസ് ടി നഷ്ടപരിഹാരവും റവന്യു കമ്മി ഗ്രാന്റും ഇല്ലാതാകുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. കടമെടുക്കുന്നതിനുള്ള പരിധി ജി ഡി പിയുടെ 3 ശതമാനം എന്ന നിലയിലേക്ക് തിരികെ കൊണ്ടുവരുന്നതും കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കും. ആസൂത്രണ പ്രക്രിയ തുടരും എന്ന് പരസ്യമായി പ്രഖ്യാപിച്ച സംസ്ഥാനം എന്ന നിലയിൽ വിഭവങ്ങൾ പ്രത്യുല്പാദന പരമായും സാമൂഹികമായ ഗുണങ്ങൾക്ക് അനുഗുണമാകുന്ന വിധത്തിലും വിനിയോഗിച്ച് പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടി എന്ന് ഉറപ്പ് വരുത്തേണ്ട സാഹചര്യമുണ്ട്. പ്രാദേശിക സർക്കാരുകൾ ഈ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള മുഖ്യ ഉപകരണം എന്ന നിലയിലേക്ക് മാറേണ്ടത് അതീവ പ്രാധാന്യമുള്ള കാര്യമാണ്.

■

(സംസ്ഥാന ആസൂത്രണ ബോർഡ് അംഗമാണ് ലേഖകൻ )

## Reference:


1. Government of Kerala. 2022. *Fourteenth Five Year Plan: Approach Paper-Draft, Kerala State Planning Board, Available at:* https://spb.kerala.gov.in/sites/default/files/2022-06/approach%20paper_vc_final_09062022%20english_we bsite.pdf
2. Government of Kerala (2022). *Economic Review 2021, Kerala State Planning Board,* Pattom, Thiruvananthapuram
3. Leigh, N G and Blakely, E J (2017). *Planning Local Economic Development*: Theory and Practice, SAGE, London
4. Oommen, M A (2022). *Essays on Fiscal Decentralization to Local Governments in India,* Gulati Institute of Finance and Taxation, Thiruvananthapuram
5. Thomas Issac, T M (2021). *People's Planning:* Kerala, Local Democracy and Development, Left Word, New Delhi

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# ലിംഗസമത്വം വികസനത്തിന്റെ കാഴ്ചപ്പാടിൽ

മൃദുൽ ഈപ്പൻ

**പശ്ചാത്തലം**

സർക്കാർ നയങ്ങളും സ്ത്രീകളുടെ വികസന രംഗത്ത് അതുളവാക്കുന്ന ഫലങ്ങളും തമ്മിൽ ചില പൊരുത്തക്കേടുകൾ വ്യക്തമായി കാണാം. അതുകൊണ്ട് മാക്രോ ഇക്കണോമിക് സമീപനങ്ങളുടെയും വികസനനയങ്ങളുടെയും കാര്യത്തിൽ സ്ത്രീപക്ഷത്ത് നിന്നുള്ള പരിശോധന ഇന്ന് കൂടുതലായി കണ്ടുവരുന്നുണ്ട്. സാമൂഹ്യ മണ്ഡലങ്ങളിൽ വനിതകളുടെ നില ഉയർത്തുന്ന തരത്തിൽ, ലിംഗനീതി എന്ന ഘടകം സാമ്പത്തിക നയങ്ങളിലും പരിപാടികളിലും പദ്ധതികളിലും യഥാവിധി സ്ഥാനം പിടിക്കേണ്ടതുണ്ട്. പുരുഷൻ പണം സമ്പാദിക്കുന്നവനും സ്ത്രീകൾ കുടുംബ കാര്യങ്ങൾ നോക്കി കഴിയേണ്ടവരുമാണ് എന്ന തരത്തിൽ സ്ത്രീയുടെയും പുരുഷന്റെയും റോളുകൾ നമ്മുടെ സമൂഹത്തിൽ തെറ്റായ നിലയിൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഇത് സ്ത്രീകളെ പൊതുവെ സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും ബലഹീനകളാക്കുന്നു. ഇത്തരത്തിൽ പുരുഷ കേന്ദ്രീക്രിതമാകുന്ന സംവിധാനത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചു വരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആസൂത്രണ രംഗത്ത് ലിംഗനീതി എന്നത് കാര്യമായി ഉൾക്കൊള്ളിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങളെ കുറിച്ചാണ് ഈ ലേഖനം പ്രതിപാദിക്കുന്നത്. ഈ സമീപനം ബജറ്റ്, സാമ്പത്തിക റിവ്യൂ തുടങ്ങിയ രേഖകളിൽ എത്രമാത്രം പ്രതിഫലിക്കുന്നുണ്ടെന്ന് നമുക്ക് നോക്കാം.

ലിംഗനീതി ആഗോളതലത്തിൽ തന്നെ ഒരു മുഖ്യ വികസനതന്ത്രമായി മാറുന്നത് നാലാമത് യു. എൻ ആഗോള വനിതാ സമ്മേളനത്തിലാണ്. 1995 ൽ ബെയ്ജിങ്ങിൽ നടന്ന ഈ സമ്മേളനത്തിന്റെ ഫലമായ 'ബെയ്ജിങ് പ്ലാറ്റ്ഫോം ഫോർ ആക്ഷൻ' എന്ന രേഖയിൽ ലിംഗസമത്വം എന്ന ആശയം പ്രധാന കേന്ദ്രമായി മാറുന്നു. ആസൂത്രണം, ബജറ്റ്, അവയുടെ നിർവ

***സാമൂഹ്യ ജീവിതത്തിൽ പുരുഷൻ അന്നം തേടികൊണ്ടുവരുന്നവനും സ്ത്രീ കുടുംബകാര്യങ്ങൾ നോക്കിനടത്തേണ്ടവളുമാണ് എന്ന ശക്തമായ ചിന്താഗതിയുണ്ട്. തൽഫലമായി സ്ത്രീകൾ സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയമായും ഏറെ പിന്നോക്കം പോകുന്ന സ്ഥിതിയുണ്ടായി. അത് പുരുഷ മേധാവിത്തത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യഘടനക്കും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ വർദ്ധനവിനും കാരണമായിട്ടുണ്ട്.***

***മാക്രോ ഇക്കണോമിക് നയങ്ങളിലേക്കുള്ള ഒരു ചവിട്ടുപടിയാണ് ജെൻഡർ ബജറ്റ്. സ്ത്രീകൾക്കായി ഒരു പ്രത്യേക ബജറ്റ് എന്നല്ല അതിനർത്ഥം. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമിടയിലെ, സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിലെ വ്യത്യസ്ത രീതിയിലുള്ള പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത ബജറ്റിംഗ് രീതികളിൽ സമഗ്രമായ ഒരു അഴിച്ചുപണിയാണ് അത് മുന്നോട്ട് വയ്ക്കുന്നത്.***

ഹണം, ആഘാത പഠനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ജൻഡർ ബജറ്റിംഗ് (ജി ബി) ഒരു പ്രധാന ഉപകരണമായി അംഗീകരിക്കപ്പെട്ടു. നൂറിലധികം രാജ്യങ്ങൾ ഈ സമീപനത്തിന് അംഗീകാരം നൽകി.

ജി ബി എന്നത് കൂടുതൽ ചലനാത്മകമായ മാക്രോ ഇക്കണോമിക് നയങ്ങളിലേക്കുള്ള ആദ്യചുവടുവയ്പാണ്; സ്ത്രീകൾക്കായി പ്രത്യേകം ഒരു ബജറ്റ് അവതരിപ്പിക്കുക എന്നതല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. സാധാരണ നിലയിൽ ബജറ്റിൽ ഓരോ മേഖലക്കും ഫണ്ട് നീക്കിവയ്ക്കുന്ന ഒരു രീതിയുണ്ട്. പ്രത്യേകിച്ച് ആൺകുട്ടികൾ, പെൺകുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ എന്നിങ്ങനെ വേർതിരിച്ച്. അത്തരത്തിലുള്ള ഒരു രീതിയല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് ലിംഗം എന്ന ഘടകത്തെ ബജറ്റ്, പദ്ധതി എന്ന തലങ്ങളിൽ ഉൾപെടുത്തുക എന്നതിന് പുറമെ സാമ്പത്തിക റിവ്യൂവിന്റെ പരിധിയിലേക്കും കൊണ്ട് വരിക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ലിംഗം എന്ന ഘടകത്തെ എല്ലാ മേഖലകളിലും കൊണ്ടുവരിക എന്നത് ആധുനികമായ ഒരു ചിന്താഗതിയാണ്. വനിതകളുടെയും കുട്ടികളുടെയും വികസനം എന്ന ഒരു ചതുരക്കള്ളിയിലൊതുക്കാതെ സ്ത്രീയെ വളർച്ചയ്ക്കുള്ള ഒരു ഉപകരണം എന്ന നിലയിലേക്ക് പരിവർത്തനപ്പെടുത്തലാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സമീപനത്തിന് മുഖ്യമായും നാല് തലങ്ങളുണ്ട്. 1, സമൂഹത്തിലെ എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക. 2, ഉപഭോക്താവ്, ഉത്പാദകർ അഥവാ തൊഴിലാളികൾ എന്നീ നിലകളിലുള്ള അവരുടെ സംഭാവനകൾക്ക് അംഗീകാരം നൽകൽ. 3, മേഖല തിരിച്ചും സ്ഥൂലതലത്തിലുമുള്ള വികസനത്തിൽ അവരുടെ താല്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അർഹമായ പരിഗണന നൽകുക. 4, ബജറ്റിലെ പൊതുവായ വികസന നിർദേശങ്ങൾ വനിതകൾക്ക് നേട്ടം നൽകുന്ന വിധത്തിൽ എങ്ങനെ മാറ്റാം എന്നിവയാണ് അവ.

ഒരു നിശ്ചിത കാലഘട്ടത്തിലേക്കുള്ള ബജറ്റ്, പ്ലാൻ എന്നിവ തയാറാക്കുമ്പോൾ സാമ്പത്തിക റിവ്യൂവിൽ നിന്ന് ഒട്ടേറെ കാര്യങ്ങൾ മനസിലാക്കേണ്ടതുണ്ട്. ഓരോ മേഖലയിലെയും നേട്ടങ്ങൾ, കോട്ടങ്ങൾ എന്തൊക്കെയാണ്? പ്രത്യേകിച്ച് ലിംഗനീതിയുടെ കാര്യത്തിൽ. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സ്രോതസുകൾ കണ്ടെത്തിയിട്ടുണ്ടോ തുടങ്ങിയ ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്. ഓരോ രംഗത്തും വനിത

***കാർഷിക രംഗം അടക്കമുള്ള മേഖലകളിൽ സ്ത്രീകളുടെ സംഭാവനകൾക്ക് പലപ്പോഴും അർഹമായ പരിഗണന ലഭിക്കുന്നില്ല. ആഗോളതലത്തിൽ തന്നെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ സ്ത്രീകൾ അതിനിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.***

***വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന ജോലികൾക്കും കെയർ ഇക്കോണമിയിൽ അവർ വഹിക്കുന്ന പങ്കിനും മതിയായ സാമ്പത്തിക പ്രാധാന്യം ആസൂത്രിത വികസനത്തിൽ ഉണ്ടാകേണ്ടതുണ്ട്.***

കളെയും പുരുഷന്മാരെയും എങ്ങനെയാണ് കണക്കാക്കിയിരിക്കുന്നത് എന്നതും വിശകലനം ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ കാർഷിക മേഖലയിലും മറ്റും സ്ത്രീകൾ നിർവഹിക്കുന്ന പങ്ക് പൊതുവെ അവഗണിക്കപ്പെടുന്ന സാഹചര്യം പരിഗണിക്കുമ്പോൾ.

### ലിംഗ ബജറ്റ്, പ്ലാൻ എന്നിവയും കേരളവും

ലിംഗനീതി എന്ന ആശയത്തെ ജെൻഡർ ബജറ്റ് അല്ലെങ്കിൽ ക്രിയാത്മകമായ ജെൻഡർ ബജറ്റിംഗ് എന്ന രീതിയിൽ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മുതൽ കേരളം യത്നിക്കുന്നുണ്ട്. വാസ്തവത്തിൽ ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽക്ക് തന്നെ പ്രാദേശിക തലത്തിൽ ഇത്തരത്തിലുള്ള സമീപനങ്ങൾ കൊണ്ട് വരുന്നതിന് കാര്യക്ഷമമായ ശ്രമങ്ങൾ ആരംഭിച്ചിരുന്നു എന്ന് കാണാം. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഓരോ ഘട്ടത്തിലും ഇതിനായി ശ്രമമുണ്ടായിരുന്നു. പ്രാദേശിക വികസനത്തിനായി നീക്കിവയ്ക്കുന്ന ഫണ്ടിന്റെ 10 ശതമാനം വനിതാ കേന്ദ്രീകൃതമായ പദ്ധതി കൾക്കായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. പിന്നീട് വുമൺ കംപോണന്റ് പ്ലാൻ (ഡബ്ള്യു സി പി) എന്ന പേരിൽ ഇത് അറിയപ്പെടാനും തുടങ്ങി.

ലിംഗസമത്വം വികസനത്തിന്റെ കേന്ദ്ര സ്ഥാനത്ത് വരുന്നത് വളരെയേറെ സാമ്പത്തിക പ്രാധാന്യമുള്ള ഒരു കാര്യമാണ്. കാരണം, കുടുംബങ്ങളിൽ വേതനം പറ്റാതെ സ്ത്രീകൾ ചെയ്യുന്ന ജോലികൾ, കെയർ ഇക്കോണമി തുടങ്ങിയ അവഗണിക്കപ്പെട്ടു പോന്ന കാര്യങ്ങൾ ഇവിടെ സാമൂഹിക ശ്രദ്ധയിലേക്ക് വരുന്നു. വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന ജോലികൾ പലപ്പോഴും അവസാനമില്ലാത്തതായി മാറുകയാണ്. ഇതുമൂലം അവർക്ക് ജോലി സ്ഥലത്തും വീട്ടിലും തങ്ങളുടെ ജോലികൾ വളരെ ക്ലേശിച്ച് ബാലൻസ് ചെയ്യേണ്ടുന്ന സ്ഥിതിയുണ്ട്. സ്ത്രീകളുടെ താല്പര്യങ്ങളും ആവശ്യങ്ങളും ജി ബി കാര്യമായി പരിഗണിക്കുന്നു. ഇതുവഴി ഇത്തരം പ്രവർത്തനങ്ങൾക്ക് പൊതുഫണ്ടിന്റെ വിനിയോഗം ഉറപ്പ് വരുത്തുന്നതും ഒപ്പം വികസന പ്രവർത്തനങ്ങളിൽ സ്ത്രീക്ക് മതിയായ പ്രാധിനിത്യം ലഭ്യമാക്കുന്നതുമാണ്. 2017-18 സാമ്പത്തിക വർഷം മുതൽക്കാണ് കേരളം ജെൻഡർ ബജറ്റ് തയാറാക്കാനാരംഭിച്ചത്. അതിന് ശേഷം അത് ഒരു തുടർപ്രക്രിയയായി മാറി. തൽഫലമായി സ്ത്രീകൾക്കായുള്ള ഫണ്ടിന്റെ കാര്യത്തിൽ വർഷം തോറും വർധനയുണ്ടായി. പിന്നീട് ലൈംഗീക ന്യൂനപക്ഷങ്ങൾക്കും ബജറ്റിൽ പ്രാധിനിത്യം ലഭിക്കുകയുണ്ടായി

### ലിംഗനീതി എന്ന ആശയം സാമ്പത്തിക റിവ്യൂവിൽ

ആസൂത്രണ ബോർഡ് തയാറാക്കിയ 2021 ലെ സാമ്പത്തിക റിവ്യൂവിന്റെ അടിസ്ഥാനത്തിൽ

***സ്ത്രീകളുടെ സംഭാവനകളും തൊഴിലാളികൾ, ഉത്പാദകർ, ഉപഭോക്താക്കൾ തുടങ്ങിയ നിലകളിലുമുള്ള അവരുടെ പ്രാധാന്യവും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ശക്തമായി തന്നെ പ്രതിപാദിക്കുന്നുണ്ട്.***

***കാർഷിക മേഖലയിൽ കൈവരിച്ച നേട്ടമാണ് ഈ വർഷം എടുത്തു പറയേണ്ടത്. നേട്ടങ്ങൾക്കിടയിലും കാർഷിക മേഖല കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. കാരണം, കൂടുതൽ വനിതകൾ കാർഷിക മേഖലയിലേക്ക് കടന്നു വരുന്നു എന്നതാണ്.***

ഇത് പരിശോധിക്കാം. റിവ്യൂവിൽ സ്ത്രീകളുടെ അടിസ്ഥാന പ്രശ്നങ്ങൾ കാര്യമായി തന്നെ ഉൾക്കൊള്ളിച്ചിരിക്കുന്നത് വ്യക്തമാണ്. തൊഴിലാളികൾ, ഉത്പാദകർ, ഉപഭോക്താക്കൾ എന്നീ നിലകളിൽ അവരുടെ സംഭാവനകൾ, ആവശ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഏതാനും അധ്യായങ്ങൾ അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നിയതമായ ആസൂത്രണ നടപടികളിലൂടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഇത് വളരെ പ്രധാന്യത്തോടെ തന്നെ ഇടം പിടിച്ചിട്ടുണ്ട്. ആസൂത്രണ ബോർഡ് വാർഷിക പദ്ധതികൾ രൂപപെടുത്തിയപ്പോൾ വകുപ്പുകളുമായി നടത്തിയ ചർച്ചകളിൽ ഇതും കാര്യമായി സ്ഥാനം പിടിച്ചിരുന്നതായി കാണാം. പല വകുപ്പുകളുടെ കാര്യത്തിലും ഇത് സ്ത്രീകേന്ദ്രീകൃതമായ പദ്ധതികളിലൂടെ നടപ്പാക്കിയപ്പോൾ മിക്ക വകുപ്പുകളിലും ഇത് പ്രത്യേക പരിഗണന നൽകുന്ന പദ്ധതികൾ വഴിയാണ് നടപ്പാക്കിയത്.

മൊത്തത്തിലുള്ള പദ്ധതിവിഹിതത്തെ പെൺകുട്ടികൾക്കും സ്ത്രീകൾക്കും സഹായകമായ പദ്ധതികൾ എന്ന നിലയിൽ വേർതിരിച്ചെടുക്കുന്നതിന് വകുപ്പുകൾക്ക് പ്രേരണ നൽകി. അതല്ലെങ്കിൽ ഒരു നിശ്ചിത വിഹിതം സ്ത്രീകൾക്ക് പ്രയോജനം സിദ്ധിക്കുന്ന വിധത്തിൽ മാറ്റുന്നതിന് നിർദേശം നൽകി. അതല്ലെങ്കിൽ പദ്ധതിയുടെ ലിംഗം തിരിച്ചുള്ള നേട്ടങ്ങളുടെ കണക്കെടുപ്പ് നടത്തി. മൊത്തം ഫണ്ടിൽ വനിതകൾക്കു നേട്ടം നൽകുന്ന പദ്ധതികളെ വേർതിരിച്ചെടുക്കുന്നതിന് ഇത് സഹായകമായി. പദ്ധതി രേഖകൾ കൂടുതൽ ലിംഗ കേന്ദ്രീകൃതമാകുന്നതിനും സാമ്പത്തിക റിവ്യൂവിൽ അത് പ്രത്യേകമായി സ്ഥാനം പിടിക്കുന്നതിനും സഹായകമായി. ഇത് ജെൻഡർ ബജറ്റ് തയാറാക്കുന്നത് താരതമ്യേന എളുപ്പമാക്കി. വിവിധ വകുപ്പുകളിൽ ലിംഗനീതി സംബന്ധിച്ച വ്യക്തമായ അവബോധം സൃഷ്ടിക്കുന്നതിന് ഇത് സഹായകമാവുകയും ചെയ്തു.

ഈ വർഷം മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞ ഒരു മേഖല കൃഷിയാണ്. സാമ്പത്തിക റിവ്യൂവിൽ കാർഷിക മേഖലയെ കുറിച്ച് നീണ്ട ഒരു അധ്യായം തന്നെയുണ്ട്. എന്നാൽ ധാരാളം സ്ത്രീകൾ ഈ മേഖലയിൽ പണിയെടുക്കുമ്പോഴും പൊതുവിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട അവരുടെ പ്രശ്നങ്ങൾ സാമ്പത്തിക റിവ്യൂകളിൽ ചർച്ചചെയ്യപ്പെടാറില്ല. ഇത്തവണ അതിന് മാറ്റം വന്നുവെന്നത് സന്തോഷം പകരുന്ന കാര്യമാണ്. കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ, പുരുഷന്മാർ

***എടുത്തുപറയേണ്ട മറ്റൊരു വസ്തുത, സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ നേരിടുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാണ്. ഇക്കാര്യത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.***

***മൊത്തം പണിയെടുക്കുന്നവരുടെ എണ്ണത്തിന്റെ കാര്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തത്തിൽ 2017-18 മുതൽ 2019-20 വരെയുള്ള ഘട്ടത്തിൽ വളർച്ചയുണ്ടായിട്ടുണ്ട്. 16.4 ശതമാനത്തിൽ നിന്നും 26.3 ശതമാനമായാണ് വർധന. സ്ത്രീകൾക്ക് ജോലി ലഭ്യമാക്കുന്ന കാര്യത്തിൽ ആസൂത്രിതമായുള്ള മുതൽമുടക്ക് ഉണ്ടായി എന്നതാണ് ഇതിന് കാരണം.***

ഇവരെ കുറിച്ച് വ്യക്തമായ ചിത്രം ഇത് നൽകുന്നുണ്ട്. അതുപോലെ കാർഷിക രംഗത്ത് കുടുംബശ്രീ നിർവഹിക്കുന്ന പങ്കിനെ കുറിച്ചും പരാമർശമുണ്ട്. എന്നാൽ തരിശ് ഭൂമി കൃഷിയിടങ്ങളാക്കി മാറ്റുന്നതിൽ വനിതകൾ വഹിക്കുന്ന പങ്കിനെ കുറിച്ച് കൂടുതൽ വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ഇവിടെ കാണുന്ന ഒരു പ്രധാന പ്രശ്നം പുരുഷന്മാരായ കർഷകരെയാണ് റിവ്യൂ പൊതുവിൽ പരിഗണിച്ചിരിക്കുന്നത് എന്നതാണ്. ധാരാളം സ്ത്രീകൾ കാർഷിക മേഖലയിലേക്ക് ഇന്ന് കടന്നു വരുന്നുണ്ട്. അതേകുറിച്ച് കാര്യമായ പരാമർശമില്ലെന്നത് ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കുകയാണ്.

വികേന്ദ്രീകൃത ആസൂത്രണത്തെ കുറിച്ചുള്ളതാണ് മറ്റൊരു പ്രധാന അധ്യായം. ലിംഗഭേദം കൂടാതെ ഇക്കാര്യത്തിലുണ്ടായ പുരോഗതിയെ കുറിച്ച് സാമ്പത്തിക റിവ്യൂ വിശദമാക്കുന്നുണ്ട്. പക്ഷെ പ്രഫസർ എം. എ ഉമ്മനെ പോലുള്ളവർ പറയുന്നത് പോലെ പ്രാദേശിക ആസൂത്രണത്തിൽ ലിംഗസമത്വം എന്നത് ഇപ്പോഴും മുഖ്യധാരാ വിഷയമായി വരുന്നതേയില്ല. സ്ത്രീകേന്ദ്രീകൃതമായി വരുന്ന ഏതാനും ചില പദ്ധതികൾ ഒഴിച്ച് നിർത്തിയാൽ വലിയ പ്രാധാന്യം ഇതിന് ലഭിക്കുന്നില്ല. സ്ത്രീകൾക്കെതിരായി പ്രാദേശിക തലത്തിൽ സംഭവിക്കുന്ന അതിക്രമങ്ങളുടെ കാര്യത്തിൽ ശക്തമായി ഇടപെടാൻ കഴിയുന്ന സംവിധാനമാണ് പ്രാദേശിക ഭരണകൂടങ്ങൾ. പക്ഷെ ഇതിനെക്കുറിച്ചും സാമ്പത്തിക റിവ്യൂ മൗനം പാലിക്കുകയാണ്. ഇത്തരത്തിലുള്ള ശക്തമായ ഇടപെടലിലൂടെ അതിക്രമങ്ങൾ കുറയ്ക്കാൻ കഴിയുമെന്നതിന്റെ മികച്ച ഉദാഹരണമാണ് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം പഞ്ചായത്ത്. ഈ രീതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിയുന്ന ഒന്നാണ്. ലിംഗവ്യത്യാസം പ്രകടമാകുന്ന ചില മേഖലകൾ കൂടിയുണ്ടെങ്കിലും സാമ്പത്തിക റിവ്യൂവിൽ അതൊന്നും സ്ഥാനം പിടിച്ചിട്ടില്ല എന്നത് ദുഖകരമാണ്.

മാനുഫാക്റ്ററിങ്, ടൂറിസം, ഐ ടി മേഖല തുടങ്ങിയ രംഗങ്ങളിൽ വനിതാ പങ്കാളിത്തം നല്ല തോതിലുണ്ട്. ഇതിനെ കുറിച്ച് റിവ്യൂ കാര്യമായി പരാമർശിക്കുന്നുണ്ട്. പട്ടിക ജാതി, പട്ടിക വിഭാഗങ്ങളെ കുറിച്ചുള്ള അധ്യായത്തിൽ ഈ വിഭാഗങ്ങളിലെ യുവാക്കൾക്ക് നൽകുന്ന പരിശീലനത്തെ കുറിച്ച് പ്രത്യേക പട്ടിക നൽകിയിട്ടുണ്ട്. നോർക്ക നൽകുന്ന പരിശീലനം, കുടുംബശ്രീ പ്രവർത്തകർക്കുള്ള പരിശീലനം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ അതാത് അദ്ധ്യങ്ങളിൽ നിന്ന് ലഭ്യമാണ്. പക്ഷെ ഇവിടെയും സ്ത്രീ, പുരുഷൻ എന്നത്

***ചില ബജറ്റ് പ്രഖ്യാപനങ്ങൾ എങ്ങനെയാണ് ലിംഗനീതിയുടെ അടിസ്ഥാനത്തിൽ പ്രയോഗികവത്കരിക്കുക എന്നതാണ് മറ്റൊരു പ്രശ്നം. ഇപ്പോൾ നാം ഊന്നൽ നൽകുന്ന വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ പോലുള്ള കാര്യങ്ങൾ വരുമ്പോൾ പ്രത്യേകിച്ചും.***

***വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വിപുലമായ വിവര സഞ്ചയം ശക്തിപ്പെടുത്തുന്നതിന് വകുപ്പുകളുടെ സാങ്കേതികമായ സൗകര്യങ്ങൾ വർധിപ്പിക്കേണ്ടത് ആവശ്യമാണ്. ലിംഗാടിസ്ഥാനത്തിൽ വേർതിരിച്ചുള്ള ഇത്തരം വിവരങ്ങൾ സാമ്പത്തിക റിവ്യൂ പോലുള്ള കാര്യങ്ങളിൽ കൂടുതലായി പ്രയോജനപ്പെടുത്താവുന്നതാണ്.***

തരം തിരിച്ചുള്ള കണക്കുകൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം പദ്ധതികളുടെ നിർവഹണത്തിൽ ലിംഗഭേദമനുസരിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കണം എന്നതാണ്. സാമ്പത്തിക റിവ്യൂവിന്റെ രണ്ടാം വാല്യത്തിൽ നൽകിയിട്ടുള്ള വിവിധ പട്ടികകൾ നമുക്ക് മറ്റെങ്ങും ലഭ്യമാവുന്നതല്ല എന്ന പ്രത്യേകതയുണ്ട്. മാനുഫാക്റ്ററിങ് മേഖലയെക്കുറിച്ചുള്ള വിവരങ്ങൾ ഇതിന് നല്ല ഉദാഹരണമാണ്. എന്നാൽ സ്ത്രീ- പുരുഷ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളുടെ അഭാവമാണ് ഒരു ന്യൂനതയായി ചൂണ്ടിക്കാണിക്കുന്നത്.

**ചില പാഠങ്ങൾ**

അതുകൊണ്ട് വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങളുടെ ലിംഗപരമായി വേർതിരിച്ചുള്ള കണക്കുകളും പദ്ധതി തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുന്നതിന് സാങ്കേതികമായി അവയെ പ്രാപ്തരാക്കേണ്ടതുണ്ട്. ഇത്തരം വിവരങ്ങൾ സാമ്പത്തിക റിവ്യൂവിൽ സമർത്ഥമായി ഉപയോഗപ്പെടുത്താൻ കഴിയും.

രണ്ടാമത്തെ പ്രധാന കാര്യം, സാമ്പത്തിക റിവ്യൂ തൊട്ടടുത്ത വർഷത്തെ ബജറ്റുമായി ബന്ധപ്പെടുത്തണം എന്നതാണ്. അത്തരത്തിൽ 2022-23 ലെ ബജറ്റിനെ നമുക്ക് കൂടുതൽ വിശകലന വിധേയമാക്കാൻ കഴിയുന്നതാണ്. പ്രശ്നങ്ങളും പരിമിതികളും കാര്യമായി മനസിലാക്കാനും കഴിയുന്നതാണ്. ഉദാഹരണത്തിന് കേരളത്തിൽ സ്ത്രീകൾക്കിടയിൽ ഉയർന്ന സാക്ഷരതയുണ്ടെങ്കിലും ജോലിയുടെ കാര്യത്തിൽ അത് പ്രതിഫലിച്ച് കാണുന്നില്ല. അതുകൊണ്ട് സ്ത്രീകളുടെ തൊഴിൽ രംഗവുമായി ബന്ധപ്പെട്ട് കൂടുതൽ മുതൽമുടക്ക് ആവശ്യമാണ്.

2022-23 ലെയും അതിന് മുൻപുള്ള ഏതാനും ബജറ്റുകൾ പരിശോധിച്ചാൽ സ്ത്രീകളുടെ തൊഴിൽ സാധ്യത ഉയർത്തുന്നതിനുള്ള മുതൽമുടക്ക് കൂടുന്നതായി കാണാം. ഇത് തൊഴിൽ മേഖലയിൽ വനിതാ പങ്കാളിത്തം ഉയർത്തിയതായും പഠനങ്ങളിൽ നിന്ന് വ്യക്തമാണ്. 2017-18 മുതൽ 2019-20 വരെയുള്ള വിവരങ്ങൾ പരിശോധിച്ചാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 16.4 ശതമാനത്തിൽ നിന്ന് 26.3 ശതമാനമായി ഉയർന്നതായി കാണാം. പ്രളയം, കോവിഡ് മഹാമാരി എന്നീ ഘട്ടങ്ങളിൽ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും

***കേരളത്തിൽ സ്ത്രീകൾക്കിടയിൽ സാക്ഷരത ഉയർന്ന തോതിലാണെങ്കിലും തൊഴിൽ മേഖലയിൽ വനിതകളുടെ പങ്കാളിത്തം കുറവാണെന്ന് കാണാം. സ്ത്രീകൾക്ക് തൊഴിൽ കൂടുതൽ ലഭിക്കുന്ന വിധത്തിൽ ഡബ്ള്യു പി ആർ ഉയർത്തുന്ന നടപടികൾ ഉണ്ടാകണം. ഇതിനായി മുതൽമുടക്ക് ഉയർത്തണമെന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.***

***2021 ലെ സാമ്പത്തിക റിവ്യൂവിൽ ലിംഗാടിസ്ഥാനത്തിലുള്ള ഉൾക്കാഴ്ച കൂടുതലായി വേണ്ടതാണ്. ലിംഗാടിസ്ഥാനത്തിലുള്ള വിവരങ്ങൾ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കാൻ കഴിയുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയും വേണം.***

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും കുടുംബശ്രീയിലും നിക്ഷേപം വർധിപ്പിച്ചതാണ് ഇതിന് പ്രധാന കാരണം. ഇത് ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്, പദ്ധതികളും ബജറ്റും കൂടുതൽ ലിംഗസൗഹൃദമാക്കി മാറ്റേണ്ടതുണ്ട് എന്നതാണ് അത്.

ബജറ്റും സാമ്പത്തിക റിവ്യൂവും തമ്മിലുള്ള ലിങ്ക് ശക്തമാക്കുക എന്നത് ഏറെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. വൈജ്ഞാ നിക സമ്പദ്വ്യവസ്ഥ, വൈജ്ഞാനിക സമൂഹം എന്നിവക്ക് ബജറ്റ് നൽകുന്ന പ്രാധാന്യം ഇതിന് നല്ല ഉദാഹരണമാണ്. നമ്മുടെ കാമ്പസുകൾ കൂടുതൽ ലിംഗ സൗഹൃദമാകേണ്ടതുണ്ട്. വൈജ്ഞാനിക സമ്പദ്വ്യവസ്ഥ വഴിയായി 20 ലക്ഷം പേർക്ക് ജോലി ലഭ്യമാകുമെന്നാണ് കണക്ക്. പക്ഷെ നാം ഓർക്കേണ്ട ഒരു കാര്യം സർവ്വകലാശാലകളിലേക്ക് വരുന്ന ഒരു വിഭാഗം യുവതികളെങ്കിലും വിവാഹിതരായിരിക്കും എന്നതാണ് അത്.

അതുകൊണ്ട് സർവകലാശാലകളിൽ കൂടുതൽ സാമൂഹ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. അതു പോലെ വ്യവസായ പാർക്കുകളും യൂണിറ്റുകളും. ഭൗതിക അടിസ്ഥാന സൗകര്യ വികസനത്തെ കുറിച്ച് ബജറ്റ് വ്യക്തമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്നുണ്ട്. എന്നാൽ സാമൂഹ്യമായ അടിസ്ഥാന സൗകര്യങ്ങളും ഇതിന്റെ ഭാഗമായി വരേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസം, നൈപുണ്യം, തൊഴിൽ തുടങ്ങിയ മേഖലകളിലേക്ക് വനിതകൾക്ക് കൂടുതലായി കടന്നു വരാൻ കഴിയണം. അവർക്ക് തൊഴിൽ രംഗങ്ങളിലേക്ക് കടന്നു വരാൻ വീട്ടുകാര്യങ്ങൾ ഒരു തടസമായി മാറരുത് എന്നത് വളരെ പ്രധാനമാണ്. അതുകൊണ്ട് തൊഴിലിടങ്ങളിലും മറ്റ് കേന്ദ്രങ്ങളിലും കുട്ടികളെയും വൃദ്ധരെയും സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ, സുരക്ഷിതമായ യാത്ര സൗകര്യങ്ങൾ, താമസം, ടോയ്ലെറ്റ് പോലുള്ള അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള കേന്ദ്രങ്ങൾ , ജോലി സ്ഥലങ്ങളിൽ സുരക്ഷ അടക്കമുള്ള കാര്യങ്ങൾ ഒരുക്കുക എന്നതിനും തുല്യ പ്രാധാന്യമുണ്ട്. ഒപ്പം തന്നെ മികച്ച വേതനവും തൊഴിൽ സാഹചര്യവും ഉണ്ടാവുക എന്നത് വൈജ്ഞാനിക സമ്പദ്ഘടനക്കും ലിംഗ സൗഹൃദ സാമൂഹ്യ വളർച്ചക്കും ഏറെ അനിവാര്യമാണ്.

ലൈംഗിക ന്യൂനപക്ഷങ്ങൾക്കിടയിൽ ബജറ്റിൽ പ്രത്യേക വകയിരുത്തൽ കാണാം. എന്നാൽ അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയെന്നതും തുല്യ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം തുടങ്ങിയ വകുപ്പുകൾ ഇക്കാര്യത്തിൽ ചില ശ്രമങ്ങൾ നടത്തുകയുണ്ടായി. കൊച്ചി മെട്രോയിൽ ഇവർക്ക് നിയമനം നടത്തിയത് ഒരു സുപ്രധാന ചുവടുവയ്പാണ്. ലിംഗപരമായ കാര്യങ്ങളിൽ 2021 ലെ സാമ്പത്തിക റിവ്യൂവിൽ ഇനിയും കൂടുതൽ പ്രാധാന്യം നൽകേണ്ടതായുണ്ട്. ഇതിനായി വിവിധ വകുപ്പുകളെ ഇത്തരത്തിൽ തരം തിരിച്ചുള്ള വിവരങ്ങളും മറ്റും ലഭ്യമാക്കുന്നതിന് സാങ്കേതികമായി പ്രാപ്തരാക്കേണ്ടതുണ്ട്. ലിംഗസമത്വം എന്ന വിഷയത്തിൽ സംസ്ഥാനത്തിന്റെ കാഴ്ചപ്പാടും മുൻഗണന

കളും കൂടുതൽ വ്യക്തതയോടെ മുന്നോട്ട് വയ്ക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ലിംഗ സമത്വം എന്ന ആശയം വികസനത്തിന്റെയും വളർച്ചയുടെയും ചാലകശക്തിയായി മാറുകയുള്ളൂ.

■

(സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ ഓണററി ഫെലോയാണ് ലേഖിക)

## References

1. Government of Kerala (2021). Kerala State Planning Board (2021); *Economic Review, Volumes 1 and 2,* March 2022.
2. Asadullah M and U Kambhampati (2021). *Feminization of farming, food security and female empowerment,* Global Food Security, Elsevier, June 2021
3. Dept of Finance (2017-18 to 2022-23). *Gender and Child Budget*, Plan Schemes, Govt of Kerala
4. Government of Kerala (2022). *Budget 2022-23,* Finance Department.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# ജെൻഡർ ബജറ്റ് 2022–23 ഉയർത്തുന്ന ചില ആശങ്കകൾ

സോണിയ ജോർജ്

കഴിഞ്ഞ അഞ്ചു വർഷമായി കേരളത്തിൽ കാണുന്ന ഒരു പ്രത്യേകതയാണ് ജൻഡർ ബജറ്റ് പ്രത്യേകമായി അവതരിപ്പിക്കുക എന്നത്. അതുകൊണ്ട് ബജറ്റിന്റെ വ്യഖ്യാനം ജെൻഡർ ബജറ്റിന്റെ കൂടി അടിസ്ഥാനത്തിലാകുന്നതിന് പ്രത്യേകം പ്രസക്തിയുണ്ട്. ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ ബജറ്റിൽ നൽകിയിരിക്കുന്ന വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ ബജറ്റിനെ വീക്ഷിക്കുക എന്നത് ഇന്ന് ഒരു രീതിയായി മാറിയിട്ടുണ്ട്. സർക്കാരിന്റെ പ്രവർത്തനരീതികളിൽ ധനപരമായി തുല്യനീതി പ്രദാനം ചെയ്യുന്ന ഒന്ന് എന്ന് ഇതിനെ നമുക്ക് താത്വികമായി വിലയിരുത്താം (നിഷിത, 2020, ചക്രവർത്തി, 2013). പ്രാദേശിക, സംസ്ഥാന, ദേശീയ, അന്താരാഷ്ട്ര തലങ്ങളിൽ ലിംഗനീതിയെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്ന ഒരു ഉപകരണമായി ജെൻഡർ ബജറ്റിനെ പൊതുവായി വ്യഖ്യാനിക്കാം. ലിംഗനീതി ഉറപ്പാക്കുന്ന വിധത്തിൽ വരുമാനം, ചെലവുകൾ എന്നിവ പുനഃക്രമീകരിക്കുന്നതിലാണ് ഇത് പ്രത്യേകം ഊന്നൽ നൽകുന്നത്. എന്നാൽ ദേശീയ, സംസ്ഥാന ബജറ്റുകളിൽ പ്രത്യേകം വകയിരുത്തലോട് കൂടിയ ഒരു പ്രസ്താവന ഇതിനായി ബജറ്റിനൊപ്പം സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. ഇതിനെ ജെൻഡർ ബജറ്റ് എന്ന നിലയിലാണ് കാണുന്നത്. പക്ഷെ പലപ്പോഴും ഇത് ചില പ്രത്യേക ലക്ഷ്യങ്ങളിൽ ഊന്നുന്ന പദ്ധതി പ്രഖ്യാപനങ്ങൾ എന്ന രീതിയിലാകാറുണ്ട്. സ്ത്രീകൾ ഇവിടെ മുഖ്യപരിഗണനവിഷയമാകാറില്ല എന്നതാണ് ശ്രദ്ധേയമായ കാര്യം. അതായത്, ക്ഷേമപദ്ധതികൾ ലഭ്യമാകുന്ന ദേശീയ, സംസ്ഥാന ഫണ്ടുകളുടെ വിതരണമാണ് ഇവിടെ മുഖ്യമായി സംഭവിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ പക്ഷെ ധനപരമായ വകയിരുത്തലിന്റെ കൂടി അടിസ്ഥാനത്തിലാണ് ലക്ഷ്യപ്രാപ്തി നേടുക. അതിന് ഘടനാപരമായ മാറ്റം ആവശ്യമാണ്. ഈ നിലയിൽ മാത്രമാണ് ലിംഗപരമായ പ്രശ്നങ്ങളിലെ അടിസ്ഥാനപരമായ ആവശ്യങ്ങളെ സമീപിക്കാൻ കഴിയൂ.

ജെൻഡർ ബജറ്റ് നേരിടുന്ന ചില പ്രധാന വെല്ലുവിളികൾ ഇവയാണ്, വ്യക്തമായ കാഴ്ചപ്പാടിന്റെ അഭാവം, നൂതന ആശയങ്ങളിൽ അവശ്യം വേണ്ടുന്ന വ്യക്തത ഇല്ലായ്മ. ഇതില്ലാത്തത് നയരൂപീകരണകർത്താക്കൾക്ക് മുന്നിൽ പരിമിതി സൃഷ്ടിക്കുന്നു. ശരിയായ സമീപനം, വിവരങ്ങളുടെ അഭാവം, ശരിയായ ഫലങ്ങൾ കൊണ്ടു

***2020–21 സാമ്പത്തിക വർഷത്തെ ജെൻഡർ ബജറ്റ് രേഖകൾ ജെൻഡർ ബജറ്റിന്റെ രീതിശാസ്ത്രം നടപ്പാക്കുന്നതിനുള്ള ചില പോരായ്മകൾ ചൂണ്ടിക്കാട്ടുന്നുണ്ട്.***

***പദ്ധതി രേഖകളിൽ വനിതകൾക്ക് മതിയായ പ്രാധിനിത്യം ഉറപ്പാക്കുകയും സ്ത്രീ കേന്ദ്രീകൃതമായ മേഖലകളിലേക്കും ഏജൻസികൾക്കും കൂടുതൽ ഫണ്ട് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കേരളത്തിന്റെ ജെൻഡർ ബജറ്റിംഗിന്റെ പൊതു സമീപനം.***

വരുന്ന വിധത്തിലുള്ള ഘടനാപരമായ സംവിധാനം തുടങ്ങിയ രംഗങ്ങളിലാണ് ഇത്തരം പരിമിതി പ്രകടമാകുന്നത് (ചക്രവർത്തി-2016). 2020-21 ലെ ബജറ്റ്, ജെൻഡർ ബജറ്റിംഗിലെ രീതിശാസ്ത്രത്തിൽ ചില പരിമിതികൾ നിലനിൽക്കുന്നതായി ചൂണ്ടിക്കാട്ടുന്നുണ്ട്. ലിംഗവ്യത്യാസത്തിന്റെ അടിസ്ഥാനത്തിലുള്ള കൃത്യമായ വിവരങ്ങളുടെ അഭാവം, ആസൂത്രണ പ്രക്രിയയിൽ സ്ത്രീകളെ ഉൾപ്പെടുത്തുന്ന കാര്യത്തിലുള്ള വ്യക്തമായ വീക്ഷണത്തിന്റെ കുറവ് തുടങ്ങിയ കാര്യങ്ങളാണ് ബജറ്റിൽ എടുത്തു പറയുന്നത്. ആസൂത്രണത്തിന്റെ മേഖലയിൽ ലിംഗവ്യത്യാസം ഒരു അടിസ്ഥാന വിഷയമായി എടുക്കുന്നതിലും ചില നിയന്ത്രണങ്ങൾ പ്രകടമായി കാണാം. ആസൂത്രണം വരുമ്പോൾ സ്ത്രീകളുടെ കാര്യത്തിൽ സാമൂഹ്യമായ മുതൽമുടക്കിനും പൊതുഉത്പന്നങ്ങൾക്കായി കൂടുതൽ വകയിരുത്തലും വേണ്ടിവരുന്നു. കേരളത്തിന്റെ കാര്യത്തിൽ ജെൻഡർ ബജറ്റ് എന്നത് എല്ലാ രംഗങ്ങളിലും സ്ത്രീസാന്നിധ്യം ഉറപ്പാക്കുകയും സ്ത്രീകളുടെ ക്ഷേമത്തിനായുള്ള മേഖലകൾ, ഏജൻസികൾ തുടങ്ങിയവയ്ക്കായുള്ള ഉയർന്ന വകയിരുത്തലുമാണ് എന്ന് കാണാവുന്നതാണ്.

2021-22 ലെ പൊതുബജറ്റും ജെൻഡർ ബജറ്റും തമ്മിലുള്ള ഒരു താരതമ്യമാണ് ഈ ലേഖനത്തിൽ ലക്ഷ്യമിടുന്നത്. കഴിഞ്ഞ ഏതാനും വർഷത്തെ ബജറ്റുകളിൽ ജെൻഡർ ബജറ്റിംഗിൽ നടത്തുന്ന ചില പരാമർശങ്ങൾ ശ്രദ്ധേയമാണ്. ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക വകയിരുത്തലുകളും അവയിൽ നടത്തിയിരിക്കുന്നത് കാണാം. പൊതുവിൽ ജെൻഡർ ബജറ്റിനെ രണ്ടു ഭാഗങ്ങളായി തിരിക്കാം. ഇതിൽ ഭാഗം എയിൽ വരുന്നത് പൂർണ്ണമായും സ്ത്രീകൾക്കായുള്ള പദ്ധതികളും ഭാഗം ബിയിൽ വരുന്നത് 30 മുതൽ 99 ശതമാനം വരെ നേരിട്ട് സ്ത്രീകൾക്ക് നേട്ടം നൽകുന്നതുമായുള്ള പദ്ധതികളാണ്. എന്നാൽ സംസ്ഥാനത്തിന്റെ കാര്യത്തിൽ എ വിഭാഗത്തിൽ വരുന്നത് 90 മുതൽ 100 ശതമാനം വരെ സ്ത്രീകൾക്ക് നേട്ടം നൽകുന്ന പദ്ധതികളും പാർട്ടി ബിയിൽ എല്ലാം സ്ത്രീകൾക്ക് വേണ്ടിയുള്ളതും. എന്നാൽ ഇതിനായുള്ള ബജറ്റ് വകയിരുത്തൽ 90 ശതമാനത്തിൽ താഴെയാണെന്നും കാണാം.

2022-23 ലെ ജെൻഡർ ബജറ്റിൽ മൊത്തത്തിലുള്ള ആസൂത്രിത പദ്ധതികളുടെ 20. 90 ശതമാനം മാറ്റിവച്ചിരിക്കുന്നതായി കാണാം. 2021-22 ലെ ബജറ്റിനെ അപേക്ഷിച്ച്

***2021-22 ലെ ജെൻഡർ ബജറ്റ് രേഖകളെ പൊതു ബജറ്റുമായി താരതമ്യം ചെയ്തു വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ. വിവിധ സ്ത്രീ കേന്ദ്രീകൃത പദ്ധതികൾക്കുള്ള വകയിരുത്തൽ 2022-23ലെ ബജറ്റിൽ 20.90 ശതമാനമായി ഉയർത്തിയിട്ടുണ്ട്. തൊട്ടു മുൻവർഷത്തെ അപേക്ഷിച്ച് 1.36 ശതമാനം വർധന.***

***2021-22 ലെ ജെൻഡർ ബജറ്റ് പ്രധാനമായും മൂന്ന് മേഖലകളെ കേന്ദ്രീകരിച്ചുള്ളതാണ്, നൈപുണ്യ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ജീവിതോപാധികൾ സുരക്ഷിതമാക്കൽ എന്നിവയാണ് അവ. സ്ത്രീകൾക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കലും അവർക്കെതിരായ അതിക്രമങ്ങൾ തടയുകയും ചെയ്യുക എന്നതാണ് ഇത് ലക്ഷ്യമാക്കുന്നത്. 2022-23 ലെ ബജറ്റിൽ ഇതിന് ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ്ത്രീ സുരക്ഷ, ലിംഗസമത്വം തുടങ്ങിയ കാര്യങ്ങൾക്ക് വിദ്യാഭ്യാസം, നൈപുണ്യ വികസനം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, ലിംഗ സൗഹൃദമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം മുൻഗണന നൽകിയിരിക്കുന്നു.***

1.36 ശതമാനം കൂടുതൽ. എ വിഭാഗത്തിൽ വരുന്നത് 7.26 ശതമാനവും ബി വിഭാഗത്തിൽ 13.64 ശതമാനവുമാണ്. വർഷം തോറും നേരിയ വർധന ഉണ്ടാകുന്നുണ്ട്. പദ്ധതി ഫണ്ടുകൾ വഴിയാണ് ഇത് വകയിരുത്തിയിരിക്കുന്നത്. അതായത് 20 ശതമാനം വിഹിതമെന്നത് മൊത്തം ഫണ്ടിൽ നിന്നല്ല, മറിച്ച് പദ്ധതി ഫണ്ടിൽ നിന്നുമാണെന്ന് കാണാം (പുളിക്കമെത്ത് – 2022). ഇനി ഇതിന് നൽകിയിട്ടുള്ള മുൻഗണനകൾ എങ്ങനെയെന്ന് നോക്കാം. പൊതുബജറ്റിനെ ഒരു ഏകശിലാരൂപമെന്ന നിലയിൽ വിശകലനം ചെയ്യുന്നതിൽ കാര്യമില്ല. ഇതിനെ സാമ്പത്തിക റിവ്യൂവിന്റെയും ജെൻഡർ ബജറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ വേണം വിലയിരുത്താൻ. മൂന്ന് പ്രധാനപ്പെട്ട മേഖലകളിലാണ് 2021-22 ലെ ജെൻഡർ ബജറ്റിന്റെ ഊന്നൽ. സ്ത്രീകളുടെ നൈപുണ്യ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ജീവനോപാധികളുടെ സംരക്ഷണം എന്നിവയാണ് അവ. എന്നാൽ 2022-23 ലേക്ക് വരുമ്പോൾ ഈ മുൻഗണനകളിൽ മാറ്റം വരുന്നത് കാണാം. വിദ്യാഭ്യാസം, നൈപുണ്യം, തൊഴിൽ, ആരോഗ്യം, സാമൂഹ്യ സുരക്ഷ, ലിംഗസൗഹൃദമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം സ്ത്രീ സുരക്ഷക്കും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനും പ്രത്യേക പരിഗണന നൽകിയിരിക്കുന്നത് കാണാം.

ഈ രണ്ടു ബജറ്റുകളെയും താരതമ്യം ചെയ്യുന്നത് ഇവിടെ പ്രസക്തമാണെന്ന് കരുതുന്നു. മുൻവർഷത്തെ ബജറ്റിൽ തൊഴിൽ സൃഷ്ടിക്കുന്നതിനാണ് മുന്തിയ പരിഗണന നൽകിയിരുന്നത്. 2019 -20 ലെ ലേബർ ഫോഴ്സ് സർവെ പരിശോധിച്ചാൽ കേരളത്തിൽ തൊഴിൽ മേഖലയിലെ സ്ത്രീപങ്കാളിത്തത്തിൽ കാര്യമായ വർധന കാണാം. കേരളത്തിൽ ഇത് 26.3 ശതമാനമായിരിക്കുമ്പോൾ ദേശീയ ശരാശരി 22.8 ശതമാനമാണ്. തൊഴിൽ രംഗത്ത് വിദ്യാഭ്യാസം കുറഞ്ഞ, വരുമാനം കുറവുള്ള മേഖലകളിലാണ് സ്ത്രീകളുടെ

***ജെൻഡർ ബജറ്റ് രേഖകൾ വ്യക്തമാക്കുന്നത്, കേരളത്തിൽ തൊഴിൽ രംഗത്തെ വനിതകളുടെ പങ്കാളിത്തം 26.3 ശതമാനമായി ഉയർന്നുവെന്നാണ്. അഖിലേന്ത്യ ശരാശരിയായ 22.8 ശതമാനത്തേക്കാൾ 4 ശതമാനം കൂടുതലാണ് ഇത്. എന്നാൽ കൂലി അല്ലെങ്കിൽ വേതനത്തിന്റെ കാര്യത്തിൽ പ്രകടമായ സ്ത്രീ-പുരുഷ ഭേദം കേരളത്തിലുണ്ടെന്ന് വ്യക്തമാണ്.***

***രാജ്യത്തെ ഏറ്റവും ഉയർന്ന വേതന നിരക്ക് കേരളത്തിലാണെന്ന് നാം അഭിമാനം കൊള്ളാറുണ്ട്. പക്ഷെ വേതനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന ലിംഗഭേദം പരിഹരിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല.***

പങ്കാളിത്തം അധികമെന്ന് കാണാം. കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത എന്നീ കാര്യങ്ങളിലെ ഉയർന്ന നിലയും ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽക്കുള്ള ലിംഗസമത്വത്തിൽ അടിസ്ഥാനമാക്കിയുള്ള ബജറ്റ് സമീപനവും കണക്കിലെടുക്കുമ്പോൾ 26 ശതമാനം വനിതാ പങ്കാളിത്തമെന്നത് വലിയ കാര്യമായി എണ്ണാനാകില്ല. കാരണം കൂലി, വേതനം തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീ-പുരുഷ അസമത്വം ഇവിടെ ശക്തമാണ് എന്നതാണ്. 2021 ലെ സാമ്പത്തിക റിവ്യൂവിന്റെ ഏഴാം അധ്യായം ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. അതിൽ പറയുന്നത് വേതനകാര്യത്തിലെ അസമത്വം, മാസശമ്പളവരുമാനക്കാർക്കിടയിലും പ്രകടമായി കാണാമെന്നാണ്. എന്നാൽ സാധാരണ തൊഴിലാളികൾക്കിടയിലാണ് ഈ വ്യത്യാസം കൂടുതൽ പ്രകടം. മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യത്തിൽ കേരളത്തിലെ സ്ഥിതി മെച്ചമാണെങ്കിലും സ്ത്രീ-പുരുഷ വേർതിരിവ് ഇവിടെയും ശക്തമാണ്. രാജ്യത്ത് ഏറ്റവുമധികം കൂലി ലഭിക്കുന്ന ഒരു സംസ്ഥാനമെന്ന ഖ്യാതി കേരളത്തിനുണ്ടെങ്കിലും മേല്പറഞ്ഞ അസമത്വം പരിഹരിക്കാൻ സംസ്ഥാനത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. ഈ അസമത്വം പരിഹരിക്കുന്നതിന് ഒരു പരിഹാര നിർദേശം ബജറ്റ് മുന്നോട്ട് വയ്ക്കുന്നില്ല.

സംഘടിത തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. എന്നാൽ അസംഘടിത മേഖലയിൽ കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. സ്ത്രീകളുടെ തൊഴിൽ നൈപുണ്യം ഉയർത്തുന്നതിന് വിവിധ പദ്ധതികളുണ്ട്. പക്ഷെ ഇതിനായുള്ള ഏജൻസികളുടെ ബാഹുല്യവും ആസൂത്രണത്തിലെ പാകപ്പിഴകളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ നിസാരമല്ല. വീട്ടിലിരുന്ന് ജോലി ചെയ്യുക എന്നത് കോവിഡ് കാലം നൽകിയ പുതിയ തൊഴിൽ രീതിയാണ്. സ്ത്രീകൾ ഈ സൗകര്യം കാര്യമായി പ്രയോജനപ്പെടുത്തുന്നുണ്ട്. കുടുംബങ്ങളിലെ വീട്ടുജോലിക്കാർ, ആയമാർ, ഹോംനഴ്സ് തുടങ്ങിയ സേവനങ്ങൾ പലതും ഇതുവഴി കുറയ്ക്കാൻ കഴിഞ്ഞതായി കാണാം. വീട്ടിലിരിക്കുന്ന വനിതകൾക്ക് ഒരുതരം അമാനുഷിക പരിവേഷം കല്പിക്കപ്പെടുകയാണ്. പക്ഷെ, കുടുംബത്തിലേക്ക് തുല്യമായ അളവിൽ സംഭാവന നൽകുന്ന വ്യക്തി എന്ന പരിഗണന സ്ത്രീക്ക് ലഭിക്കുന്നില്ല എന്നതാണ് പ്രശ്നം. അസംഘടിത മേഖല

***ദേശീയ പദ്ധതിയായ എം ജി എൻ ആർ ഇ ജി എ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ വ്യക്തമായ നിബന്ധനകൾ ഉള്ള പദ്ധതിയാണ്. ഇത് പക്ഷെ സ്ത്രീകളുടെ സാന്നിധ്യം നൈപുണ്യം ആവശ്യമില്ലാത്ത ചില മേഖലകളിലേക്ക് ചുരുക്കുന്നു. ജോലി സുരക്ഷിതമാണെന്ന കാരണത്താൽ വനിതകൾ തങ്ങളുടെ നൈപുണ്യം ആവശ്യമുള്ള തങ്ങളുടെ പരമ്പരാഗത തൊഴിൽ ഉപേക്ഷിച്ച് ഇതിലേക്ക് ചുവട് മാറുന്നുണ്ട്. ഈ ഒരു പ്രതിസന്ധി പദ്ധതി രേഖകളിലോ, ബജറ്റിലൊ കാര്യമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല.***

യിൽ പലയിടത്തും വനിതകൾക്ക് പുരുഷന്മാരുടെ പകുതി വേതനമാണ് ലഭിക്കുന്നത്. എം ജി എൻ ആർ ഇ ജി എ പദ്ധതിയിൽ കൂടുതൽ തുകയും ചെലവഴിക്കപ്പെടുന്നത് സ്ത്രീകൾ ക്കുള്ള വേതനമായാണ്.

അടിസ്ഥാന കൂലി നിശ്ചയിക്കുന്നതും തുല്യതയും അതുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളും ജെൻഡർ ബജറ്റിന്റെ രീതിശാസ്ത്രത്തിൽ ഒരു പ്രധാന വിഷയമായി ഉയർന്നു വരുന്നില്ല. എം ജി എൻ ആർ ഇ ജി എ ഒരു ദേശീയ പദ്ധതിയാണ്. അതിന്റെതായ ചട്ടക്കൂടും അതിനുണ്ട്. സ്ത്രീകളുടെ പങ്കാളിത്തം തൊഴിൽ നൈപുണ്യം ആവശ്യമില്ലാത്ത മേഖലകളിൽ മാത്രമായി അത് ചുരുക്കുന്നുണ്ട്. എന്നാൽ തൊഴിലും കൂലിയും ഉറപ്പാണ് എന്നത് സ്ത്രീകൾക്ക് തങ്ങളുടെ പരമ്പരാഗത തൊഴിൽ ഉപേക്ഷിക്കുന്നതിന് പ്രേരകമാകുന്നുണ്ട്. എം ജി എൻ ആർ ഇ ജി എയുടെ ഇത്തരം പരിമിതികൾ പദ്ധതി ആസൂത്രണത്തിലോ, ബജറ്റിലോ കാര്യമായി ചർച്ച ചെയ്യപ്പെടുന്നില്ല. സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച അയ്യൻകാളി അർബൻ തൊഴിലുറപ്പ് പദ്ധതിക്കുമുണ്ട് ഇതേ പ്രശ്നങ്ങൾ. ഇവിടെയും തൊഴിൽ തേടുന്നവരിൽ ഭൂരിപക്ഷവും വനിതകളാണ്. ഒരു ഉദാഹരണം ചൂണ്ടക്കാണിച്ചാൽ ലൈഫ് മിഷൻ പദ്ധതിയിൽ നഗരമേഖലയിൽ വീടിന്റെ അടിത്തറ പണിയുന്നതിന് അധികമായി 25000 രൂപ നൽകുന്നുണ്ട്. അർബൻ തൊഴിൽ പദ്ധതിയുടെ ഭാഗമായുള്ള തൊഴിൽ സൃഷ്ടിക്കലാണ് ഇത്. ബജറ്റിൽ തന്നെ ലിംഗ വൈജാത്യം അവസാനിപ്പിക്കുന്നതിൽ ഒരു വൈരുധ്യം പ്രകടമായി കാണാം. ബജറ്റിൽ വ്യക്തമാക്കുന്നത് സ്ത്രീകൾക്ക് പ്രത്യേകമായി ഭവനം എന്നാണ്. വനിതകൾക്ക് കൂടുതൽ ഫണ്ട് എത്തിക്കുന്നതിന്റെ ഭാഗമായാണ് ഇതെന്നുമാണ് വ്യാഖ്യാനം.

കഴിഞ്ഞ ഒരു ദശകത്തിനിടയിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് തൊഴിലാളികളുടെ കുത്തൊഴുക്കാണ്. ഇവരെല്ലാം തന്നെ ഇവിടെ സംഘടിത, അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്നു. സ്ത്രീകളിൽ അധിക പങ്കും വിനോദസഞ്ചാര, ഹോട്ടൽ, വസ്ത്രനിർമ്മാണം, ഭക്ഷ്യസംസ്കരണ മേഖല തുടങ്ങിയ വ്യവസായങ്ങളിൽ ജോലി ചെയ്യുമ്പോൾ പുരുഷന്മാർ നിർമാണ മേഖല, ചെറുകിട ഇടത്തരം വ്യവസായങ്ങൾ, ഇതര തൊഴിലിടങ്ങൾ തുടങ്ങിയ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. ഇത് തദ്ദേശീയരായ തൊഴിലാളികളുടെ പ്രവൃത്തി ദിനങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ട്. അതുകൊണ്ട് സ്ത്രീകൾക്ക് കുറഞ്ഞ കൂലിക്കായാലും ജോലിക്ക് പോകേണ്ട സ്ഥിതിവിശേഷമുണ്ട്. ഇത് കേരളം പോലുള്ള ഒരു സംസ്ഥാനത്തിന്റെ സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കുന്നതിനാൽ കൂടുതൽ പേരെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിലുള്ള ധനപരമായ സമീപനം ആസൂത്രണത്തിൽ അനിവാര്യമാവുകയാണ്.

2022 ലെ ജെൻഡർ ബജറ്റിൽ സ്ത്രീസുരക്ഷക്കാണ് മുന്തിയ പരിഗണന നൽകിയിരിക്കുന്നത്. പുരുഷ കേന്ദ്രീകരിതമായ സാമൂഹ്യവ്യവസ്ഥയിൽ വനിതകളുടെ സുരക്ഷക്കായി നിരവധി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു. 'പിങ്ക് പോലീസ്' പദ്ധതി നല്ലൊരു ഉദാഹരണമാണ്. കഴിഞ്ഞ വർഷത്തിൽ സംസ്ഥാനത്ത് സ്ത്രീകൾക്കെ

***ജെൻഡർ ബജറ്റ് സംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നത് സ്ത്രീകൾക്കായുള്ള പൊതുചെലവുകൾ മിക്കപ്പോഴും സുരക്ഷാ പദ്ധതികളിലും ക്ഷേമ പദ്ധതികളിലുമായി ചുരുങ്ങി പോകുന്നു എന്നാണ്. ധനപരമായ വിനിയോഗത്തിലെ പുരുഷ കേന്ദ്രീകൃതമായ സമീപനമാണ് ഇത് വ്യക്തമാക്കുന്നത്.***

തിരായ അതിക്രമങ്ങൾ വർധിക്കുകയും സ്ത്രീധന മരണങ്ങൾ കൂടുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ പൊതുസമൂഹത്തിൽ ശക്തമായ പ്രതിഷേധം ഉയർന്നിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ ധനകാര്യ സമീപനങ്ങളുടെ കേന്ദ്രബിന്ദുവാകണമെന്നിരിക്കെ ബജറ്റ് ഇതിന് നേർവിപരീതമാണ് എന്ന് കാണാൻ കഴിയും. പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗം സ്ത്രീകൾക്കുള്ള ഫണ്ടിൽ നല്ലൊരു ഭാഗം പോയിരിക്കുന്നത് അവരുടെ വിവാഹ ധനസഹായമായാണ് (ഏകദേശം 8 ശതമാനം).

ജെൻഡർ ബജറ്റിംഗിനെ കുറിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത് ഇതിനായി പൊതുഫണ്ട് ചെലവഴിക്കപ്പെടുന്നതിൽ അധിക പങ്കും പോകുന്നത് സുരക്ഷക്കും ക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് എന്നതാണ്. ധനപരമായ സമീപനങ്ങളുടെ പുരുഷ കേന്ദ്രീകൃതമായ അവസ്ഥ ഇത് വ്യക്തമാക്കുന്നുണ്ട്. പൊതുഇടങ്ങളിലും കുടുംബങ്ങളിലും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിക്കുന്നതിന് ഇത് ഒരു കാരണമാകുന്നുണ്ട്. ഇത്തരത്തിലുള്ള വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ജെൻഡർ ബജറ്റിന്റെ ഭാഗമായി വരേണ്ടത്. ഇടത്തരം ടൗണുകളിൽ സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ അടക്കമുള്ള കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി വരേണ്ടത്. ഭൂമിക, നിർഭയ, എന്റെ കൂട് തുടങ്ങി നിരവധി പദ്ധതികൾ ഇതിന്റെ ഭാഗമായി ഉണ്ട്. എന്നാൽ അതിക്രമങ്ങളെ തടയുന്നതിൽ ഇത്തരം പദ്ധതികൾ എത്ര മാത്രം ഫലപ്രദമാണ് എന്നതാണ് കാതലായ വിഷയം.

പൊതുബജറ്റിന്റെ രണ്ടാം ഭാഗത്ത് വൈജ്ഞാനിക സമ്പദ്ഘടനയായി സംസ്ഥാനത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരു നോളജ് മിഷൻ രൂപീകരിച്ച തായി പറയുന്നുണ്ട്. അടുത്ത അഞ്ചു വർഷം കൊണ്ട് ഈ മേഖലയിൽ 20 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി നൈപുണ്യ വികസനത്തിന് അടിസ്ഥാന സൗകര്യമൊരുക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതേപ്പറ്റി ജെൻഡർ ബജറ്റിൽ ഒന്നും പ്രതിപാദിക്കുന്നില്ല. ഈയിടെയായി ഉയർന്നുവന്ന രണ്ട് പ്രധാന കാര്യങ്ങളാണ്, വീട്ടിലിരുന്ന് ജോലി ചെയുക, വീടിനടുത്ത് ജോലി ചെയ്യുക എന്നത്. ഇത് പ്രധാനമായും വിദ്യാസമ്പന്നരായ വീട്ടമ്മമാരെയാണ് ലക്ഷ്യം വയ്ക്കുന്നതെന്നാണ് ബജറ്റ് പറയുന്നത്. കേൾക്കുമ്പോൾ ഇത് വനിതകളുടെ തൊഴിലില്ലായ്മക്ക് ഉത്തരം നൽകുന്നു എന്ന് തോന്നാമെങ്കിലും ഒരു വിധത്തിൽ ഇത് സ്ത്രീകളുടെ കുടുംബപരമായ ഉത്തരവാദിത്വം കൂട്ടുന്നതിനുള്ള വഴിയും തുറക്കുന്നുണ്ട് എന്നതാണ് വസ്തുത.

***വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പക്ഷെ ഇത്തരം പദ്ധതികളൊന്നും ജെൻഡർ ബജറ്റുമായി സമന്വയിച്ച് പോകുന്നില്ല എന്ന പ്രശ്നമുണ്ട്. 'വീട്ടിലിരുന്ന് ജോലി ചെയ്യുക', 'വീടിന് സമീപം ജോലി ചെയ്യുക' എന്നത് ഇക്കാര്യത്തിലെ ഒരു പുതിയ സമീപനമാണ്. വിദ്യാസമ്പന്നരായ വീട്ടമ്മമാരെയാണ് ബജറ്റ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നല്ലൊരു ഉപാധിയായി ഇതിനെ കാണാമെങ്കിലും വീട്ടമ്മയുടെ റോളിനെ ചുറ്റിപ്പറ്റിയാണ് ഇതും നിലകൊള്ളുന്നത്. വീട്ടിലിരുന്നോ, വീടിനടുത്തോ ജോലി ചെയ്യുക വഴി വീടിന്റെ ഉത്തരവാദിത്വം എന്ന അധികച്ചുമതല കൂടി ഇവിടെ കടന്നു വരുന്നു.***

നൈപുണ്യ വികസനം ഒരു പ്രത്യേക മുൻഗണനമേഖലയായി ഈ ബജറ്റ് ചർച്ച ചെയ്യുന്നുണ്ട്. സ്റ്റാർട്ട് അപ് മിഷൻ, നൈപുണ്യ വികസനം, സൂക്ഷ്മ സംരംഭങ്ങൾ, സൂക്ഷ്മസംരംഭങ്ങളെ ചെറുകിട, ഇടത്തരം സംരംഭങ്ങളാക്കി മാറ്റൽ തുടങ്ങിയ നിരവധി കാര്യങ്ങൾ ബജറ്റിന്റെ രണ്ടാം ഭാഗത്ത് പറയുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും നൈപുണ്യ വികസനത്തിനുള്ള നിരവധി സംരംഭങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ ശേഷി എത്രയാണ് എന്ന തടക്കമുള്ള കാര്യങ്ങൾ ചോദ്യ ചിഹ്നമായി അവശേഷിക്കുകയാണ്. പൊതുബജറ്റിൽ ഉയർന്നിട്ടുള്ള ഇത്തരം ആശങ്കകൾ പക്ഷെ ജെൻഡർ ബജറ്റിൽ പ്രകടമാകുന്നില്ല. സംസ്ഥാനത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ ഘടനക്കും സാംസ്കാരിക തലത്തിനും ഇണങ്ങുന്ന തരത്തിലുള്ള കേന്ദ്രങ്ങൾ ഉടലെടുക്കേണ്ടതുണ്ട്. ഒപ്പം വനിതകൾക്ക് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപെടുന്നതിനുള്ള പ്രത്യേകമായ സൗകര്യങ്ങൾ ഉണ്ടാവുകയും വേണം. കേന്ദ്ര ബജറ്റിൽ പ്ലാൻ എ 100 ശതമാനവും ലിംഗ കേന്ദ്രീകൃതമാകുമ്പോൾ കേരളത്തിൽ അതിൽ വെള്ളം ചേർക്കപെടുന്നത് വകയിരുത്തലിനെ ബാധിക്കുന്ന സ്ഥിതിയുണ്ടാക്കിയിട്ടുണ്ട്. കുടുംബശ്രീ, എൻ ആർ എൽ എം, എൻ യു എൽ എം, ഐ സി ഡി എസ് തുടങ്ങിയ നിലവിലെ പ്രമുഖ പദ്ധതികൾ ഇത്തരത്തിലുള്ള ചട്ടക്കൂടിന് അകത്തുള്ളവയാണ്.

ക്ഷേമകേന്ദ്രീകൃതമായ ചില പദ്ധതികൾ ലിംഗനീതിയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ സാദ്ധ്യതകൾ കുറയ്ക്കുന്നുണ്ടെന്ന് കാണാം. എന്നാൽ വിവിധ വകുപ്പുകളുടെ പദ്ധതികൾ തമ്മിലുള്ള ഏകീകരണം വഴിയായി ദീർഘകാലാടിസ്ഥാനത്തിലുള്ള പരിപാടികളിൽ കാതലായ മാറ്റം വരുത്താൻ കഴിയും. ഉദാഹരണത്തിന് കൃഷിയുടെ കാര്യമെടുക്കാം, ശാസ്ത്രം, ഗണിതശാസ്ത്രം, എൻജിനീയറിംഗ്, വിവര സാങ്കേതിക വിദ്യ, കലയും സംസ്കാരവും തുടങ്ങിയ രംഗങ്ങളിലും ഇത് പ്രാവർത്തികമാക്കാൻ കഴിയുന്നു. വിദ്യാസമ്പന്നരായ സ്ത്രീകൾ കൂടുതലായുള്ള ഒരു സംസ്ഥാനം എന്ന നിലയിൽ ലിംഗപരമായ വ്യത്യാസത്തിൽ ഊന്നിയുള്ള പദ്ധതികൾ സ്ത്രീകളുടെ നൈപുണ്യം വർധിപ്പിക്കുന്നതിന് ഏറെ സഹായകമാണ്. എന്നാൽ പ്ലാൻ ബിയിലെ വിഹിതം വിശാലാടിസ്ഥാനത്തിലുള്ള പരിഗണനകൾ വച്ച് നോക്കുമ്പോൾ പരിമിതമാണ്.

കഴിഞ്ഞ ബജറ്റിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മുന്നോട്ട് വച്ച ഒരു നിർദേശമാണ് 'കെയർ ഇക്കോണമി'. പുതിയ ബജറ്റിൽ പക്ഷെ അതിനെ കുറിച്ച് പരാമർശിക്കുന്നില്ല. ആസൂത്രണ രംഗത്ത് വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ പ്രാമുഖ്യം നേടുമ്പോൾ ഒപ്പം പ്രാധാന്യമുള്ള ഒന്നാണ് കെയർ. അതുകൊണ്ട് ഇതിന് കാര്യമായ പ്രാധാന്യമുണ്ട്. കേരളത്തിൽ നഴ്സുമാർ, എ എൻ എം, പാരാമെഡിക്കൽ ജോലിക്കാർ തുടങ്ങി ഇത്തരം സേവനദാതാക്കളുടെ എണ്ണം കാര്യമായി ഉയരുന്നതിനാൽ ഈ മേഖലയുടെ വികസനം വനിതകളുടെ തൊഴിൽ സാധ്യതകൾക്ക് ഉത്തേജനം

***കേരളത്തിന്റെ സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ പരിസരത്തിന് അനുഗുണമാകുന്ന പ്രത്യേകമായ പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. സ്ത്രീകളെ അവർ പ്രവർത്തിക്കുന്ന മേഖലകളിൽ കൂടുതൽ നൈപുണ്യമുള്ളവരാക്കി മാറ്റുക എന്നതും പ്രാധാന്യമുള്ള കാര്യമാണ്.***

***സ്ത്രീകൾക്കിടയിൽ ഉയർന്ന സാക്ഷരതയുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് വിദ്യാസമ്പന്നരായ സ്ത്രീകളെ കൂടുതൽ നൈപുണ്യമുള്ള വരാക്കി മാറ്റുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.***

പകരുന്നതാണ്. കേരളം വയോധികരുടെ ഒരു നാടായി മാറുന്ന സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് മധ്യവർഗ കുടുംബങ്ങളിൽ പ്രായമായവരെ സംരക്ഷിക്കുന്നതടക്കമുള്ള തൊഴിൽ മേഖലകളിൽ വലിയ സാദ്ധ്യതകൾ ഉയർന്നു വരുന്നുണ്ട്. ഇവിടെയും നൈപുണ്യവും സാമൂഹ്യ, സാംസ്കാരിക വ്യവസ്ഥയും തമ്മിലുള്ള ബന്ധങ്ങളിലാണ് ആശങ്കകൾ ഉയരുന്നത്. നോളജ് ഇക്കോണമി മിഷൻ വീടിന് തൊട്ടടുത്ത തൊഴിൽ സാദ്ധ്യതകൾ ഉയർത്തുന്നതിനെ കുറിച്ചാണ് കാര്യമായി പറയുന്നത്. എന്നാൽ ഈ ആശയത്തെ കേരള സമൂഹവുമായും തൊഴിലിന്റെ അന്തസ്, മികച്ച ജോലി സാഹചര്യം തുടങ്ങിയ ഘടകങ്ങളുമായി കൂട്ടിയിണക്കുക എന്നതാണ് നിർണ്ണായകമായി വരുന്നത്.

പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾക്കായുള്ള പദ്ധതികളുടെയും പരിപാടികളുടെയും കാര്യത്തിലാണ് ജെൻഡർ ബജറ്റ് മറ്റൊരു ആശങ്ക ഉയർത്തുന്നത്. ഇത്തരം വിഭാഗങ്ങളിലെ വനിതകൾക്കുവേണ്ടി പ്രത്യേകമായ വകയിരുത്തലും ജെൻഡർ ബജറ്റിലില്ല. നിലവിലുള്ള പദ്ധതികളെ കുറിച്ച് മാത്രമാണ് പരാമർശമുള്ളത്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ വിവാഹ സഹായമാണ് ഇതിൽ മുന്നിൽ നിൽക്കുന്നത്. കോവിഡ് മഹാമാരി ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ ജീവിതത്തിൽ വലിയ വിഘാതമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ വിഭാഗങ്ങൾക്കിടയിൽ ഉണ്ടാകുന്ന അക്രമ സംഭവങ്ങൾ പോലും പൊതുസമൂഹത്തിൽ നിന്ന് വ്യത്യസ്തമാണെന്ന് കാണാൻ കഴിയും. ആദിവാസി മേഖലകളിൽ സ്ത്രീകൾ പൊതുവെ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കുറവാണ്. ഇത്തരം സാങ്കേതിക വിദ്യകൾ അവർക്ക് അന്യമാണ്. അതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നത് എന്നത് വളരെ പ്രാധാന്യമേറിയ കാര്യമാണ്. ദാരിദ്ര്യം, ഭക്ഷണത്തിന്റെ കുറവുകൾ, പുറത്ത് പോയി ജോലി ചെയ്യുന്നവർക്ക് കുട്ടികളെ പാർപ്പിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്ത തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ആദിവാസി സ്ത്രീകൾ നേരിടുന്നുണ്ട്. അവരുടെ കാർഷിക രംഗത്തെ പ്രശ്നങ്ങൾ വനവുമായി ഇഴുകിച്ചേർന്ന് കിടക്കുന്നതുമാണ്.

അതുകൊണ്ട് ഇത്തരം ആശങ്കകൾ എങ്ങനെ പരിഹരിക്കും എന്നത് മുഖ്യ പരിഗണന അർഹിക്കുന്ന ഒരു കാര്യമാണ്. പാർശ്വവൽകരിക്കപ്പെട്ട സമൂഹങ്ങൾക്കായുള്ള വകയിരുത്തൽ തന്നെ അതിസങ്കീർണ്ണമായ ഒരു കാര്യമാണ്. ജീവിത മാർഗം നഷ്ടമായ സ്ത്രീകൾക്ക് പരിഹാരം നൽകുന്ന പ്രത്യേക പദ്ധതികളില്ല. ഇവർ പലപ്പോഴും മുഖ്യധാരാ സമൂഹത്തിൽ നിന്ന് പിന്തള്ളപ്പെടുകയും ചെയ്യുന്നുണ്ട്. വീട്ടുജോലി അടക്കമുള്ള അസംഘടിത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ പ്രശ്നങ്ങളുമായി ജെൻഡർ ബജറ്റ് സംവദിക്കുന്നില്ല എന്ന പ്രശ്നവും അവശേഷി

***വിവരങ്ങളുടെ ലഭ്യതയിലെ പരിമിതിയും മറ്റും ബജറ്റിനെ സമഗ്രമാക്കുന്നതിലെ പ്രധാന വെല്ലുവിളികളാണ്.***

***സ്ത്രീകളുടെ സുരക്ഷ എന്ന കാര്യം പരിഗണിക്കുമ്പോൾ വനിതാ വികസന കോർപ്പറേഷൻ, വനിതാ കമ്മീഷൻ, ജെൻഡർ പാർക്ക് മുതലായ ഏതാനും സ്ഥാപനങ്ങൾക്കാണ് അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ അധിക പങ്കും പോകുന്നത്.***

ക്കുന്നുണ്ട്. കഴിഞ്ഞ ബജറ്റിൽ വീട്ടു ജോലികൾ ചെയ്യുന്നവർ ക്കായി അഞ്ചു കോടി രൂപ നീക്കിവച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ഉണ്ടായില്ലെന്ന് മാത്രമല്ല, കൂടുതലായി തുക അനുവദിച്ചതുമില്ല. വിവരങ്ങളുടെ അപര്യാപ്തത ഒരു സമഗ്ര ബജറ്റിന്റെ രൂപരേഖയെ തകിടം മറിക്കുന്നു. മൗലിക പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ ബജറ്റിൽ ചൂണ്ടികാണിക്കപ്പെടുന്നില്ല. സംസ്ഥാനത്തിന്റെ നയപരമായ ചർച്ചകളിൽ ഭൂരിപക്ഷം വരുന്ന സാധാരണ തൊഴിലാളികൾ പ്രതിനിധീകരി ക്കപ്പെടുന്നില്ല എന്നത് കാതലായ പ്രശ്നമാണ്. വീട്ടുജോലിക്കാരായ സ്ത്രീകൾ ഇതിന് നല്ല ഉദാഹരണമാണ്. ഇതിൽ മഹാഭൂരിപക്ഷവും വളരെ മോശം തൊഴിൽ സാഹചര്യങ്ങളിലാണ് ജോലി നിർവഹിക്കുന്നത്.

സ്ത്രീകളുടെ സാമൂഹ്യ സുരക്ഷയാണ് മറ്റൊരു ഗൗരവതരമായ പ്രശ്നം. ഈ തലക്കെട്ടിന് കീഴിൽ നിരവധി പദ്ധതികൾ പ്ലാൻ എ, ബി എന്നിവയിൽ നമുക്ക് കാണാം.

സാമൂഹ്യ സുരക്ഷക്കായുള്ള പദ്ധതികൾ നോക്കിയാൽ വനിതാ വികസന കോർപ്പറേഷൻ, വനിതാ കമ്മീഷൻ, ജെൻഡർ പാർക്ക് തുടങ്ങിയ സ്ഥാപനങ്ങൾ കാണാം. ഇത്തരം സ്ഥാപനങ്ങൾക്കായാണ് അധിക പങ്ക് ഫണ്ടും വിനിയോഗിക്കപ്പെടുന്നത്. ലിംഗസമത്വത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന സ്കീമുകൾ, വിവിധ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പരിശീലന പരിപാടികൾ തുടങ്ങിയവയാണ് പിന്നീട് വരുന്നത്. ജെൻഡർ ബജറ്റിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ സുരക്ഷയെ നാം എങ്ങനെ വിലയിരുത്തുന്നു എന്നതാണ് കാതലായ വിഷയം. 2021 ലെ എൽ ഡി എഫിന്റെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വീട്ടമ്മമാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇത് ഇതുവരെ നടപ്പായിട്ടില്ലെങ്കിലും വീട്ടമ്മമാർ എന്ന സ്വത്വത്തെ ഇത് അംഗീകരിക്കുന്നു എന്നതാണ് അതിന്റെ പ്രാധാന്യം. എന്നാൽ കിടപ്പുരോഗികളെ പരിചരിക്കുന്നവരുടെ കാര്യമെടുത്താൽ രോഗികൾക്കൊപ്പം തങ്ങളുടെ ജീവിതത്തിന്റെ നല്ല ഭാഗം ചെലവഴിക്കുന്ന സ്ത്രീകൾക്ക് കേവലം 600 രൂപ മാത്രമാണ് കൂലിയായി ലഭിക്കുന്നത്.

ഭൂരിപക്ഷം സ്ത്രീത്തൊഴിലാളികൾക്കും രോഗമോ മറ്റു പ്രശ്നങ്ങളോ ഉണ്ടായാൽ അവർക്ക് അന്നത്തെ കൂലി നഷ്ടമാകുന്നു. കോവിഡ് പോലുള്ള പ്രതിസന്ധികൾ ഇത് കൂടുതൽ രൂക്ഷമാക്കുന്നുണ്ട്. രോഗാവസ്ഥയിലോ മറ്റു പ്രശ്നങ്ങളിലോഒരു വിധത്തിലുള്ള സാമ്പത്തിക പിന്തുണയും ഇവർക്ക് ലഭ്യമാകുന്നില്ല. പെൻഷൻ പോലുള്ള പരിമിതമായ സാമൂഹ്യസുരക്ഷയാണ് ഇവർക്ക് ലഭ്യമാക്കുന്നത്. കഴിഞ്ഞ ബജറ്റിൽ

***എൽ ഡി എഫിന്റെ 2021 ലെ തിരഞ്ഞെടുപ്പ് പ്രകടന പത്രിക വീട്ടമ്മമാർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി മുന്നോട്ട് വച്ചിട്ടുണ്ട്. അത് ഇതുവരെ പ്രയോഗികമായിട്ടില്ലെങ്കിലും വീട്ടമ്മമാരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നു എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്.***

***കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ വീടുകളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചതായി കാണാം. സാമ്പത്തിക സമ്മർദ്ദം, മറ്റു രീതിയിലുള്ള കുടുംബ പ്രശ്നങ്ങൾ അടക്കമുള്ള കാര്യങ്ങൾ ഇക്കാലയളവിൽ സ്ത്രീകൾക്ക് നേരിടേണ്ടതായി വന്നിട്ടുണ്ട്.***

വിപുലമായ ഒരു കോവിഡ് പാക്കേജ് അവതരിപ്പിച്ചിരുന്നു. എന്നാൽ സ്ത്രീകൾക്ക് പ്രത്യേകമായി ഒരു ആനുകൂല്യവും ഇതിന്റെ ഭാഗമായി നൽകിയിട്ടില്ല. വനിതകളെ സാധാരണ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നതിന് പുതിയ ബജറ്റിലും കാര്യമായ നിർദേശങ്ങളില്ല. ഗുലാത്തി ഇൻസ്റ്റിട്യൂട്ട് നടത്തിയ പഠനത്തിൽ കേരളത്തിന് തൊഴിൽ രംഗത്തും വരുമാനത്തിന്റെ മേഖലയിലും കോവിഡ് പ്രതിസന്ധി മൂലം കാര്യമായ നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഇവിടെ സർക്കാരിന്റെ ശക്തമായ സാമ്പത്തിക പിന്തുണ ആവശ്യമാണെന്ന് പഠനം വ്യക്തമാക്കുന്നുണ്ട് (ഗിഫ്റ്റ് -2020). കോവിഡ് ഘട്ടത്തിൽ സ്ത്രീകൾക്കെതിരായ ഗാർഹിക പീഡനങ്ങൾ വർധിച്ചിട്ടുണ്ട്. ഇതിന് പുറമെ സാമ്പത്തിക സമ്മർദ്ദവും വീടുകളിലെ മറ്റു പ്രശ്നങ്ങളും സ്ത്രീകളുടെ ഉറക്കം കെടുത്തുന്നു. വീട്ടമ്മമാർ നേരിടുന്ന പ്രശ്നങ്ങൾ കോവിഡ് സമയത്ത് അതിന്റെ ഉച്ചസ്ഥായിയിലായിരുന്നു. എന്നാൽ ഇത്തരം പഠനങ്ങളിൽ ലഭ്യമാകുന്ന കാര്യങ്ങൾ ബജറ്റിൽ കാര്യമായി പ്രതിഫലിച്ചിട്ടില്ല.

ജെൻഡർ ബജറ്റിനെ വിശാലമായ സാമൂഹ്യ, സാമ്പത്തിക വീക്ഷണത്തിലൂടെയും മാക്രോ ഇക്കണോമിക് സാഹചര്യങ്ങളിലൂടെയും നോക്കി കാണുന്നതിനുള്ള ശ്രമമാണ് ഈ ലേഖനത്തിലൂടെ നടത്തിയത്. ഇത് ബജറ്റിനെ കുറിച്ചുള്ള സമഗ്രമായ ഒരു അവലോകനമല്ല. പൊതുബജറ്റിന്റെയും ജെൻഡർ ബജറ്റിന്റെയും പൊതുവായ ചില പ്രശ്നങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. ചക്രവർത്തി (2016) ചൂണ്ടിക്കാണിക്കുന്നത് പോലെ അതിദ്രുതമുള്ള സാമ്പത്തിക വളർച്ചക്ക് അടിസ്ഥാനമായ മാക്രോ ഇക്കണോമിക് നയങ്ങളുടെ സാമൂഹ്യ വശത്തിലേക്ക് കടക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. പൊതുചെലവഴിക്കലിന്റെ കാര്യം വരുമ്പോൾ നയ രൂപീകരണ കർത്താക്കളും വിദഗ്ധരും ലിംഗപരമായി എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുക എന്ന സമീപനത്തിലേക്ക് മാറേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ അനുഭവസമ്പന്നരയ ആളുകളുമായുള്ള ആശയവിനിമയം സമഗ്രമായ നയരൂപീകരണത്തിന് ആവശ്യമാണ്. പൊതുമേഖലയിലായാലും സ്വകാര്യ മേഖലയിലായാലും ദീർഘ കാലാടിസ്ഥാനത്തിലുള്ള ലക്ഷ്യഭേദിയായ പദ്ധതികൾ ലിംഗസമത്വത്തിന്റെ കാര്യത്തിൽ ഏറെ പ്രാധാന്യമുള്ള ഒന്നാണ്.

■

(എസ് ഇ ഡബ്ല്യു എയുടെ ജനറൽ സെക്രട്ടറിയാണ് ലേഖിക)

***പുതിയ ചില നീക്കങ്ങൾ സ്വാഗതാർഹമാണ്. എന്നാൽ പരിചയസമ്പന്നരായ വ്യക്തികളുമായി ആഴത്തിലുള്ള ചർച്ചകൾ ഇനിയും ആവശ്യമാണ്. സമഗ്രമായ നയസമീപനങ്ങൾ സ്വീകരിക്കുന്നതിന് ഇത് സഹായകമാണ്.***

End Notes

1. *Gender Mainstreaming is the common mechanism to address gender biases and include gender issues in the development process. Many countries have adopted this mechanism following the common Platform for Action as part of the Beijing process from 1995 onwards. The process of including gender in states policies widely accept this trend as it is not challenging the structural dominations of patriarchy.*
2. *Caroline Moser(1998) introduced the theory strategic needs and practical needs to address in the gender planning process in development process. While strategic gender need address the long term*
3. *Pulikamath has discussed this aspect in detail in his article on analyzing Gender Budget in Kerala in an article published in Mathrubhoomi on 16th March,2022. In this article he clearly mentions that while we take plan and non-plan funds together only 2.68 per cent is allocated for Gender Budget.*

   *https://www.mathrubhumi.com/in-depth/analysis/kerala-budget-2022-gender-budgeting-analysis-1.7349035*
4. *Periodic Labour Force Survey 2018-19 shows an increase in female workforce participation rate in Kerala to 20.4 percent.*
5. *These have been the experiences in approaches by central and state governments who have adopted Gender Budget policies.*
6. *This housewivization concept is important to discuss. The division of labour debates and the process by which women got confined to domestic responsibilities are old but relevant discussions in feminist theory. This concept discusses how capitalism exploits women using the work and family balance in their capital accumulation strategy (Mies,1986, Dalla Costa, James,1972).*
7. *Gender Budget in India funds for women (such as the Mid-Day Meal scheme). Since its initiation, the gender budget has increasingly been dominated by Part B funds for women (such as the Mid-Day Meal scheme). Since its initiation, the gender budget has increasingly been dominated by Part B.*
8. *Aswasakiranam- This program is an assistance to care givers (largely women) for which 4250 crores for women is allocated. Monthly assistance of 600? to the caregivers of bedridden patients at home, including physically and intellectually disabled persons and old aged persons (Gender Budget document,2022-23)*
9. *According to the calculation in the GIFT study it was estimated that a sum of Rs 13,641 Crore will be required to support a significantly large number of own-account enterprises and workers employed in establishments, all engaged in manufacturing, trade and other services. The support for the primary will exceed this amount.*

## References

1. Chakraborty, Lekha (2013). *A Case Study of Gender Responsive Budgeting in India*, Commonwealth Secretariat, 2013.
2. Chakraborty, Lekha (2016). *Gender Budgeting as a Mechanism Design, National Institute of Public Finance and Policy, https://www.nipfp.org.in/blog/2016/12/06/gender-budgeting-mechanism-design/.*
3. Economic Review (2021). *State Planning Board,* Thiruvananthapuram, Kerala, India
4. Gender Budget (2021-22). *Part A and Part B & Child Budget 2022-23 Plan Schemes,* Finance Department, Government of Kerala.

5. Gender Budget (2022-23). *Part A and Part B & Child Budget 2022-23 Plan Schemes* Finance Department, Government of Kerala.

6. GIFT (Gulati Institute of Finance and taxation) (2020). *Economic and Fiscal shock of COVID-19 on Kerala-Socio Economic Response and Macroeconomic Recovery,* Submitted to Finance Department, Government of Kerala.

7. Government of Kerala (2021). *Budget speech 2021-22* By Dr. T. M. Thomas Issac, Finance Minister on 15th January 2021.

8. Government of Kerala (2021). *Revised Budget Speech 2021-2022* By K N Balagopal Finance Minister on 4th June 2021.

9. Nishanti, P.U (2020). *Reflections of Gender Budget Initiatives in the Budgetary Allocations of Developed State in India:* Kerala; Asian Review of Social Sciences ISSN: 2249-6319 Vol. 9 No.1, pp. 48-54 © The Research Publication, www.trp.org.in.

10. Pulikkamath, Ashraf (2020). *Quick Review of Gender Budgeting in Kerala:* Priorities and Shortcomings at a Glance, Internship Report (Draft) submitted to the State Planning Board.

11. Pulikkamath, Ashraf (2022). *Neekki vachathu verum 2.68% thuka, gender budget 2022 enthukondu ashavahamalla (Only 2.68% of the total budget is allocated; why gender budget is not hopeful? https://www.mathrubhumi.com/in-depth/analysis/kerala-budget-2022-gender-budgeting-analysis*.

12. Shafeek, A (2020). *'A Comparative Analysis of Gender Budgeting in Kerala and Karnataka (2017-20)'* Internship Report submitted to Fiscal Policy Report, Government of Karnataka.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

# കാർഷിക മേഖലയെ ചേർത്ത് പിടിക്കുന്ന സംസ്ഥാന ബജറ്റ്

ആർ. രാമകുമാർ

2022 –23 സാമ്പത്തിക വർഷത്തെ ബജറ്റിനെ കുറിച്ചുള്ള ചർച്ച തുടങ്ങേണ്ടത് സംസ്ഥാനത്തെ കാർഷിക മേഖലയിൽ നിന്നാണ്. കഴിഞ്ഞ ഒരു ദശകത്തിനിടയിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിന്റെ കാർഷിക, അനുബന്ധ മേഖലകളുടെ വാർഷിക വളർച്ചാ നിരക്ക് –2.2 ശതമാനമാണ്. കാർഷിക വിളകളുടെ കാര്യം മാത്രമെടുത്താൽ ഇത് –3.6 ശതമാനമാണ്. അതായത്, കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ കാർഷിക മേഖലയിൽ സംഭവിച്ച നഷ്ടം 8000 കോടി രൂപയ്ക്കും 10000 കോടി രൂപക്കുമിടയിലാണ്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസിന്റെ (സി എസ് ഒ) കണക്കുകൾ പ്രകാരമാണിത്. ദേശീയ സാമ്പിൾ സർവെ പോലുള്ള സംഘടനകൾ നടത്തിയ കുടുംബ സർവെ അനുസരിച്ച് കർഷക കുടുംബങ്ങളുടെ പ്രതിമാസ വരുമാനം കാര്യമായ തോതിൽ ഇടിയുന്ന സ്ഥിതിയുണ്ട്.

സംസ്ഥാനത്തെ കാർഷിക മേഖലയിൽ പ്രകടമാകുന്ന പ്രതിസന്ധിയുടെ ആഴമാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ പലപ്പോഴും കാർഷിക മേഖലയിലെ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇത്തരം പ്രതിസന്ധികൾ കാര്യമായി പരിഗണിക്കാറില്ല. തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്ന ഒരു മേഖല എന്ന നിലയിലാണ് അതിനെ വീക്ഷിക്കാറ്. കാർഷിക രംഗത്തെ പ്രതിസന്ധി ഒരു യാഥാർഥ്യമാണ്. ഇതിന് മൂന്ന് തലങ്ങളുണ്ട്.

1. ഘടനാപരമായ പ്രശ്നങ്ങളാണ് ഒന്നാമതായി വരുന്നത്. നമ്മുടെ കാർഷിക മേഖലയിൽ ശരാശരി ഭൂവിസ്തൃതി കുറവാണ്. അതുകൊണ്ട് വൻതോതിൽ ഉത്പാദനം നടത്തുമ്പോൾ ലഭിക്കുന്ന നേട്ടങ്ങൾ കർഷകർക്ക് ലഭിക്കുന്നില്ല. വിപണികളിൽ വിലപേശലിനുള്ള അവസരവും ഇത് പരിമിതമാക്കുന്നു. ഇത് മൂലം ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള സാധ്യതയും കുറയുന്നു.

2. സാങ്കേതികമായ പ്രശ്നങ്ങളാണ് അടുത്തത്. ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്ന കാര്യത്തിൽ കർഷകർക്ക് മുന്നിൽ പ്രതിബന്ധങ്ങളുണ്ട്. ഒരു ഉദാഹരണമെടുത്താൽ, ഒരു ഹെക്ടറിൽ ഏറ്റവും കുറവ് രാസവളങ്ങൾ ഉപയോഗിക്കുന്നത് കേരളത്തിലാണ്. പത്ത് വർഷം മുൻപ് ഹെക്ടറൊന്നിന് 106 കിലോഗ്രാം എൻ പി കെ വളങ്ങളാണ് സംസ്ഥാനത്ത് ഉപയോ

***കഴിഞ്ഞ ഒരു ദശകക്കാലത്തിനിടയിൽ കേരളത്തിലെ കാർഷിക മേഖലക്കുണ്ടായ നഷ്ടം 8000 മുതൽ 10,000 കോടി രൂപ വരെയാണ്.***

***ഘടനാപരവും സാങ്കേതികവും സാമൂഹ്യവും സാമ്പത്തികവുമായ നിരവധി കാരണങ്ങളാൽ കേരളത്തിലെ കാർഷിക മേഖല പ്രതിസന്ധിയിലാണ്.***

ഗിച്ചിരുന്നതെങ്കിൽ ഇന്ന് അത് 36 കിലോഗ്രാം മാത്രമാണ്.

3. സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങളാണ് മൂന്നാമത്തേത്. ആരാണ് ഒരു കർഷകൻ എന്നത് നിർവചിക്കുക പോലും കേരളത്തിൽ പ്രയാസമേറിയ കാര്യമാണ്. പൂർണമായും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുകയും തന്റെ ജോലി സമയത്തിന്റെ സിംഹഭാഗവും കാർഷിക ജോലികൾക്കായി നീക്കിവയ്ക്കുകയും ചെയ്യുന്ന രീതി കേരളത്തിൽ പ്രകടമല്ല. പാർട്ട് ടൈം കർഷകരാണ് കേരളത്തിൽ കൂടുതലും എന്ന് പറയാം. ഈ ഒരു പ്രത്യേകത കേരളത്തിലെ കാർഷിക മേഖലയിലെ സ്വകാര്യ നിക്ഷേപത്തെ എങ്ങനെ ബാധിച്ചു എന്ന കാര്യം ഇനിയും കാര്യമായ പരിശോധനക്ക് വിധേയമായിട്ടില്ല.

ചുരുക്കത്തിൽ, കേരളത്തിലെ കാർഷിക രംഗം ഘടനാപരവും സാങ്കേതികവും സാമൂഹ്യവും സാമ്പത്തികവുമായ പ്രതിസന്ധികൾ നേരിടുന്നുണ്ടെന്ന് കാണാം. ഈ പ്രതിസന്ധിയുടെ ആഴവും പരപ്പും എത്രത്തോളമാണ് എന്നതാണ് കാതലായ ചോദ്യം. മുഖ്യപ്രശ്നങ്ങൾ നമുക്ക് പരിശോധിക്കാം.

ഒന്ന്, പല വിളകളുടെയും കാര്യത്തിൽ ഏറ്റവും കുറവ് ഉല്പാദനക്ഷമതയുള്ളത് കേരളത്തിലാണ്. രണ്ട്, വിപണനം, സംഭരണം തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്തിന് ഗുരുതരമായ പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. മൂന്നാമത്തെ പ്രധാന പ്രശ്നം, കാർഷിക ഉത്പന്നങ്ങളെ മൂല്യവർദ്ധനയുമായി ബന്ധിപ്പിക്കുന്നതിൽ ഉണ്ടായ പരാജയമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ ചില നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചരിത്രത്തിലാദ്യമായി നെൽപ്പാടങ്ങളുടെ വിസ്തൃതിയിൽ കുറവ് വരാതെ നിലനിർത്താൻ കഴിഞ്ഞു. പച്ചക്കറി ഉത്പാദനം ഇരട്ടിയോളം ഉയർന്നു. ഈ പദ്ധതിക്കാലത്ത് കുറെയേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. പക്ഷെ വെള്ളപ്പൊക്കം, കോവിഡ് മഹാമാരി തുടങ്ങിയ ഘടകങ്ങൾ കാർഷിക രംഗത്ത് പിന്നോട്ടടിക്ക് കാരണമായി. തുടക്കത്തിൽ ചൂണ്ടിക്കാട്ടിയ നെഗറ്റീവ് വളർച്ചയെ ഇത് പ്രകടമായി തന്നെ സ്വാധീനിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി കാലത്തെ ആദ്യ ബജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചത്. കാർഷിക രംഗത്ത് പുതിയ നയസമീപനം ആവശ്യമാണ് എന്ന കാര്യത്തിൽ തർക്കമില്ല. ഇത്തരമൊരു സമീപനത്തിന്റെ തുടക്കം ഈ ബജറ്റിൽ കാണാം. ഉത്പാദനക്ഷമത എങ്ങനെ ഉയർത്താം എന്നതാണ് കേരളത്തിന്റെ കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇത്തരത്തിൽ ഉത്പാദനക്ഷമത

***കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് കാരണങ്ങൾ ഇവയാണ് : ഒന്ന്, പല വിളകളുടെയും കാര്യത്തിൽ കേരളം ഉല്പാദനക്ഷമതയിൽ ഏറ്റവും പിന്നോക്കമാണ്. രണ്ട്, സംഭരണം, വിപണനം എന്നീ രംഗങ്ങളിൽ വലിയ പരാജയം. മൂന്ന്, കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിന് കാര്യമായ പ്രവർത്തനമുണ്ടായില്ല.***

***പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചരിത്രത്തിലാദ്യമായി നെൽകൃഷിയുടെ മൊത്തം വിസ്തൃതിയിൽ കുറവ് വരാതെ നിർത്താൻ കഴിഞ്ഞു. പച്ചക്കറി ഉത്പാദനം ഏതാണ്ട് ഇരട്ടിയായി വർധിപ്പിക്കാൻ സാധിച്ചു.***

വർദ്ധിപ്പിക്കാതെ കർഷകരുടെ വരുമാനം 50 ശതമാനം കണ്ട് ഉയർത്തുക അസാധ്യമാണ്. കൃഷിയിടങ്ങളിൽ നിന്ന് ഉത്പന്നങ്ങൾ ഒന്നായി സമാഹരിക്കുക എന്നതാണ് രണ്ടാമത്തെ കാതലായ പ്രശ്നം. തുണ്ട് ഭൂമികളിൽ നിന്നുള്ള ഉത്പന്നങ്ങൾ ഒരു കേന്ദ്രത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. ഇവയെ എങ്ങനെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി വ്യവസായങ്ങളുമായി ബന്ധപ്പെടുത്താം എന്നതാണ് മൂന്നാമത്തെ വിഷയം. ഉത്പാദനക്ഷമത ഉയർത്തൽ, വിഭവങ്ങളുടെ സമാഹരണം, മൂല്യവർദ്ധന-കാതലായ ഈ മൂന്ന് വിഷയങ്ങളും ബജറ്റിൽ ഇടം പിടിച്ചിട്ടുണ്ട്.

ഇത്തരം വിഷയങ്ങളിൽ ഭിന്നാഭിപ്രായങ്ങൾ പ്രകടമാണ്. പരിസ്ഥിതിവാദികളിൽ ഒരു വിഭാഗം അഭിപ്രായപ്പെടുന്നത് ഉല്പാദനക്ഷമത കുറയുന്നത് ഒരു പ്രതിസന്ധിയല്ല എന്നാണ്. ലോകബാങ്ക് പോലുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ പറയുന്നത് ഇതിന് സാങ്കേതിക വിദ്യയിലൂന്നി പരിഹാരം കാണാമെന്നാണ്. എന്നാൽ നമുക്ക് വേണ്ടത് ഇവ രണ്ടുമല്ല, പ്രത്യുത, യാഥാർഥ്യങ്ങളിലൂന്നിയ പരിഹാരമാണ്. ബജറ്റ് സ്വീകരിച്ചിരിക്കുന്നതും ഇത്തരമൊരു സമീപനമാണ്. കൃഷിവകുപ്പ് മാത്രം വിചാരിച്ചാൽ പരിഹാരം കാണാൻ കഴിയുന്ന പ്രതിസന്ധിയല്ല നാം നേരിടുന്നത്. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ജലസേചനം, തദ്ദേശ സ്വയംഭരണം, സഹകരണം തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമേ നമുക്ക് ഈ മേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിയുക. ഇത്തരത്തിലൊരു ഏകോപനത്തിലൂന്നിയ സമീപനം ബജറ്റിൽ നമുക്ക് കാണാൻ കഴിയും.

ഏകോപനത്തിന്റെ അഭാവം മൂലമുള്ള ചില പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടാം. ഒന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടിന്റെ 30 ശതമാനം ഉല്പാദന മേഖലയിൽ ചെലവഴിക്കണമെന്നാണ് നിർദേശം. എന്നാൽ ഭൂരിപക്ഷം പഞ്ചായത്തുകളുടെ കാര്യത്തിലും ഇത് 10 ശതമാനത്തിൽ താഴെ മാത്രമാണ്. ഇത്തരത്തിൽ 8000 കോടി രൂപ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ കാർഷിക രംഗത്ത് 1500 കോടി രൂപ ചെലവഴിക്കാൻ കഴിയും. ഇത് സാധ്യമാകണമെങ്കിൽ ഇതര വകുപ്പുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപനം ശക്തമാക്കണം.

സമാഹരണത്തിന്റെ പ്രശ്നമാണ് അടുത്തതായി വരുന്നത്. സഹകരണ സ്ഥാപനങ്ങൾ, കർഷകരുടെ ഉല്പാദന കമ്പനികൾ, കുടുംബശ്രീ ഗ്രൂപ്പുകൾ തുടങ്ങിയവ വഴി ഇത് എങ്ങനെ മെച്ചപ്പെടുത്താം എന്നതാണ് മുഖ്യ ചോദ്യം. കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിന് ബജറ്റ് കാര്യമായ പരിഗണന നൽകിയിരിക്കുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രികൾച്ചർ (സി ഐ ടി എ) എന്ന ഒരു

***കാർഷിക മേഖലയിൽ പുതിയ നയസമീപനം അനിവാര്യമാണ്. ഇതിന്റെ പ്രാരംഭം കുറിയ്ക്കൽ ഈ ബജറ്റിൽ കാണാൻ കഴിയും.***

***കാർഷിക വിപണനത്തിന് കാര്യമായ മുൻഗണന ബജറ്റ് നൽകിയിരിക്കുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇത്തരം സമീപനം മുൻ ബജറ്റുകളിൽ പൊതുവെ കണ്ടിട്ടില്ല.***

പുതിയ പദ്ധതി ഈ ബജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തിയുള്ള ഈ പദ്ധതിക്കായി 23 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. എന്നാൽ ഇതര വകുപ്പുകളുമായുള്ള ഏകോപനത്തോടെ ഇത് എങ്ങനെ നടപ്പാകുമെന്നതാണ് മുഖ്യവെല്ലുവിളി. കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകണമെങ്കിൽ ശക്തമായ ഒരു വിതരണ ശൃംഖല സജ്ജമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിലും കാർഷിക വകുപ്പും, സഹകരണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും കൈകോർത്ത് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

വകുപ്പുകളുടെ ഏകോപനം എങ്ങനെ സാധ്യമാക്കും എന്നതാണ് മൂന്നാമതായി വരുന്നത്. നിലവിൽ നമ്മുടെ എല്ലാ പദ്ധതികളും ഓരോ വിളയെ കേന്ദ്രീകരിച്ചുള്ളതാണ്. എന്നാൽ സംസ്ഥാനത്ത് ബഹുവിള കാർഷിക രീതിയാണ് നിലനിൽക്കുന്നത്. ചരിത്രത്തിലാദ്യമായി ഈ ബഹുവിള കൃഷി സമ്പ്രദായത്തെ അംഗീകരിക്കുന്ന വിധത്തിൽ ഒരു പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഇത് വീടുകളിലെ പറമ്പുകളും തോട്ടങ്ങളും അടക്കമുള്ള ഓരോ യൂണിറ്റ് ഭൂമിയിൽ നിന്നും എങ്ങനെ പരമാവധി വരുമാനം സാധ്യമാക്കാം എന്നതിന്റെ സാദ്ധ്യതകൾ തേടുകയാണ്.

പച്ചക്കറി കൃഷിക്ക് ബജറ്റ് കാര്യമായ ഊന്നൽ നൽകിയിട്ടുണ്ട്. ഈ രംഗത്തെ ഏറ്റവും പ്രമുഖമായ സ്ഥാപനം വി എഫ് സി കെ ആണ്. ഈ മേഖലക്ക് ഇതുവരെ നീക്കിവയ്ക്കാത്ത ഒരു തുക ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 14 കോടി രൂപയിൽ നിന്നും 25 കോടി രൂപയായി വിഹിതം ഉയർത്തിയിരിക്കുന്നു. ഈ പണം മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നമ്മുടെ പച്ചക്കറി ഉത്പാദനം ഇരട്ടിയാക്കി ഉയർത്താൻ കഴിയും.

ജലസേചന മേഖലക്കും ബജറ്റിൽ കാര്യമായ മുൻതൂക്കം ലഭിച്ചിട്ടുണ്ട്. കെ റെയിൽ പദ്ധതിക്കെതിരെ ഉയർന്ന ഒരു പ്രധാന വിമർശനം കേരളത്തിൽ പദ്ധതികൾ സമയബന്ധിതമായിപൂർത്തീകരിക്കപ്പെടുന്നില്ല എന്നതാണ്. എന്നാൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പ്രവർത്തികമായ പദ്ധതികളെ കുറിച്ച് നാം മനസിലാക്കേണ്ടതുണ്ട്.

പതിറ്റാണ്ടുകളായി നാല് പ്രധാനപ്പെട്ട ജലസേചന പദ്ധതികളുടെ പണികൾ ഇഴയുകയായിരുന്നു. കാരാപ്പുഴ, ബാണാസുര സാഗർ, മുവാറ്റുപുഴ, ഇടമലയാർ എന്നിവയാണ് അവ. ഇതിൽ മുവാറ്റുപുഴ പദ്ധതി 2020–21 ൽ കമ്മീഷൻ ചെയ്തു. മൂന്നെണ്ണം ഇനിയും അവശേഷിക്കുന്നു. ഇതിൽ കാരാപ്പുഴ, ബാണാസുരസാഗർ എന്നിവ 2024 ൽ കമ്മീഷൻ ചെയ്യും. പിന്നെ ഇടമലയാർ മാത്രമാണ് അവശേഷിക്കുന്നത്. കണ്ണൂരിലെ പഴശി പദ്ധതി റീകമ്മീഷൻ ചെയ്യേണ്ട

***ചരിത്രത്തിലാദ്യമായി കൃഷിയിട പദ്ധതിയുടെ അടിസ്ഥാനത്തിൽ ബഹുവിള കാർഷിക സമ്പ്രദായം യാഥാർഥ്യമാക്കുന്നതിന് സഹായകമായ പദ്ധതികൾ നടപ്പാക്കുന്ന ഒരു പദ്ധതി ബജറ്റിൽ അവതരിപ്പിച്ചിരിക്കുന്നു.***

***കാർഷിക രംഗത്തെ പ്രതിസന്ധി നന്നായി വിലയിരുത്തുന്ന ഒരു സമഗ്ര പദ്ധതിയിലൂടെ മാത്രമേ നമ്മുടെ കാർഷിക മേഖലക്ക് മുന്നേറാൻ കഴിയൂ. അതിന് ശാസ്ത്ര, സാങ്കേതിക വശങ്ങളും സാമൂഹ്യ, സാമ്പത്തിക, ഘടനാപരമായ വശങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്. അത്തരം പരിഗണന ഈ ബജറ്റ് നൽകിയിരിക്കുന്നു എന്നത് പ്രധാനമാണ്.***

തുണ്ട്. ഈ പദ്ധതിയിലെ ചില കനാലുകളിൽ ഇനിയും ജലം ഒഴുകേണ്ടതായുണ്ട്. പഴശ്ശി പദ്ധതിക്കുള്ള ബജറ്റ് വിഹിതം അഞ്ച് കോടി രൂപയിൽ നിന്ന് 10 കോടിയായി ഉയർത്തി. 2023 ലോ 2024 ന്റെ തുടക്കത്തിലോ പഴശി പദ്ധതിയുടെ കനാലുകളിൽ ജലം ഒഴുകുമെന്ന് പ്രതീക്ഷിക്കുന്നു. വലിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയില്ല എന്ന ആത്മവിശ്വാസക്കുറവ് പൊതുവിൽ കാണാവുന്നതാണ്. എന്നാൽ ഇത് മാറ്റാൻ നമുക്ക് കഴിയും, കഴിയണം.

മൃഗസംരക്ഷണ മേഖല ഒരു പ്രധാന വെല്ലുവിളിയായി തുടരുകയാണ്. പാലിന്റെ ഉല്പാദനക്ഷമതയുടെ കാര്യത്തിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. പഞ്ചാബിൽ പ്രതിദിന ശരാശരി ഉത്പാദനം 14 ലിറ്ററാണ്. കേരളത്തിൽ 10.2 ലിറ്ററാണ്. പഞ്ചാബിന്റെ ഉത്പാദനക്ഷമത കേരളത്തിന് എങ്ങനെ കൈവരിക്കാം എന്നത് പഠനവിധേയമാക്കേണ്ടതാണ്. നാല് കാര്യങ്ങളാണ് ഈ മേഖലയിൽ പ്രധാനമായി വരുന്നത്.

നമ്മുടെ കന്നുകാലി സഞ്ചയത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഹൈബ്രിഡ് ഇൻസെമിനേഷൻ അടക്കമുള്ള നൂതന സങ്കേതങ്ങളുടെ സാധ്യത തേടേണ്ടതുണ്ട്. കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനാണ് ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുക. ഇതിനായി ബജറ്റിൽ കൂടുതൽ പണം വകയിരുത്തിയിട്ടുണ്ട്. കാലിത്തീറ്റ ഉല്പാദന പദ്ധതികളാണ് രണ്ടാമതായി വരുന്നത്. തീറ്റയുടെ കുറവാണ് കേരളം ഇന്ന് നേരിടുന്ന ഒരു പ്രധാന പ്രശ്നം. 2000 ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ തീറ്റപ്പുൽ കൃഷിയുള്ളത്. ഇത് 12,000 ഹെക്ടറായി ഉയർത്തണം. ഇതിനായി കേരള ഫീഡ്സ് ലിമിറ്റഡിന്റെ വകയിരുത്തൽ ഉയർത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം പാലുല്പാദനത്തിന്റെ 30 ശതമാനം മാത്രമാണ് സഹകരണ സംഘങ്ങൾ സമാഹരിക്കുന്നത്. ഇത് 50 ശതമാനമെങ്കിലുമായി ഉയർത്തണം. എങ്കിൽ മാത്രമേ കർഷകർക്ക് നല്ല വില ലഭ്യമാവുകയുള്ളൂ.

ഇതോടൊപ്പം മൂല്യവർദ്ധനവിനുള്ള സാദ്ധ്യതകൾ കാര്യമായി പരിഗണിക്കണം. പാലിന്റെ കാര്യത്തിൽ സമീപ ഭാവിയിൽ തന്നെ സംസ്ഥാനം സ്വയംപര്യാപ്തമാകും. മലപ്പുറം ജില്ലയിലെ മൂർക്കനാട് എന്ന സ്ഥലത്ത് ഒരു പാൽപ്പൊടി ഫാക്ടറി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ബജറ്റിൽ ഇതിനും പണം വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ പൂർണ്ണതോതിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

ചുരുക്കത്തിൽ, കേരളത്തിന് കാർഷിക രംഗത്ത് പരമ്പരാഗതമായ ആസൂത്രണ രീതിയിലൂടെ മുന്നോട്ട് പോവുക പ്രയാസമാണ്. അത് ഒരു പരാജയമായി മാറും. ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധിയുടെ ആഴം മനസിലാക്കി നവീനമായ പദ്ധതികൾ വഴി മാത്രമേ കേരളത്തിന്റെ കാർഷിക രംഗത്തിന് മുന്നോട്ട് പോകാൻ കഴിയുകയുള്ളു. അതിന്റെ ശാസ്ത്രീയ, സാങ്കേതിക വശങ്ങളും സാമൂഹ്യ, സാമ്പത്തിക പരിപ്രേക്ഷ്യവും ഘടനാപരമായ കാര്യങ്ങളും കൃത്യമായി

തന്നെ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇത്തരമൊരു സമീപനം ബജറ്റ് പുലർത്തുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത.

■

(മുംബയിലെ ടി ഐ എസ് എസിലെ പ്രഫസറും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമാണ് ലേഖകൻ)

## References


1. Government of Kerala (2021). *Economic Review Volume 1*, *Kerala State Planning Board.*
2. Government of Kerala (2022-23). *Budget Speech 2022-23,* Finance Department.
3. Kerala Development Report (2021). *Kerala State Planing Board.*

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

# കാർഷിക ആസൂത്രണപ്രക്രിയയുടെ പ്രാധാന്യം കേരളത്തിൽ

എസ്. എസ് നാഗേഷ്

**ആമുഖം**

ഇന്ത്യയുടെ ആസൂത്രണത്തിന്റെ ഭൂമികയിൽ കഴിഞ്ഞ രണ്ടു ദശകക്കാലത്തിനിടയിൽ കാതലായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഘടനപരമായും നടപടികളുടെ കാര്യത്തിലും ഇത് പ്രകടമാണ്. 1991 ൽ പുത്തൻ സാമ്പത്തികനയത്തിന്റെ വരവോടെ ഘടനാപരമായ സംവിധാനങ്ങളിൽ വിപുലമായ മാറ്റം സംഭവിച്ചിട്ടുണ്ടെന്ന് കാണാം. 1950-51 കാലഘട്ടത്തിൽ തുടക്കം കുറിച്ച നെഹ്റു - മഹാലനോബിസ് വികസന മോഡലിൽ നിന്നുള്ള വ്യക്തമായ ഒരു വ്യതിയാനമായിരുന്നു ഇത്. 2015 നു ശേഷം ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന്റെ നെടുംതൂണായി വർത്തിച്ചിരുന്ന പഞ്ചവത്സര പദ്ധതികൾ എന്ന ആശയം അതോടെ ഇല്ലാതാവുകയും ആസൂത്രണ കമ്മിഷന് ബദലായി 'നീതി ആയോഗ്' എന്ന സംവിധാനം നിലവിൽ വരികയും ചെയ്തു. ഇത് നവ ലിബറൽ നയങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്നതിനും വിപണി അധിഷ്ഠിതമായ സമ്പദ്ഘടനയിലേക്ക് വഴി മാറുന്നതിനും കാരണമായതായി വിമർശനം ഉയരുന്നുണ്ട്.

ആസൂത്രണം എന്ന രീതിയും ആസൂത്രണ കമ്മീഷനും ഇല്ലാതായത് പല സംസ്ഥാനങ്ങൾക്കും വ്യക്തമായ ആശങ്ക ഉളവാകുന്നതിന് കാരണമായി മാറുകയുണ്ടായി. ഇന്ത്യൻ യുണിയൻ എന്ന ആശയത്തിന്റെ അടിത്തറയായ ഫെഡറലിസത്തിന് നേർവിപരീതമാകുന്ന വിധത്തിൽ അധികാരം കേന്ദ്രീകരിക്കപ്പെടുന്നു എന്നതാണ് ഈ ആശങ്കക്ക് പിന്നിൽ (രാമചന്ദ്രൻ-2018). മികച്ച നിലയിൽ പ്രവർത്തന നിരതമായിരുന്ന ഒരു സ്ഥാപനം ഇല്ലാതായി എന്നതിന് പുറമെ, ഇതിന് പിന്നിൽ വ്യക്തമായ അജണ്ട ഉണ്ട് എന്നതാണ് കാതലായ പ്രശ്നം.

വികസനത്തിനൊപ്പം അവസര സമത്വം പ്രോത്സാഹിപ്പിക്കുക എന്ന സാമൂഹ്യമായ ബോധ്യം പഞ്ചവത്സര പദ്ധതികളുടെ അടിസ്ഥാനമായിരുന്നു. ദാരിദ്ര്യം, വിശപ്പ് എന്നിവ തുടച്ചു നീക്കുന്ന കാര്യത്തിൽ അത് വലിയൊരളവോളം വിജയിക്കുകയും ചെയ്തു. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു- ' ഈ മൂല്യങ്ങളെയും അടിസ്ഥാന ലക്ഷ്യങ്ങളെയും സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമൂഹം എന്ന് ചുരുക്കി വിവക്ഷിക്കാം". ഒരു കാര്യം

***അവസര സമത്വത്തിൽ ഊന്നിയുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചവത്സര പദ്ധതികൾ പിന്തുടർന്നത് സാമൂഹ്യമായ അജണ്ടയാണ്.***

വ്യക്തമാണ് വികസനത്തിന്റെ അടിസ്ഥാനമായി അത് കാണുന്നത് സ്വകാര്യ മേഖലയുടെ ലാഭമല്ല, മറിച്ച് സാമൂഹ്യമായ നേട്ടങ്ങളാണ്. അതുകൊണ്ട് വികസനവും സാമൂഹ്യ – സാമ്പത്തിക ഘടനയും ദേശീയ വരുമാനം, തൊഴിൽ എന്നിവയുടെ വളർച്ചയെ മാത്രം ആധാരമാക്കിയായിരുന്നില്ല. പ്രത്യുത, സമ്പത്തിന്റെയും വരുമാനത്തിന്റെയും തുല്യതക്കും അത് മതിയായ പ്രാതിനിധ്യം നൽകിയിരുന്നു. ഉത്പാദനം, വിതരണം, ഉപഭോഗം, നിക്ഷേപം എന്ന് തുടങ്ങി എല്ലാ സാമൂഹ്യ-സാമ്പത്തിക ബന്ധങ്ങളുടെ കാര്യത്തിലുമുള്ള തീരുമാനങ്ങളിൽ സാമൂഹ്യമായ വീക്ഷണമുള്ള ഏജൻസികൾക്ക് നിർണ്ണായകമായ പങ്കാളിത്തമുണ്ടാകണം (ആസൂത്രണ കമ്മീഷൻ– 1956, രണ്ടാം അധ്യായം, മൂന്നാം ഖണ്ഡിക). ഒരു രാജ്യത്തിന്റെ പൊതുവിലുള്ള ക്ഷേമത്തിന്റെയും വികസനത്തിന്റെയും കേന്ദ്രബിന്ദുവായ സാമ്പത്തിക വികസനത്തിന്റെ സാമൂഹ്യമായ വശങ്ങളും സമ്പത്ത്, വരുമാനം എന്നിവയുടെ വിതരണത്തിലെ വീക്ഷണവും മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധരണികളിൽ നിന്ന് വ്യക്തമാണ്.

### കരുതലോടെയുള്ള സമീപനത്തിന്റെ ആവശ്യകത

നോട്ട് നിരോധനത്തിനും കോവിഡ് മഹാമാരിക്കും ശേഷം ഇന്ത്യയിൽ വിശപ്പ്, അസമത്വം, സാമൂഹ്യ മൂലധനത്തിന്റെ അഭാവം, സ്വകാര്യ ലാഭത്തിന്റെ തോത് തുടങ്ങിയ രംഗങ്ങളിൽ വളരെ പ്രകടമായ മാറ്റം കാണാൻ കഴിയും. പോഷകാഹാര കുറവ്, ഭക്ഷ്യസുരക്ഷ, അവശ്യ സാധനങ്ങളുടെ ലഭ്യത, വാങ്ങൽശേഷി തുടങ്ങിയ കാര്യങ്ങളിൽ പ്രതിസന്ധി ശക്തമാണ്. പ്രത്യേകിച്ച് റഷ്യ – യുക്രൈൻ യുദ്ധത്തിന്റെ കൂടി പശ്ചാത്തലത്തിൽ. ന്യൂയോർക്കിൽ ഈയിടെ നടന്ന ഒരു സമ്മേളനത്തിൽ ഭക്ഷ്യ പ്രതിസന്ധിയെ കുറിച്ച് ഐക്യ രാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറൽ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഏറ്റവും കൂടുതൽ ഗോതമ്പ് കയറ്റുമതി ചെയ്യുന്ന രാജ്യമാണ് റഷ്യ. അതുകൊണ്ട് യുദ്ധം തുടരുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഒരു ഭക്ഷ്യപ്രതിസന്ധിയിലേക്ക് നയിച്ചേക്കാം എന്ന ആശങ്ക ലോകമെമ്പാടും കനക്കുന്നുണ്ട്. ഇത്തരുണത്തിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ അടിസ്ഥാനത്തിൽ അന്ത്യോദയ അന്ന യോജന (എ എ വൈ), മുൻഗണന വിഭാഗങ്ങൾ എന്നിവയ്ക്കായുള്ള ഗോതമ്പിന്റെ വിതരണത്തിൽ 2022 മെയ് മാസത്തിൽ കേന്ദ്ര സർക്കാർ ചില മാറ്റങ്ങൾ കൊണ്ടുവരികയുണ്ടായി. ഇതനുസരിച്ച് കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ഗോതമ്പ് വിഹിതം 2023 മാർച്ച് വരെ നിർത്തിവച്ചിരിക്കുകയാണ്. ഇന്ത്യയിലെ പ്രധാന ഗോതമ്പ് ഉല്പാദന കേന്ദ്രങ്ങളിലെ ചൂട് കാലാവസ്ഥ മൂലം ഉത്പാദനം കുറയുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്.

വിതരണത്തിൽ മാറ്റം വരുത്തുന്നതിന് മുൻപ് ഈ രണ്ടു സംസ്ഥാനങ്ങൾക്കും പൊതുവിതരണത്തിനായി നൽകിയിരുന്നത് 9317.05 ടൺ ഗോതമ്പാണ്. കടുത്ത വരൾച്ചയും 2018 ലെ പ്രളയവും കേരളത്തിന്റെ സമ്പദ്ഘടനയിൽ വരുത്തിയിട്ടുള്ള ആഘാതം ചില്ലറയല്ല. കാലാവസ്ഥ വ്യതിയാനം അടക്കമുള്ള ഘടകങ്ങൾ ഭക്ഷ്യ ഉത്പാദനത്തെ പ്രതി

***പോഷകാഹാര കുറവ്, ഭക്ഷ്യസുരക്ഷ, താങ്ങാനാവുന്നതിലും ഉയരത്തിലുള്ള വിലനിലവാരം എന്നിവ അടക്കം ആശങ്കയുണർത്തുന്ന നിരവധി കാര്യങ്ങളുണ്ട്. അതിനിടെ ഉയർന്നു വന്ന റഷ്യ-യുക്രൈൻ സംഘർഷം വൈകാതെ ഒരു ഭക്ഷ്യ പ്രതിസന്ധിയായി മാറുമോ എന്ന ആശങ്കയും കനക്കുകയാണ് .***

***ദാരിദ്ര്യത്തിന്റെയും വിശപ്പിന്റെയും പിടിയിൽ നിന്ന് നമ്മുടെ ജനതയെ മോചിപ്പിക്കുന്നതിന് പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിക്കേണ്ടത് ആവശ്യമാണ്. വിഭവങ്ങളുടെ സമർത്ഥമായ ഉപഭോഗം ഉറപ്പ് വരുത്തുന്നതിന് കൃത്യവും സമഗ്രവുമായ ആസൂത്രണം നടക്കേണ്ടതുണ്ട്.***

കൂലമായി ബാധിക്കാനിടയുള്ള സാഹചര്യത്തിൽ നമ്മുടെ രാജ്യത്ത് ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ ക്ഷാമം ഉണ്ടാകുന്നതിനുള്ള സാധ്യത തള്ളിക്കളയാനാകില്ല.

ലോകത്താകെയുള്ള കണക്കെടുക്കുമ്പോൾ കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ 150 ദശലക്ഷം പേർ ദരിദ്രരുടെ കൂട്ടത്തിലേക്ക് കൂടുതലായി ചേർക്കപ്പെട്ടിട്ടുണ്ട്. കോവിഡ് ഘട്ടത്തിലെ കണക്കുകൾ വച്ച് 828 ദശലക്ഷം പേരാണ് ദരിദ്രരായുള്ളത്. 2022 ൽ ലോകത്തെ ഭക്ഷ്യസുരക്ഷ, പോഷണം എന്നിവ സംബന്ധിച്ച എഫ് എ ഒ റിപ്പോർട്ട് പ്രകാരം 2021 ൽ ദാരിദ്ര്യത്തിൽ ഉണ്ടായ വർധനയുടെ കണക്കുകൾ വച്ച് നോക്കുമ്പോൾ രാജ്യങ്ങൾക്കിടയിലും രാജ്യങ്ങൾക്കകത്തും അസമത്വം പെരുകുന്ന സ്ഥിതിയുണ്ട്. സാമ്പത്തികമായ തിരിച്ചുവരവിൽ രാജ്യങ്ങൾ തമ്മിൽ പ്രകടമാകുന്ന അന്തരം, കോവിഡ് ഉണ്ടാക്കിയ സാമ്പത്തികമായ നഷ്ടം, തുടങ്ങിയ ഘടകങ്ങൾ ഇതിന് കാരണമായിട്ടുണ്ട്. ഇതിനു പുറമെയാണ് വികസ്വര രാജ്യങ്ങൾ നേരിടുന്ന ഗുരുതരമായ വിദേശ വ്യാപാര രംഗത്തെ പ്രതിസന്ധി. ഇത് ഗവണ്മെന്റുകളുടെ ക്ഷേമപ്രവർത്തനങ്ങളെ ദോഷകരമായി സ്വാധീനിക്കുന്നുണ്ട്. 2021 ൽ ലോകജനസംഖ്യയുടെ 70 ശതമാനത്തിനും ആരോഗ്യകരമായ ഭക്ഷ്യരീതികൾ തുടരാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. അതായത് 973.3 ദശലക്ഷം പേർക്ക് ആരോഗ്യദായകമായ ഭക്ഷണം (ഒരു ദിവസം 2.97 ഡോളർ വീതം) ലഭിക്കുന്നില്ലഎന്നർത്ഥം. വിശപ്പ്, ദാരിദ്ര്യം, അസമത്വം തുടങ്ങിയ പ്രശ്നങ്ങളാണ് ഇന്ന് ലോകസമൂഹം നേരിടുന്നത്. വൈകാതെ ഇത്തരം പ്രതിസന്ധിയിൽ നിന്ന് വിമുക്തമാകാൻ കഴിയും എന്ന് ആശിക്കാനേ നമുക്ക് കഴിയൂ.

രാജ്യത്തെ ജനങ്ങളെ, പ്രത്യേകിച്ച് അരികുവൽക്കരിക്കപ്പെട്ടവരെ ദാരിദ്ര്യത്തിൽ നിന്നും പട്ടിണിയിൽ നിന്നും മോചിപ്പിക്കുന്നതിന് പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ തങ്ങളുടെ വിഭവശേഷിയെ സമർത്ഥമായി വിനിയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ പുനർനിർമ്മിക്കേണ്ടതുണ്ട്. അതിന് വിപുലവും കൃത്യതയാർന്നതുമായ ആസൂത്രണം ആവശ്യമാണ്. എന്നാൽ, കേരളം ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളും വിഭവശേഷിയുടെ കാര്യത്തിൽ കടുത്ത സമ്മർദ്ദം നേരിടുന്നുണ്ട്. ജി എസ് ടി നഷ്ടപരിഹാരം യഥാസമയം ലഭിക്കാതിരിക്കുന്നതും സാമ്പത്തിക സ്രോതസുകളുടെ പരിമിതിയും ഇതിന് കാരണമാണ്. ജി എസ് ടി യുടെ കാര്യത്തിൽ നിരന്തരം ഉണ്ടാകുന്ന പ്രശ്നങ്ങളും നോട്ട് നിരോധനം, കോവിഡ് മഹാമാരി, പ്രതികൂലമായ കാലാവസ്ഥാ മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങൾ ജനങ്ങളെ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടു. അഞ്ചു ദശകക്കാലത്തെ ആസൂത്രണം കൊണ്ടുണ്ടായ നേട്ടങ്ങൾക്കേറ്റ കനത്ത

***ആസൂത്രണ പ്രക്രിയ തുടരുമെന്ന് പരസ്യമായി പ്രഖ്യാപിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്.***

***പതിമൂന്നാം പഞ്ചവത്സര പദ്ധതി രണ്ടു കാര്യങ്ങളാൽ സവിശേഷമാണ്.***

തിരിച്ചടിയാണ് ഇത്. അതുകൊണ്ട് കൃത്യതയോടെയുള്ള നയസമീപനങ്ങൾ ഇന്നത്തെ പ്രത്യേക സാഹചര്യം അനിവാര്യമാക്കുന്നു. ഭക്ഷ്യഉത്പന്നങ്ങളുടെ ഉല്പാദന രംഗത്താണ് കാര്യമായ ഊന്നൽ നൽകേണ്ടത്.

### കേരളത്തിന്റെ വേറിട്ട പാത

സാമ്പത്തിക വളർച്ചക്ക് ആസൂത്രണത്തിന് കാര്യമായ ഊന്നൽ നൽകിയതാണ് കേരളത്തിന്റെ വികസനത്തിലെ കേന്ദ്രബിന്ദു. സംസ്ഥാനത്തെ മാറി മാറി വന്ന ഗവൺമെന്റുകൾ പഞ്ചവത്സര പദ്ധതികളെയാണ് ഇതിനായി കൂട്ടുപിടിച്ചത്. നിലവിലെ പതിമൂന്നാം പഞ്ചവത്സര പദ്ധതി രണ്ടു കാര്യങ്ങളിൽ സവിശേഷത പുലർത്തുന്നു. ഒന്ന്, ആസൂത്രിത വികസനം തുടരുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ചരിത്രപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ ബോർഡാണ് പദ്ധതി തയാറാക്കിയത്. കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷനും പഞ്ചവത്സര പദ്ധതികളും അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചപ്പോഴും കേരളം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തുടരുക എന്ന നിർണ്ണായകമായ തീരുമാനമാണ് കൈക്കൊണ്ടത്. 2017–18 ൽ തുടങ്ങി 2022–23 ൽ അവസാനിക്കുന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത് (രാമചന്ദ്രൻ – 2018). നോട്ട് നിരോധനം, രണ്ടു പ്രളയങ്ങൾ, കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധികൾക്കിടയിലും പതിമൂന്നാം പഞ്ചവത്സര പദ്ധതി മികച്ച രീതിയിൽ പ്രവർത്തിക്കുന്നു എന്നതാണ് രണ്ടാമത്തെ പ്രധാന കാര്യം. പ്രതിസന്ധി ഘട്ടത്തിലും സർക്കാർ സ്വീകരിച്ച പ്രയോഗികതയിലൂന്നിയ നടപടികൾ പ്രത്യേക പരാമർശം അർഹിക്കുന്നവയാണ്. പ്രളയനാന്തര ഘട്ടത്തിൽ റീബിൽഡ് കേരള, കിഫ്ബി എന്നീ രണ്ടു സുപ്രധാന പദ്ധതികൾ സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചു. ഇത് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഏറെ മുന്നോട്ട് പോകുന്നതിന് സഹായകമായി. ഈ അടിസ്ഥാനത്തിൽ ആസൂത്രണം പ്രാഥമിക മേഖലയിൽ എടുത്ത സമീപനത്തെ കുറിച്ചാണ് ഈ ലേഖനം പരിശോധിക്കുന്നത്. മൂല്യവർധിത ഉത്പന്ന രംഗത്ത് കാർഷിക മേഖലയും വ്യവസായങ്ങളും സംയോജിക്കുന്ന കാര്യങ്ങളെ കുറിച്ച് പരിമിതമായ പരിശോധനയും ഇതിൽ നടത്തുന്നുണ്ട്.

### പ്രാഥമിക മേഖലയിൽ കേരളത്തിന്റെ ആസൂത്രണ സമീപനം

13,14 പഞ്ചവത്സര പദ്ധതികൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. കാർഷികോല്പാദനത്തിൽ നിന്നുള്ള വരുമാനം ഉയർത്തുക എന്നതും ഇതിന്റെ കാതലായ വശമാണ്. വ്യവസായം, സേവന മേഖല എന്നിവയിലെ വരുമാനം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ഊന്നലുണ്ട്. കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുക എന്നതിലാണ് ഇപ്പോഴത്തെ ഊന്നൽ. സംസ്ഥാന

***ആസൂത്രണത്തിൽ അധിഷ്ഠിതമായ സംസ്ഥാന സർക്കാരിന്റെ പ്രായോഗികമായ സമീപനം ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകം പ്രസക്തമാണ്. പ്രതികൂലമായ സാഹചര്യങ്ങളിൽ നിക്ഷേപം ഉയർത്തുന്നതിന് ഇത് സഹായകമായി.***

***കഴിഞ്ഞ ഏതാനും വർഷങ്ങളിൽ, പ്രത്യേകിച്ച് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഘട്ടത്തിൽ, പ്രാഥമിക മേഖല ശക്തമായ സമ്മർദ്ദമാണ് നേരിട്ടത്.***

പ്ലാനിങ് ബോർഡ് വർഷം തോറും പുറത്തിറക്കുന്ന രണ്ട് പ്രധാന രേഖകളായ പദ്ധതി രേഖകൾ, സാമ്പത്തിക റിവ്യൂ എന്നിവ ആസൂത്രിത വികസനത്തിന്റെ അടിസ്ഥാനമായി നിൽക്കുന്നു. ഇവ നയപരമായ രേഖകൾ എന്നതിന് പുറമെ ഗവേഷകർക്കും അക്കാദമിക് രംഗത്ത് പ്രവർത്തിക്കുന്നവർക്കും ആവശ്യമായ വിവരങ്ങൾ ലഭിക്കുന്ന സുപ്രധാന സ്രോതസ്സ് കൂടിയാണ്. പഞ്ചവത്സര പദ്ധതികളെ വാർഷിക പദ്ധതികളായും പ്രത്യേക പദ്ധതികളായും ഓരോ വകുപ്പുകളുടെയും പ്രോജക്ടുകൾ എന്ന രീതിയിലും വിഭജിച്ചിട്ടുണ്ട്. നടപ്പാക്കുന്നതിന്റെയും മേൽനോട്ടത്തിന്റെയും സൗകര്യത്തിനായാണ് ഇത്.

കാർഷിക മേഖലക്കും അനുബന്ധ മേഖലകൾക്കുമായി സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലകൾക്കായുള്ള അഞ്ചു വർഷക്കാലത്തെ പദ്ധതിയും വാർഷിക പദ്ധതികളും സമന്വയിപ്പിച്ച് പ്രവർത്തിപ്പിക്കുന്നത് ഈ വിഭാഗമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത്, പ്രത്യേകിച്ച് കഴിഞ്ഞ രണ്ട് വർഷത്തിൽ സംസ്ഥാനത്ത് പ്രാഥമിക മേഖല കടുത്ത പ്രയാസമേറിയ ഘട്ടത്തിലായിരുന്നുവെന്ന് കാണാം. നവകേരളം സൃഷ്ടിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം പ്രാഥമിക മേഖലയിൽ കൂടുതൽ നിക്ഷേപം ആവശ്യമാക്കി. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക, കാർഷിക രംഗത്ത് ലാഭക്ഷമത ഉയർത്തുക പാലുത്പാദനം, മൃഗസംരക്ഷണം തുടങ്ങിയ രംഗങ്ങളിൽ ആർജിച്ച നേട്ടങ്ങൾ നിലനിർത്തുക, ഒപ്പം ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക തുടങ്ങിയ കാര്യങ്ങളാണ് ഇതിൽ പ്രധാനം. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടി വളരെ ശ്രദ്ധാപൂർവമാണ് 13, 14 പഞ്ചവത്സര പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. നോട്ട് നിരോധനത്തിനും പ്രളയത്തിനും ശേഷം തുടർന്ന പ്രധാന മേഖലകളിലെ നിക്ഷേപം മഹാമാരിയുടെ ഘട്ടത്തിലും തുടർന്നു.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ഭൂമിയുടെ ലഭ്യത കുറവാണ്. അതുകൊണ്ട് തന്നെ കാർഷിക ആവശ്യങ്ങൾക്ക് ഭൂമി ലഭ്യമാക്കുക കേരളത്തിൽ പൊതുവെ ദുഷ്കരമാണ്. കാർഷിക സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ കൃഷി സ്ഥലങ്ങളുടെ ശരാശരി വിസ്തൃതി 0.18 ഹെക്ടർ അല്ലെങ്കിൽ 0.4 ഏക്കർ ആണ്. കൃഷി വിപുലമാക്കുന്നത് വഴി നേട്ടം കൊയ്യുന്നതിനുള്ള അവസരം ഇതുമൂലം കർഷകർക്ക് നഷ്ടമാകുന്നു. കാർഷിക ജോലി യന്ത്രവല്കൃതമാക്കുന്നതിനും നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും ഇത് തടസമാകുന്നു. വിപണനത്തിനായി ഉത്പന്നങ്ങൾ സമാഹരിക്കുന്നതിനും ഇത് വിനയാകുന്നുണ്ട്. വിപണിയിൽ

***ഉയർന്ന തോതിലുള്ള ഉല്പാദനത്തിന്റെ നേട്ടം കർഷകർക്ക് ലഭിക്കാതെ പോകുന്നതിന്റെ പ്രധാന കാരണം സംസ്ഥാനത്തെ ചെറിയ കൃഷിയിടങ്ങളാണ്. ആധുനിക സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിലും, കാർഷിക ജോലികൾ യന്ത്രവല്കൃതമാക്കുന്നതിനും വിപണത്തിനായി വൻതോതിൽ സംഭരിക്കുന്നതിനും ഇത് തടസ്സമാകുന്നുണ്ട്.***

***സംസ്ഥാനതല പദ്ധതിയും എൽ എസ് ജി പദ്ധതി എന്നിവ ചേർന്നുള്ള ഊർജ സ്വലമായ ഒരു വികേന്ദ്രീകൃത ആസൂത്രണമാണ് കേരളത്തിലുള്ളത്. സുപ്രധാ നമായ മേഖലകളുടെ വികസനത്തിലും പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ സജീവമാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ പങ്ക് വഹിച്ചിട്ടുണ്ട്.***

വിലപേശുന്നതിന് ഇത് മൂലം ചെറുകിട, ഇട ത്തരം കർഷകർക്ക് കഴിയാതെ പോകുന്നു. സംസ്ഥാനത്തിന്റെ കാർഷിക മൂല്യ ശൃംഖല യിൽ ഉല്പാദകരുടെ വിഹിതം ഇതുമൂലം കുറയുകയും ചെയ്യുന്നു (സംസ്ഥാന സർക്കാ രിന്റെ കേരള വികസന റിപ്പോർട്ട് – 2021 ).

യന്ത്രവത്കരണം, മെച്ചപ്പെട്ട വിത്തിനങ്ങൾ, വിളകളുടെ മികച്ച വൈവിധ്യവത്കരണം, നല്ലയിനം കന്നുകാലികൾ തുടങ്ങിയ മാർഗ്ഗ ങ്ങളിലൂടെ മാത്രമേ കേരളത്തിലെ കാർഷിക മേഖലയുടെ ഉത്പാദനക്ഷമത ഉയർത്താനും വരുമാനം വർധിപ്പിക്കാനും കഴിയൂ. ഒപ്പം തന്നെ, ആധുനിക സാങ്കേതിക വിദ്യയുടെ നിരന്തരമായ പ്രയോഗവും ആവശ്യമാണ്. ഇത്തരത്തിലുള്ള ശാസ്ത്രീയമായ പ്രവർ ത്തനങ്ങൾ വഴിയായി പതിമൂന്നാം പഞ്ച വത്സര പദ്ധതിക്കാലത്ത് നെല്ലുൽപ്പാദനം 2015–16 ലെ 5.49 ലക്ഷം ടണ്ണിൽ നിന്ന് 2019–20 ൽ 5.87 ലക്ഷം ടണ്ണായി ഉയർന്നു. ഉൽപ്പാദ നക്ഷമതയാകട്ടെ ഹെക്ടറൊന്നിന് 3000 കിലോഗ്രാമിൽ കൂടുതലായി. പച്ചക്കറി ഉല്പാദന രംഗത്തും നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൃഷിയിട ങ്ങളുടെ കാര്യത്തിൽ ഭക്ഷ്യ വിളകളുടെ വിഹിതത്തിൽ കുറവ് സംഭവിച്ചതായി കാണാൻ കഴിയും. മൊത്തം കൃഷിയിടങ്ങ ളിൽ ഭക്ഷ്യവിളകളുടെ വിഹിതം 1980–81 ൽ 37.46 ശതമാനമായിരുന്നത് 2020–21 ൽ 11.03 ശതമാനമായി താഴ്ന്നു. അതേ സമയം നാണ്യവിളകളുടെ വിഹിതം 62.30 ശതമാന മായി ഉയർന്നു. എന്നാൽ വിളകളുടെ കാര്യത്തിൽ സംഭവിച്ച ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദനം, ശേഖരണം, വിതരണം തുടങ്ങിയ കാതലായ കാര്യങ്ങ ളിൽ തന്ത്രങ്ങൾ അതനുസരിച്ച് മാറിയിട്ടില്ല. അതുകൊണ്ട് പ്രാഥമിക മേഖലയുടെ ഈ മൂല്യശ്രംഖലയിൽ കേന്ദ്ര, സംസ്ഥാന, സർ ക്കാരുകൾ പൊതുചെലവഴിക്കൽ ഉയർത്തേ ണ്ടത് അനിവാര്യമാണ്.

ഉത്തേജക പാക്കേജിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 'ആത്മനിർഭരത' അഥവാ സ്വയം പര്യാപ്തത എന്ന ആശയം മുന്നോട്ട് വയ്ക്കു കയുണ്ടായി. എന്നാൽ കേരളം ഉൾപ്പടെ യുള്ള ചെറിയ സംസ്ഥാനങ്ങളുടെ കാര്യ ത്തിൽ ഇത് വലിയ മാറ്റങ്ങൾക്ക് വഴിയൊരു ക്കുന്ന ഒന്നല്ല. ഉയർന്ന തോതിലുള്ള പൊതു ചെലവുകൾ ഉണ്ടാകേണ്ട സ്ഥാനത്ത് കൂടുത ലായും ബാങ്ക് വായ്പകളെ ആശ്രയിച്ച് മുന്നോട്ട് പോകുന്നുവെന്നതാണ് ഇതിന് പ്രധാന കാരണം. ബാങ്ക് വായ്പകൾ ആധാരമാക്കിയുള്ള പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ അത്രഫലപ്രദ മല്ല. കാരണം, ഒരു വശത്ത് വ്യക്തികളും സ്ഥാപനങ്ങളും ചെലവുകൾ താഴ്ത്തി നിർത്തുന്നതിനുള്ള തീവ്രശ്രമത്തിലാണ്. മറുവശത്ത് സർക്കാർ വരുമാനം കുറയുന്ന തിന്റെ ഫലമായി പൊതുനിക്ഷേപത്തിൽ കുറവുണ്ടാവുകയും ചെയ്യുന്നു. ഇതിന് പകരമായി ജനങ്ങളുടെ ജീവിത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാവുകയും ഒപ്പം കുടുംബങ്ങളുടെ വായ്പ ഉയർത്തുകയും ചെയ്യുക എന്ന സമീപനമാണെങ്കിൽ ഈ പദ്ധതി കൂടുതൽ ഫലപ്രദമാകുമായിരുന്നു.

ലോക്ക് ഡൗൺകാലത്ത് സപ്ലൈ ചെയിനിൽ

***പ്രാഥമിക മേഖലയിലെ വികസനത്തിനൊപ്പം മൂല്യവർദ്ധനവിനായി ദ്വിതീയ മേഖലയെ ബന്ധിപ്പിച്ചുകൊണ്ടും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ത്രിതീയ മേഖലയെ ഉപയോഗിക്കുകയും വഴിയായി പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് മികച്ച വളർച്ച ഉണ്ടാക്കാൻ കഴിയും. വിഭവങ്ങൾ ശുഷ്കമാവുകയും ആവശ്യങ്ങൾ അധികരിക്കുകയും ചെയ്യുന്ന വരുംകാലങ്ങളിൽ സംസ്ഥാനതലത്തിലും പ്രാദേശിക തലങ്ങളിലും കുറ്റമറ്റ രീതിയിലുള്ള ആസൂത്രണം അനിവാര്യമാണ്. പഞ്ചവത്സര പദ്ധതിയിൽ അധിഷ്ഠിതമായ വികസനത്തിന്റെ വിശ്വാസ്യത ഉറപ്പാക്കുന്നതിനും ഇത് ആവശ്യമാണ്.***

പ്രതിസന്ധി ഉടലെടുക്കുകയും ഒപ്പം അന്തർ സംസ്ഥാന അതിർത്തികൾ അടയ്ക്കൽ അടക്കമുള്ള പ്രശ്നങ്ങൾ രൂക്ഷമാവുകയും ചെയ്തപ്പോൾ സംസ്ഥാനം 'സുഭിക്ഷ കേരളം' എന്ന സവിശേഷമായ ഒരു ആശയം പ്രവർത്തികമാക്കുകയുണ്ടായി. സഹകരണ സ്ഥാപനങ്ങൾ, കർഷകർ, ഉപഭോക്താക്കൾ എന്നിവരുടെ പങ്കാളിത്തം വഴിയായി ഉത്പാദനം, വിപണന രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ രംഗങ്ങളിൽ സർക്കാർ നിക്ഷേപം ഉയർത്തുക എന്നതാണ് ഇതിന്റെ കാതലായ വശം. ഈ നീക്കത്തിലൂടെ ചുരുങ്ങിയ സമയം കൊണ്ട് 19,711.89 ഹെക്ടർ ഭൂമിയിൽ അധികമായി കൃഷിയിറക്കാൻ കഴിഞ്ഞു. 14,680 സംയോജിത കാർഷിക യൂണിറ്റുകൾക്ക് രൂപം നൽകാനും ഇതുവഴി കഴിഞ്ഞിട്ടുണ്ട്. ഭക്ഷണം, പോഷണം, ഒപ്പം കർഷകരുടെ വരുമാനം തുടങ്ങിയ കാര്യങ്ങളിൽ വലിയ മുന്നേറ്റം നേടാൻ കഴിഞ്ഞു. 21.66 ലക്ഷം പുതിയ തെങ്ങിൻ തൈകൾ നടുന്നതിനും കഴിഞ്ഞു. കേന്ദ്ര–സംസ്ഥാന സർക്കാർ പദ്ധതി വഴിയായും ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (ആർ ഐ ഡി എഫ്), റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ കെ ഐ), കിഫ്ബി തുടങ്ങിയവ വഴിയായുള്ള കാർഷിക മേഖലക്ക് നൽകുന്ന വിഹിതം 2011–12 ലെ തോതിൽ നിന്നും 2020 –21 ൽ 221 ശതമാനം കണ്ട് ഉയർന്നു (കേരള സർക്കാർ വികസന റിപ്പോർട്ട്–2021). ഒരു കാര്യം ഉറപ്പാണ്, ഇത്തരം നിക്ഷേപങ്ങൾ വിഭവങ്ങളുടെ മികച്ച രീതിയിലുള്ള വിനിയോഗത്തിനും കുടുംബങ്ങളുടെ വരുമാനം, ബിസിനസ് തുടങ്ങിയ മേഖലകളുടെ കാര്യശേഷി ഉയർത്തുന്നതിനും സഹായകമാണ്.

താഴെ തട്ടിലേക്ക് ആഴ്ന്നിറങ്ങിയ വികേന്ദ്രീകൃത ആസൂത്രണമാണ് സംസ്ഥാനത്തിന്റെ വികസന രംഗത്തെ മറ്റൊരു സുപ്രധാന നാഴികക്കല്ല്. സംസ്ഥാനതല ആസൂത്രണം, പ്രാദേശിക തലങ്ങളിലെ ആസൂത്രണം എന്നിവയടങ്ങുന്ന സജീവമായ വികേന്ദ്രീകൃത ആസൂത്രണം പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ വികസിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുകയുണ്ടായി. ലോക ശ്രദ്ധ കേരളത്തിലേക്കാകർഷിച്ച കുടുംബശ്രീ മാതൃക സ്ത്രീകളുടെ സാമൂഹ്യ, സാമ്പത്തിക ഉന്നമനത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി.

**പതിനാലാം പഞ്ചവത്സര പദ്ധതി**

പതിന്നാലാം പഞ്ചവത്സര പദ്ധതിക്കായുള്ള ആമുഖരേഖ കാർഷിക മേഖലയുടെ തിരിച്ചുവരവ് ലക്ഷ്യമിടുന്നു. ഉത്പാദന ക്ഷമത, തീവ്രകൃഷി രീതി, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിവയാണ് പദ്ധതിക്ക് അടിസ്ഥാനമായി മാറുക. ഇതിനായി വിദഗ്ദർ അടങ്ങുന്ന 28 വർക്കിങ് ഗ്രൂപ്പുകൾക്ക് സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയിട്ടുണ്ട്. വരുമാന വളർച്ച, ഭക്ഷ്യസുരക്ഷ, പോഷക സുരക്ഷ, ഉൽപ്പാദനക്ഷമത ഉയർത്തൽ തുടങ്ങിയവ

യാണ് വർക്കിങ് ഗ്രൂപ്പുകളുടെ പഠനത്തിന്റെ കാതൽ. ഇതിന്റെ ആദ്യ വർഷത്തെ പദ്ധതി എന്ന നിലയിൽ സ്വയം പര്യാപ്തമായ നിരവധി കൃഷിയിടങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കൃഷിയിട അടിസ്ഥാനമായ ആസൂത്രണമാണ് സ്വീകരിക്കുക. ഇതിലൂടെ വീടുകളോട് ചേർന്നുള്ള സ്ഥലത്തിന്റെ ഉത്പാദനക്ഷമത ഉയർത്തുന്നതിന് പ്രത്യേക മുൻതൂക്കം നൽകുന്നു.

കൂടുതൽ വിഭവശേഷി ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധത്തിൽ കൃഷിയിടങ്ങളെ പര്യാപ്തമാക്കുക എന്നതാണ് ഇതിലെ മുഖ്യമായ ആശയം. ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിക്കൽ, സപ്ലൈ ചെയിൻ ശേഷി ഉയർത്തൽ തുടങ്ങിയ കാര്യങ്ങൾക്കും പദ്ധതി ഊന്നൽ നൽകുന്നു. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രാഥമിക മേഖലയിലെ ഇത്തരം മുൻകൈയിൽ സഹകരണ മേഖല നിർണ്ണായകമായ ഒരു റോൾ നിർവഹിക്കും. 23 കോടി രൂപയുടെ അടങ്കൽ വരുന്ന ഒരു പദ്ധതി ഇതിനകം ആരംഭിച്ചിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി മൃഗസംരക്ഷണം, മൽസ്യബന്ധനം തുടങ്ങിയ രംഗങ്ങളിൽ വൻനിക്ഷേപം നടത്തുന്നതിനും പുതിയ പദ്ധതി ഊന്നൽ നൽകുന്നുണ്ട്. ഉൾനാടൻ മൽസ്യബന്ധനം വൻതോതിൽ ഉയർത്തുക എന്ന ലക്ഷ്യവുമായി ഒരു പദ്ധതി 2022-23 ൽ ആരംഭിച്ചിട്ടുണ്ട്.

### ഉപസംഹാരം

രാഷ്ട്രീയവും, ഭൗമശാസ്ത്രപരവുമായി ലോകരാഷ്ട്രങ്ങളിൽ അതിവേഗ മാറ്റം ഉണ്ടാകുന്ന സാഹചര്യത്തിൽ കാർഷിക മേഖലയിൽ ഉത്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്ന കാര്യത്തിൽ കേരളം വലിയ ഊന്നൽ നൽകേണ്ട സാഹചര്യം സംജാതമായിട്ടുണ്ട്. കുടുംബവരുമാനം ഉയർത്തുന്നതിനായി പ്രാഥമിക മേഖലയിൽ സമഗ്രമായ ഒരു സമീപനമാണ് വേണ്ടത്. നദീതട അടിസ്ഥാനമായ ആസൂത്രണം പ്രാഥമിക മേഖലയുമായി സംയോജിപ്പിക്കേണ്ടത് ആവശ്യമാണ്. മികച്ച ജലസേചന സൗകര്യങ്ങൾ വഴി ഉത്പാദനക്ഷമത ഉയർത്തുന്നതിന് ഇത് സഹായകമാണ്. മേഖല തിരിച്ചുള്ള ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പോക്ക് സാധ്യമാകൂ. ഇതിനും ഒപ്പം കാർഷിക രംഗത്തെ അടിസ്ഥാന തലങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്നതിനും കൂടുതൽ ബജറ്റ് വിഹിതം ആവശ്യമായി വരും. പ്രാഥമിക മേഖലയുടെ വികസനത്തിനൊപ്പം ഇത് ദ്വിതീയ, ത്രിതീയ മേഖലകളുമായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ബന്ധപ്പെടുത്തേണ്ടതും ആവശ്യമാണ്. നിരന്തര വളർച്ചക്ക് ഇത് സഹായകമാണ്. ഇനിയുള്ള കാലത്തിന്റെ പ്രത്യേകത കുറഞ്ഞ തോതിലുള്ള സാമ്പത്തിക വിഭവശേഷിയും ഒപ്പം വികസനത്തിന് അന്തമില്ലാത്ത ആവശ്യങ്ങളും ഉയർന്നു വരിക എന്ന ഒരു സാഹചര്യമാണ്. അതുകൊണ്ട് സംസ്ഥാനാടിസ്ഥാനത്തിലും പ്രാദേശിക തലത്തിലും സൂക്ഷ്മമായ ആസൂത്രണം എന്നതാണ് മുൻപോട്ടുള്ള പോക്കിന് ഏറ്റവും അവശ്യം വേണ്ടി വരിക. പഞ്ചവത്സര പദ്ധതികൾ അടിസ്ഥാനമാക്കിയുള്ള വികസനത്തിന്റെ വിശ്വാസ്യത ഇത് ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

■

(സംസ്ഥാന ആസൂത്രണ ബോർഡിന്റെ കാർഷിക, അനുബന്ധവിഭാഗം മേധാവിയാണ് ലേഖകൻ.)
(അഭിപ്രായങ്ങൾ വ്യക്തിപരം )

## References

1. Department of Agriculture, (2021).
2. Government of India (1956). *Approach Paper, Second Five Year Plan,* Planning Commission, 1956, Chapter 2, Para 3.

3. Government of Kerala (2021). *Kerala Development Report,* Kerala State Planning Board.
4. Government of Kerala, *13th Five Year Plan Approach,* Kerala State Planning Board.
5. Government of Kerala, *Economic Review, various issues,* Kerala State Planning Board.
6. Order F. No.1-8/2014-BP.III (Vol.II) dated 13 May (2022). *Minister of Consumer Affairs,* Food& Public Distribution, Government of India.
7. The State of Food Security and Nutrition in the World (2022). *Repurposing food and agricultural policies to make healthy diets more affordable* (Rome, FAO., https://doi.org/10.4060/cc0639en).
8. V. K. Ramachandran (2018). *Economic planning in Kerala,* Critical Asian Studies, 50:1, 155-163, DOI: 10.1080/09548963.2017.1421746.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരളത്തിലെ കാർഷിക മേഖല ബജറ്റിന്റെയും സാമ്പത്തിക റിവ്യൂവിന്റെയും പശ്ചാത്തലത്തിൽ

ഗായത്രി പ്രേം വി, ജെറ്റിൻ സൂസൻ തോമസ്

### ആമുഖം

പതിറ്റാണ്ടുകൾക്ക് മുൻപ് തന്നെ കേരളത്തിന്റെ സമ്പദ്ഘടനയിൽ വളരെ നിർണ്ണായകമായ പങ്ക് വഹിച്ച ഒരു മേഖലയാണ് കാർഷിക രംഗം. കാലഭേദത്തിനനുസരിച്ച് വിളകൾ, ഉല്പാദന രീതികൾ, ഉല്പാദന ക്ഷമത തുടങ്ങിയ കാര്യങ്ങളിൽ പ്രകടമായ മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയിലെ വരുമാനം, ലാഭക്ഷമത തുടങ്ങിയ ഘടകങ്ങൾ ഇന്നും മാറ്റമില്ലാതെ തുടരുന്ന തായി കാണാം. കോവിഡ് മഹാമാരി കാർഷിക മേഖലയിൽ വലിയ നാശമാണ് വിതച്ചത്. ഇതിന്റെ ഫലമായി 2021 ൽ കർഷകർ കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങി. കാർഷികോത്പന്നങ്ങളുടെ ആവശ്യത്തിൽ സംഭവിച്ച ഇടിവ്, തൊഴിലാളികളുടെ ലഭ്യതയിൽ ഉണ്ടായ കുറവ്, വിതരണ രംഗത്തെ തടസങ്ങൾ തുടങ്ങിയ ഘടകങ്ങൾ കാർഷിക മേഖലയിലെ പ്രതിസന്ധിയുടെ ആക്കവും തൂക്കവും വർധിപ്പിച്ചു. കോവിഡിന്റെ പ്രതിസന്ധിക്ക് ശമനമായതോടെ ഈ മേഖല ഒരു തിരിച്ചുവരവ് ന്യായമായും പ്രതീക്ഷിക്കുകയാണ്.

### 2022 ലെ സംസ്ഥാന ബജറ്റ്

2022 മാർച്ച് 11 ന് ധനമന്ത്രി കെ. എൻ ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിൽ കാർഷിക, അനുബന്ധ മേഖലകൾക്ക് നല്ല പ്രാമുഖ്യം നൽകിയിട്ടുണ്ട്. 851 കോടി രൂപ ഈ മേഖലകൾക്കെല്ലാമായി നീക്കിവച്ചിട്ടുണ്ട്. കാർഷിക രംഗത്തിന്റെ എല്ലാ വിഭാഗങ്ങളെയും ബജറ്റ് പരിഗണിച്ചിരിക്കു ന്നുവെന്ന് മാത്രമല്ല, ചെറുപ്പക്കാരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് വലിയ പ്രാധാന്യം നൽകിയിരിക്കുന്നു. 'കാർഷിക മേഖലയിലേക്ക് ഞങ്ങളും' എന്ന പ്രചരണ പരിപാടി മികച്ച ഒരു തുടക്കമാണ് കുറിച്ചിരിക്കുന്നത്. നവീന കൃഷിരീതികൾ പ്രാവർത്തികമാക്കുന്നതിനൊപ്പം യന്ത്രവത്കരണത്തിനും മതിയായ പ്രാധാന്യം ബജറ്റിൽ നൽകിയിട്ടുണ്ട്. അതുപോലെ ജലസേചന പ്രവർത്തനങ്ങൾക്കും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. തീരശോഷണം, കാലാവസ്ഥാ വ്യതിയാനം, ചെറുകിട ജലസേചന പദ്ധതികൾ, ഡാം സുരക്ഷ, പുനരധിവാസ പദ്ധതികൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി വരുന്നു.

***മുഴുവൻ സമയകൃഷി രീതി എന്ന ആശയത്തിന് കേരളത്തിൽ കാര്യമായ പിന്തുണ ലഭ്യമാകുന്നില്ല. കർഷകരിൽ ബഹുഭൂരിപക്ഷവും പാർട്ട് ടൈം കർഷകരോ, ചെറുകിട, നാമമാത്ര കർഷകരോ ആണ്. കൃഷിയിടങ്ങളുടെ വിസ്തൃതി കുറയുന്നു എന്നതിന് പുറമെ കുറഞ്ഞ ഉല്പാദനക്ഷമതയും സംസ്ഥാനത്തെ കാർഷിക മേഖലയുടെ ആശങ്കയാണ്.***

***തങ്ങളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം, കൃഷിഭവനുകളിലെ മന്ദഗതിയിലുള്ള പ്രവർത്തന രീതി, അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സാങ്കേതികമായ പ്രശ്നങ്ങൾ തുടങ്ങിയ നിരവധി കാര്യങ്ങൾ കർഷകർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.***

**വിള തിരിച്ചുള്ള അവലോകനം**

കേരളത്തിലെ വിവിധ വിളകളുടെ രംഗത്തുള്ള പ്രകടനം നമുക്കൊന്ന് വിലയിരുത്താം.

*നെല്ല്* : 2020–21 ലെ കണക്കുകൾ പ്രകാരം 2.02 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്. തൊട്ടു തലേവർഷത്തെ അപേക്ഷിച്ച് 5.7 ശതമാനം വർധനയാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. നെല്ലിന്റ ഉത്പാദനക്ഷമത ഹെക്ടറിന് 3105 കിലോഗ്രാമും മൊത്തം ഉത്പാദനം 6.27 ലക്ഷം ടണ്ണുമാണ്.

നെല്ലിന്റെ ഉത്പാദനം വർധിപ്പിക്കുന്നതിന് പല രീതിയിലുള്ള ഇടപെടൽ സർക്കാർ നടത്തുകയുണ്ടായി. തരിശായി കിടക്കുന്ന പ്രദേശങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കുക, ഒരു തവണ കൃഷി ചെയുന്നത് രണ്ടു തവണയായി ഉയർത്തുക, മികച്ചയിനം നെൽ വിത്തുകൾ കൃഷി ചെയ്യുക തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.

നെൽകൃഷിയുടെ വികസനത്തിന് 60 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 28.20 രൂപയായി വർധിപ്പിക്കുകയുണ്ടായി. കനത്ത മഴയും തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കവും വലിയ ഭീഷണിയാണ് കേരളത്തിലെ കാർഷിക മേഖലക്ക് മുന്നിൽ ഉയർത്തുന്നത്, പ്രത്യേകിച്ച് നെല്ലിന്റെ കാര്യത്തിൽ.

*പച്ചക്കറികൾ*: പച്ചക്കറി ഉത്പാദനം ഉയർത്തുന്ന കാര്യത്തിൽ തീവ്രയത്നമാണ് സംസ്ഥാനം നടത്തി വരുന്നത്. ഭക്ഷ്യസാധനങ്ങൾ സുരക്ഷിതമായിരിക്കണമെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളം. മഴയിൽ നിന്ന് സുരക്ഷ നൽകുന്ന കൃഷിരീതികൾ, മികച്ചയിനം വിത്തുകൾ ലഭ്യമാക്കൽ, പച്ചക്കറി കൃഷിക്കായുള്ള ക്ലസ്റ്ററുകൾ, സൂക്ഷ്മ ജലസേചന പദ്ധതികൾ തുടങ്ങിയ നയപരമായ നിരവധി ഇടപെടലുകൾ വഴിയായി ഉത്പാദനക്ഷമത കാര്യമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലക്കായി നീക്കിവച്ച തുകയുടെ നല്ലൊരു ഭാഗം ഹോർട്ടികൾച്ചർ മേഖലക്ക് വേണ്ടിയാണ്. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ വിഹിതം 14 കോടി രൂപയിൽ നിന്ന് 25 കോടിയായി ഉയർത്തി. സിംഗിൾ പോയിന്റ് ഡെലിവറി സംവിധാനം വികസിപ്പിക്കുന്നതിന്റെ ഭാഗമായി അഗ്രോ സർവീസ് സെന്ററുകൾ ശക്തിപ്പെടുത്തുക, കാർഷിക കർമ്മ സേന രൂപീകരിക്കുക, കസ്റ്റം ഹയറിങ് സെന്ററുകളുടെ രൂപീകരണം തുടങ്ങിയ കാര്യങ്ങൾ പരിഗണനയിലുണ്ട്.

*നാളികേരം* : കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിളയാണ് നാളികേരമെങ്കിലും ഈ കൃഷിക്ക് മതിയായ പ്രോത്സാഹനം ലഭ്യമാകുന്നില്ല. ഉല്പാദനവും ഉല്പാദനക്ഷമതയും യഥാക്രമം 0.54 ശതമാനം, 1.58 ശതമാനം എന്ന തോതിൽ കുറയുകയാണുണ്ടായത്. ബജറ്റിൽ 79 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്. പ്രായമേറിയ തെങ്ങുകളുടെ ആധിക്യം, മണ്ണിന്റെ ഗുണമേന്മക്കുറവ്, മികച്ചയിനം വിത്തുകളുടെ പ്രചരണത്തിലെ

***'ഞങ്ങളും കൃഷിയിലേക്ക്' എന്ന പ്രചരണ പരിപാടി ഒരു നല്ല തുടക്കമാണ് എന്ന് വിലയിരുത്താം.***

അപാകം തുടങ്ങിയ നിരവധി ഘടകങ്ങളാണ് കേരളത്തിൽ നാളികേര കൃഷിയെ പ്രതികൂല മായി ബാധിച്ചിരിക്കുന്നത്.

ഈ മേഖലയിൽ ഉത്പാദനക്ഷമത ഉയർത്തു ന്നതിന് കേരഗ്രാമം, കോക്കനട്ട് മിഷൻ തുട ങ്ങിയ നിരവധി പദ്ധതികൾ നടപ്പാക്കി യിട്ടുണ്ട്.

മാങ്കോസ്റ്റിൻ, റംബുട്ടാൻ, ലിച്ചി, അവോ ക്കാഡോ തുടങ്ങ്യ പഴവർഗങ്ങളുടെ ഉത്പാ ദനക്ഷമത ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയുടെ ഉത്പാദന ത്തിനും വിപണനത്തിനുമായി 18.92 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

*കുരുമുളക്* : കുരുമുളക് ഉല്പാദനത്തിൽ രണ്ടാം സ്ഥാനത്താണ് കേരളം. കനത്ത തോതിൽ ഇറക്കുമതി നടക്കുന്നത് മൂലം കുരുമുളകിന്റെ വില തുടർച്ചയായി ഇടിയുക യാണ്. ഈ മേഖലയിൽ ഉത്പാദനം ഉയർ ത്തുന്നതിന് സംയോജിത കുരുമുളക് വിക സന പദ്ധതിയും പുനരുദ്ധാരണ പദ്ധതിയും ഇപ്പോൾ നടപ്പാക്കി വരുന്നു.

*കശുഅണ്ടി* : മുൻവർഷത്തെ അപേക്ഷിച്ച് നോക്കുമ്പോൾ കശുവണ്ടിയുടെ ഉത്പാദനം 7.5 ശതമാനവും ഉത്പാദനക്ഷമത 13 ശത മാനവും വീതം വർദ്ധിച്ചതായി കാണാം.

*റബർ* : ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബർ ഉല്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി റബർ ഉത്പാദനം കുറഞ്ഞു വരികയാണ്. കനത്ത മഴ ടാപ്പിംഗിനെ ദോഷകരമായി ബാധിക്കുന്നതും ഒപ്പം തൊഴിലാളികളുടെ ക്ഷാമവുമാണ് ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ.

റബർ കൃഷിക്ക് സബ്സിഡി നൽകുന്നതിന് ബജറ്റിൽ 500 കോടി രൂപ വകകൊള്ളി ച്ചിട്ടുണ്ട്. വില ഉയർത്തുന്നതിനും, ഉത്പാദനം, ഉപഭോഗം എന്നിവ വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*തേയില, കാപ്പി* : വിവിധയിനം വിളകൾ കൃഷി ചെയ്യുന്ന രീതിക്കാണ് കേരളത്തിലെ തോട്ടം മേഖല പ്രാമുഖ്യം നൽകിയിരിക്കുന്നത്. വിഭവശേഷി പരമാവധി പ്രയോജനപ്പെടു ത്തുന്നതിനാണ് ഇത്. തേയില, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് തോട്ടം മേഖലയിൽ പ്രധാനമായും കൃഷി ചെയ്യുന്നത്. 2020-21 ൽ കാപ്പിയുടെ ഉത്പാ ദനം 65,459 ടണ്ണിൽ നിന്ന് 68,545 ടൺ ആയി ഉയർന്നു. കർണ്ണാടകക്ക് പിന്നിൽ രണ്ടാം സ്ഥാനത്താണ് കേരളത്തിന്റെ സ്ഥാനം. തേയിലയുടെ ഉത്പാദനക്ഷമത 12.8 ശത മാനം കണ്ട് ഉയർന്നിട്ടുണ്ട്. ഈ മേഖലകളിൽ കർഷകരെ സംരക്ഷിക്കുന്നതിന് വിദേശത്ത് നിന്നുള്ള ഇറക്കുമതി നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. മികച്ച ആസൂത്രണം, ആവശ്യമായ ജലസേചന സൗകര്യങ്ങൾ, തൊഴിലാളികളുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ ഈ മേഖലയുടെ വികസനത്തിന് അനിവാര്യമാണ്.

*ഏലം* : അന്തരാഷ്ട്ര വിപണികളിൽ ഏറെ ആവശ്യക്കാരുള്ള ഒരു ഉല്പന്നമാണ് ഏലം. ലോകത്ത് ഏറ്റവും കൂടുതൽ ഏലം ഉല്പാദിപ്പിക്കുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. രാജ്യത്തെ മൊത്തം ഏലം ഉല്പാദന ത്തിന്റെ 91.3 ശതമാനവും നടക്കുന്നത് കേരളത്തിലാണ്. കഴിഞ്ഞ വർഷം ഉല്പാദന ത്തിൽ 20,570 ടണ്ണിന്റെ വർധന രേഖപ്പെടു ത്തുകയുണ്ടായി.

***കാർഷിക രംഗത്തെ മൂല്യവർദ്ധനവിനെ കുറിച്ച് ബജറ്റ് ഏറെ വാചാലമാണെങ്കിലും കാർഷിക കടാശ്വാസ പദ്ധതികൾ പൂർണ്ണമായ അർത്ഥത്തിൽ പരിഗണിക്കപ്പെട്ടിട്ടില്ല***

**വെല്ലുവിളികൾ**

കേരളത്തിന്റെ കാർഷിക മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. മികച്ച സാധ്യതകൾ ഈ രംഗം തുറന്നു നൽകുന്നുണ്ടെങ്കിലും വളർച്ചയിലെ മുരടിപ്പ് ഒരു പ്രധാന വൈതരണിയായി മാറിയിരിക്കുകയാണ്. കാർഷിക മേഖല ഒഴിച്ചുള്ള മറ്റു മേഖലകൾക്ക് കേരളത്തിന്റെ പുരോഗതിയിൽ ഗണ്യമായ സംഭാവനായർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കാർഷിക മേഖലയുടെ പുരോഗതി ഇതര മേഖലകളെയപേക്ഷിച്ച് കേരളത്തിൽ കുറവാണെന്ന് കാണാം.

കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഏതാനും ഘടകങ്ങൾ ഇനി പറയുന്നവയാണ്. കൃഷിയിടങ്ങളുടെ കുറഞ്ഞ വിസ്തൃതിയാണ് ഒരു പ്രധാന പ്രശ്നം. ഇതു മൂലം യന്ത്രങ്ങൾ ഉപയോഗി ക്കുന്നതിനോ, ശാസ്ത്രീയ കൃഷിമുറകൾ സ്വീകരിക്കുന്നതിനോ പരിമിതിയുണ്ടാകുന്നു. പൂർണ്ണസമയ കൃഷി എന്നത് കേരളത്തിൽ സാമൂഹ്യമായി അത്ര സ്വീകാര്യമായ ഒരു കാര്യമല്ല. മിക്ക കർഷകരും ചെറുകിട, നാമമാത്ര കർഷകരും ഇതിനെ മുഖ്യജോലിയായി കണക്കാക്കാത്തവരുമാണ്. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും ഒപ്പം ഉല്പാദനക്ഷമതയും കുറയുന്നു എന്നതാണ് മറ്റൊരു പ്രധാന ആശങ്ക. സംസ്ഥാനത്തെ കൃഷിയിടങ്ങളെ ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നതും അല്ലാത്തതും എന്നിങ്ങനെ രണ്ടായി തിരിക്കാം. ഭക്ഷ്യേതര വിളകൾ കൃഷി ചെയ്യുന്ന ഭൂമിയാണ് സംസ്ഥാനത്ത് അധിക പങ്കും. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഉത്പാദനക്ഷമത കുറയുന്നതിനുള്ള ഒരു പ്രധാന കാരണം. മിക്ക സ്ഥലങ്ങളിലും കാണുന്ന ഒരു കാര്യം, ഒന്നുകിൽ വെള്ളം ലഭിക്കാതിരിക്കുകയോ അല്ലെങ്കിൽ കൂടുതലാവുകയോ ചെയ്യുന്നു എന്നതാണ്.

കൃഷി ചെയ്യുന്ന ഭൂവിസ്തൃതി കുറയുന്നത് മൂലം സംസ്ഥാനം ഉത്പാദനം വർധിപ്പിക്കൽ, ഉയർന്ന ഉത്പാദനക്ഷമത, ലാഭക്ഷമത എന്നീ കാര്യങ്ങൾക്കാണ് കാര്യമായ മുൻതൂക്കം നൽകുന്നത്. കൃഷി ആധുനികവൽക്കരിച്ചും ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ചുമാണ് ഉത്പാദനക്ഷമത ഉയർത്തുക. ഇത് കർഷകരുടെ വരുമാനവും ഒപ്പം ലാഭക്ഷമതയും ഉയർത്തുന്നു. പ്രകൃതിക്ക് വിനാശം വരുത്താതെ വേണം കാർഷിക മേഖലയെ വികസന നൈരന്തര്യമുള്ളതാക്കി മാറ്റുവാൻ. തുടർച്ചയായ രണ്ടു പ്രളയവും ഓഖി ചുഴലിക്കാറ്റും കാലാവസ്ഥയിൽ വന്ന പ്രകടമായ മാറ്റത്തിന്റെ സൂചനകളാണ്. ഇത് ജനങ്ങളുടെ ജീവനും സ്വത്തിനും കാര്യമായ പ്രതിസന്ധി സൃഷ്ടി ക്കുന്നു. ഈ ദുരന്തങ്ങൾ കാർഷിക മേഖലയിൽ വലിയ ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് മുൻവർഷങ്ങളിലെ അനുഭവങ്ങൾ ഉൾക്കൊണ്ട് വേണം കാർഷിക രംഗത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ.

ചില മേഖലകളിൽ വ്യക്തമായ ഫോക്കസിന്റെ അഭാവം ബജറ്റ് പ്രകടമാക്കുന്നുണ്ട്. കാർഷിക മേഖലയിൽ മൂല്യവർധന അടക്കമുള്ള കാര്യങ്ങളെ കുറിച്ച് ബജറ്റ് വാചാലമാകുന്നുണ്ടെങ്കിലും കടബാധ്യത യിലായ കർഷകരുടെ കാര്യത്തിൽ കാര്യ മായ പരിഗണന അത് നൽകുന്നില്ല. കിഫ്ബി വഴി നടപ്പാക്കുന്ന 70,000 കോടി രൂപയുടെ പദ്ധതികളിൽ കേവലം 21 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ് കർഷകർക്ക് പ്രയോജനം ലഭിക്കുന്നതായുള്ളു. 900 കോടി

***നഷ്ടപരിഹാരമായി നൽകുന്ന തുക അപര്യാപ്തമാണെന്ന വിമർശനം കർഷകരുടെ ഭാഗത്ത് നിന്നുമുയരുന്നുണ്ട്.***

രൂപ മാത്രമാണ് ബജറ്റിൽ കാർഷിക മേഖലക്കായി മാറ്റിവച്ചരിയ്ക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ തോട്ടം മേഖലയിലും മറ്റും പുറമെ നിന്നുള്ള നിക്ഷേപത്തെ കാര്യമായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മറ്റൊരു പ്രധാന പ്രശ്നം, മിക്ക പദ്ധതികളും വിളകൾ കേന്ദ്രീകരിച്ചുള്ളതാണ്. നിലവിൽ കാർഷിക രംഗത്തെ പ്രവർത്തനങ്ങൾ മുഖ്യമായും സർക്കാർ പദ്ധതികളെ കേന്ദ്രീകരിച്ചുള്ളതാണ്. സ്വകാര്യ പങ്കാളിത്തവും സംരംഭകത്വവും ഈ മേഖലയിൽ വളരെ പരിമിതമാണെന്ന് കാണാം. നഷ്ടപരിഹാരമായി നൽകുന്ന തുക തുലോം കുറവാണെന്ന വിമർശനം കർഷകർ ഉന്നയിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ വരുന്ന കാലതാമസവും കൃഷിഭവനുകളിലെ മെല്ലെപ്പോക്കും ഒപ്പം സാങ്കേതികമായ പ്രശ്നങ്ങളും കർഷകർക്ക് മുന്നിലുയർത്തുന്ന വെല്ലുവിളികൾ ഒട്ടും ചെറുതല്ല.

ഉയർന്ന മൂല്യമുള്ള പഴവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, തോട്ടം മേഖല തുടങ്ങിയ രംഗങ്ങളിൽ കേരളത്തിന് മികച്ച സാധ്യതകളാണുള്ളത്. ഇത് പരമാവധി ചൂഷണം ചെയ്യുന്നതിന് സംസ്ഥാനം കരാർ കൃഷി, നിർമ്മിത ബുദ്ധി, ഇലക്ട്രോണിക് വ്യാപാരം തുടങ്ങിയ ആധുനിക സങ്കേതങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. നവീന സാങ്കേതിക വിദ്യകൾ ഫലവത്തായി ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് നിരന്തരമായ ശ്രദ്ധ ഈ രംഗത്ത് ആവശ്യമാണ്. നെൽകർഷകരുടെ സ്ഥിതി പരിഗണിക്കുന്നതിന് വിവിധ വകുപ്പുകൾ ചേർന്ന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യണം. കാർഷിക അനുബന്ധ വ്യവസായങ്ങൾക്ക് കാര്യമായ പ്രോത്സാഹനം നൽകേണ്ടത് ആവശ്യമാണ്. ഇതിനായി കാർഷിക കോളേജുകളിൽ പ്രത്യേക സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ കാർഷിക മേഖലയിൽ ഫലപ്രദമായി വിന്യസിക്കുന്നത് ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിന് ഏറെ സഹായകമാണ്. ഇത് ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിനും സഹായകമായ ഒരു കാര്യമാണ്.

ഈ വിധത്തിൽ കേരളത്തിലെ കാർഷിക മേഖലക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നതാണ്. കാർഷിക രംഗത്തെ എല്ലാ വിഭാഗങ്ങളെയും സമഗ്രമായി സ്പർശിക്കുന്ന വികസന തന്ത്രത്തിനാണ്സംസ്ഥാനം രൂപം നൽകേണ്ടത്.

■

(കേരള സർവകലാശാലയിലെ ഒന്നാം വർഷ സാമ്പത്തികശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളാണ് ലേഖകർ )

## References

1. Abraham, R. & Varughese, A. (2021). *Post Reform Trends in Crop Cultivation in Kerala: Evidences from the Cost of Cultivation survey data.* Economic Affairs, Vol. 66, No. 04, pp. 671-678.
2. Government of Kerala (2021) *Economic Review Volume 1 2021,* Kerala State Planning Board, Thiruvananthapuram
3. Government of Kerala (2021). *Kerala Development Report 2021,* Kerala State Planning Board, Thiruvananthapuram
4. Government of Kerala (2022). *Kerala Budget 2022-23,* Finance Department, Thiruvananthapuram

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരളത്തിന് അനന്തസാദ്ധ്യതകൾ തുറന്ന് നൽകുന്ന മൽസ്യമേഖല

അതുൽ ജോസഫ്

**ആമുഖം**

മൽസ്യസമ്പത്ത് കൊണ്ട് അനുഗ്രഹീതമായ നാടാണ് കേരളം. 590 കിലോമീറ്റർ കടൽത്തീരവും 2.18 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള എക്സ്ക്ളൂസീവ് ഇക്കണോമിക് സോണും (ഇ ഇ ഇസഡ്) കേരളത്തിനുണ്ട്. സമുദ്രതീരത്ത് നിന്നും 12 നോട്ടിക്കൽ മൈൽ അകലെവരെ മൽസ്യ ബന്ധനം നടത്തുന്നതിന് സംസ്ഥാനത്തിന് അവകാശമുണ്ട്. 44 നദികളും ഒൻപത് വലിയ തടാകങ്ങളും ഉൾപ്പടെയുള്ള ഉൾനാടൻ ജലസ്രോതസ്സുകളും സംസ്ഥാനത്തുണ്ട്. മൊത്തം 1620 ഹെക്ടറാണ് ഈ തടാകങ്ങളുടെ വിസ്തൃതി. സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയുടെ നട്ടെല്ലായി വർത്തിക്കുന്ന ഒന്നാണ് മൽസ്യബന്ധനം. പിന്നാക്ക വിഭാഗങ്ങളിൽ പെടുന്ന വലിയൊരു വിഭാഗം ആളുകൾക്ക് ജീവസന്ധാരണത്തിനുള്ള മാർഗം, എന്നതിന് പുറമെ ജനങ്ങളുടെ ഭക്ഷ്യപോഷണത്തിനും ഭക്ഷ്യ സുരക്ഷക്കും ആധാരമായി മൽസ്യമേഖല നിലകൊള്ളുന്നു. ഏകദേശം 10.44 ലക്ഷം പേരാണ് ഈ മേഖലയിൽ ജോലി ചെയ്ത് ജീവിക്കുന്നത്. ഇതിൽ 2.4 ലക്ഷം പേർ ഉൾനാടൻ മത്സ്യത്തൊഴിലാളികളാണ്. ലോകത്തെ ഏറ്റവും വലിയ ഭക്ഷ്യ ഉൽപാദക രാജ്യങ്ങളിലൊന്നായ ഇന്ത്യ, മൊത്തം ആഗോള ഉല്പാദനത്തിന്റെ 7.58 ശതമാനം നിർവഹിക്കുന്നു. രാജ്യത്തിന്റെ ജി വി എ യുടെ 1.24 ശതമാനം സംഭാവന ചെയ്യുന്നത് മൽസ്യബന്ധന മേഖലയാണ്. കാർഷിക രംഗത്തെ ജി വി എയിൽ ഈ മേഖല നൽകുന്ന സംഭാവന 7.28 ശതമാനമാണ്. 2019-20 ൽ ഇന്ത്യ 46,662 കോടി രൂപ വില മതിക്കുന്ന 12.9 ലക്ഷം ടൺ മത്സ്യഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി.

2020-21 ൽ സംസ്ഥാനത്തിന്റെ ഗ്രോസ് വാല്യൂ അഡിഷനിൽ (സ്ഥിരവിലയെ ആധാരമാക്കിയുള്ള ജി എസ് വി എ) മൽസ്യബന്ധന മേഖലയുടെ സംഭാവന 0.82 ശതമാനമാണ്. ജി എസ് ഡി പിയുടെ കാര്യത്തിൽ ഇത് 0.72 ശതമാനവുമാണ്. എന്നാൽ മൽസ്യബന്ധന മേഖലയും അക്വാകൾച്ചർ രംഗവും ചേർന്ന് ജി എസ് വി എയിൽ നൽകിയ സംഭാവന 8.71 ശതമാനമാണ്. 2011-12 മുതൽ 2017-18 വരെയുള്ള കാലയളവിൽ ഫിഷറീസ് മേഖലയിൽ നിന്നുള്ള വാല്യൂ ഓഫ് ഔട്പുട്ട് (വി ഒ ഒ) 13 ശതമാനം കണ്ട് ഉയർന്നിട്ടുണ്ട്. ഇതിൽ ഉൾനാടൻ മൽസ്യബന്ധന മേഖല

***കാലാവസ്ഥാ വ്യതിയാനവും മൽസ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടിക്കൽ, അമിതതോതിലുള്ള മൽസ്യബന്ധനം, അശാസ്ത്രീയ മൽസ്യബന്ധനം തുടങ്ങിയ വിനാശകരമായ പ്രവർത്തനങ്ങൾ മൂലം കഴിഞ്ഞ ഒരു ദശകത്തിനിടയിൽ സമുദ്ര മൽസ്യ ലഭ്യതയിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്.***

***സമുദ്രമൽസ്യ ബന്ധനത്തിന്റെ കാര്യത്തിൽ കേരളം പരമാവധി നിലയിലെത്തിയിരിക്കുന്നു എന്ന നിഗമനമുണ്ട്. അതുകൊണ്ട് ഉൾനാടൻ മത്സ്യബന്ധനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.***

യുടെ സംഭാവന 20 ശതമാനമാണെന്ന് കാണാം. എന്നാൽ 6.3 ശതമാനം വർധന യോടെ സമുദ്രോത്പന്ന മേഖലയുടെ സംഭാവനയും മോശമല്ലാത്ത വളർച്ച കൈവരിച്ചു എന്ന് പറയാം. വി ഒ ഒയിൽ ഉൾനാടൻ മൽസ്യബന്ധന മേഖലയുടെ പങ്ക് 58 ശതമാനം വർധനയെന്ന മികച്ച നേട്ടം കൈവരിക്കുകയുണ്ടായി. 2018–19 ലെ കണക്കെടുത്താൽ സമുദ്രോത്പന്ന മേഖല യിൽ നിന്നുള്ള സംഭാവന 6.1 ലക്ഷം ടണ്ണും ഉൾനാടൻ മൽസ്യബന്ധന മേഖലയുടേത് 1.92 ലക്ഷം ടൺ ആണ്. മൃഗസംരക്ഷണ, ക്ഷീര, മൽസ്യബന്ധന വകുപ്പിന്റെയും (ഫിഷറീസ് സ്ഥിതിവിവര കണക്കുകളുടെ ഹാൻഡ്ബുക്ക്) ഫിഷറീസ് വകുപ്പിന്റെയും കണക്കുകൾ പ്രകാരം ഇന്ത്യയിലെ മത്സ്യോത്പാദനത്തിന്റെ 74 ശതമാനവും വരുന്നത് ഉൾനാടൻ മൽസ്യബന്ധന മേഖലയിൽ നിന്നാണ്. എന്നാൽ കേരള ത്തിൽ സ്ഥിതി മറിച്ചാണ്. ഇവിടെ മത്സ്യോത്പാദനത്തിന്റെ സിംഹഭാഗവും കടലിൽ നിന്നാണ് (64 ശതമാനം).

സമുദ്രോത്പന്ന മേഖലയിൽ കേരളം ഇന്ത്യയിൽ നാലാം സ്ഥാനത്താണ്. 4.75 ലക്ഷം ടണ്ണാണ് സംസ്ഥാനത്തിന്റെ ഉത്പാ ദനം. നെയ്മീൻ, ചെമ്മീൻ, പാമ്പാട, ചാള, അയല തുടങ്ങിയവയാണ് കേരള തീരത്ത് ധാരാളമായി ലഭിക്കുന്ന മൽസ്യഇനങ്ങൾ. മൽസ്യബന്ധന മേഖലയെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ നിയമം ഭേദഗതി ചെയ്യുകയുണ്ടായി. മൽസ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ട് 2018 –19 ൽ സമുദ്ര മൽസ്യലഭ്യതയിൽ 26 ശതമാനം വളർച്ച രേഖപെടുത്തുകയുണ്ടായി. എന്നാൽ 2019–20, 2020–21 എന്നീ വർഷങ്ങളിൽ ഉത്പാദനം കുറയുന്ന പ്രവണതയാണ് കണ്ടത്. കാലാവസ്ഥയിലുണ്ടായ പ്രതികൂല സാഹചര്യമാണ് ഇതിന് മുഖ്യ കാരണമാ യത്. കാലാവസ്ഥാ വ്യതിയാനം മൂലം ആഗോളതലത്തിൽ തന്നെ മൽസ്യബന്ധന മേഖല പ്രതിസന്ധി നേരിടുന്നുണ്ട്. സമുദ്രത്തിലെ താപനിലയിൽ ഉണ്ടാകുന്ന മാറ്റങ്ങളും അനിയന്ത്രിതവും അശാസ്ത്രീയ വുമായ മൽസ്യബന്ധനം മൂലം സമുദ്ര ത്തിലെ ജൈവസമ്പത്തിനുണ്ടാകുന്ന മാറ്റ ങ്ങളും ഇതിന് നിദാനമാണ്.

2022–23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 240.64 കോടി രൂപയാണ് മൽസ്യബന്ധന മേഖലക്കായി വകയിരുത്തിയിരിക്കുന്നത്. മുൻവർഷത്തേക്കാൾ 37 കോടി രൂപ അധിക മാണ് ഇത്. താഴെക്കാണും വിധമാണ് ബജറ്റിൽ വകയിരുത്തൽ നടത്തിയിരി ക്കുന്നത്.

### 2. മൽസ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങൾ

ഈ രംഗത്ത് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി മത്സ്യഉത്പാദന രംഗത്ത് നാം സ്വയംപര്യാപ്തമല്ല എന്നതാണ്. മൽസ്യവിഭവങ്ങളുടെ കാര്യത്തിൽ കേരളം ഇറക്കുമതിയെ കാര്യമായി ആശ്രയിക്കു ന്നുണ്ട്. ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയുടെ കാര്യത്തിലെന്ന പോലെ ഈ രംഗത്തും നമുക്ക് ലഭ്യതക്കുറവ് അനുഭവപ്പെടുന്നുണ്ട്. പ്രതിവർഷം ഏതാണ്ട് 9. 12 ലക്ഷം ടൺ മത്സ്യമാണ് മലയാളികളുടെ

***സേവിങ് കം റിലീഫ് പദ്ധതി വഴിയായി 1. 58 ലക്ഷം മത്സ്യതൊഴിലാളികൾക്കും 21, 743 അനുബന്ധ തൊഴിലാളികൾക്കും സഹായം ലഭ്യമാക്കുന്നുണ്ട്.***

തീന്മേശയിലെത്തുന്നത്. അതായത് പ്രതിദിനം 2000–2500 ടൺ. എന്നാൽ നമ്മുടെ സമുദ്രമൽസ്യ ഉത്പാദനം 4.75 ലക്ഷം ടൺ മാത്രമാണ് . അതുകൊണ്ട് മൊത്തം ആവശ്യത്തിന്റെ 60 ശതമാനം (34 ലക്ഷം ടൺ) അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലെത്തുന്നത്. പ്രത്യേകിച്ച് നഗരപ്രദേശങ്ങളിലെ ആവശ്യത്തിന്.

കേരളത്തിലെ മൽസ്യബന്ധന സമൂഹം നേരിടുന്ന ഒരു പ്രധാന പ്രശ്നം അവർക്ക് ലഭിക്കുന്ന മത്സ്യങ്ങളിൽ വിപണിയിൽ കൂടുതൽ വിലയുള്ള മൽസ്യങ്ങളുടെ പങ്ക് കുറവാണ് എന്നതാണ്. വിവിധയിനം ചെമ്മീൻ, ഞണ്ട്, കല്ലുമ്മക്കായ, അയല, നെയ്മീൻ, പാമ്പാട, മത്തി, നത്തോലി/ കൊഴുവ, കരിപ്പടി, കരിമീൻ,ചെമ്പല്ലി തുടങ്ങിയ ഇനങ്ങളാണ് കേരളത്തിൽ പൊതുവെ ലഭ്യമാകുന്ന മൽസ്യ ഇനങ്ങൾ. ഇന്ത്യയിൽ മൊത്തം പിടിക്കുന്ന മത്സ്യത്തിന്റെ ഏതാണ്ട് 13.3 ശതമാനമാണ് കേരളത്തിന്റെ സംഭാവന. മൊത്തം മൂല്യത്തിന്റെ 12.84 ശതമാനം കേരളത്തിന്റെ സംഭാവനയാണ്.

കാലാവസ്ഥാ വ്യതിയാനം, മൽസ്യക്കുഞ്ഞുങ്ങളെ പിടിക്കൽ, അമിത മൽസ്യബന്ധനം, അശാസ്ത്രീയ മൽസ്യബന്ധനം തുടങ്ങിയ നിരവധി കാരണങ്ങളാൽ കഴിഞ്ഞ ഒരു ദശകത്തിനിടയിൽ സംസ്ഥാനത്ത് മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. 2020–21 ൽ സമുദ്ര മൽസ്യലഭ്യതയിലും ഇടിവുണ്ടായി. മോശം കാലാവസ്ഥയും കടൽക്ഷോഭവും ഇതിന് കാരണമായിട്ടുണ്ട്. അമിതമൽസ്യബന്ധനവും കുഞ്ഞുങ്ങളെ വൻതോതിൽ പിടിക്കുന്നതുമാണ് ഇതിന് പ്രധാന കാരണങ്ങൾ. ഉൾനാടൻ മൽസ്യബന്ധന മേഖല സാധ്യതകളുടെ അക്ഷയഖനി തന്നെയാണ് തുറന്നിടുന്നത്. എന്നാൽ ഇത് ക്രിയാത്മകമായി ചൂഷണം ചെയ്യുന്നതിന് നമുക്ക് കഴിയുന്നില്ല എന്നതാണ് വാസ്തവം. കോവിഡ് മഹാമാരിയുടെ ഘട്ടത്തിലെ സമ്പൂർണ അടച്ചിടൽ ഈ രംഗത്തെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിയെന്ന് പറയാം.

**3. ഉൾനാടൻ മത്സ്യോത്പാദനം**

സമുദ്രമത്സ്യങ്ങളാണ് ഉപഭോഗത്തിന്റെ അധിക പങ്കും എന്നതാണ് കേരളത്തിന്റെ ഒരു പ്രത്യേകത. എന്നാൽ രാജ്യം മൊത്തം കണക്കിലെടുക്കുമ്പോൾ സ്ഥിതി നേരെ മറിച്ചാണ്. 2018–19 സാമ്പത്തിക വർഷത്തിൽ 600,000 ലക്ഷം ടൺ മത്സ്യമാണ് സമുദ്രത്തിൽ

**Table 1.** Department/agency wise allocation in budget 2022-23

| Sl. No. | Department/Agency | Amount (Rs Lakhs) |
|---|---|---|
| 1 | Fisheries Department | 13983.00 |
| 2 | Harbour Engineering Department | 3007.00 |
| 3 | KUFOS | 3350.00 |
| | TOTAL | 20340.00 |

Source: Kerala Budget, 2022-23.

***കാലാവസ്ഥാ വ്യതിയാനം, ഒപ്പം തന്നെ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കൽ, അമിതമായ മൽസ്യബന്ധനം, അശാസ്ത്രീയമായ മൽസ്യബന്ധനം തുടങ്ങിയ പ്രവർത്തനങ്ങൾ മൂലം കഴിഞ്ഞ ഒരു ദശകക്കാലത്തിനിടയിൽ കടലിൽ നിന്നുള്ള മത്സ്യലഭ്യത കുറയുന്ന പ്രവണത പ്രകടമാകുന്നുണ്ട്.***

**Table 2.** State's contribution to centrally sponsored schemes in marine fisheries for the fiscal 2022-23

| Sl. No. | Scheme | Amount (Rs Lakhs) |
|---|---|---|
| 1 | Marine ambulance for the security of fisherman | 250.00 |
| 2 | Motorization of Traditional Fishing Crafts | 150.00 |
| 3 | Modernisation of Fish Markets, Value Addition Post-Harvest Activities | 350.00 |
| 4 | Mariculture Activities | 10.00 |
| 5 | Removal of Plastic from water bodies- "Suchitwa Sagaram"(HED) | 50.00 |
| 6 | Pradhan Mantri Matsya Sampada Yojana (PMMSY) - Integrated Development and Management of Fisheries (CSS 60% and SS 40%) | 1400.00 |

Source: Kerala Budget Data, 2022-23.

നിന്ന് ലഭിച്ചത്. ഉൾനാടൻ അക്വകൾച്ചർ രീതിയിൽ ലഭ്യമായത് കേവലം 25,000 ടണ്ണാണ്. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിട്യൂട്ട് (സി എം എഫ് ആർ ഐ) ഒരു റിപ്പോർട്ടിൽ വ്യക്തമാക്കുന്നത് ഭാവിയിൽ കേരളത്തിൽ മത്സ്യത്തിന്റെ കാര്യത്തിൽ ഡിമാൻഡും സപ്ലൈയും തമ്മിലുള്ള അന്തരം ഗണ്യമായി ഉയരുമെന്നാണ്. സമുദ്രമത്സ്യലഭ്യതയുടെ കാര്യത്തിൽ സംസ്ഥാനം ഇപ്പോൾ പരമാവധി പരിധിയിലാണെന്ന് കണക്കാക്കപ്പെടുന്നു. അതുകൊണ്ട് ഉൾനാടൻ മൽസ്യ സമ്പത്തിന്റെ സാദ്ധ്യതകൾ കേരളം പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

കടൽ, ഉൾനാടൻ ശുദ്ധജല തടാകങ്ങൾ, കായലുകൾ തുടങ്ങിയ ജലസ്രോതസുകൾ കാര്യമായി ഉള്ളത് മൂലം കേരളത്തിന് അക്വകൾച്ചർ മേഖലയിൽ മികച്ച സാധ്യതകളാണുള്ളത്. 3092 കിലോമീറ്ററിൽ ഒഴുകുന്ന 44 നദികൾ, 5295.93 ഹെക്ടറിൽ പരന്നു കിടക്കുന്ന ശുദ്ധജല കുളങ്ങൾ, 65213 ഹെക്ടറിലുള്ള ഉപ്പുവെള്ള ജലാശയങ്ങൾ, 46128 ഹെക്ടർ വിസ്തൃതിയാർന്ന കായൽ പരപ്പും അക്വകൾച്ചർ, പെൻ, കൂട് മത്സ്യ കൃഷി തുടങ്ങിയവക്ക് വളക്കൂറുള്ള മണ്ണൊരുക്കുന്നു. ചുവടെ കാണുന്ന പട്ടിക സംസ്ഥാനത്തെ ശുദ്ധജല സ്രോതസുകൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നു.

***ലൈഫ് മിഷൻ പദ്ധതി വഴിയായി വീടുകളില്ലാത്ത 1619 കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമായി.***

**Table 3.** District wise data on the fresh water resources of Kerala.

| Districts | Panchayath Ponds | Streams and Holy Ponds | Village Ponds | Irrigation Tanks |
|---|---|---|---|---|
| Thiruvananthapuram | 1706 | 67 | | 34 |
| Kollam | 589 | 188 | 16 | 17 |
| Pathanamthitta | 390 | 66 | | 6 |
| Alappuzha | 340 | 303 | | 3 |
| Kottayam | 226 | 207 | 7 | 75 |
| Idukki | 65 | 25 | | 47 |
| Ernakulam | 719 | 201 | 54 | 72 |
| Thrissur | 959 | 305 | 3 | 228 |
| Palakkad | 629 | 334 | 6 | 60 |
| Malappuram | 545 | 275 | 7 | 45 |
| Kozhikode | 96 | 264 | 11 | 24 |
| Wayanad | 28 | 5 | 22 | 61 |
| Kannur | 292 | 312 | 9 | 35 |
| Kasaragod | 264 | 137 | 50 | 145 |
| Total | 6848 | 2689 | 185 | 852 |

Source: Fisheries Handbook (2020).

**Table 4.** Outlay on inland fisheries, Budget (2022-23)

| Sl. No. | Scheme | Amount (in Lakhs) |
|---|---|---|
| 1 | Aquaculture Development | 6662.00 |
| 2 | Sea safety and sea rescue operations | 550.00 |
| 3 | Aquatic Animal Health Surveillance and Management | 100.00 |
| 4 | Reservoir Fisheries Development | 200.00 |
| 5 | Cleaning of Vembanad Lake | 100.00 |
| 6 | Aquaculture Extension Services | 711.00 |
| 7 | Operational expenses for KAVIL | 100.00 |

Source: Kerala Budget Data, 2022-23

***'നീല വിപ്ലവം' എന്ന പദ്ധതിയുടെ ഭാഗമായി 200 ഫൈബർ അധിഷ്ഠിത പ്ലാസ്റ്റിക് വള്ളങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.***

ഉൾനാടൻ മൽസ്യകൃഷിക്ക് 2022–23 ലെ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 8423 ലക്ഷം രൂപയാണ്. ഏഴു സ്കീമുകൾ വഴിയാണ് ഇത് നടപ്പാക്കുന്നത്.

**3.1 മത്സ്യകൃഷി വികസനം**

അക്വകൾച്ചർ ഇന്ന് മികച്ച ബിസിനസ് സാധ്യതകളുള്ള ഒരു മേഖലയായി വളർന്നു വരികയാണ്. കൂട് മൽസ്യകൃഷി, ഉൾനാടൻ ലവണ ജലാശയങ്ങൾ, വിവിധയിനം മൽസ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്ന ഹാച്ചറികൾ തുടങ്ങിയ ഘടകങ്ങൾ ഇതിന് സഹായകരമായ സാഹചര്യമൊരുക്കുന്നു. 45,000 ടണ്ണിന്റെ അധിക ഉത്പാദനം ഉറപ്പിക്കാൻ കഴിയുന്ന അക്വകൾച്ചർ പ്രവർത്തനങ്ങൾ നമുക്ക് നോക്കാം.

ഒരു നെല്ലും ഒരു മത്സ്യവും കൃഷി രീതി

ചെമ്മീൻ, ഞണ്ട്, കല്ലുമ്മക്കായ കൃഷി

കറൂപ്പ്, തിലോപ്പി, മറ്റു ഉൾനാടൻ മൽസ്യ ഇനങ്ങൾ എന്നിവയുടെ കൃഷി

ബയോഫ്ളോക് ടാങ്ക്, കൂട്, കുളങ്ങൾ, റീസർകുലേറ്ററി അക്വകൾച്ചർ തുടങ്ങിയവ വഴിയുള്ള തീവ്ര മത്സ്യകൃഷി

**3.2 അണക്കെട്ടുകളിലെ മത്സ്യകൃഷി വികസനം**

ചെറിയ അണക്കെട്ടുകളിൽ കറൂപ്പ്, കരിമീൻ തുടങ്ങിയ വിവിധയിനം മത്സ്യങ്ങളെ വളർത്തുന്ന രീതിയാണ് ഇത്. വലിയ ഡാമുകളിൽ കൂട് മൽസ്യകൃഷിയുടെ സാധ്യതകളും ഈ പദ്ധതി ആരായുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനായി 200 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

**4. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ, സാമ്പത്തിക സുരക്ഷ**

കേരളത്തിൽ മൊത്തം 10.50 ലക്ഷം മൽസ്യത്തൊഴിലാളികളുണ്ടെന്നാണ് കണക്ക്. അതിൽ 2.4 ലക്ഷം പേർ ഉൾനാടൻ മൽസ്യബന്ധന മേഖലയിൽ ജോലി ചെയ്യുന്നവരാണ്. കേരള മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡിന്റെ 2020 ലെ കണക്കുകൾ പ്രകാരം ഈ രംഗത്ത് സജീവമായി തുടരുന്നവരുടെ എണ്ണം 240,211 ആണ്. ഇവരുടെ സാമൂഹ്യ സുരക്ഷക്കായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സംയോജിത പ്രവർത്തനം വഴിയായാണ് പദ്ധതികൾ നടപ്പാക്കുന്നത്.മൽസ്യത്തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണം, ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയ വിവിധ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷെർവുമൻ (എസ് എ എഫ്) വനിതാ മൽസ്യബന്ധന തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം ഉയർത്തുന്നതിന് കാര്യമായ ശ്രമം നടത്തുന്നു. 138 ഗ്രൂപ്പുകളിലായി 398 സ്ത്രീകൾക്ക് സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകിയിട്ടുണ്ട്. 2020–21 ൽ 242 തീരമൈത്രി ഗ്രൂപ്പുകൾക്ക് സംസ്ഥാന സർക്കാർ സഹായമൊരുക്കിയിട്ടുണ്ട്. പലിശരഹിതമായ പ്രവർത്തന മൂലധന വായ്പയാണ് ഇതിൽ മുഖ്യം.

***4.1 ആശ്വാസ നടപടികൾ (2017 18)***

സേവിങ് കം റിലീഫ് പദ്ധതി വഴിയായി 1. 58

**Table 5.** District wise list of beneficiaries (marine and inland fisheries) of the saving cum relief scheme.

| Sl. No. | District | Beneficiaries (Marine) | Beneficiaries (Inland) | Amount (in Lakhs) |
|---|---|---|---|---|
| 1 | Thiruvananthapuram | 37139 | 37139 | 1072.57 |
| 2 | Kollam | 28689 | 28689 | 901.52 |
| 3 | Pathanamthitta | 0 | 0 | 2.96 |
| 4 | Alappuzha | 36012 | 36012 | 1277.53 |
| 5 | Kottayam | 0 | 0 | 94.725 |
| 6 | Idukki | 0 | 0 | 2.785 |
| 7 | Ernakulam | 15917 | 15917 | 649.32 |
| 8 | Thrissur | 4964 | 4964 | 159.55 |
| 9 | Palakkad | 0 | 0 | 7.65 |
| 10 | Malappuram | 17282 | 17282 | 498.27 |
| 11 | Kozhikode | 19977 | 19977 | 596.88 |
| 12 | Wayanad | 0 | 0 | 0 |
| 13 | Kannur | 3808 | 3808 | 139.68 |
| 14 | Kasaragod | 8484 | 8484 | 252.60 |
| | TOTAL | 172272 | 24143 | 5656 |

Source: Fisheries Handbook (2020).

ലക്ഷം മത്സ്യതൊഴിലാളികൾക്കും അനുബന്ധ മേഖലകളിലെ 21,743 തൊഴിലാളികൾക്കും സഹായം നൽകിയിട്ടുണ്ട്.

### *4.2. 2016-17 മുതലുള്ള ഭവനനിർമ്മാണ പദ്ധതികൾ*

ഫിഷറീസ് വകുപ്പ് മുൻകയ്യെടുത്ത് മൽസ്യത്തൊഴിലാളികൾക്കായി 5457 വീടുകൾ നിർമ്മിക്കുകയുണ്ടായി. 4500 തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജ്ജിതമായി നടന്നു വരുന്നു. ലൈഫ് മിഷൻ പദ്ധതിയിൽ 1619 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുകൾ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ മുട്ടത്തറയിൽ വീടും സ്ഥലവും നഷ്ടമായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 192 ഫ്ളാറ്റുകൾ ഉൾപെടുന്ന ഒരു സമുച്ചയത്തിന്റെ നിർമ്മാണവുമായി ഗവണ്മെന്റ് മുന്നോട്ട് പോവുകയാണ്. 542 ചതുരശ്ര അടിയാണ് ഓരോ ഫ്ളാറ്റിന്റെയും വിസ്തീർണ്ണം.

### *4.3 വിദ്യാതീരം പദ്ധതി*

തീരപ്രദേശത്തെ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ഇത്. 57 ലക്ഷം രൂപയാണ് പദ്ധതിയുടെ മതിപ്പ് ചെലവ്. പത്താം ക്ളാസ് പാസായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എൻജിനീയറിങ് എൻട്രൻസ് പരീക്ഷ എഴുതുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഹയർ സെക്കണ്ടറിക്ക് പഠിക്കുന്നതിനൊപ്പം ഈ വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിങ് നൽകുന്നതിനുള്ള പദ്ധതിയാണ് ഇത്. പത്താം തരത്തിൽ

**Table 6.** District wise expenditure on various housing schemes

| Sl. No. | District | Housing @ 2 lakhs | Housing @ 4 lakhs |
|---|---|---|---|
| 1 | Thiruvananthapuram | 979 | 211 |
| 2 | Kollam | 490 | 50 |
| 3 | Alappuzha | 569 | 15 |
| 4 | Kottayam | 91 | |
| 5 | Idukki | 5 | |
| 6 | Ernakulam | 170 | 1 |
| 7 | Thrissur | 50 | 6 |
| 8 | Palakkad | 5 | |
| 9 | Malappuram | 423 | 37 |
| 10 | Kozhikode | 250 | 10 |
| 11 | Kannur | 50 | 22 |
| 12 | Kasaragod | 67 | 48 |
| | Total | 3149 | 400 |

Source: Fisheries Handbook (2020).

**Table 7.** Allocation for various coaching and training programmes under the Vidyatheeram scheme

| Activity | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| Medical Entrance | 33 | 50 | 56 | 84 |
| Civil Service | 2 | 10 | 10 | 12 |
| Bank Test | 17 | 19 | 18 | 20 |
| PSC | 75 | 68 | 55 | 48 |

Source: Fisheries Handbook (2020).

80 ശതമാനം മാർക്ക് ലഭിച്ച സി ബി എസ് ഇ വിദ്യാർത്ഥികൾക്കും ഇതിന്റെ ആനുകൂല്യം ലഭിക്കും. തീരദേശത്തെ 50 വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ സർക്കാർ നൽകും.

**5. അടിസ്ഥാന സൗകര്യവികസനം, സാങ്കേതിക വിദ്യ, ഗവേഷണം, വികസനം**

സമുദ്രമേഖലയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി സർക്കാർ 403.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെല്ലാനം, വെള്ളയിൽ, മുതലപ്പൊഴി, ചേറ്റുവ, താനൂർ, കൊയിലാണ്ടി, തലായ്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ ഇതിന്റെ ഭാഗമായി ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി 209.04 കോടി രൂപ ചെലവഴിച്ച് പരപ്പനങ്ങാടി, ചെത്തി എന്നീ ഹാർബറുകളുടെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. തങ്കശേരി, പുതിയാപ്പ, ബേപ്പൂർ, അർത്തുങ്കൽ എന്നീ

***മൽസ്യബന്ധന യാനങ്ങൾ കടലിൽ പോകുന്നതും വരുന്നതും രേഖപ്പെടുത്തുന്നതിനായി 'സാഗര' എന്ന പേരിൽ പുതിയ മൊബൈൽ ആപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.***

ഹാർബറുകളുടെ വികസനത്തിനും പദ്ധതി പ്രയോജനകരമായിട്ടുണ്ട്. ഈ മൽസ്യബന്ധന തുറമുഖങ്ങളുടെ നിയന്ത്രണത്തിനായി ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ തുറമുഖങ്ങളിൽ നിന്നും ഫിഷ് ലാൻഡിംഗ് സെന്ററുകളിൽ നിന്നുമുള്ള വരുമാനം 4.36 കോടി രൂപയാണ്. മാനേജ്മെന്റ്, ഫിഷറീസ് മേഖലകളിലെ വിദഗ്ദർക്കൊപ്പം മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവരുടെ കൂടി പങ്കാളിത്തത്തോടെ ഇന്ത്യയിലാദ്യമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്കും രൂപം നല്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.

ഫിഷ്ലാൻഡിങ് സെന്ററുകൾ, റോഡുകൾ, പാലങ്ങൾ, ലോക്കർ റൂമുകൾ, പൂവാറിലെ കൃത്രിമ പവിഴപുറ്റുകളുടെ നിർമ്മാണം, പുതിയതുറ മൽസ്യബന്ധന ഗ്രാമം, നിലവിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നബാഡ് തുടങ്ങിയ വിവിധ ഏജൻസികളിൽ നിന്നുള്ള ധനസഹായം ലഭ്യമായിട്ടുണ്ട്. 2017 നും 2021 നുമിടയിൽ 1600 തീരദേശ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 704.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 65 മൽസ്യമാർക്കറ്റുകൾ നിർമിക്കുന്നതിന് സർക്കാർ 193.5 കോടി രൂപയും ചെലവഴിച്ചു. നീലവിപ്ലവത്തിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് 200 ഫൈബർ വള്ളങ്ങൾ വിതരണം ചെയ്തു. പൈലറ്റ് പദ്ധതി എന്ന നിലയിൽ 10 ആഴക്കടൽ മൽസ്യബന്ധന ബോട്ടുകളും വിതരണം ചെയ്തിട്ടുണ്ട്. മൽസ്യബന്ധന യാനങ്ങളുടെ തീരത്ത് നിന്നുള്ള വരവും പോക്കും നിയന്ത്രിക്കുന്നതിന് 'സാഗര' എന്ന പേരിൽ മൊബൈൽ ആപ്പും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

### *5. 1 സാങ്കേതികവിദ്യയുടെ ഉപയോഗം*

ഫിഷ് സ്റ്റോക്ക് ബ്രീഡിങ്, വിളവെടുപ്പ് തുടങ്ങിയ വിവിധ മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. താഴെ പറയുന്ന കാര്യങ്ങൾ ഇതിലുൾപ്പെടുന്നു.

* ബയോഫ്ളോക് ടെക്നോളജി (ബി എഫ് ടി) അക്വകൾച്ചർ മേഖലയിൽ വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള ഒരു സാങ്കേതിക വിദ്യയാണ് ഇത്. ജലത്തിൽ കാർബൺ, നൈട്രജൻ എന്നിവയുടെ ബാലൻസിംഗ് ഉറപ്പാക്കുകയാണ് ഇവിടെ ചെയ്യുന്നത്. വെള്ളത്തിലെ അഴുക്കുകൾ ഒഴിവാക്കുന്നതിനൊപ്പം ജലജീവികൾക്ക് ആവശ്യമായ പോഷണം ഇത് ഉറപ്പാക്കുകയും ചെയ്യുന്നു. പ്രവർത്തനക്ഷമയായ ഒരു സാങ്കേതികവിദ്യ ആയതിനാൽ സാധ്യമായിടത്തെല്ലാം സർക്കാർ ബി എഫ് ടിക്ക് പ്രോത്സാഹനം നൽകിവരുന്നു.

* റീസർക്കുലേറ്റിംഗ് അക്വകൾച്ചർ സിസ്റ്റം (ആർ എ എസ്) വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് മികച്ച ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. മീനുകൾക്ക് നല്ല വളർച്ചയുണ്ടാകുന്നതിന് ഇത് ആവശ്യമാണ്. ശുദ്ധീകരണ സംവിധാനം വഴി ഗുണമേന്മയുള്ള വെള്ളമാണ് ജലാശയങ്ങളിലേക്ക് എത്തുന്നതെന്ന് ഈ സാങ്കേതികവിദ്യ ഉറപ്പാക്കുന്നു. യന്ത്രസഹായത്തോടെയും ജൈവപരമായും രാസവസ്തുക്കൾ

**Table 8.** District wise data on the beneficiaries of SAF schemes.

| District | Fisher Women Benefited | Amount (Lakhs) |
|---|---|---|
| Kasaragod | 23 | 1.99 |
| Kannur | 17 | 1.46 |
| Kozhikkode | 59 | 4.27 |
| Malappuram | 3 | 0.21 |
| Thrissur | 98 | 8.4 |
| Ernakulam | 126 | 13.84 |
| Kottayam | 49 | 4.37 |
| Alappuzha | 24 | 2.14 |
| Kollam | 35 | 3.28 |
| Thiruvananthapuram | 68 | 5.2 |
| Total | 502 | 45.16 |
| Kollam | 35 | 3.28 |
| Thiruvananthapuram | 68 | 5.2 |
| Total | 502 | 45.16 |

Source: Fisheries Handbook (2020).

**Table 9.** Amount spent on procurement of advanced fishing gear.

| Sl. No. | Components | Amount (in Lakhs) |
|---|---|---|
| A | Procuring large meshed gill net and sophisticated equipment for line fishing | 20.00 |
| B | Procuring new outboard motor of less than 10 hp | 30.00 |
| C | Insulated boxes | 75.00 |
| D | Procuring towing tractor | 25.00 |

മുഖേനയും ഇത് നിർവഹിക്കുന്നു. കൃഷിയിലുടനീളം ഇത് ജലത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നു. അല്പം ചെലവ് കൂടുതലായതിനാൽ അക്വാകൾച്ചറിന് അധികം സ്ഥലം ലഭ്യമാകാത്ത നഗരമേഖലയിലാണ് ഈ വിദ്യ അധികവും പ്രയോജനപ്പെടുത്തുന്നത്.

* അക്വാപോണിക്സ്–സമഗ്രമായ ഒരു സംവിധാനത്തിനകത്ത് മത്സ്യങ്ങളും ചെടികളും ഒരുപോലെ വളർത്തുന്ന ഒരു രീതിയാണ് ഇത്. ഈ രീതിയിൽ ഒരു ഫിഷ് ടാങ്കിൽ നിന്ന് വെള്ളം ഒരു ബയോഫിൽറ്ററിലേക്ക് ഒഴുകുന്നു. അവിടെ സൂക്ഷ്മജീവി കളുടെ പ്രവർത്തനഫലമായി മൽസ്യങ്ങൾ പുറന്തള്ളുന്ന വേസ്റ്റ്, ഓർഗാനിക് പോഷണലായനിയായി രൂപാന്തരപ്പെടുന്നു. ഇവ ജലസസ്യങ്ങൾ ആഗിരണം ചെയ്യുന്നു. വളരെയേറെ ശ്രദ്ധ ആവശ്യമുള്ള ഒരു സാങ്കേതിക രീതിയാണ് ഇത്.

**5.2 മൂല്യവർധനയും വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങളും** – അതിവേഗത്തിൽ ഉപയോഗശൂന്യമാകുന്ന ഒരു ഉല്പന്നമാണ് മൽസ്യം. ഓരോ വർഷവും മൊത്തം

***ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി വഴിയായി 2.43 മൽസ്യബന്ധന തൊഴിലാളികൾക്കും 85, 543 അനുബന്ധ തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു.***

ഉല്പാദനത്തിന്റെ ഏതാണ്ട് 18 ശതമാനം നശിച്ചു പോകുന്നുണ്ടെന്നാണ് കണക്ക്. ശീതീകരണ സംവിധാനങ്ങളുടെ ഒരു ശൃംഖല സൃഷ്ടിച്ചുകൊണ്ട് ഇതിന് വലിയൊരളവോളം പരിഹാരം കാണാൻ കഴിയും. മൽസ്യബന്ധനയാനങ്ങളിൽ ശീതീകരണ ബോക്സുകൾ സ്ഥാപിച്ചും ഹാർബറുകളിൽ റീഫർ സൗകര്യങ്ങൾ ഏർപ്പെടുത്തിയും തീരത്ത് സുരക്ഷിതമായ സ്റ്റോറേജ് സൗകര്യങ്ങൾ തുറന്നും ഇത്തരത്തിലുള്ള നഷ്ടം ഒഴിവാക്കാൻ കഴിയും. ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും ഹാർബറുകളുടെയും നവീകരണം, ചരക്ക് നീക്കത്തിന് ഇൻസുലേറ്റ് ചെയ്ത വാഹനങ്ങൾ, ശുചിത്വമുള്ള മൽസ്യവില്പന കേന്ദ്രങ്ങൾ തുടങ്ങിയ കാര്യങ്ങളും ഇതിന് അനിവാര്യമാണ്.

**5.3 എസ് എ എഫ് വഴിയുള്ള സാങ്കേതിക വിദ്യ നവീകരണം (2018–19)**

**6.കാലാവസ്ഥ പ്രശ്നങ്ങളും ദുരന്ത സഹായവും**

ഇടയ്ക്കിടെയുണ്ടാകുന്ന കൊടുങ്കാറ്റും ചുഴലിക്കാറ്റും തീരദേശത്ത് താമസിക്കുന്നവർക്ക് വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ഇത് അവരുടെ ജീവനും സ്വത്തിനും വൻതോതിൽ നാശം വിതക്കാറുണ്ട്. നിരവധി വീടുകൾ ഇതുമൂലം തകർന്നു. പുനരധിവാസം കാത്ത് അനേകം പേർ തീരങ്ങളിൽ കഴിയുന്നു. ഇവരുടെ സുരക്ഷിതമായ ജീവിതം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തകർന്ന വീടുകളുടെ

**Table 10.** District wise data on rehabilitation projects undertaken.

| Sl. No. | Districts | Rehabilitation | House Repair | Ockhi House |
|---|---|---|---|---|
| 1 | Thiruvananthapuram | 723 | 1974 | 26 |
| 2 | Kollam | 217 | 288 | 4 |
| 3 | Alappuzha | 188 | 736 | |
| 4 | Kottayam | 0 | 100 | |
| 5 | Idukki | | | |
| 6 | Ernakulam | 112 | 423 | 9 |
| 7 | Thrissur | 19 | 50 | 26 |
| 8 | Palakkad | | | |
| 9 | Malappuram | 93 | 634 | 5 |
| 10 | Kozhikode | 127 | 57 | |
| 11 | Kannur | 147 | 133 | |
| 12 | Kasaragod | 172 | 105 | 2 |
| | TOTAL | 1798 | 4500 | 72 |

Source: Kerala Marine Fisheries Statistics,2015.

**Table 11.** Data on fishermen and allied workers covered by insurance schemes (2015-2020).

| Year | Fishermen (Lakhs) | Allied Workers (Lakhs) |
|---|---|---|
| 2015-16 | 238.59 | 137.20 |
| 2016-17 | 345.00 | 140.46 |
| 2017-18 | 631.36 | 209.70 |
| 2018-19 | 1126.94 | 333.98 |
| 2019-20 | 1136.16 | 213.77 |

Source: Fisheries Handbook 2020.

പുനരുദ്ധാരണം, പുനരധിവാസ പ്രവർത്തനങ്ങൾ, അപകട ഇൻഷുറൻസ്, സുരക്ഷക്കായുള്ള പരിശീലന പരിപാടികൾ, കടലിൽ അപകടത്തിൽപ്പെടുന്നവർക്കുള്ള അടിയന്തിര രക്ഷാദൗത്യം, മത്സ്യത്തൊഴിലാളികൾക്ക് മാത്രമായുള്ള പ്രത്യേക ആംബുലൻസ് സേവനം തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.

### *6.1 പുനരധിവാസവും വീടുകളുടെ അറ്റകുറ്റപ്പണിയും*

### *6.2 അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി*

ഈ പദ്ധതി വഴിയായി 2.43 ലക്ഷം മത്സ്യതൊഴിലാളികൾക്കും 85,543 അനുബന്ധ തൊഴിലാളികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. 6231 യന്ത്രവൽകൃത യാനങ്ങളും മോട്ടോർ ഘടിപ്പിച്ച 31,664 വള്ളങ്ങളും അല്ലാത്ത 2806 വള്ളങ്ങളുമാണ് കേരളത്തിലെ മൽസ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്നത്. 2020–21 ലെ കണക്കുകൾ പ്രകാരം ഇതിൽ 924 എണ്ണത്തിന് മാത്രമാണ് ഇൻഷുറൻസുള്ളത്.

### *6.3 മറൈൻ ആംബുലൻസ് സേവനം (വകയിരുത്തൽ - 250 ലക്ഷം )*

ഓഖി ദുരന്തത്തിന് ശേഷം കടലിലെ അപകട മരണനിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ എല്ലാവിധ ആധുനിക സജ്ജീകരണത്തോട് കൂടിയ മൂന്ന് മറൈൻ ആംബുലൻസുകൾ ആരംഭിക്കുകയുണ്ടായി. ഇതിൽ പാരാമെഡിക്കൽ ജീവനക്കാർ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ 10 പേർക്ക് ഒരേ സമയം ചികിത്സാ സേവനം നല്കാൻ കഴിയുന്ന വിധത്തിലാണ് ഇവ സജ്ജീകരിച്ചിട്ടുള്ളത്. വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ മൂന്ന് കേന്ദ്രങ്ങളിലാണ് മറൈൻ ആംബുലൻസ് സേവനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ പ്രവർത്തനച്ചെലവുകൾക്കായി 250 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമെ 19 തീരദേശ ആശുപത്രികളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

### *6.4 കടലിലെ സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും*

ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം (ജി പി എസ്), മറൈൻ ആശയസംവേദന ഉപകരണങ്ങൾ, ലൈഫ് ബോയ, ലൈഫ് ജാക്കറ്റ്, ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സംവിധാനം (എ ഐ എസ്), യാനങ്ങളെ നിരീക്ഷിക്കുന്നതിനുള്ള സാറ്റലൈറ്റ് അധിഷ്ഠിത കമ്യൂണിക്കേഷൻ, ട്രാക്കിങ് ഉപകരണങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തു ന്നതിന് മൽസ്യമേഖലയിലുള്ളവർക്ക് ചെലവിന്റെ 75 ശതമാനം വരെ ഗ്രാന്റ് നല്കകയാണ് ഇതിന്റെ ലക്ഷ്യം. കടലിൽ അതിദ്രുതം രക്ഷാപ്രവർത്തനങ്ങൾ നടത്തു ന്നതിന്

***9 തീരദേശ ജില്ലകളിലായി 46 തീരമൈത്രി സീഫുഡ് റെസ്റ്റാറന്റുകൾ വഴി 230 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ജോലി നൽകാൻ കഴിഞ്ഞു***

താഴെകാണുന്ന പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

ബോട്ടുകളുടെ വരവും പോക്കും കൃത്യമായി രേഖപ്പെടുത്തുന്നതിന് ഫിഷിങ് ഹാർബറുകളിൽ പഞ്ചിങ് ബൂത്ത് സംവിധാനം, കാലാവസ്ഥാ മാറ്റങ്ങൾ അറിയിക്കുന്ന തിനുള്ള സംവിധാനം.

സ്രാങ്ക്, എൻജിൻ ഡ്രൈവർ, ബോട്ടിലെ ഇതര തൊഴിലാളികൾ എന്നവർക്കുള്ള പരിശീലനം

മികച്ച പരിശീലനം ലഭിച്ച മൽസ്യതൊഴിലാളികളെ കടലിലെ രക്ഷാപ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനുള്ള പ്രത്യേക ടീമിനെ സജ്ജമാക്കൽ.

### *6.5 ജലാശയങ്ങളിൽ നിന്ന് പ്ലാസ്റ്റിക് നിർമാർ ജനം ചെയ്യൽ – 'ശുചിത്വ സാഗരം'*

കടലിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. കടലിന്റെ സമീപ പ്രദേശങ്ങളിൽ നിന്നും മൽസ്യത്തൊഴിലാളികൾ തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും പിന്നീട് അവ റോഡ് നിർമ്മാണത്തിലും മറ്റും ഉപയോഗിക്കാവുന്ന തരത്തിൽ റീസൈക്കിൾ ചെയ്യുന്ന ഒരു പദ്ധതിയാണ് ഇത്. ഇതുവഴി സമുദ്ര മലിനീകരണത്തിന് ഒരളവോളം കുറവ് വരികയും മത്സ്യത്തൊഴിലാളികൾക്ക് അധിക വരുമാനം ലഭ്യമാവുകയും ചെയ്യുന്നു. ഇതിനകം, ഉപേക്ഷിക്കപ്പെട്ട വലകൾ, പ്ലാസ്റ്റിക് കയറുകൾ, ഇതര പ്ലാസ്റ്റിക് ഉത്പന്നങ്ങൾ എന്നിവയടക്കം 38.4 ടൺ മാലിന്യങ്ങൾ പദ്ധതി വഴിയായി ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2022 –23 ലെ ബജറ്റിൽ ഇതിനായി 50 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കൊല്ലം ജില്ലയിലെ നീണ്ടകരയിലാണ് ശുചിത്വ സാഗരം പദ്ധതി വിവിധ ഏജൻസികളുടെ സഹകരണത്തോടെ നടപ്പാക്കിയിട്ടുള്ളത്. ഐക്യരാഷ്ട്ര സംഘടന ഈ പദ്ധതിയിൽ താല്പര്യം പ്രകടമാക്കിയിട്ടുണ്ട്.

### *6.6 വേമ്പനാട് തടാകത്തിന്റെ ശുചീകരണം*

വേമ്പനാട്, അഷ്ടമുടി എന്നീ തടാകങ്ങൾ വൃത്തിയാക്കുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിൽ പ്രത്യക്ഷമായും പരോക്ഷമായും ഗുണഭോക്താക്കളായ ആളുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്. 2022–23 ലെ ബജറ്റിൽ 100 ലക്ഷം രൂപ ഇതിനായി കരുതിയിരിക്കുന്നു.

### 7. സാമൂഹ്യമായ മാറ്റം

2500 സൂക്ഷ്മ സ്ഥാപനങ്ങൾ സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. മറ്റ് തൊഴിലുകൾ വഴിയായി 7000 വനിതാ മൽസ്യബന്ധന തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. കൊല്ലം ജില്ലയിലെ കുണ്ടറയിൽ ഒരു വസ്ത്രനിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാണ്. 12 മൈക്രോ യൂണിറ്റുകളിലായി 48 സ്ത്രീകൾ ഇവിടെ ജോലി ചെയ്തുവരുന്നു.

### 8. മൽസ്യ ഇനങ്ങളുടെ സംരക്ഷണം

സമുദ്രത്തിൽ നിന്നുള്ള മത്സ്യലഭ്യത കുറയുന്ന സാഹചര്യത്തിൽ മൽസ്യ ഇനങ്ങളുടെ സംരക്ഷണം ഒരു പ്രധാന വിഷയമാണ്.

**Table 12.** Data on livelihood providing activities financed by the government.

| Districts | Interest Free Loan (Lakhs) | Development of MicroEnterprises (Lakhs) | Shift to Appropriate Business (Lakhs) |
|---|---|---|---|
| Kasaragod | 228.6 | 72.81 | 0 |
| Kannur | 4.7 | 43.51 | 0 |
| Kozhikode | 0 | 70.35 | 1 |
| Malappuram | 0 | 67.89 | 0.5 |
| Thrissur | 33 | 102.75 | 2 |
| Ernakulam | 291.8 | 76.6 | 1 |
| Kottayam | 469.4 | 75.33 | 0.5 |
| Alappuzha | 119.7 | 72.44 | 0 |
| Kollam | 56.6 | 79.45 | 1 |
| Thiruvananthapuram | 1208.5 | 62.14 | 0.49 |
| Total | 2412.3 | 723.27 | 6.49 |

Source: Kerala Marine Fisheries Statistics, 2015.

**Table 13.** Amount spent on conservation of (both inland and marine) fish resource.

| Sl. No. | Scheme | Amount (in Lakhs) |
|---|---|---|
| 1 | Conservation and Management of Inland Fish Resource | 500.00 |
| 2 | Conservation and Management of Marine Fish Resource | 900.00 |
| 3 | Surveys, Studies and Investigation for Fisheries Infrastructure | 100.00 |

Source: Fisheries Handbook 2020.

തൊഴിലാളികളുടെ നിലനിൽപ്പിന് പുറമെ, കേരളത്തിന്റെ ഭക്ഷ്യ സുരക്ഷക്കും ഇത് അനിവാര്യമായ ഒന്നാണ്. 2022–23 ലെ ബജറ്റിൽ 15 കോടി രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 3 പ്രധാന പദ്ധതികളാണുള്ളത്.

***8.1 ഉൾനാടൻ മൽസ്യസമ്പത്തിന്റെ സംരക്ഷ ണവും നിയന്ത്രണവും***

സ്വാഭാവികമായി വളരുന്ന മൽസ്യ ഇനങ്ങളുടെ സംരക്ഷണം വഴി ഉത്പാദനം ഉയർത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നിയമ വിരുദ്ധമായ മൽസ്യ ബന്ധനം തടയുക, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമാണ്. മൽസ്യ വിഭവങ്ങളുടെ സ്രോതസുകൾ മാപ്പിംഗ് നടത്തുക, ഇതിനായി റിമോട്ട് സെൻസിംഗ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക, ചീനവല

***സുരക്ഷിതമായ മൽസ്യബന്ധനം ഉറപ്പ് വരുത്തലും മികച്ച വരുമാനം ലഭിക്കുന്ന ഒരു ജോലിയായി അതിനെ മാറ്റുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. കേരള മോഡൽ വികസനത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുവെന്ന് കരുതുന്ന കടലിന്റെ മക്കളുടെ മുന്നേറ്റമാണ് ഇതുവഴി ലക്ഷ്യമിടുന്നത്.***

തുടങ്ങിയ രീതികൾ വഴിയായുള്ള മത്സ്യബന്ധനത്തിന്റെ കണക്കെടുക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി വരുന്നു.

### *8.2 സമുദ്ര വിഭവങ്ങളുടെ സംരക്ഷണവും നിയന്ത്രണവും*

സമുദ്ര വിഭവങ്ങളുടെ സംരക്ഷണം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. സമുദ്ര വിഭവങ്ങളുടെ നിയന്ത്രണം, ഫിഷെറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം, കെ എം എഫ് ആർ നിയമം നടപ്പാക്കൽ, ഹോളോ ഗ്രാഫിക് രെജിസ്ട്രേഷൻ പ്ളേറ്റുകളുടെ ഉപയോഗം, ഹാർബറുകളിലും ഫിഷ് ലാൻഡിംഗ് സെന്ററുകളിലും ക്യാമറ നിരീ ക്ഷണം, പുതിയ ഫിഷെറീസ് സ്റ്റേഷനുകൾ ആരംഭിക്കൽ, മികച്ച ആശയവിനിമയ സൗകര്യങ്ങൾ, കടലിൽ നിന്ന് പിടിക്കുന്ന മൽസ്യങ്ങളുടെ വിവര ശേഖരണം, ട്രോൾ വലകളിൽ സ്ക്വയർ മെഷ്, ആമകളെ ഒഴിവാക്കുന്ന സംവിധാനം ഘടിപ്പിക്കൽ, ഇനം തിരിച്ചുള്ള സർട്ടിഫിക്കറ്റ് നൽകൽ, കൃത്രിമ തീരങ്ങളുടെ നിർമ്മാണം, മാതൃക ഫിഷിങ് ബോട്ടുകൾ, കടലിൽ നിരീക്ഷണം നടത്തുന്നതിനായി 20 പട്രോളിംഗ് ബോട്ടുകൾ, സുരക്ഷാ ഗാർഡുകളുടെ നിയമനം തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി വരുന്നു.

### *8.3 മൽസ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പഠനങ്ങൾ*

ഫിഷറീസ് മേഖലയിലും തീരപ്രദേശങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പഠനങ്ങൾ നടത്തുക, സാങ്കേതിക, സാമ്പത്തിക ഫീസിബിലിറ്റി റിപ്പോർട്ടുകൾ തയാറാക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഫിഷ് ലാൻഡിംഗ് സെന്ററുകൾ, ഹാർബറുകൾ, പാലങ്ങൾ, റോഡുകൾ, പുലിമുട്ടുകൾ, തീരസംരക്ഷണം തുടങ്ങിയ കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി വരുന്നത്. സാങ്കേതികമായ സർവേകൾ, ഹൈഡ്രോ ഡൈനാമിക് ഡേറ്റ ശേഖരണം തുടങ്ങിയ കാര്യങ്ങളുമുണ്ട്. കുഫോസ് പോലുള്ള ഏജൻസികളുടെ സാങ്കേതിക സഹായവും ഇതിന് ലഭ്യമാക്കും.

### *8.4 ജലജീവികളുടെ ആരോഗ്യ നിരീക്ഷണവും നിയന്ത്രണവും*

ജലജീവികളിൽ കാണുന്ന രോഗങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനും അതുവഴി മരണ നിരക്ക് കുറയ്ക്കുകയും കൂടുതൽ പടരാതെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി. മൊബൈൽ അക്വലാബുകൾ തുറന്ന് ക്ലിനിക്കൽ പരീക്ഷണം നടത്തുക, സാമ്പിൾ നിർണ്ണയിക്കൽ, വെള്ളത്തിന്റെയും മണ്ണിന്റെയും ഗുണമേന്മ പരിശോധിക്കൽ തുടങ്ങിയവ വഴിയാണ് ഇതിന്റെ നിർവഹണം. 2022–23 ലെ ബജറ്റിൽ 100 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്.

## 9. മഹാമാരിയുടെ ഘട്ടത്തിലെ ഗവണ്മെന്റ് ഇടപെടൽ

മഹാമാരിയുടെ ഘട്ടത്തിൽ രാജ്യാന്തര വിപണികൾ അടഞ്ഞു കിടന്നതുമൂലം കയറ്റുമതി തടസപ്പെട്ടത് മൽസ്യബന്ധന മേഖലക്ക് വലിയ തിരിച്ചടിയായി. ഇത് ഈ

മേഖലയിലെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഇത് പ്രകടമായി ബാധിച്ചത് ശുദ്ധജല മൽസ്യമേഖലയെയും ഞണ്ട്, കക്ക തുടങ്ങിയ വിഭവങ്ങളെയുമാണ്. മൽസ്യസംസ്കരണ മേഖലക്കും ഈ പ്രതിസന്ധി ഏറെ ദോഷകരമായതായി കാണാം. കേരളത്തിലെ എല്ലാ ഫിഷ് ലാൻഡിംഗ് കേന്ദ്രങ്ങളും ഹാർബറുകളും ഈ ഘട്ടത്തിൽ അടഞ്ഞു കിടന്നു. ട്രോളിങ് പാടെ നിരോധിക്കപ്പെട്ടു. മൽസ്യലേലം അനുവദനീയമായിരുന്നില്ല. പരമ്പരാഗതമായ ഫിഷിങ് മാത്രമാണ് അനുവദിക്കപ്പെട്ടത്. പക്ഷെ അവിടെയും ലേലം പോലുള്ള കാര്യങ്ങൾക്ക് അനുമതി ഉണ്ടായിരുന്നില്ല. ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ മുഖേനയാണ് ഈ ഘട്ടത്തിൽ വ്യാപാരം നടന്നത്.

സാമൂഹ്യ അകലം പാലിക്കുന്നതിനുവേണ്ടി ഹാർബറുകളിൽ ഈ ഘട്ടത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തി. ഓൺലൈൻ മാർക്കറ്റിംഗിനായി മൊബൈൽ ആപ്ലിക്കേഷൻ ഏർപ്പെടുത്തി. പ്രത്യേക ഉത്തരവ് വഴി അക്വകൾച്ചർ, ഹാച്ചറികൾ, ഫിഷ് ഫാമുകൾ, കുഞ്ഞുങ്ങളുടെ നീക്കം, ഫീഡ് വിതരണം, മറ്റു അവശ്യ സേവനങ്ങൾ എന്നിവയെ ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കി. എസ് എ എഫ് വഴിയായി ദീർഘകാല വായ്പകൾ മുഖേന സാമ്പത്തിക സഹായം നൽകി. ഈ ഘട്ടത്തിൽ 359 സൂക്ഷ്മ സ്ഥാപനങ്ങൾക്ക് കേരള ബാങ്ക് വഴി 5 കോടി രൂപ വായ്പ നൽകി.

### 10. ഉപസംഹാരം

കേരളത്തിന്റെ സമ്പദ്ഘടനയിൽ മൽസ്യബന്ധന മേഖലയുടെ സംഭാവന നിസ്തുലമാണ്. ഈ മേഖലയിൽ വികസനത്തിനും നവീകരണത്തിനും മികച്ച സാധ്യതകളാണുള്ളത്. പ്രത്യേകിച്ച് ഉൾനാടൻ മൽസ്യ മേഖലയിലും അക്വകൾച്ചർ രംഗത്തും. മൽസ്യബന്ധന തൊഴിലാളികളുടെ വരുമാന കാര്യത്തിൽ സ്ഥിരത കൈവരുത്തുന്നതിനും അവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളം ഇനിയും ഒട്ടേറെ മുന്നോട്ട് പോകേണ്ടതുണ്ട്. മത്സ്യലഭ്യത കുറയുന്നത്, ഫിഷിങിനും സുരക്ഷക്കും ആവശ്യമായ ഉപകരണങ്ങളുടെ അപര്യാപ്തത, ഉന്നത വിദ്യാഭ്യസം ലഭ്യമാകാതിരിക്കൽ, വീടുകളുടെ പരിമിതികൾ, തീരദേശ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങി നിരവധി പ്രശ്നങ്ങൾ ഈ രംഗത്ത് പ്രകടമാണ്. ഇതെല്ലാം സർക്കാർ വിശദമായി പരിശോധിക്കുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം. കാലാവസ്ഥാ വ്യതിയാനം, കടൽക്ഷോഭം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൽസ്യബന്ധന മേഖലക്കേൽപ്പിച്ച ആഘാതത്തെ കുറിച്ചും കാര്യമായ പഠനങ്ങൾ ഉണ്ടാകണം. ഭാവിയിൽ സുരക്ഷിതവും ഒപ്പം വരുമാനം ഉറപ്പാക്കുന്നതുമായ ഒരു രംഗമായി മൽസ്യബന്ധനം മാറണം. ഇതോടൊപ്പം മൽസ്യമേഖലയിൽ പണിയെടുക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനും ക്രിയാത്മക നടപടികൾ ഉണ്ടാകണം.

■

(കേരള സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ് ലേഖകൻ )

***മൽസ്യബന്ധന സമൂഹത്തെ കേരളത്തിന്റെ പൊതുസമൂഹത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ട് വരാതെ നമ്മുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഒരു വിദൂര സ്വപ്നമായി അവശേഷിക്കും.***

## References

1. Anitha, S. (2020). *Role of Institutional Agencies in the promotion of Inland Fisheries in Kerala, Mukt Shabd Journal,* Volume IX, Issue V.
2. Government of Kerala (2020). *Fisheries Handbook (2020),* Directorate of Fisheries, Thiruvananthapuram.
3. Government of Kerala (2021). *Concurrent Evaluation and Monitoring of Schemes,* Department of Finance, Thiruvananthapuram.
4. Government of Kerala (2021). *Kerala Development Report (2021),* Kerala State Planning Board, Thiruvananthapuram.
5. Government of Kerala (2021). *Economic Review 2021,* Volume 1, Kerala State Planning Board, Thiruvananthapuram.
6. Government of Kerala (2021). Kerala *Marine Fisheries Statistics,* Directorate of Fisheries, Thiruvananthapuram.
7. Government of Kerala (2022). *Budget Speech (2022-23),* Department of Finance, Thiruvananthapuram.
8. Government of Kerala(2022). *Fourteenth Five Year Plan* Volume II, , Kerala State Planning Board, Thiruvananthapuram.
9. Rajan J. B. (2022). *Development or Displacement? Snapshots from Small Scale Fisheries in Kerala,* Kerala Institute of Local Administration (KILA), Thrissur.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 2
ഏപ്രിൽ-മെയ്-ജൂൺ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരളത്തിലെ ക്ഷീരമേഖല നൽകുന്ന അനന്ത സാദ്ധ്യതകൾ

ദിയ ദീപ് ആനന്ദ്

**ആമുഖം**

ക്ഷീര മേഖലയിൽ ഇന്ത്യയിലെ ഒരു വികസ നോന്മുഖ വിപണിയാണ് കേരളം. 2020ൽ കേരളത്തിലെ ഉത്പാദനം 2.5 ബില്യൺ ലിറ്റർ എന്ന തോതിലേക്ക് ഉയർന്നു. ഇന്ത്യ യിലെ പന്ത്രണ്ടാമത്തെ വിപണിയാണ് ഇപ്പോൾ കേരളം. മൊത്തം കന്നുകാലിക ളുടെ എണ്ണത്തിൽ ക്രോസ്ബ്രീഡ് ഇനങ്ങൾ ഏറ്റവും കൂടുതലുള്ളത് (94%) കേരളത്തി ലാണ്. പശു, എരുമ എന്നിവയുടെ പാലാണ് സംസ്ഥാനത്ത് കൂടുതലായി ഉല്പാദിപ്പിക്കു ന്നത്. അതിൽ തന്നെ പശുവിൻ പാലാണ് വിപണിയിലെ മുഖ്യആകർഷണം.

കേരളത്തിലെ ജനങ്ങളുടെ ഒരു പ്രധാന ജീവനോപാധിയാണ് പാലുത്പാദനം. മൊത്തം കർഷകരിൽ 90 ശതമാനവും നാമ മാത്ര കർഷകരാണ്. മൊത്തമുള്ള കന്നുകാ ലികളുടെ 87 ശതമാനം ഇവരുടെ ഉടമസ്ഥത യിലാണ് (അഗ്രികൾച്ചർ ഡെവലപ്മെന്റ് പോളിസി, 2015). ഗ്രാമീണ സ്ത്രീകൾക്കിട യിൽ ഒരു മുഖ്യ വരുമാനമാർഗ്ഗമാണ് ഇത് (സംസ്ഥാന റൂറൽ ലൈവ്ലിഹുഡ് മിഷൻ, 2011). 2018 ലെ എഫ് എ ഒ റിപ്പോർട്ട് അനുസരിച്ച് 500 ദശലക്ഷം പാവപ്പെട്ടവരാണ് ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നത്. ഇതിൽ മഹാഭൂരിപക്ഷവും ചെറുകിട, നാമ മാത്ര കർഷകരാണ്. 2020 ലെ രാജ്യാന്തര ഡയറി ഫെഡറേഷൻ ബുള്ളറ്റിൻ അനുസ രിച്ച് ലോകത്തെ 160 ദശലക്ഷം കുട്ടികൾക്ക് സ്കൂൾ പോഷകാഹാര പദ്ധതി പ്രകാരം പാൽ ലഭിക്കുന്നുണ്ട്. എസ് ഡി ജി 1, 3, 5, 8, 10 തുടങ്ങിയ എസ് ഡി ജി ലക്ഷ്യങ്ങൾ നേടുന്ന കാര്യത്തിൽ ഡയറി മേഖല വഹി ക്കുന്ന പങ്ക് നിസ്തുലമാണ്. സാങ്കേതിക മായി ഈ മേഖല കാര്യമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ടെങ്കിലും അതിന്റെ സാദ്ധ്യത കൾ പൂർണ്ണ തോതിൽ പ്രയോജനപ്പെടു ത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ടു ദശകക്കാലത്ത് പാലുൽപ്പാദനത്തിന്റെ തോതിൽ പ്രകടമായ മാറ്റങ്ങൾ സംഭവിച്ച തായി കാണാം (പ്രതിവർഷം 27 മുതൽ 21 ലക്ഷം ടൺ വരെ). കന്നുകാലികളുടെ എണ്ണത്തിൽ സംഭവിച്ച കുറവ്, പാലിന്റെ മൂല്യവർദ്ധനവിൽ ഉണ്ടായ പരിമിതികൾ തുടങ്ങിയ പല കാരണങ്ങൾ ഇതിന് പിന്നിൽ കാണാം. കേരളം പാലിന്റെ കാര്യത്തിൽ

***സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ് ഡി ജി) കൈവരിക്കുന്ന കാര്യത്തിൽ ക്ഷീര മേഖല നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പ്രത്യേകിച്ച് എസ് ഡി ജി 1, 3, 5, 8, 10 എന്നീ ലക്ഷ്യങ്ങളുടെ കാര്യത്തിൽ. സാധാരണ മനുഷ്യരുടെ ജീവിതത്തിൽ ഇതിന് വലിയൊരു പ്രാധാന്യമുണ്ട്.***

***ക്രോസ്സ് ബ്രീഡ്, എക്സോട്ടിക് ഇനങ്ങളുടെ കാര്യത്തിൽ ദേശീയ ശരാശരി പാൽ ലഭ്യത 7.9 കിലോഗ്രാമാണ്. എന്നാൽ തദ്ദേശീയ ഇനങ്ങളുടെ കാര്യത്തിൽ ഇത് പ്രതിദിനം 3 കിലോഗ്രാമാണ്. കേരളത്തിന്റെ കാര്യത്തിൽ ഇത് യഥാക്രമം 10. 2 കിലോഗ്രാമും 3 കിലോഗ്രാമുമാണ്.***

സ്വായംപര്യാപ്തമല്ല. തന്മൂലം പാലിനും പാലുൽപ്പന്നങ്ങൾക്കുമായി ഇതര സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. പ്രതിദിനം ഏതാണ്ട് 2 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലേക്കെത്തുന്നത്.

ഇന്ത്യയിൽ ഈ മേഖല ഇന്നും അസംഘടിതമായ ഒന്നാണ്. ചെറുകിട, നാമമാത്ര പാലുൽപ്പാദകരാണ് ഡയറി മേഖലയുടെ നിയന്ത്രണം കയ്യാളുന്നത്. അതിനാൽ തന്നെ കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ വിപണി വിപുലീകരണത്തിന് വലിയ സാധ്യതകളാണുള്ളത്.

**ക്ഷീരവികസന വകുപ്പ്**

ക്ഷീര മേഖലയുടെ വികസനത്തിന് തനതായ ഒരു വകുപ്പ് കേരളത്തിനുണ്ട്. ഗ്രാമീണ പാലുൽപ്പാദനം ഉയർത്തൽ, കാലിത്തീറ്റ ഉത്പാദനം, ഗ്രാമീണ മേഖലയിലെ വിപണനം തുടങ്ങിയ കാര്യങ്ങളാണ് ഈ വകുപ്പ് കൈകാര്യം ചെയുന്നത്. ക്ഷീരകർഷകരുടെ സാമൂഹ്യ, സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധയൂന്നുന്ന വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരികയാണ്. കാലിത്തീറ്റ ഉത്പാദനം ഉയർത്തുന്ന കാര്യത്തിലെ നോഡൽ ഏജൻസിയാണ് ക്ഷീരവികസന വകുപ്പ്. ക്ഷീരസഹകരണ മേഖലയുടെ വികസനവും വകുപ്പിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സഹായത്തോടെ വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന്റെ മുഖ്യലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.

പാലുൽപ്പാദനത്തിൽ സ്വായംപര്യാപ്തത നേടുക

കാലിത്തീറ്റ ഉത്പാദനം ഉയർത്തുക

ക്ഷീരസഹകരണ സംഘങ്ങളെ ശക്തമാക്കുക

ഈ വകുപ്പിന് കീഴിൽ 162 ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റുകളും 14 ഗുണമേന്മ പരിശോധന യൂണിറ്റുകളും എൻ എ ബി എൽ അക്രെഡിറ്റേഷനുള്ള സംസ്ഥാനതല ലാബും 3 റീജിയണൽ ഡയറി ലാബുകളും 14 മൊബൈൽ ഗുണമേന്മ പരിശോധന യൂണിറ്റുകളും 6 ഡയറി പരിശീലന കേന്ദ്രങ്ങളും ഒരു തീറ്റ ഉല്പാദന കേന്ദ്രവും പ്രവർത്തിക്കുന്നു.

കേരളത്തിന്റെ ശരാശരി വാർഷികോൽപ്പാദനം 25. 49 ടണ്ണാണ്. ഇതിന്റെ സിംഹഭാഗവും ഉല്പാദിപ്പിക്കുന്നത് ഡയറി സഹകരണ സ്ഥാപനങ്ങളാണ്. പാലുൽപ്പാദനത്തിൽ സ്വായംപര്യാപ്തത കൈവരിക്കുന്നതിനാണ് കേരളം ശക്തമായി പരിശ്രമിക്കുന്നത്. വൈകാതെ ഈ ലക്ഷ്യം നേടാൻ കഴിയുമെന്നാണ് കരുതുന്നത്. കേരളത്തിലെ ക്ഷീര സഹകരണ സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരുടെ എണ്ണം 3.78 ലക്ഷമാണ്.

**കേരളത്തിലെ ഡയറി മേഖലയുടെ പ്രത്യേകതകൾ**

1. 'കുറഞ്ഞ ഇൻപുട്ട്, കുറഞ്ഞ ഔട്പുട്ട്' എന്നതാണ് കേരളത്തിലെ ക്ഷീര

മേഖലയിൽ കണ്ടുവരുന്നത് . വീടുകളോട് ചേർന്നുള്ള കൃഷി, മൽസ്യം വളർത്തൽ തുടങ്ങിയ ഇതര തൊഴിലുകളുമായി ബന്ധപ്പെടുത്തിയാണ് കേരളത്തിൽ കന്നുകാലികളെ വളർത്തുന്നത്. ശരാശരി മൂന്ന് കന്നുകാലികളാണ് ഇപ്രകാരം വളർത്തുന്നത്. ഇടത്തരം കൃഷിയിടങ്ങളിൽ ഇത് 9 വരെയാകും. 55 ശതമാനം കർഷകർക്ക് രണ്ടോ മൂന്നോ കന്നുകാലികൾ ഉള്ളപ്പോൾ 32 ശതമാനം പേർക്ക് ഒന്ന് മാത്രമാണുള്ളത്. വാണിജ്യാടിസ്ഥാനത്തിൽ വിപുലമായി പ്രവർത്തിക്കുന്ന ഫാമുകൾ കേരളത്തിൽ കുറവാണ്. ക്ഷീരവികസന വകുപ്പിന്റെ കണക്കുകൾ പ്രകാരം നൂറിലധികം കന്നുകാലികളുള്ള 41 ഫാമുകൾ സംസ്ഥാനത്തുണ്ട് (പട്ടിക –1 ).

2. എണ്ണത്തിൽ കുറവാണെങ്കിലും ഉത്പാദനക്ഷമത സംസ്ഥാനത്ത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. മികച്ചയിനം കന്നുകാലികളുടെ ശരാശരി ഉത്പാദനം ദേശീയ തലത്തിൽ 7.9 കിലോഗ്രാമാണ്. തദ്ദേശീയ ഇനങ്ങളുടെ കാര്യത്തിൽ ഇത് 3 കിലോഗ്രാമും. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഇത് യഥാക്രമം 10.2 കിലോഗ്രാമും 3 കിലോഗ്രാമുമാണ്.

മൂന്നാമതായി, അടുത്ത ദശകത്തിൽ പാലിന്റെ ആവശ്യം കുത്തനെ ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2014 ൽ എൻ സി എ ഇ ആർ നടത്തിയ പഠനത്തിൽ 2009–10 സാമ്പത്തിക വർഷത്തിൽ പാലിന്റെ ആവശ്യം 27.9 ലക്ഷം ടൺ ആയിരുന്നു. 2020 ൽ ഇത് 32.9 ലക്ഷം ടൺ ആയി ഉയർന്നു. 2025 ൽ പ്രതീക്ഷിക്കുന്ന ഡിമാൻഡ് 34.2 ലക്ഷം ടൺ ആണ്. 2030 ൽ ഡിമാൻഡ് 35.2 ലക്ഷം ടൺ ആയി ഉയരുമെന്നാണ് കണക്കാക്കുന്നത്. പാലിന്റെ സപ്ലൈ 2020 ൽ 31.5 ലക്ഷം ടണ്ണായിരിക്കുമെന്നാണ് കണക്കാക്കുന്നത്. 2025 ൽ 35.1 ലക്ഷം ടണ്ണും 2030 ൽ 39.2 ലക്ഷം ടൺ ആയും സപ്ലൈ ഉയരുമെന്നാണ് കരുതുന്നത്.

നാല്, കാലിത്തീറ്റയുടെ ഉത്പാദനമാണ് കേരളം നേരിടുന്ന ഒരു പ്രധാന പ്രശ്നം. പഠനങ്ങൾ വ്യക്തമാക്കുന്നത് 60:40 എന്ന അനുപാതമാണ് അനുയോജ്യമായത് എന്നാണ്. കേരളത്തിൽ കോൺസൻട്രേറ്റുകളുടെ അളവ് നിലവിൽ 60 ശതമാനത്തിന് മുകളിലാണ്. തീറ്റയുടെ കാര്യത്തിലെ അസന്തുലിതാവസ്ഥ മൃഗങ്ങൾക്ക് കൂടുതൽ സമ്മർദ്ദമുളവാക്കുന്നുണ്ട്.

**പ്രതീക്ഷിക്കുന്ന പാലുൽപ്പാദനം**

കേരളത്തിന്റെ മൊത്തം വരുന്ന 25.34 ലക്ഷം ടൺ പാലുല്പാദനത്തിന്റെ അധിക പങ്കും ക്രോസ്സ് ബ്രീഡ് ഇനങ്ങളിൽ നിന്നാണ് ലഭിക്കുന്നത് (93.54 ശതമാനം). തദ്ദേശീയ ഇനങ്ങളുടെ ഉത്പാദനം 0.319 ലക്ഷം ടൺ (1.26 ശതമാനം) മാത്രമാണ്. ആട്ടിൻ പാൽ ഉത്പാദനം 1.19 ലക്ഷം ടൺ വരും (4.71 ശതമാനം). ബാക്കി പാൽ ഉല്പാദിപ്പിക്കുന്നത് മാറ്റിനങ്ങളിൽപ്പെട്ട കന്നുകാലികളാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും കാര്യത്തിൽ വി ഒ ഒയിൽ പ്രകടമായ ഇടിവുണ്ടായി. 2013–14 ൽ ഉണ്ടായ കുളമ്പ് രോഗബാധയാണ് ഇതിന് കാരണം. ഇതിന്റെ പ്രത്യാഘാതം പ്രസ്തുത പദ്ധതിയിൽ ഉടനീളം പ്രകടമായിരുന്നു. 33,000 ത്തിൽ പരം കന്നുകാലികളെ ഈ രോഗം ബാധിച്ചു. അതിൽ 2800 എണ്ണം ചത്തു.

***കാലിത്തീറ്റയുടെ വിലവർധന, പരിപാലന ചെലവുകൾ ഉയർന്നത്, മാറ്റിനങ്ങളിലെ ചെലവുകൾ കുത്തനെ ഉയർന്നത് എന്നിവ മൂലം ക്ഷീര മേഖലയിൽ ഉത്പാദനച്ചെലവ് അധികരിച്ചിട്ടുണ്ട്. ഇത് പാൽ വില്പന വഴിയായുള്ള വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.***

**Table 1:** Procurement milk through dairy cooperatives, Kerala, 2007-08 to 2019-20, in lakh MT per annum and lakh litres per day

| YEAR | Procurement of milk through dairy cooperatives | |
|---|---|---|
| | In lakh MT per annum | In lakh litres per day |
| 2007-08 | 4.1 | 11.2 |
| 2008-09 | 4.0 | 11.1 |
| 2009-10 | 4.3 | 11.7 |
| 2010-11 | 4.1 | 11.2 |
| 2011-12 | 4.5 | 12.4 |
| 2012-13 | 4.9 | 13.4 |
| 2013-14 | 5.3 | 14.4 |
| 2014-15 | 5.6 | 15.3 |
| 2015-16 | 6.0 | 16.4 |
| 2016-17 | 5.9 | 16.3 |
| 2017-18 | 6.6 | 18.1 |
| 2018-19 | 6.8 | 18.6 |
| 2019-20 | 6.8 | 18.6 |

Source: Department of Dairy, Government of Kerala.

പതിമൂന്നാം പദ്ധതിയുടെ ഘട്ടത്തിൽ പാലുൽപ്പാദനത്തിലെ കുറവ് പരിഹരിക്കാൻ കഴിഞ്ഞു. മാത്രമല്ല, ഉത്പാദനം നേരിയ തോതിൽ ഉയരുകയും ചെയ്തു. 2019–20 ലെ ഉത്പാദനം 25.4 ലക്ഷം ടണ്ണായിരുന്നു. 2015–16 ലെ ഉൽപ്പാദനമായ 25. 2 ലക്ഷം ടണ്ണിൽ നിന്ന് നേരിയ വർധനവാണ് രേഖപ്പെടുത്തിയത്. 2016–17 ലെ കടുത്ത വരൾച്ച ഉൽപ്പാദനത്തെ ദോഷകരമായി ബാധിക്കുകയുണ്ടായി. ഈ വർഷം പാലിന്റെ സംഭരണ ത്തിൽ ഏതാണ്ട് 1 ലക്ഷം ടണ്ണിന്റെ കുറവുണ്ടായി. 2016 ജനുവരിയിൽ മിൽമ 1.6 ലക്ഷം ടൺ പാൽ ഇറക്കുമതി ചെയ്യുകയുണ്ടായി. 2017 ജനുവരിയിൽ പ്രതിദിനം 4 ലക്ഷം ടൺ പാലാണ് മിൽമ ഇറക്കുമതി ചെയ്തത്. 2018 ലും 2019 ലും വെള്ളപ്പൊക്കം സംഭവിച്ചില്ലായിരുന്നെങ്കിൽ ഉല്പാദനത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ കഴിയുമായിരുന്നു.

ഡയറി വകുപ്പിന്റെ കൈവശമുള്ള വിവരങ്ങൾ പ്രകാരം പാലിന്റെ കാര്യത്തിൽ കേരളം ഇതര സംസ്ഥാനങ്ങളെ ആശ്രയി ക്കുന്നത് കുറഞ്ഞു വരികയാണ്. 2016–17 ൽ പ്രതിദിന ഇറക്കുമതി 9 ലക്ഷം ലിറ്ററാണ്. എന്നാൽ

***ഉയർന്ന ഉല്പാദനശേഷിയുള്ള പശുക്കൾ, കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കൽ, വിപണന സൗകര്യങ്ങൾ വർധിപ്പിക്കൽ എന്നീ മേഖലകളിൽ നയപരമായ ഇടപെടൽ അനിവാര്യമാണ്.***

2019–20 ആയപ്പോഴേക്ക് ഇത് 3.2 ലക്ഷം ലിറ്ററായി കുറഞ്ഞു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഉല്പാദനത്തിൽ നേരിയ വളർച്ച പ്രകടമാകാൻ കാരണം പാൽ സംഭരണ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകളാണ്. 2016–17 സാമ്പത്തിക വർഷത്തിൽ പാൽ സൊസൈറ്റികൾ വഴി സംഭരിച്ചത് 5.9 ലക്ഷം ടൺ പാലാണ്. 2019–20 ഓടെ ഇത് 6.8 ലക്ഷം ടൺ ആയി ഉയർത്താൻ കഴിഞ്ഞു. പ്രതിദിന സംഭരണ കണക്ക് പരിശോധിച്ചാൽ 16.3 ലക്ഷം ലിറ്ററിൽ നിന്ന് 18.6 ലക്ഷം ലിറ്ററായി ഉയർന്നു. (പട്ടിക –2 പാൽ സൊസൈറ്റികൾ വഴിയുള്ള സംഭരണം 2007–08 മുതൽ 2019–20 വരെ)

### ക്ഷീരമേഖല നേരിടുന്ന പ്രശ്നങ്ങൾ

ക്ഷീരമേഖല നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിന് കേരളത്തിലെ നാല് ജില്ലകൾ കേന്ദ്രീകരിച്ച് ഒരു പഠനം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ തരം തിരിച്ച് രേഖപ്പെടുത്തുകയുണ്ടായി. കാലിത്തീറ്റയുടെ വിലവർധന, പാലിന് മതിയായ വില ലഭിക്കാതിരിക്കുക, വായ്പകളുടെ ഉയർന്ന ചെലവ്, ജോലിക്കാരുടെ ലഭ്യതക്കുറവ്, പച്ചയും ഉണങ്ങിയതുമായ കാലിത്തീറ്റയുടെ ദൗർലഭ്യം തുടങ്ങിയ പ്രശ്നങ്ങളാണ് പഠനത്തിൽ നിന്ന് വ്യക്തമായത്. ഇത് പാൽ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ വലിയ തോതിലുള്ള ഇടിവുണ്ടാക്കി. മൃഗസംരക്ഷണ സേവനങ്ങളുടെ പരിമിതി, സാങ്കേതികമായ സേവനങ്ങളുടെ ചെലവിലുണ്ടായ വൻ വർധന തുടങ്ങിയ കാര്യങ്ങളും ആശങ്കയുണർത്തുന്നതാണ്. വെറ്റിനറി സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ഇതിന് ഒരു പ്രധാന കാരണമാണ്. ഇതിന് പിന്നാലെയാണ് വായ്പയെടുക്കുന്നതിനുള്ള ചെലവുകൾ ഉയർന്നത്. കാർഷിക വിളകൾ ഉല്പാദിപ്പിക്കുന്ന കർഷകരും ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവരും തമ്മിൽ വായ്പയുടെ ലഭ്യതയുടെ കാര്യത്തിൽ വലിയ അന്തരമാണ് നിലനിൽക്കുന്നത്. സ്ഥാപനങ്ങൾ ഇരുവിഭാഗക്കാരെയും വേർതിരിച്ചാണ് കാണുന്നത്.

### ഡയറി മേഖലയുടെ ആധുനികവൽക്കരണം

ഡയറി സഹകരണ മേഖലയിൽ പരമ്പരാഗത രീതിയിലുള്ള സഹകരണ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ പല വികസ്വര രാജ്യങ്ങളും ഈ രീതിക്ക് കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വാണിജ്യപരവും മത്സരാധിഷ്ഠിതവുമായ പല മോഡലുകളും അവർ ആവിഷ്കരിച്ചതായി കാണാം. ഇന്ത്യയിലെ സഹകരണ മേഖല ശക്തമായ മത്സരം നേരിടുകയാണ്. എതിരാളികൾ ശക്തരായത് മൂലം അവർ പല പ്രതിസന്ധികളും ഇന്ന് നേരിടുന്നുണ്ട്. അതുകൊണ്ട് സഹകരണ മേഖല പുതുതലമുറ ബിസിനസ് മോഡലുകൾ സ്വീകരിച്ച് പ്രവർത്തിക്കുന്നതിന് തയാറാകേണ്ടതുണ്ട്.

### വൻകിട ഡയറി ഫാമുകളുടെ പ്രോത്സാഹനം

ഗ്രാമീണ മേഖലയിലെ സംരംഭകത്വ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി

***ക്ഷീരമേഖലയുടെ ഉൽപ്പാദനശേഷി വർധിപ്പിക്കുന്നതിന് പോഷക സമ്പുഷ്ടമായ ആഹാര രീതി, കാലിത്തീറ്റയിലെ ധാതുലവണങ്ങളുടെ അളവിന്റെ കൃത്യമായ വിലയിരുത്തൽ, കൂലിച്ചെലവുകൾ കുറയ്ക്കുന്ന തരത്തിലുള്ള യന്ത്രവൽക്കരണത്തിന് സർക്കാർ പ്രോത്സാഹനം, അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കൽ എന്നീ കാര്യങ്ങൾ ആവശ്യമാണ്.***

വൻകിട ഡയറി ഫാമുകൾ കേരളത്തിൽ പ്രവർത്തനമാരംഭിക്കണം. മൂന്ന് കാര്യങ്ങളുടെ മികച്ച ഏകോപനം സാധ്യമാകുന്ന തരത്തിലുള്ള നയസമീപനമാണ് വേണ്ടത്. ഉയർന്ന പാലുൽപ്പാദനക്ഷമതയുള്ള പശുക്കൾ, കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കൽ, വിപണന സാദ്ധ്യതകൾ എന്നിവയാണ് അവ. ഈ മേഖലയിൽ കൂടുതൽ ഉദാരമായ നടപടികൾ വഴിയായി വൻകിട ഡയറി ഫാമുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണം. ദേശീയ ഹരിത ട്രൈബ്യൂണൽ, ഡയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള പുതിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് ഗോശാലകൾ, ഡയറി ഫാമുകൾ എന്നിവയെ ചുവപ്പ് വിഭാഗത്തിൽ നിന്ന് ഓറഞ്ച് വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. അതുകൊണ്ട് കേരളത്തിൽ ഡയറി മേഖലക്കായുള്ള ചട്ടങ്ങൾ കൂടുതൽ ഉദാരമാക്കണം. കുറഞ്ഞ ചെലവിലുള്ള എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് പ്രോത്സാഹനം നൽകണം. അവയ്ക്ക് സാമ്പത്തികമായ സഹായം നൽകണം. വൈദ്യുതി, കാലിത്തീറ്റ തുടങ്ങിയവക്ക് ഉദാരമായ സബ്സിഡി നൽകുകയും പുതിയ പ്ലാന്റുകൾക്ക് നികുതി ഇളവുകൾ അനുവദിക്കുകയും വേണം.

## അധിക പാലുൽപ്പാദനവും ഉൽപ്പന്ന വൈവിധ്യവത്കരണവും

കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ മൃഗപരിപാലന രംഗം ആർജിച്ച പാഠം മൃഗങ്ങളിൽ നിന്ന് ലഭിക്കുന്ന ഉത്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കണമെന്നതാണ്. മഹാമാരി ഒരു കാര്യം കൂടി നമ്മെ ബോധ്യപ്പെടുത്തി, പാലിന്റെ കാര്യത്തിൽ നാം സ്വയംപര്യാപ്തതക്ക് അടുത്താണ് എന്നതാണ് അത്. അതുകൊണ്ട് സമീപഭാവിയിൽ കേരളം നേരിടാൻ പോകുന്ന പ്രശ്നം മിച്ചം വരുന്ന പാൽ കൈകാര്യം ചെയ്യുക എന്നതാണ്. ആധുനികമായ പാൽപ്പൊടി പ്ലാന്റ്, ഇവാപ്പറേറ്റർ പ്ലാന്റ് എന്നിവ സംസ്ഥാനത്തിന് ആവശ്യമാണ്. മിച്ചം വരുന്ന പാൽ പാൽപ്പൊടിയായും കണ്ടൻസ്ഡ് മിൽക്ക് ആയും മാറ്റാൻ കഴിയണം. ഇവ സ്ഥാപിക്കുന്നതിന് മുൻപായി വർഷത്തിൽ മുഴുവൻ പാൽ ലഭ്യമായിരിക്കുമോ എന്നതടക്കമുള്ള സാധ്യതാ പഠനം നടത്തേണ്ടത് അനിവാര്യമാണ്. ചീസ്, തൈര് എന്നിങ്ങനെയുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഉൽപാദിക്കുന്നതിനും കഴിയണം. നിലവിലുള്ള ഡയറി പ്ലാന്റുകളിൽ ഇതിനാവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കണം.

## 2022–23 ലെ ബജറ്റിലെ നിർദ്ദേശങ്ങൾ

ക്ഷീരോത്പാദന മേഖലക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 9931 ലക്ഷം രൂപയാണ്. സഹകരണ ക്ഷീര സംഘങ്ങൾക്കായി 3498 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. മികച്ച ശീതീകരണ സംവിധാനം ഏർപ്പെടുത്തി അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാണ് ഇത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തെ പരിപാടികളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. പട്ടിക –4.

ഗ്രാമീണ ഡയറി എക്സ്റ്റൻഷൻ, ഫാം അഡ്വൈസറി സർവീസ് (595 ലക്ഷം രൂപ)

സാങ്കേതിക വിദ്യ കർഷകർക്ക് നേരിട്ട് കൈമാറുന്നതിന് ലക്ഷ്യം വച്ചുള്ള പദ്ധതിയാണ് ഇത്. ഇതിനു പുറമെ അടിയന്തിര സാഹചര്യങ്ങളിലും പ്രകൃതി ദുരന്തവേളയിലും കർഷകർക്ക് സഹായം നൽകും. സെമിനാർ, ശില്പശാല, ഡയറി പ്രദർശനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഡയറി എക്സ്റ്റൻഷൻ സേവനങ്ങൾ നൽകുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കും. അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവത്കരണം, പരിശീലനം, നൈപുണ്യ വികസനം എന്നിവയും ഇതിന്റെ ഭാഗമാണ്.

**Table: 2** Schematic details

| Name of Scheme | Budget Estimate 2022-2023 (Rs. in Thousands) |
|---|---|
| Rural Dairy Extension and Farm Advisory Services | 59500 |
| Assistance to Dairy Co-operatives | 349800 |
| Strengthening of Quality Control Labs | 40000 |
| Commercial Dairy and Milk Shed Development Programme | 330995 |
| Mechanisation and Modernaisation of Dairy Farms | 30985 |
| Assistance to Purchase Milking Machines | 12934 |
| Infrastructure Development and Automation of Commercial Dairy Farms | 1328 |
| Assistance to Dairy Development in Wayanad | 2500 |
| KLD Board Investment | 0 |
| Establishing Kerala State Dairy Management Information Centre at Kerala State Fodder Farm Valiyathura, Thiruvanathapuram | 5000 |

Source: Annual Plan 2022-23- Volume 1

ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള സഹായം (3498 ലക്ഷം രൂപ)

ക്ഷീര സഹകരണ സംഘങ്ങൾ കർഷകരെ വിപണനത്തിൽ സഹായിക്കുന്നതിനൊപ്പം ഗ്രാമത്തിലെ ഇൻഫർമേഷൻ സെന്റർ എന്ന നിലയിൽ കൂടി പ്രവർത്തിക്കുന്നു. 2006 ലെ എഫ് എസ് എസ് എ നിബന്ധനകൾ പാലിച്ചുകൊണ്ട് കൂടുതൽ ക്ഷീരകർഷകരെ സഹകരണ മേഖലയുടെ ഭാഗമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക രാസപരിശോധനകൾ നടത്തുക, സംഭരണം, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളാണ്. 2022–23ൽ താഴെ കാണുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ഉല്പാദനത്തിനുള്ള പ്രോത്സാഹനം എന്ന നിലയിൽ ക്ഷീര കർഷകർക്ക് 100 ദിവസത്തേക്ക് ഉല്പാദന ഇൻസെന്റീവ് അനുവദിക്കുക.

രജിസ്ട്രേഷൻ അടക്കമുള്ള എഫ് എസ് എസ് എ നിബന്ധനകൾ പാലിക്കുന്നതിന് സഹായം നൽകുക.

പുതുതായി രൂപീകരിച്ച ഡി സി എസുകൾക്ക് പ്രവർത്തനത്തിന് വേണ്ടുന്ന പിന്തുണ നൽകുക. പ്രവർത്തനക്ഷമമല്ലാത്ത സൊസൈറ്റികൾക്ക് പ്രവർത്തനം പുനരാരംഭിക്കുന്നതിന് സഹായം നൽകുക.

ഡി സി എസുകൾക്ക് ആവശ്യാനുസരണമുള്ള സഹായങ്ങൾ ചെയ്യുക.

മഴവെള്ള സംഭരണം, സൗരോർജം തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ സഹായം നൽകുക.

ആട്ടോമേഷൻ, നെറ്റ് വർക്കിങ് തുടങ്ങിയ

രംഗങ്ങളിൽ ജില്ലാതല കൺസോർഷ്യങ്ങൾക്ക് സഹായം നൽകുക.

പാൽ മിൽമയിലേക്കും മറ്റും എത്തിക്കുന്നതിന് സഹായം നൽകുക

*ഗുണമേന്മ പരിശോധനാ ലബോറട്ടറികൾ ശക്തമാക്കുക (400 ലക്ഷം രൂപ)*

പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുക എന്നത് പദ്ധതിയുടെ ഭാഗമായ പ്രവർത്തനമാണ്. ഗുണമേന്മ പരിശോധനാ ലാബുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഗുണമേന്മ പരിശോധിക്കുന്നതിനായി പ്രത്യേക ക്യാംപുകൾ സംഘടിപ്പിക്കുക, പ്രാദേശിക ലബോറട്ടറികൾ സജ്ജമാക്കുക, ഉൽപ്പാദനതലത്തിൽ തന്നെ വൃത്തിയും ഗുണമേന്മയും ഉറപ്പാക്കുക, ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ ഇതിന്റെ ഭാഗമായി വരുന്നു. ഗുണനിലവാര പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 400 ലക്ഷം രൂപ മാറ്റിവച്ചിരിക്കുന്നു.

*വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി, മിൽക്ക് ഷെഡ് വികസനം (4028 ലക്ഷം രൂപ)*

കൂടുതൽ കർഷകരെയും സ്വയംസഹായ ഗ്രൂപ്പുകളെയും ഈ മേഖലയിലേക്ക് എത്തിക്കുക എന്നതാണ് മിൽക്ക് ഷെഡ് വികസന പദ്ധതി വഴി ലക്ഷ്യമിടുന്നത്. ക്രോസ്സ് ബ്രീഡ് ഇനങ്ങളുടെ ഉത്പാദനക്ഷമത നിലനിർത്തുക, ശാസ്ത്രീയമായ അവബോധം കർഷകർക്കിടയിൽ സൃഷ്ടിക്കുക എന്നതും ഇതിന്റെ ഭാഗമാണ്. ശാസ്ത്രീയമായ മാനേജ്മന്റ് വഴിയായി ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്നതിലൂടെ ഏറ്റവും പ്രാഥമിക തലത്തിൽ പ്രവർത്തിക്കുന്ന പാലുല്പാദനത്തെ ഒരു വാണിജ്യ പ്രവർത്തനമായി മാറ്റേണ്ടത് അടിസ്ഥാനപരമായ ഒരു കാര്യമാണ്. ഇത്തരത്തിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഈ ഫണ്ട് പ്രയോജനപ്പെടുത്തുന്നതാണ്. ഇതിന്റെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കണം എന്നാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കൃഷിയിടങ്ങളിലും ക്ഷീര സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനം (760 ലക്ഷം രൂപ)

കാലിത്തീറ്റയുടെ ഉല്പാദനവും ഉയർന്ന ചെലവുമാണ് ഈ മേഖല നേരിടുന്ന മറ്റൊരു പ്രധാന പ്രതിസന്ധി. കേരളത്തിൽ ഉത്പാദന ച്ചെലവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. അതിന് പര്യാപ്തമായ കാലിത്തീറ്റ ഉല്പാദന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. പച്ചപ്പുല്ല് വളർത്തുക, ചെലവ് കുറഞ്ഞതും ശാസ്ത്രീയവുമായ കാലിത്തീറ്റ രീതികൾ സ്വീകരിക്കുക, കാലിത്തീറ്റ ചെലവ് പരമാവധി കുറച്ച് ക്ഷീര മേഖലയെ നിലനിർത്താൻ സഹായിക്കുക, കന്നുകാലികളുടെ ആരോഗ്യ നില സംരക്ഷിക്കുക, തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ലക്ഷ്യങ്ങളായി വരുന്നു. ഇവിടെയും 50 ശതമാനം സ്ത്രീ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

*വയനാട്ടിലെ ക്ഷീരമേഖലയുടെ വികസനത്തിനുള്ള സഹായം (25 ലക്ഷം രൂപ)*

തൊഴുത്തുകളുടെ നിർമ്മാണം, പുനരുദ്ധാരണം, ധാതുലവണങ്ങളുടെ വിതരണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വയനാട് പാക്കേജിന്റെ ഭാഗമായാണ് ഇത് നടപ്പാക്കുക. 25 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്.

*കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫോർമേഷൻ സെന്റർ, വലിയതുറ (50 ലക്ഷം രൂപ)*

ക്ഷീര വികസന വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

***ഇന്ത്യയുൾപ്പടെയുള്ള വികസ്വര രാജ്യങ്ങളുടെ സ്ഥിതി പരിഗണിക്കുമ്പോൾ ക്ഷീരമേഖലയുടെ ഘടന പാവപ്പെട്ടവരുടെ ഭക്ഷ്യ വിപ്ലവത്തിന് വഴി വച്ചതായി കാണാം. എന്നാൽ ഈ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് ക്ഷീര കർഷകർക്ക് ആവശ്യമായ പിന്തുണ ലഭ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ അവർ ബൈപ്പാസ് ചെയ്യപ്പെടാം എന്ന അപകടവും ഇതിൽ പതിയിരിക്കുന്നുണ്ട്.***

**ഉപസംഹാരം**

കേരളത്തിലെ ക്ഷീര മേഖലയിൽ അടിയന്തിര ഇടപെടൽ ആവശ്യമായ ചില കാര്യങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

1. കൂടുതൽ ഉല്പാദനക്ഷമതയുള്ള കന്നുകാലികൾ, കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കൽ, വിപണന സൗകര്യങ്ങൾ എന്നീ മൂന്ന് കാര്യങ്ങളിൽ നയപരമായ ശക്തമായ ഇടപെടൽ ആവശ്യമാണ്.

2. പോഷകസമ്പുഷ്ടമായ കാലിത്തീറ്റ രീതികൾ, തീറ്റയിൽ അടങ്ങിയിരിക്കുന്ന ധാതുലവണങ്ങളുടെ വിവര ശേഖരണം, കൂലിച്ചെലവ് കുറയ്ക്കുന്നതിനുള്ള യന്ത്രവത്കരണത്തിന് സർക്കാർ സഹായം, മികച്ച അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഡയറി മേഖലയിൽ ഉത്പാദനക്ഷമത ഉയർത്തുന്നതിന് അനിവാര്യമായ കാര്യങ്ങളാണ്.

3. കൂടുതൽ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് ചെലവ് കുറഞ്ഞ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. കേരളത്തിലെ ക്ഷീര മേഖലയിലെ വിപണനം, സപ്ലൈ എന്നിവയുടെ കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തുക. ഉല്പാദകനും ഉപഭോക്താവും തമ്മിലുള്ള അന്തരം കുറയ്ക്കുക. പാൽ, മുട്ട, മാംസം എന്നിവയുടെ വിപണനത്തിന് ശക്തമായ മാർക്കറ്റിംഗ് ശൃംഖലക്ക് രൂപം നൽകുക.

ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര രാജ്യങ്ങളിലെ സ്ഥിതി പരിശോധിച്ചാൽ ഭക്ഷ്യ മേഖലയിൽ സംഭവിക്കുന്ന മാറ്റങ്ങൾ പാവപ്പെട്ടവർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നവയാണ് എന്നതാണ്. എന്നാൽ പാവപ്പെട്ടവരെ ബൈപ്പാസ് ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ഇന്ന് ശക്തമാണ്. അതുകൊണ്ട് ശക്തമായ സർക്കാർ പിന്തുണയുണ്ടെങ്കിൽ മാത്രമേ ഈ മേഖലയിൽ അവർക്ക് നേട്ടം ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

■

(കേരള സർവകലാശാലയിലെ ഒന്നാം വർഷ എം. എ ഇക്കണോമിക്സ് വിദ്യാർത്ഥിയാണ് ലേഖിക)

## References:

1. Ashmi V G. (2019). Livestock Sector Development and Implications for Rural Poverty *Alleviation in Kerala, Int J Recent Sci Res,* 10(08), pp. 34484-34487.
2. Food and Agriculture Organisation. (2018). *The State of food and agriculture,* https://www.fao.org/3/I9549EN/i9549en.pdf
3. Government of Kerala (2022). *Kerala Budget* 2022-23, Finance Department, Thiruvananthapuram
4. Government of Kerala (2021). *Concurrent Evaluation and Monitoring of Schemes* (CEMS), Kerala State Planning Board, Thiruvananthapuram.
5. Government of Kerala (2021). *Economic Review Volume 1 2021,* Kerala State Planning Board, Thiruvananthapuram.

6. Government of Kerala (2022). *Kerala Development Report 2022,* Kerala State Planning Board, Thiruvananthapuram

7. National Council of Applied Economic Research. (2014). *Annual Report 2014-15*

8. Rangnekar DV (2006). *Livestock in the livelihoods of the underprivileged.*

9. Rangnekar, D. V. (2006). *Livestock in the livelihoods of the underprivileged communities in India: A review.* ILRI (International Livestock Research Institute), Nairobi, Kenya. 72 pp.

10. Vishnu, Sreeram & Gupta, Jancy & Suraj, Shyam. (2018). *Constraints perceived by dairy farmers of Kerala State.* 102-106.

GST updates

Relfi Paul

# Highlights of the 47th GST council meeting

The 47th GST Council met under the chairmanship of Union Minister for Finance & Corporate Affairs Smt. Nirmala Sitharaman in Chandigarh on 28th and 29th of June, 2022. The meeting was attended by Union Minister of State for Finance, besides Finance Ministers of States & officers of Central, States & UTs. The GST Council has proposed an array of significant reforms and improvements in relation to GST rates on supply of goods and services, as well as GST law and procedure. The recommendations pertaining to GST rate changes shall be made effective from July 18, 2022, while those pertaining to GST law and procedure, shall be implemented from January 01, 2023.

The GST Council has inter-alia made the following recommendations including changes in law and procedure and GST rates:

**Important changes in law and procedure**

**GSTR-3B amendments to be allowed:** GST Council allowed amendments in GSTR-3B (monthly return). Further, it permitted auto-population of most details in Form GSTR-3B and annual returns in Form GSTR-9 for better compliance and ease in compliance. The Council was clear that the new GST return system would be withdrawn as it is no longer relevant. A proposal for comprehensive alterations in GSTR-3B will be placed before the public for seeking input.

**GSTR-9 to continue with some relaxations:** GSTR-9 and GSTR-9A continue to not be applicable to those with threshold turnover below Rs.2 crore for FY 2021-22. The limitation under Section 73 of the CGST Act for FY 2017-18 for issuance of orders relating to demands linked with the due date of annual return, is extended till 30th September 2023.

**Relief to e-commerce suppliers:** The Council allowed the e-commerce suppliers to register under the composition scheme for intrastate supplies easing their registration hassles and for reducing tax outgo. It will be implemented on 1st Jan 2023 once the IT system is ready.

**Deadline extensions to composition taxpayers:** GSTR-4 for FY 2021-22 to get a waiver of late fee for filing up to 28th

July 2022 as against earlier extension of up to 30th June 2022. Also CMP-08 deadline for Apr-Jun 2022 (Q1 of FY 2022-23) to get an extension up to 30th July 2022 from 18th July 2022.

**Changes in rates on goods & services**

**A. Rate rationalization to remove inverted duty structure**

| S. No. | Description | From | To |
|---|---|---|---|
| | GOODS | | |
| 1. | Printing, writing or drawing ink | 12% | 18% |
| 2. | Knives with cutting blades, Paper knives, Pencil sharpeners and blades therefor, Spoons, forks, l adles, skimmers, cake-servers etc | 12% | 18% |
| 3. | Power driven pumps primarily designed for handling water such as centrifugal pumps, deep tube-well turbine pumps, submersible pumps; Bicycle pumps | 12% | 18% |
| 4. | Machines for cleaning, sorting or grading, seed, grain pulses; Machinery used in milling industry or for the working of cereals etc; Pawan Chakki that is Air Based Atta Chakki; Wet grinder; | 5% | 18% |
| 5. | Machines for cleaning, sorting or grading eggs, fruit or other agricultural produce and its parts, Milking machines and dairy machinery | 12% | 18% |
| 6. | LED Lamps, lights and fixture, their metal printed circuits board; | 12% | 18% |
| 7. | Drawing and marking out instruments | 12% | 18% |
| 8. | Solar Water Heater and system; | 5% | 12% |
| 9. | Prepared/finished leather/chamois leather / composition leathers; | 5% | 12% |
| 10. | Refund of accumulated ITC not to be allowed on flowing goods:<br>i. Edible oils<br>ii. Coal | | |

| S. No. | Description | From | To |
|---|---|---|---|
| | Services | | |
| 11. | Services supplied by foreman to chit fund | 12% | 18% |
| 12. | Job work in relation to processing of hides, skins and leather | 5% | 12% |
| 13 | Job work in relation to manufacture of leather goods and footwear | 5% | 12% |
| 14. | Job work in relation to manufacture of clay bricks | 5% | 12% |
| 15. | Works contract for roads, bridges, railways, metro, effluent treatment plant, crematorium etc. | 12% | 18% |
| 16. | Works contract supplied to central and state governments, local authorities for historical monuments, canals, dams, pipelines, plants for water supply, educational institutions, hospitals etc. & sub-contractor thereof | 12% | 18% |
| 17. | Works contract supplied to central and state governments, union territories & local authorities involving predominantly earthwork and sub-contracts thereof | 5% | 12% |

## B. Other changes

| S. No. | Description | From | To |
|---|---|---|---|
| | GOODS | | |
| 1. | Ostomy Appliances | 12% | 5% |
| 2. | Orthopedic appliance- Splints and other fracture appliances; artificial parts of the body; other appliances which are worn or carried, or implanted in the body, to compensate for a defect or disability; intraocular lens | 12% | 5% |
| 3. | Tetra Pak (Aseptic Packaging Paper) | 12% | 18% |
| 4. | Tar (whether from coal, coal gasification plants, producer Gas plants and Coke Oven Plants. | 5%/18% | 18% |
| 5. | IGST on import of Diethylcarbamazine (DEC) tablets supplied free of cost for National Filariasis Elimination Programme | 5% | Nil |
| 6. | Cut and Polished diamonds | 0.25% | 1.5% |
| 7. | IGST on specified defence items imported by private entities/vendors, when end-user is the Defence forces. | Applicable rate | Nil |
| | Services | | |
| 1. | Transport of goods and passengers by ropeways. | 18% | 5% (with ITC of services) |
| 2. | Renting of truck/goods carriage where cost of fuel is included | 18% | 12% |

## 2. In case of the following goods, exemption from GST will be withdrawn:

| S. No. | Description of goods | From | To |
|---|---|---|---|
| 1. | Cheques, lose or in book form | Nil | 18% |
| 2. | Maps and hydrographic or similar charts of all kinds, including atlases, wall maps, topographical plans and globes, printed | Nil | 12% |
| 3. | Parts of goods of heading 8801 | Nil | 18% |

**C. Withdrawal of exemptions**

**1.** Hitherto, GST was exempted on specified food items, grains etc when not branded, or right on the brand has been foregone. It has been recommended to revise the scope of exemption to exclude from it prepackaged and pre-labelled retail pack in terms of Legal Metrology Act, including pre-packed, pre-labelled curd, lassi and butter milk.

**D. Other changes**

1.All taxable service of Department of Posts would be subject to forward charge. Hitherto certain taxable services of Department of post were taxed on reverse charge basis.

2. Goods transport agency (GTA) is being given option to pay GST at 5% or 12% under forward charge; option to be exercised at the beginning of Financial Year. Reverse Charge Mechanism (RCM) option to continue.

